വാല്യം 08
ഇഷ്യൂ 01

കേരളസർക്കാർ

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





# ഇന്ത്യൻ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ (51 ക)

താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതിപോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

കേരളസർക്കാർ



# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം







കേരള സർക്കാർ
നിയമവകുപ്പ്

# പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
04-10-2024

ഭരണഭാഷ മാതൃഭാഷ എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ കൂടുതൽ അടുത്തുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതിനായി നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. നിയമവാഴ്ച വളരെ അത്യന്താപേക്ഷിതമായതിനാൽ നിയമങ്ങളെ കുറിച്ചുള്ള ഒരു സാമാന്യ ബോധം ജനങ്ങൾക്ക് ഉണ്ടാകണം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് 'മാറ്റൊലി' എന്ന പേരിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും നിയമ ബോധവൽക്കരണം നൽകുന്നതിനായി സംസ്ഥാനത്തെ വിവിധ കേന്ദ്ര ങ്ങളിൽ നിയമവകുപ്പ് പരിപാടികൾ സംഘടിപ്പിച്ചു. പോക്സോ നിയമത്തെ ആസ്പദമാക്കി ഒരു ഹ്രസ്വചിത്രവും നിർമ്മിച്ച് പ്രദർശിപ്പിക്കുകയുണ്ടായി. കോടതിവിധികളും നിയമങ്ങളും അവരുടെ സംസാര ഭാഷയിൽ ജനങ്ങളി ലേക്ക് എത്തിക്കുക എന്ന പ്രധാന ദൗത്യം നിർവ്വഹിക്കാൻ സാധിക്കുന്ന തിൽ ഞങ്ങൾ കൃതാർത്ഥരാണ്. വിവിധങ്ങളായ പംക്തികളെ കൊണ്ട് സമ്പന്നമാണ് 'നിയമധ്വനി' എന്ന പ്രസിദ്ധീകരണം. ഇത് സമൂഹത്തിന്റെ വിവിധ തട്ടുകളിലേക്ക് ചെന്നെത്തണം എന്ന് തീരുമാനിച്ചതിന്റെ ഫലമായി ഈ ലക്കം മുതൽ തെരഞ്ഞെടുക്കപ്പെട്ട ലൈബ്രറികൾ, കുടുംബശ്രീ മിഷൻ, വിചാരണക്കോടതികൾ എന്നിവിടങ്ങളിലേക്കുകൂടി നിയമധ്വനി യുടെ പതിപ്പ് നൽകുന്ന വിവരം സസന്തോഷം അറിയിക്കുന്നു.

നിയമധ്വനിയെ കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വില പ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗ ങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

കേരള സർക്കാർ

# നിയമധ്വനി



നിയമവകുപ്പ് പ്രസിദ്ധീകരണം

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**എൻ. ജ്യോതി**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ
**കെ. പ്രസാദ്**
ജോയിന്റ് സെക്രട്ടറി

**സിന്ധു സി.**
സെക്ഷൻ ഓഫീസർ

**സൈജു കെ. എ.**
ലീഗൽ അസിസ്റ്റന്റ്

**അനന്ത കൃഷ്ണൻ എ.കെ.**
ലീഗൽ അസിസ്റ്റന്റ്

പുറം താൾ രൂപകൽപ്പന
രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം.

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം.

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക

## വിലാസം

നിയമ (ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695 001

ഫോൺ : 0471 2517064, 0471 2517066

email.id : so.olpc.law@kerala.gov.in

# ഉൾത്താളുകളിൽ


I. **സുപ്രീം കോടതി വിധിന്യായങ്ങൾ** **03**

1. രവീന്ദർ സിംഗ് v. ദേശീയ തലസ്ഥാന പ്രദേശം ഡൽഹിയുടെ സംസ്ഥാന സർക്കാർ 05
2. മനോജ്കുമാർ v. യൂണിയൻ ഓഫ് ഇന്ത്യ 12
3. അഞ്ചും അറ v. ബീഹാർ സംസ്ഥാനം 17

II. **ഹൈക്കോടതി വിധിന്യായങ്ങൾ** **19**

1. ഖാലിദ് v. കേരള സംസ്ഥാനം 21
2. ഡോ. ജിനുജോയി v. ഡോ. ബോണി ബൈജു 24
3. നിക്കി വർഗ്ഗീസ് ജോൺ v. റവന്യൂ ഡിവിഷണൽ ഓഫീസർ/സബ്കളക്ടർ, മൂവാറ്റുപുഴ 29
4. സെബാസ്റ്റ്യൻ ജേക്കബ് v. ഗതാഗത കമ്മീഷണർ 32

III. **സുപ്രീം കോടതി വിധി : സംക്ഷിപ്തം** **37**

1. M/S എ. കെ. സർക്കാർ & കമ്പനി v. പശ്ചിമ ബംഗാൾ സംസ്ഥാനം 39
2. ദബ്ലു കുജൂർ v. ജാർഖണ്ഡ് സംസ്ഥാനം 41

IV. **സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** **44**

1. സതികുമാരി v. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ 45
2. ഷീബ സി. കെ. v. കേരള സംസ്ഥാനം 45
3. ഡോ.രാധിക കപാഹ്തിയ v. കേരള സംസ്ഥാനം 46
4. വിനായക പുർഷോത്തം ദുബെ (പരേതനായ) v. ജയശ്രീ പദംകർ ഭട്ട് 47
5. രാകേഷ് രഞ്ജൻ ശ്രീവാസ്തവ v. ജാർഖണ്ഡ് സംസ്ഥാനം 47
6. രാഘവൻ v. ദേവയാനി 48
7. ചണ്ഡീഗഡ് ഹൗസിംഗ് ബോർഡ് v. തർസെം ലാൽ 48

V. **ലേഖനങ്ങൾ** **49**

1. ആധികാരികപാഠവും ശരിതർജ്ജമയും. 50
   (ശ്രീമതി. രഹ്ന വി. എം, അഡീഷണൽ നിയമസെക്രട്ടറി)
2. സറോഗസി നിയമം – വസ്തുതകളും ധാരണകളും. 55
   (ശ്രീ. ദിപിൻ റോയ് എസ്.എൽ, അസിസ്റ്റന്റ് ലീഗൽ ഓഫീസർ)
3. സേവനാവകാശ നിയമം – പൗരാവകാശങ്ങളിലെ മറ്റൊരു നാഴികക്കല്ല്. 62
   (ശ്രീ. സൈജു കെ. എ, ലീഗൽ അസിസ്റ്റന്റ്)

VI. **വേറിട്ടവിധികൾ** **65**

1. ഇ–ചലാൻ നൽകിയ ട്രാഫിക് പോലീസുകാരന് ₹ 1000 പിഴ 66
2. പറഞ്ഞിട്ടുള്ള തൂക്കത്തിന് താഴെയുള്ള ബിസ്ക്കറ്റ് പാക്കറ്റുകൾ വിറ്റതിന് നിർമ്മാതാവിനും അത് വിറ്റ ബേക്കറിക്കും 60000 ₹ പിഴ ചുമത്തി. 66

VII. **നിയമപരിചയം** **67**

ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 68

| | | |
|---|---|---|
| VIII. | **നിയമപ്രകാരമുള്ള അധികാരസ്ഥാപനങ്ങൾ** | **74** |
| | കേരള വനിതാ കമ്മീഷൻ | **74** |
| IX. | **നിയമപദ പരിചയം** | **79** |
| X. | **നിയമ സൂക്തങ്ങൾ** | **80** |
| XI. | **മാനകപദാവലി** | **81** |
| XII. | **നിയമലോകം** | **83** |
| | 1. കേരള ഹൈക്കോടതിക്ക് 7 പുതിയ അഡീഷണൽ ജഡ്ജിമാർ | 83 |
| | 2. കേരള ഹൈക്കോടതി 20 അഭിഭാഷകർക്ക് സീനിയർ പദവി നൽകി | 84 |
| | 3. ബലാത്സംഗ ഇരകൾക്ക് ജനിച്ചതും ദത്തെടുക്കപ്പെട്ടതുമായ കുട്ടികളുടെ ഡിഎൻഎ പരിശോധനയ്ക്ക് കേരള ഹൈക്കോടതിയുടെ മാർഗ്ഗനിർദേശങ്ങൾ. | 84 |
| XIII. | **വിജ്ഞാനലോകം** | **85** |




# സുപ്രീം കോടതി
## വിധിന്യായങ്ങൾ

# സുപ്രീം കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് അഭയ് എസ്. ഓക്ക

## &

## ബഹു. ജസ്റ്റിസ് സഞ്ജയ് കുമാർ

**രവീന്ദർ സിംഗ് - അപ്പീൽവാദി**

**V.**

**ദേശീയ തലസ്ഥാന പ്രദേശം ഡൽഹിയുടെ സംസ്ഥാന സർക്കാർ – എതിർകക്ഷി**

ക്രിമിനൽ അപ്പീൽ നമ്പർ 1031/2023

(സ്പെഷ്യൽ ലീവ് ഹർജി (ക്രിമിനൽ) നമ്പർ 1214/2018)

(2023 ഏപ്രിൽ 25–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**ചെയ്ത കുറ്റകൃത്യത്തിന് ആനുപാതികമായി കുറ്റവാളി ജീവപര്യന്തം തടവിന് അർഹനാണ്, അതായത് അയാളുടെ ജീവിതാവസാനം വരെയോ അല്ലെങ്കിൽ ഒരു നിശ്ചിത കാലപരിധിയായ 20 വർഷം, 30 വർഷം, 40 വർഷം എന്നിങ്ങനെയോ, എന്ന ഒരു ജുഡീഷ്യൽ തീരുമാനത്തിലെത്തിയാൽ, ആ തീരുമാനം ഒരു ഇടപെടലുകളും കൂടാതെ നിലനിൽക്കുമെന്ന് ഒരു തർക്കവും കൂടാതെ പറയാൻ സാധിക്കും. അതിനാൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ പറയുന്ന കാര്യങ്ങൾ ക്രിമിനൽ നടപടിക്രമത്തിൽ പറയുന്നവയുമായി ചേർത്തുവായിക്കുമ്പോൾ, മേൽനിയമങ്ങൾ പ്രകാരം പറയുന്ന കാര്യങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താനായി, പൊതുതാൽപ്പര്യത്തിനും സമൂഹത്തിന്റെ മുഴുവൻ താൽപ്പര്യത്തിനുമായി, അത്തരം ശിക്ഷകൾ വിധിച്ചതുപോലെ നടപ്പിലാക്കും എന്നത് ഉറപ്പിക്കുന്നതിനായി, വിധിയെ ഇല്ലാതാക്കുന്ന തരത്തിലുള്ള ഇളവോ മറ്റു വിട്ടുവീഴ്ച സമീപനമോ ഉണ്ടാകരുത് എന്നു പറയാൻ കോടതിയുടെ സഹജമായ അധികാരം, ശിക്ഷ നടപ്പിലാക്കുന്നതിന് കോടതിയെ അധികാരപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിൽ എന്തെങ്കിലും വിലക്കുകൾ പറയുകയോ, വധശിക്ഷയോ ജീവപര്യന്തമോ നൽകണം എന്ന് പറയുന്നിടത്ത്, ജീവിതദശയിൽ, ഒരു നിശ്ചിത കാലയളവിലേക്ക്, തടവ് നൽകാൻ പാടില്ല എന്നും, ശിക്ഷിക്കപ്പെട്ടയാളുടെ മുഴുവൻ ജീവിതദശ എന്നതാണ് ജീവപര്യന്തം തടവ് കൊണ്ട് അർത്ഥമാക്കുന്നതെങ്കിലും, ചെയ്ത കുറ്റകൃത്യത്തിന് യോജിക്കുന്ന തരത്തിൽ എത്ര കാലയളവ് വരെ തടവ് ഉണ്ടാകണമെന്ന് നിശ്ചയിക്കാൻ കോടതിക്കാവില്ല എന്നും പറയാൻ സാധിക്കുകയില്ല. ഒരു പ്രത്യേക ഗണത്തിൽപ്പെട്ട ശിക്ഷാവിധികൾ, വധശിക്ഷക്കുപകരം, ജീവപര്യന്തമായോ 14 വർഷത്തിൽ കൂടുതലുള്ള തടവുശിക്ഷയായോ മാറ്റാമെന്നും ഇളവിന്റെ പരിധിക്കപ്പുറത്ത് അതിനെ വയ്ക്കാം എന്നത് അടിസ്ഥാനമുള്ളതാണ്. പ്രത്യേക കുറ്റകൃത്യങ്ങൾക്ക്, ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പറയുന്ന ശിക്ഷകൾക്കുള്ളിൽ നിന്നുകൊണ്ട്, ഭേദഗതി ചെയ്ത് ശിക്ഷ വിധിക്കുവാനുള്ള അധികാരം, ഹൈക്കോടതിക്കും, പിന്നീട് അപ്പീൽ വരുമ്പോൾ സുപ്രീം കോടതിക്കും മാത്രമെ പ്രയോഗിക്കാൻ സാധിക്കുകയുള്ളൂ, രാജ്യത്തെ മറ്റൊരു കോടതിക്കും പറ്റില്ല. എന്നാൽ അത്തരം അധികാരം, ജീവപര്യന്തം തടവ് ശിക്ഷക്കു വിധിച്ച ഒരു കുറ്റവാളി 14 വർഷത്തിനുശേഷം മോചിതനാകുന്നത്, അയാളിൽ ചുമത്തിയ ശിക്ഷയെ ചെറുതാക്കി കാണുന്നതുപോലെയാകുന്ന ഗൗരവകരമായ കേസുകളിലേക്ക് ചുരുക്കണമെന്നും, ഞങ്ങൾ ധൃതിയിൽ കൂട്ടിച്ചേർക്കുന്നു. അത്തരം അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ, ഓരോ കേസിന്റെയും വസ്തുതകൾക്കനുസൃതമായി വ്യക്തമായ കാരണങ്ങൾ ചേർക്കേണ്ടതും, ലാഘവത്തോടുകൂടി വെറുതെ ആവശ്യപ്പെട്ടതിന്റെ പേരിൽ വിനിയോഗിക്കാൻ പാടില്ലാത്തതുമാണ്.**

## വിധിന്യായം

## ജസ്റ്റിസ് സഞ്ജയ് കുമാർ

1. ഒമ്പത് വയസ്സുള്ള സ്വന്തം മകളെ ബലാൽസംഗം ചെയ്തു എന്ന കുറ്റകൃത്യങ്ങളിൽ ഏറ്റവും ക്രൂരവും ദുഷിച്ചതുമായ കുറ്റകൃത്യത്തിന് ശിക്ഷ വിധിച്ചതിനാലാണ് അപ്പീൽവാദി ഈ കോടതി മുമ്പാകെ എത്തിയിരിക്കുന്നത്.

2. 18/02/2013 ലെ സെഷൻസ് കേസ് നമ്പർ 1/2013 ൽ അഡീഷണൽ സെഷൻസ് ജഡ്ജ് (പ്രത്യേക ഫാസ്റ്റ്ട്രാക്ക് കോടതി) ദ്വാരക കോടതികൾ, ന്യൂഡൽഹി അപ്പീൽവാദി ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 376,377, 506 എന്നീ വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കണ്ടു. 23/02/2013 ലെ ശിക്ഷാവിധിയിൽ 376-ാം വകുപ്പിൻ കീഴിൽ ജീവപര്യന്തം തടവും 25,000 രൂപ പിഴയും, 377-ാം വകുപ്പിൻ കീഴിൽ ജീവപര്യന്തം തടവും, 25,000 രൂപ പിഴയും, 506-ാം വകുപ്പിൻ കീഴിൽ രണ്ടുവർഷത്തെ കഠിന തടവും, 10,000 രൂപ പിഴയും അപ്പീൽവാദിക്ക് ചുമത്തിയിരുന്നു. പിഴ അടക്കാത്തപക്ഷം കൂടുതൽ കാലം തടവ് അനുഭവിക്കേണ്ടി വരും. ഇതിനു പുറമെ ചുരുങ്ങിയത് 20 വർഷമെങ്കിലും ജയിൽ വാസം പൂർത്തിയാക്കാതെ സംസ്ഥാന സർക്കാർ അയാളോട് യാതൊരു കാരുണ്യവും കാട്ടരുതെന്നും അഡീഷണൽ സെഷൻസ് ജഡ്ജി നിർദ്ദശിച്ചു. ഡൽഹി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ക്രിമിനൽ അപ്പീൽ നമ്പർ 1509/2014 വഴി, അപ്പീൽവാദിയുടെ ശിക്ഷയും ശിക്ഷാവിധിയും അപ്പീലിൽ ശരിവച്ചു. അതിനാൽ ഭരണഘടനയുടെ 136-ാം അനുച്ഛേദത്തിൻ കീഴിൽ പ്രത്യേക അനുമതി പ്രകാരം ഈ അപ്പീൽ ഫയലാക്കി.

3. 19/03/2018-ലെ ഉത്തരവ് പ്രകാരം ശിക്ഷാവിധിയുടെ കാര്യത്തിൽ മാത്രം ഈ കോടതി സംസ്ഥാനത്തിന് നോട്ടീസ് അയച്ചു.

4. അപ്പീൽവാദിക്കു വേണ്ടി ഹാജരാകുന്ന ശ്രീ സുധീർ നാഗറിനെയും സംസ്ഥാനത്തിന് വേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷക സോണിയ മാത്തുറിനെയും കേട്ടു.

5. ഈ അപ്പീൽ, ശിക്ഷാവിധിയുടെ കാര്യത്തിൽ മാത്രം ഒതുക്കുന്നതുകൊണ്ട് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 376, 377, 506 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷിച്ചതിന്റെ കാര്യകാരണങ്ങളിലേക്കോ അതിൽ ഉയർത്തപ്പെട്ട തർക്കങ്ങളിലേക്കോ കടക്കുന്നില്ല.

6. 03/02/2013 ൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്ന ക്രിമിനൽ നിയമ (ഭേദഗതി) ആക്റ്റ്, 2013 ന് മുമ്പ് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 376 (2) വകുപ്പിൽ (എ) മുതൽ (ജി) വരെ ഖണ്ഡങ്ങൾ (clauses)ഉണ്ടായിരുന്നു, 376 (2) (എഫ്) വകുപ്പ് അന്നുണ്ടായിരുന്നതനുസരിച്ച്, 12 വയസ്സിനു താഴെയുള്ള സ്ത്രീകളെ ബലാൽസംഗം ചെയ്തവർക്ക്, 10 വർഷത്തിൽ കുറയാത്ത കഠിന തടവ് ശിക്ഷയായി നൽകണമെന്നും, അത് ജീവപര്യന്തം വരെ ആകാമെന്നും, കൂടാതെ പിഴ അടക്കുന്നതിനും ബാദ്ധ്യസ്ഥനാകുമെന്നും പറഞ്ഞിട്ടുണ്ട്. പ്രകൃതി നിയമങ്ങൾക്കെതിരായി സ്വമേധയാ ഏതെങ്കിലും ഒരു പുരുഷനുമായോ, സ്ത്രീയുമായോ, മൃഗവുമായോ, ശാരീരിക സമ്പർക്കത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിക്ക്, ജീവപര്യന്തം തടവോ, 10 വർഷം വരെയുള്ള രണ്ടുവിധത്തിലുമുള്ള തടവോ നൽകണമെന്നും, പിഴയടക്കാനും ബാദ്ധ്യസ്ഥനാണെന്നും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 377-ാം വകുപ്പ് പറയുന്നു. ഇരക്ക്, ഒമ്പത് വയസ്സ് മാത്രമെ പ്രായമുള്ളൂ എന്നത് കൊണ്ടും, പ്രകൃതിനിയമത്തിനെതിരായി ശാരീരിക സമ്പർക്കത്തിന് വിധേയയാക്കി എന്നതുകൊണ്ടുമാണ് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 376(2) (എഫ്), 377 എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് അപ്പീൽവാദിയെ അഡീഷണൽ സെഷൻസ് ജഡ്ജി ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. 20 വർഷമെങ്കിലും ജയിലിൽ കഴിയാതെ അയാളോട് സംസ്ഥാനം കാരുണ്യം കാട്ടരുതെന്നുമുള്ള ഒരു നിബന്ധനയും അദ്ദേഹം കൂട്ടിച്ചേർത്തു. ഫലത്തിൽ, ചുരുങ്ങിയത്, 20 വർഷത്തെ ജീവപര്യന്തം തടവിന് അപ്പീൽവാദിയെ ശിക്ഷിച്ചു.

7. ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 53-ാം വകുപ്പ് 45-ാം വകുപ്പുമായി ചേർത്തുവായിക്കുമ്പോൾ, ജീവപര്യന്തം തടവ് എന്നാൽ ഭരണഘടനയുടെ 72,161 എന്നീ അനുച്ഛേദത്തിലും ക്രിമിനൽ നടപടി ക്രമത്തിന്റെ 432-ാം വകുപ്പിൽ പറയുന്ന ഇളവ് (remission) മുതലായവ അവകാശപ്പെടുന്നതിന് വിധേയമായി, ജയിൽപുള്ളിയുടെ ശിഷ്ടകാല ജീവിതം മുഴുവൻ തടവ് എന്നാണ് അർത്ഥമാക്കുന്നത്. ഗോപാൽ വിനായക് ഗോഡ്സെ v മഹാരാഷ്ട്ര സംസ്ഥാനം (AIR 1961 SC 600)എന്ന കേസിൽ ജീവപര്യന്തം തടവിനെ പ്രഥമദൃഷ്ട്യാ ശിക്ഷിക്കപ്പെട്ട വ്യക്തിയുടെ അവശേഷിക്കുന്ന ജീവിതകാലം മുഴുവനുമുള്ള തടവായി കണക്കാക്കണമെന്ന് ഈ കോടതി വിധിച്ചിട്ടുണ്ട്. മാരുറാം v ഇന്ത്യൻ യൂണിയൻ ( (1981) 1 SCC 107) കേസിൽ ഒരു ഭരണഘടനാ ബഞ്ച് ഈ കാഴ്ചപ്പാട് ശരിവെച്ചുകൊണ്ട് ജീവപര്യന്തം എന്നാൽ ജീവിതം മുഴുവനുമുള്ള തടവിൽ നിന്നും ഒട്ടും കുറഞ്ഞതല്ലെന്നും അവസാനശ്വാസം വരെ നീളുന്ന ഒന്നാണെന്നും ഉറപ്പിച്ചു പറഞ്ഞു. വീണ്ടും, ഇന്ത്യൻ യൂണിയൻ v ശ്രീഹരൻ @ മുരുകനും മറ്റുള്ളവരും ((2016) 7 SCC 1)

കേസിൽ മറ്റൊരു ഭരണഘടനാ ബഞ്ചും, ജീവപര്യന്തം തടവ് എന്നാൽ ശിക്ഷിക്കപ്പെട്ട ആളുടെ ശിഷ്ടജീവിതം മുഴുവനുമുള്ള തടവാണെന്നാണ് അർത്ഥമാക്കുന്നതെന്ന് ആവർത്തിച്ചു പറഞ്ഞു.

8. എന്നിരുന്നാലും, ക്രിമിനൽ നടപടി ക്രമത്തിന്റെ 433-ാം വകുപ്പ് പ്രകാരം, ശരിക്കുള്ള രീതിയിൽ, ജീവപര്യന്തം തടവ് 14 വർഷത്തേക്ക് മാത്രമേ നടപ്പിലാക്കുന്നുള്ളൂ എന്നും അത് ശിക്ഷിക്കപ്പെട്ട കുറ്റകൃത്യത്തിന്റെ ഗൗരവത്തിന് ഒട്ടും യോജിക്കുന്നതല്ല എന്ന് തെളിഞ്ഞേക്കാമെന്നും നമുക്ക് കാണാം. സ്വാമി ശ്രദ്ധാനന്ദ V കർണ്ണാടക സംസ്ഥാനം ((2018)13 SCC 767) എന്നതിൽ ശിക്ഷാ കാലാവധി തികയ്ക്കുവാൻ വേണ്ടി, ജയിൽപുള്ളി ആർജജിക്കുന്ന ദിനങ്ങൾ അയാളുടെ യഥാർത്ഥത്തിലുള്ള ഇളവ് തടവ് കാലാവധിയുമായി കൂട്ടുന്നുവെന്നും, ഒരു നിശ്ചിത കാലത്തേക്കുള്ള തടവ് ശിക്ഷക്കു മാത്രം ബാധകമാക്കുന്നതുപോലെ അനുവദിച്ചു വരുന്ന ഇളവ്, ശിഷ്ടജീവിതത്തിൽ മുഴുവനുമുള്ള അനിശ്ചിതമായ ജീവപര്യന്തത്തിനെങ്ങനെ ബാധകമാക്കാൻ പറ്റുമെന്ന ചോദ്യം അപ്പോൾ ഉയരുകയും ചെയ്യുന്നു. കർണ്ണാടക, ബീഹാർ സംസ്ഥാനങ്ങളിൽ കോടതിയുടെ അനേകം വിധിന്യായങ്ങളെ വകവയ്ക്കാതെയും അത്തരത്തിൽ ചെയ്യുന്നതിന് നിയമം ഇല്ലാതെയും സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേന ജീവപര്യന്തം തടവുകാർക്ക് കൽപ്പിതമാറ്റം വഴി, 20 വർഷം നിശ്ചിത തടവാക്കി മാറ്റി ഇളവ് നൽകുന്നു. 14 വർഷത്തെ കാലാവധി പൂർത്തിയാക്കുമ്പോൾ ജീവപര്യന്തം തടവുകാർ, ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഇളവ് നേടി ജയിൽ മോചിതനാകുന്നുവെന്നും മറ്റ് സംസ്ഥാനങ്ങളിലും സ്ഥിതി മെച്ചപ്പെട്ടതല്ല എന്ന് സുരക്ഷിതമായി അനുമാനിക്കാം എന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. അതുകൊണ്ട് ശിക്ഷിക്കപ്പെട്ട ആളുടെ സാമൂഹ്യശാസ്ത്രവും, മാനസികാരോഗ്യ കാര്യങ്ങളും നോക്കാതെ, പ്രത്യേകമായി ശിക്ഷിക്കപ്പെട്ട വ്യക്തിയെ നേരത്തെ മോചിതനാക്കുമ്പോൾ, അത് സമൂഹത്തിൽ ഉണ്ടാക്കാവുന്ന ഫലത്തെ വിലയിരുത്താതെ, വളരെ യാന്ത്രികമായാണ് ജീവപര്യന്തം തടവുകാർക്ക് ഇളവ് അനുവദിക്കുന്നതെന്ന വസ്തുത ഈ കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കുന്നു. ഒരാൾ പറയുകയാണെങ്കിൽ, ഇളവ് നൽകുക എന്നതാണ് രീതിയെന്നും 'വിരളങ്ങളിൽ വിരളമായ' കേസിൽ മാത്രമേ അത് നിരാകരിക്കുന്നുള്ളുവെന്നും, ഈ കോടതി ശ്രദ്ധിച്ചു. ഇങ്ങനെയുള്ള അവസ്ഥകൾ അഭിമുഖീകരിക്കുമ്പോൾ, ആ കേസിൽ വധശിക്ഷയെ ജീവപര്യന്തമായി പരിവർത്തനം ചെയ്തപ്പോൾ, അത്തരം സാഹചര്യങ്ങളിൽ എന്തു ചെയ്യണമെന്ന് ഈ കോടതി വിചിന്തനം ചെയ്തു. രണ്ട് ശിക്ഷകൾ മാത്രം നൽകാനെ സാധിക്കുകയുള്ളൂവെങ്കിൽ ഒന്ന് 14 വർഷത്തിൽ കവിയാത്ത ജീവപര്യന്ത തടവും മറ്റേത് വധശിക്ഷയും, കോടതി വധശിക്ഷ നൽകുവാൻ പ്രേരിപ്പിക്കപ്പെട്ട്, അത്തരത്തിൽ വധശിക്ഷ നൽകുകയും, അത്തരത്തിലുള്ള നീക്കം തീർത്തും വിനാശകരം ആവുകയും ചെയ്യും. അതുകൊണ്ട് തെരഞ്ഞെടുക്കാവുന്ന രണ്ട് ശിക്ഷകളെയും വിപുലീകരിച്ച്, വസ്തുതാപരമായി, നിയമപ്രകാരം കോടതിയുടേതായത് എടുക്കുകയാണ് കുറെക്കൂടി ന്യായവും നീതിയുക്തവും ശരിയായതുമായ രീതി അതായത്, 14 വർഷത്തെ തടവും വധശിക്ഷയും തമ്മിലുള്ള വളരെ വലിയ വ്യത്യാസം പരിഗണിച്ച്, വധശിക്ഷക്ക് പകരം ജീവപര്യന്തമോ, 14 വർഷത്തിൽ കൂടുതലുള്ള തടവോ, കേസിനനുസരിച്ച്, ശിഷ്ട ജീവിതദശയിലോ അല്ലെങ്കിൽ ഉത്തരവിൽ പറയുന്ന നിശ്ചിത കാലാവധിക്കോ അയാളെ ജയിൽ മോചിതനാക്കരുതെന്ന് അധിക നിർദ്ദേശം നൽകാം. കേസിന്റെ വസ്തുതകൾ പ്രകാരം 14 വർഷത്തെ തടവ് ശിക്ഷ ഒരു ശിക്ഷയാവില്ല എന്നാകുമ്പോഴാണ് ഈ വിപുലീകരിച്ച മാർഗ്ഗം കോടതി തെരഞ്ഞെടുക്കുന്നത് എന്ന് ഉറപ്പിച്ചു പറയുണ്ടായി.

9. മുകളിൽ പറഞ്ഞ സ്വാമി ശ്രദ്ധാനന്ദ കേസിലെ വിധിയെ ദൃഢമാക്കിക്കൊണ്ട്, ശ്രീഹരൻ കേസിലെ ഭൂരിപക്ഷ അഭിപ്രായം, ചെയ്ത കുറ്റകൃത്യത്തിന് ആനുപാതികമായി കുറ്റവാളി ജീവപര്യന്തം തടവിന് അർഹനാണ്, അതായത് അയാളുടെ ജീവിതാവസാനം വരെയോ അല്ലെങ്കിൽ ഒരു നിശ്ചിത കാലപരിധിയായ 20 വർഷം, 30 വർഷം, 40 വർഷം എന്നിങ്ങനെയോ, എന്ന ഒരു ജുഡീഷ്യൽ തീരുമാനത്തിലെത്തിയാൽ, ആ തീരുമാനം ഒരു ഇടപെടലുകളും കൂടാതെ നിലനിൽക്കുമെന്ന് ഒരു തർക്കവും കൂടാതെ പറയാൻ സാധിക്കും എന്ന് നിരീക്ഷിച്ചു. അതിനാൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ പറയുന്ന കാര്യങ്ങൾ ക്രിമിനൽ നടപടി ക്രമത്തിൽ പറയുന്നവയുമായി ചേർത്തുവായിക്കുമ്പോൾ, മേൽനിയമങ്ങൾ പ്രകാരം പറയുന്ന കാര്യങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താനായി, പൊതുതാൽപ്പര്യത്തിനും സമൂഹത്തിന്റെ മുഴുവൻ താൽപ്പര്യത്തിനുമായി, അത്തരം ശിക്ഷകൾ വിധിച്ചതുപോലെ നടപ്പിലാക്കും എന്നത് ഉറപ്പിക്കുന്നതിനായി, വിധിയെ ഇല്ലാതാക്കുന്ന തരത്തിലുള്ള ഇളവോ മറ്റു വിട്ടുവീഴ്ച സമീപനമോ ഉണ്ടാകരുത് എന്നു പറയാൻ കോടതിയുടെ സഹജമായ അധികാരം, ശിക്ഷ നടപ്പിലാക്കുന്നതിന് കോടതിയെ അധികാരപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിൽ എന്തെങ്കിലും വിലക്കുകൾ പറയുകയോ, വധശിക്ഷയോ ജീവപര്യന്തമോ നൽകണം എന്ന് പറയുന്നിടത്ത്, ജീവിതദിശയിൽ,

ഒരു നിശ്ചിത കാലയളവിലേക്ക്, തടവ് നൽകാൻ പാടില്ല എന്നും, ശിക്ഷിക്കപ്പെട്ടയാളുടെ മുഴുവൻ ജീവിതദശ എന്നതാണ് ജീവപര്യന്തം തടവ് കൊണ്ട് അർത്ഥമാക്കുന്നതെങ്കിലും, ചെയ്ത കുറ്റകൃത്യത്തിന് യോജിക്കുന്ന തരത്തിൽ എത്ര കാലയളവ് വരെ തടവ് ഉണ്ടാകണമെന്ന് നിശ്ചയിക്കാൻ കോടതിക്കാവില്ല എന്നും പറയാൻ സാധിക്കുകയില്ല. ഒരു പ്രത്യേക ഗണത്തിൽപ്പെട്ട ശിക്ഷാവിധികൾ, വധശിക്ഷക്കുപകരം, ജീവപര്യന്തമായോ 14 വർഷത്തിൽ കൂടുതലുള്ള തടവുശിക്ഷയായോ മാറ്റാമെന്നും ഇളവിന്റെ പരിധിക്കപ്പുറത്ത് അതിനെ വെക്കാം എന്നുമുള്ള സ്വാമി ശ്രദ്ധാനന്ദയിലെ ഭൂരിപക്ഷ അഭിപ്രായം പറഞ്ഞ അനുപാതം ശരിയായ അടിസ്ഥാനമുള്ളതാണ്. പ്രത്യേക കുറ്റകൃത്യങ്ങൾക്ക്, ഇന്ത്യൻ ശിക്ഷാ നിയമത്തിൽ പറയുന്ന ശിക്ഷകൾക്കുള്ളിൽ നിന്നുകൊണ്ട്, ഭേദഗതി ചെയ്ത ശിക്ഷ വിധിക്കുവാനുള്ള അധികാരം, ഹൈക്കോടതിക്കും, പിന്നീട് അപ്പീൽ വരുമ്പോൾ സുപ്രീം കോടതിക്കും മാത്രമെ പ്രയോഗിക്കാൻ സാധിക്കുകയുള്ളൂ, രാജ്യത്തെ മറ്റൊരു കോടതിക്കും പറ്റില്ല.

10. തീർപ്പാക്കപ്പെട്ട ഈ നിയമസ്ഥിതിയുടെ വെളിച്ചത്തിൽ അപ്പീൽവാദിയുടെ ജീവപര്യന്തം തടവ്ശിക്ഷ, ചുരുങ്ങിയത് 20 വർഷത്തേക്കാക്കണമെന്നും, അതുവരെ കാരുണ്യം നൽകാൻ പാടില്ലെന്നുമുള്ള ഒരു നിബന്ധന വെക്കുന്നത് വ്യക്തമായും അഡീഷണൽ സെഷൻസ് ജഡ്ജിയുടെ അധികാര പരിധിയിൽപ്പെടുന്നതല്ല. അത്തരത്തിലുള്ള അധികാരം ഹൈക്കോടതിക്കോ ഈ കോടതിക്കോ മാത്രമെ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളൂ. അഡീഷണൽ സെഷൻസ് ജഡ്ജി പാസ്സാക്കിയ ശിക്ഷാവിധി, ഡൽഹി ഹൈക്കോടതി ശരിവച്ചു എന്ന കാര്യത്തിൽ സംശയമില്ലെങ്കിലും, അഡീഷണൽ സെഷൻസ് ജഡ്ജി ഇല്ലാത്ത അധികാരം ഉപയോഗിച്ച് പ്രവർത്തിച്ചത് ഉറപ്പിക്കുന്നത്, ഹൈക്കോടതിയുടെ സ്വതന്ത്രമായ അധികാര പ്രയോഗമാണെന്ന് പറയാൻ സാധിക്കാത്തതും, നിയമം പറയുന്ന ആവശ്യതകൾ പൂർത്തീകരിക്കാത്തതുമാണ്. കുറ്റകൃത്യത്തിന്റെ സ്വഭാവവും ഗൗരവും കണക്കിലെടുത്ത് പ്രത്യേക ഗണത്തിലുള്ള ശിക്ഷാവിധി അവലംബിക്കാൻ, ശരിയായ രീതിയിൽ വിലയിരുത്തി, ഹൈക്കോടതിക്കും, ഈ കോടതിക്കും മാത്രമെ അധികാരമുള്ളൂ. അതിനാൽ അത്രത്തോളം, അഡീഷണൽ സെഷൻസ് ജഡ്ജി ചുമത്തിയ ശിക്ഷ നിയമത്തിന്റെ അടിസ്ഥാനമില്ലാത്തതാണ്.

11. അത്രയും പറഞ്ഞ്, ഏറ്റവും നിന്ദ്യമായ കുറ്റകൃത്യം, അതായത് സ്വന്തം മകളെ ബലാൽസംഗം ചെയ്തു എന്ന കുറ്റത്തിനാണ് അപ്പീൽവാദി കുറ്റക്കാരനാണെന്ന് കണ്ടിരിക്കുന്നത് എന്ന വസ്തുത അവശേഷിക്കുന്നു. ദുഷിച്ചതും നാശകരമായ പ്രവർത്തികൾ കൊണ്ട് ഒരു ചെറുപ്രായത്തിലുള്ള പെൺകുട്ടി അവളുടെ അച്ഛനിൽ അർപ്പിച്ച പ്രതീക്ഷയും, വിശ്വാസവും, ബന്ധത്തിന്റെ പവിത്രതയും നശിപ്പിച്ചിരിക്കുന്നു. അത്തരം സാഹചര്യത്തിൽ ജീവപര്യന്തം ചുരുക്കുന്നതിനായി ഇഷ്ടംപോലെ ഇളവിന് അപേക്ഷിക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയാൽ, അത് നീതിയെ മറികടക്കുന്നതുപോലെയായിരിക്കും. 03.02.2013 മുതൽ മുൻകാല പ്രാബല്യം വരുന്നത് പോലെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 376–ാം വകുപ്പ് ഭേദഗതി ചെയ്തത്, സാരമായ കാര്യമാണ്. ഭേദഗതി ചെയ്ത വ്യവസ്ഥകൾ ഇപ്പോൾ വളരെ വ്യത്യസ്തമാണ്. 376 (2) വകുപ്പിൽ ഇപ്പോൾ (എ) മുതൽ (എൻ) വരെയുള്ള ഖണ്ഡങ്ങൾ ഉൾക്കൊള്ളുന്നു. ബന്ധു, രക്ഷിതാവ്, അദ്ധ്യാപകൻ ആയിരിക്കുന്ന ആരെങ്കിലും അഥവാ സ്ത്രീയുമായി വിശ്വാസത്തിലോ അധികാരസ്ഥാനത്തിലിരിക്കുന്ന ആൾ ആ സ്ത്രീയെ ബലാൽസംഗം ചെയ്യുന്ന പക്ഷം, 10 വർഷത്തിൽ കുറയാത്ത കഠിന തടവ്, എന്നാൽ അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ അവശേഷിക്കുന്ന സമയം മുഴുവനുമുള്ള തടവ് എന്നർത്ഥമാക്കുന്ന ജീവപര്യന്തം തടവ് വരെയാക്കി നീട്ടാവുന്നതും, പിഴക്കും ബാദ്ധ്യസ്ഥനാകുന്നതുമാണ്. കൂടാതെ 376 (3) നിയമപുസ്തകത്തിൽ കൂട്ടി ചേർക്കുകയും, അത് 16 വയസ്സിനു താഴെയുള്ള സ്ത്രീയെ ആരെങ്കിലും ബലാൽസംഗം ചെയ്താൽ, 20 വർഷത്തിൽ കുറയാത്ത കഠിനതടവിനും, എന്നാൽ അത് അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ അവശേഷിക്കുന്ന സമയം മുഴുവനുമുള്ള തടവ് എന്നർത്ഥമാക്കുന്ന ജീവപര്യന്തം തടവ് വരെയാക്കി നീട്ടാവുന്നതും, പിഴക്ക് ബാദ്ധ്യസ്ഥനാകുന്നതുമാണ്. ക്രിമിനൽ നിയമ (ഭേദഗതി) ആക്റ്റ്, 2013 പ്രകാരം 376 A, 376 D, 376 E എന്നീ പുതിയ വകുപ്പുകൾ നിയമപുസ്തകത്തിലേക്ക് കൊണ്ടുവരികയും, ക്രിമിനൽ നിയമ (ഭേദഗതി) ആക്റ്റ് 2018 പ്രകാരം കൂട്ടിച്ചേർത്ത പുതിയ വകുപ്പുകളായ 376 AB, 376 DA , 376 DB എന്നിവ കുറ്റവാളിയുടെ സ്വാഭാവിക ജീവിതത്തിന്റെ അവശേഷിക്കുന്ന കാലം ജീവപര്യന്തം തടവ് എന്ന വർദ്ധിപ്പിച്ച ശിക്ഷ നൽകണമെന്ന് പറയുന്നു.

12. 03.02.2013 നു ശേഷമാണ് കുറ്റകൃത്യം ഈ കേസിൽ നടന്നിരുന്നതെങ്കിൽ പുതിയ വകുപ്പുകളായ 376 (2) (എഫ്), 376 (3) എന്നിവ ബാധകമാകുമായിരുന്നു. 2012 ആഗസ്റ്റ് മാസത്തിലാണ് കുട്ടിയെ അച്ഛൻ ബലാൽസംഗം ചെയ്തതെന്ന് സമ്മതിച്ച വസ്തുതയായതുകൊണ്ട് ഭേദഗതി ചെയ്ത വ്യവസ്ഥകൾക്ക് ഒരു പങ്കും വഹിക്കാനില്ല. കുറ്റകൃത്യം

ചെയ്യുന്ന സമയത്ത് നിലവിലുള്ള നിയമം നൽകാവുന്ന ശിക്ഷയിൽ കൂടുതലുള്ള ശിക്ഷക്ക് ഒരാളെ വിധേയനാക്കരുതെന്ന ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 20(1), അപ്പീൽവാദിക്ക് അനർഹമായ രക്ഷക്കെത്തുന്നു. നിയമനിർമ്മാതാക്കൾ, ചില സാഹചര്യങ്ങളിൽ, ബലാൽസംഗത്തിന് കൂടുതൽ കടുത്ത ശിക്ഷ നൽകുന്നത് അനുയോജ്യമായിരിക്കും എന്ന് കരുതുകയും, അത്തരം സാഹചര്യങ്ങളിൽ കുറ്റവാളിക്കെതിരെ ജീവപര്യന്തം തടവ് ചുമത്തുമ്പോൾ, അയാൾ അയാളുടെ സ്വാഭാവിക ജീവിതത്തിന്റെ അവശേഷിക്കുന്ന കാലം ജയിലിൽ കഴിയാൻ ബാദ്ധ്യസ്ഥനായിരിക്കും എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വസ്തുത ഈ കോടതിയുടെ മനസ്സിലുള്ളത് ഈ ഘട്ടത്തിൽ പറയുന്നു.

13. മുകളിൽ പറഞ്ഞ സ്വാമി ശ്രദ്ധാനന്ദ, ശ്രീഹരൻ എന്ന കേസുകളിൽ പ്രത്യേക ഗണത്തിൽപ്പെട്ട ശിക്ഷാവിധിയെ സംബന്ധിച്ച് പറഞ്ഞ നിയമം, വധശിക്ഷ വിധിച്ച് അത് ജീവപര്യന്തമാക്കി പരിവർത്തനം ചെയ്ത കേസുകളുടെ പശ്ചാത്തലത്തിലാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഹൈക്കോടതിയുടെയും ഈ കോടതിയുടെയും 14 വർഷത്തിൽ കൂടുതൽ കാലയളവുള്ള ജീവപര്യന്ത കാലാവധി നിശ്ചയിച്ച് ശിക്ഷാവിധി ഭേദഗതി വരുത്താവുന്ന അധികാരം, വധശിക്ഷ വിധിക്കാത്ത കേസുകളിലും പ്രയോഗിക്കാൻ പറ്റുമോ എന്ന ചോദ്യം ഉടലെടുക്കുന്നു. വിചാരണകോടതി, കുറ്റവാളിയുടെ അവശേഷിക്കുന്ന സ്വാഭാവിക ജീവിതത്തിന്റെ കാലത്തേക്കായിരിക്കും എന്ന നിർദ്ദേശത്തോടുകൂടി ജീവപര്യന്തം വിധിച്ച ഗൗരി ശങ്കർ V പഞ്ചാബ് സംസ്ഥാനം ( (2021) 3 SCC 380)എന്ന കേസ് പരിശോധിക്കാം. വിചാരണക്കോടതിക്ക് അത്തരം ഒരു നിർദ്ദേശം വെക്കാൻ പറ്റില്ല എന്ന് രേഖപ്പെടുത്തി, ആ കേസിൽ ജീവപര്യന്തം തടവിനുള്ള ശിക്ഷാവിധി കുറ്റവാളിയുടെ സ്വാഭാവിക ജീവിതത്തിന്റെ അവശേഷിക്കുന്ന കാലം വരെ എന്ന് അർത്ഥമാക്കുമെന്ന് ഉത്തരവിടുന്നത് ശരിയാണെന്ന് ഈ കോടതി കണ്ടു. സ്വാമി ശ്രദ്ധാനന്ദ, ശ്രീഹരൻ കേസുകളിലേതുപോലെ ഇത് വധശിക്ഷ വിധിച്ച് ജീവപര്യന്തമായി പരിവർത്തനം ചെയ്ത കേസല്ല എന്നത് പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്. ഇതേപോലെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 302-ാം വകുപ്പ് ഉൾപ്പെടുന്ന ശിവകുമാർ @ ശിവ @ ശിവമൂർത്തി V കർണ്ണാടക സംസ്ഥാനം എന്ന കേസിൽ, അപ്പീൽവാദിക്ക് ശിഷ്ട ജീവിതം കഠിന തടവ് ശിക്ഷ വിധിച്ചത് പരിഗണിക്കുകയായിരുന്നു. വധശിക്ഷക്കു പകരം നിശ്ചിത കാലത്തേക്കോ ജീവിതാവസാനംവരെയോ ഉള്ള തടവ് എന്ന പുതുക്കിയ ശിക്ഷ 'ശ്രീഹരനിൽ' പറയുന്നപോലെ ഹൈക്കോടതികൾക്കും സുപ്രീംകോടതിക്കും മാത്രമെ ചുമത്താൻ സാധിക്കുകയുള്ളൂ എന്നും മറ്റൊരു കോടതിക്കും സാധിക്കുകയില്ല എന്നും പറഞ്ഞുകൊണ്ട്, ഈ കോടതി നിരീക്ഷിച്ചു:

"12. വിചാരണക്കോടതിക്ക് അതിനു മുമ്പിലുള്ള വധശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യമുള്ള കേസ്, 'വിരളങ്ങളിൽ വിരള'മല്ലാത്ത കേസല്ല എന്ന നിഗമനത്തിൽ എത്താം. അത്തരം സാഹചര്യത്തിൽ കുറ്റകൃത്യത്തിന് നിഷ്കർഷിച്ചിട്ടുള്ള ശിക്ഷയെ ആശ്രയിച്ച് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 53-ാം വകുപ്പിൽ പ്രത്യേകമായി പറയുന്ന മറ്റു ശിക്ഷകൾ ചുമത്താവുന്നതാണ്. എന്നിരുന്നാലും, വിരളങ്ങളിൽ വിരളമായ കേസല്ല എന്ന് ഒരു ഭരണഘടനാ കോടതി കണ്ടാലും, കുറ്റകൃത്യത്തിന്റെ ഗൗരവവും സ്വഭാവവും മറ്റ് എല്ലാ പ്രസക്ത ഘടകങ്ങളും കണക്കിലെടുത്ത് ഇളവിന്റെ ഗുണം കിട്ടാത്ത രീതിയിൽ അതിനെപ്പോഴും ഒരു നിശ്ചിതകാലത്തേക്കുള്ള ശിക്ഷ വിധിക്കാം. ശ്രീഹരൻ കേസിലെ ഭൂരിപക്ഷവിധി, വധശിക്ഷ വിധിക്കുന്ന സന്ദർഭങ്ങളിലല്ലാതെ ഭരണഘടനാ കോടതികൾക്ക് അത്തരത്തിലുള്ള അധികാരം ഉപയോഗിക്കാൻ പറ്റില്ല എന്ന രീതിയിൽ വ്യാഖ്യാനിക്കാൻ പാടില്ല. താഴെപ്പറയുന്ന അതിന്റെ തീരുമാനത്തിന്റെ 104-ാം ഖണ്ഡികയിൽ, ഭരണഘടനാ ബഞ്ച് പറഞ്ഞ ഈ നിഗമനത്തെ നല്ലതുപോലെ പിന്താങ്ങുന്നു:

"104. അതിനു പുറമെ വിചാരണകോടതി വധശിക്ഷക്കോ ജീവപര്യന്തം തടവിനോ ശിക്ഷിച്ച് ഹൈക്കോടതി അത് ശരിവെക്കുന്ന കേസുകളിൽ ഭൂരിഭാഗം കേസുകളിലും, സ്പെഷ്യൽ ലീവ് ഈ കോടതിയിൽ ഫയൽ ചെയ്ത്, ആ വിധി പിന്നെയും ഒരു അപ്പീൽ വഴി പരീക്ഷിക്കപ്പെടുവാനുള്ള അവസരം ബന്ധപ്പെട്ട കുറ്റവാളിക്ക് ലഭിക്കുന്നു. ഒരു മുൻ കരുതലെന്ന നിലക്കും, കോഡിലും ക്രിമിനൽ നിയമശാസ്ത്രം അനുശാസിക്കുന്ന നിയമ പ്രകാരവും, പ്രത്യേക ഗൗരവകരമായ കുറ്റം ചെയ്തിട്ടുണ്ടെന്ന് ആദ്യഘട്ടത്തിൽ കണ്ടാൽ, ചുമത്തപ്പെട്ട ശിക്ഷ, ജീവപര്യന്തമോ, വധശിക്ഷയോ ആയാൽ, അത് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിശോധനക്കു വന്നാൽ, കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്തും, ജുഡീഷ്യൽ മനസ്സാക്ഷിയോടും, ചെയ്ത കുറ്റത്തിന് അനുയോജ്യമായ രീതിയിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ നിന്നും ആർജ്ജിച്ച അധികാരം ഉപയോഗപ്പെടുത്തി, ഹൈക്കോടതിക്കു മാത്രം അത്തരം ശിക്ഷകളിൽ മാറ്റം വരുത്തി, കുറ്റവാളിയുടെ മുഴുവൻ ജീവിത ദശയിലേക്കാക്കുവാനോ, അഥവാ 14 വർഷത്തിൽ കവിഞ്ഞുള്ള 20, 30 എന്നിങ്ങനെയുള്ള നിശ്ചിത കാലത്തേക്കോ ആക്കാവുന്നതാണ്."

13. വധശിക്ഷ വിധിക്കാത്തതോ, വിധിക്കണമെന്ന് നിർദ്ദേശിക്കാത്തതോ ആയ കേസുകളിൽ പോലും, ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 53-ാം വകുപ്പിൽ രണ്ടാമതായി പറയുന്ന ജീവപര്യന്തം തടവ്, 14 വർഷത്തിൽ കവിയുന്ന ഒരു നിശ്ചിത കാലത്തേക്കായിരിക്കുമെന്നോ, ഉദാഹരണമായി 20 വർഷം, 30 വർഷം എന്നിങ്ങനെ, പുതുക്കിയതോ, നിശ്ചിത കാലത്തേക്കോ, ആക്കി മാറ്റാനുള്ള നിർദ്ദേശം നൽകുവാനുള്ള അധികാരം ഭരണഘടനാ കോടതികൾക്ക് എപ്പോഴും പ്രയോഗിക്കാം. ക്രിമിനൽ നടപടി ക്രമത്തിന്റെ 433 എ വകുപ്പിൽ അനുശാസന ഉള്ളതു കൊണ്ട്, നിശ്ചിത ശിക്ഷ, 14 വർഷത്തിലും കുറഞ്ഞൊരു കാലയളവിലേക്കായിരിക്കരുത്"

അങ്ങനെ പറഞ്ഞു കൊണ്ട്, വിചാരണകോടതിയുടെ ശിക്ഷാവിധി, ഭേദഗതി ചെയ്ത് അപ്പീൽ വാദി ജീവപര്യന്തം തടവിൽ കഴിയണമെന്നും, 30 വർഷത്തെ ശരിക്കുള്ള ശിക്ഷ പൂർത്തിയാക്കാതെ അയാളെ മോചിപ്പിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചു.

14. മുകളിൽ പറഞ്ഞ 'ഗൗരീശങ്കർ' കേസും ശിവകുമാർ കേസും, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302-ാം വകുപ്പിൽ നിന്നും ഉടലെടുത്തതായതുകൊണ്ട്, സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന പക്ഷം, വേണമെങ്കിൽ, വധശിക്ഷ നൽകാവുന്ന കേസുകളായിരുന്നു. ഈ കേസിലേതുപോലെ നിയമം ഒരു ശിക്ഷയായി വധശിക്ഷ പറഞ്ഞിട്ടില്ലാത്ത കേസുകളിലും, പരമാവധി ശിക്ഷ ജീവപര്യന്തമായ കേസുകളിലും, ഹൈക്കോടതിക്കും ഈ കോടതിക്കും ജീവപര്യന്തം തടവ് ഭേദഗതി ചെയ്ത് പുതുക്കിയ ശിക്ഷാവിധി പാസ്സാക്കാനുള്ള അധികാരം ഉണ്ടോ എന്ന ചോദ്യം അപ്പോൾ ഉയരുന്നു. ഈ പശ്ചാത്തലത്തിൽ, മുകളിൽ പറഞ്ഞ സ്വാമി ശ്രദ്ധാനന്ദ, ശ്രീഹരൻ എന്ന കേസുകളിലെ നിരീക്ഷണങ്ങളിൽ, ആ കേസുകളിൽ പ്രത്യേകഗണത്തിലുള്ള ശിക്ഷാവിധികളെ വധശിക്ഷക്ക് ബദലായി കൂട്ടിയിണക്കിയെങ്കിലും, അത്തരം അധികാരം ഉണ്ടെന്ന് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, അത് കോടതി വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. സ്വാമി ശ്രദ്ധാനന്ദയുടെ കേസിൽ സൂചിപ്പിച്ചപോലെ, ചില കേസുകളിൽ, 14 വർഷം തടവുള്ള ജീവപര്യന്തം ഒരുപക്ഷെ ഒരു തടവുമില്ലാത്തതുപോലെയാകും എന്നതുകൊണ്ടാണ് പ്രാഥമികമായും വിപുലീകരിച്ച ശിക്ഷ കോടതി അവലംബിക്കുന്നത്. എല്ലാ ജീവപര്യന്ത തടവിനെയും ഉൾക്കൊള്ളാൻ മാത്രം വലുതാണ് ഈ നിരീക്ഷണം. അതുപോലെ തന്നെ ശ്രീഹരൻ കേസിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ വധശിക്ഷയോ ജീവപര്യന്തം തടവോ പറയുന്ന ഇടങ്ങളിൽ, ആ ജീവിതദശയുടെ നിശ്ചിതകാലയളവിലേക്ക് തടവ് ചുമത്താൻ പാടില്ല എന്നു ഒരു വിലക്കില്ല എന്നും, ജീവപര്യന്തം എന്നത് കുറ്റവാളിയുടെ മുഴുവൻ ജീവിതദശയും ആണെങ്കിലും, കുറ്റകൃത്യത്തിന് അനുയോജ്യമാകുംവണ്ണം ജീവപര്യന്തം തടവ് എത്ര കാലത്തേക്കുണ്ടാകണം എന്ന് തീരുമാനിക്കാനുള്ള അധികാരം ശിക്ഷ വിധിക്കുന്ന കോടതിക്കുണ്ടെന്നും ഭൂരിപക്ഷ അഭിപ്രായം രേഖപ്പെടുത്തി. എല്ലാ ജീവപര്യന്തം തടവ് ശിക്ഷകൾക്കും ഇത്തരം പ്രത്യേക തരത്തിൽപ്പെട്ട ശിക്ഷകൾ വധശിക്ഷക്ക് പകരമാക്കാം എന്ന് നിരീക്ഷിച്ചു. ഭൂരിപക്ഷ അഭിപ്രായം ഇത് വധശിക്ഷയുമായി കൂട്ടിയിണക്കി എന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവും അടുത്തകാലത്തായി ശിവകുമാർ കേസിൽ വധശിക്ഷ നൽകണമെന്ന് പോലും നിർദ്ദേശിക്കാത്ത കേസുകളിലും, ഭരണഘടനാ കോടതികൾക്ക് ഭേദഗതി ചെയ്തോ, നിശ്ചിത കാലയളവിലേക്കുള്ള ശിക്ഷയോ, നൽകാൻ അധികാരമുണ്ട് എന്ന് കോടതി ഉറപ്പിച്ചു പറഞ്ഞു.

15. മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ, നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ ജീവപര്യന്തമാകുന്ന കേസുകളിൽ ഈ തത്വം ബാധകമാകുമെന്ന് കാണിക്കുന്നു. അത്തരം കേസുകളിൽ പോലും സംസ്ഥാനം നൽകുന്ന ഇളവിന്റെ ഗുണം നേടി ജീവപര്യന്തം 14 വർഷമായി ചുരുക്കുവാൻ കുറ്റവാളികളെ അനുവദിക്കുന്നത്, നിയമത്തെ കളിയാക്കുന്നതുപോലെയാകും. നിയമം അനുവദിക്കുന്ന പരമാവധി ശിക്ഷ ജീവപര്യന്തമാകുന്ന കേസുകളിൽ പോലും ജീവപര്യന്തത്തിന്റെ പ്രത്യേക ഗണത്തിലുള്ള ശിക്ഷാവിധികൾ 14 വർഷത്തിൽ കൂടുതലായി കൂടുതൽ ദൈർഘ്യമുള്ള കാലത്തേക്ക് നിശ്ചയിക്കാൻ അധികാരമുണ്ടെന്ന് സ്വാമി ശ്രദ്ധാനന്ദ, ശ്രീഹരൻ കേസുകളിൽ എഴുതിവെക്കപ്പെട്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അഭിപ്രായപ്പെടുന്നു. എന്നാൽ അത്തരം അധികാരം, ജീവപര്യന്തം തടവ് ശിക്ഷക്കു വിധിച്ച ഒരു കുറ്റവാളി 14 വർഷത്തിനുശേഷം മോചിതനാകുന്നത്, അയാളിൽ ചുമത്തിയ ശിക്ഷയെ ചെറുതാക്കി കാണുന്നതുപോലെയാകുന്ന ഗൗരവകരങ്ങളായ കേസുകളിലേക്ക് ചുരുക്കണമെന്നും ഞങ്ങൾ ധൃതിയിൽ കൂട്ടിച്ചേർക്കുന്നു. അത്തരം അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ, ഓരോ കേസിന്റെയും വസ്തുതകൾക്കനുസൃതമായി വ്യക്തമായ കാരണങ്ങൾ ചേർക്കണമെന്നും, ലാഘവത്തോടുകൂടി വെറുതെ ആവശ്യപ്പെട്ടതിന്റെ പേരിൽ വിനിയോഗിക്കാൻ സാധിക്കുകയില്ല എന്നും പറയേണ്ടതില്ലല്ലോ.

16 തന്റെ യുവത്വത്തിന്റെ ആരംഭത്തിൽ പോലുമെത്താത്ത സ്വന്തം മകളെ ശാരീരികമായി പീഡിപ്പിച്ച ഏറ്റവും ബീഭത്സവും പൈശാചികവുമായ കുറ്റകൃത്യത്തിനാണ് അപ്പീൽവാദി ശിക്ഷിക്കപ്പെട്ടിരിക്കുന്നത്. 14 വർഷം മാത്രം ജയിലിൽ കഴിഞ്ഞ്

അയാൾ മോചിതനായാൽ, മകൾ 20 വയസ്സിൽ നിൽക്കുന്ന സന്ദർഭത്തിൽ, മകളുടെ ജീവിതത്തിലേക്ക് വീണ്ടും കടന്നു ചെല്ലാനുള്ള സാദ്ധ്യതയുണ്ടാവുകയും, അത് അവൾക്ക് കൂടുതൽ മാനസികാഘാതം ഉണ്ടാക്കുകയും അവളുടെ ജീവിതം ദുസ്സഹമാവുകയും ചെയ്യും. അയാളുടെ തടവ് അത്യാവശ്യം നീണ്ട കാലയളവിലേക്കാക്കുന്നത്, കുറ്റം ചെയ്തതിനുള്ള പ്രതിഫലം അയാൾക്ക് കിട്ടുമെന്നും, വില്ലനായ അച്ഛനെ മോചിതനാക്കിയാലും, അയാളുടെ മകൾക്ക് പക്വത ആർജ്ജിച്ച് ഒരു ഇരുത്തംവരുവാനും, ജീവിതത്തിൽ മുന്നോട്ട് നീങ്ങുവാനും, കൂടുതൽ സമയം കിട്ടുമെന്നും ഉറപ്പാക്കുകയും ചെയ്യും. അതുകൊണ്ട് ഒരു നിശ്ചിത കാലയളവിലേക്കുള്ള ജീവപര്യന്തത്തിന്റെ പുതുക്കിയ പ്രത്യേക ഗണത്തിൽപ്പെട്ട ശിക്ഷാവിധി ചുമത്തുവാനുള്ള കോടതിയുടെ അധികാരം വിനിയോഗിക്കുന്നതിനുള്ള അനുയോജ്യമായ കേസാണിതെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. മദൻഗോപാൽ കക്കാട് V നവൽ ദുബെയും മറ്റൊരാളും ((1992) 3 SCC 204) എന്ന കേസിൽ ഈ കോടതി ചൂണ്ടിക്കാട്ടിയതുപോലെ നീതിന്യായത്തിന്റെ പടവാൾ കൈയിലേന്തുന്ന ന്യായാധിപന്മാർ, കുറ്റകൃത്യത്തിന്റെ ഗൗരവം ആവശ്യപ്പെടുന്നെങ്കിൽ, ആ വാൾ ഏറ്റവും ശക്തമായും അവസാനം വരെയും ഉപയോഗിക്കുവാൻ മടി കാണിക്കരുത്.

17. ക്രിമിനൽ നടപടിക്രമം 1973 ൻ കീഴിലോ മറ്റ് നിയമങ്ങൾക്ക് കീഴിലോ ഇളവ് തേടാവുന്നതിന് മുമ്പ്, അപ്പീൽവാദിക്ക് ചുരുങ്ങിയത്, അയാളുടെ ജീവപര്യന്തം തടവ് 20 വർഷം ശരിക്കും തടവാക്കിയാൽ, അത് നീതിന്യായ പൂർത്തീകരണത്തിന് മതിയാകുന്നതാണ്. ഞങ്ങൾ അതുപ്രകാരം നിർദ്ദേശിക്കുന്നു. പിഴയും പിഴയടക്കാഞ്ഞാലുള്ള തടവും ചുമത്തിയത് ശരിവെക്കുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ അപ്പീൽ തീർപ്പാക്കുന്നു.

**സുപ്രീംകോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് പമിഡിഘണ്ടം ശ്രീ നരസിംഹ**

**&**

**ബഹു. ജസ്റ്റിസ് സന്ദീപ് മെഹ്ത**

**സിവിൽ അപ്പലേറ്റ് അധികാരിത**

**സിവിൽ അപ്പീൽ നമ്പർ. 2679/2024**

(SLP നമ്പർ 5278/2019 ൽ നിന്നുത്ഭവിച്ചത്)

**മനോജ്കുമാർ- അപ്പീൽവാദി**

**V.**

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും-എതിർകക്ഷികൾ**

(2024 ഫെബ്രുവരി 20 ന് വിധിയായത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**പൊതുനിയമ (Public law) നടപടിക്രമങ്ങളിൽ, റിട്ട് ഹർജിയിലെ പ്രാർത്ഥന കാലപ്പഴക്കത്താൽ പ്രാപ്യമല്ലെന്ന് മനസിലാക്കുമ്പോൾ ഭരണഘടനാ കോടതികൾ റിട്ട് നടപടിക്രമങ്ങൾ അതിന്റെ നിരർത്ഥകത മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിരസിക്കാറില്ല. വ്യവഹാര ജീവിതത്തിൽ കാലപ്പഴക്കം മിത്രമായും എതിരാളിയായും നിലകൊള്ളാറുണ്ട്. സമയത്തിന്റെ പരിമിതികൾ മറികടന്ന്, സ്വേച്ഛാപരമായ പ്രവൃത്തിയെയോ അധികാരദുർവിനിയോഗത്തേയോ നിയന്ത്രിക്കാനും ക്രമീകരിക്കാനും ഉള്ള പ്രാഥമിക കടമ നിറവേറ്റുകയാണ് നമ്മുടെ കർത്തവ്യം.**

**ഒരു പൗരൻ ഭരണനടപടികളിൽ സ്വേച്ഛാപരത ഉണ്ടെന്ന് ആരോപിക്കുമ്പോൾ, അക്കാദമിക് കാര്യങ്ങളിലെ ജുഡീഷ്യൽ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ ഹൈക്കോടതി പ്രശ്നം തീർച്ചയായും പരിശോധിക്കണം. സുഗമമായ ഭരണ പ്രവർത്തനങ്ങളെ മാനിക്കുമ്പോൾ തന്നെ, സ്വേച്ഛാപരമായ പ്രവർത്തനങ്ങൾ നടക്കുവാൻ കോടതികൾ അനുവദിച്ചുകൂടാ മേൽകാരണങ്ങൾ കൊണ്ടുതന്നെ സിംഗിൾ ജഡ്ജിയുടേയും ഡിവിഷൻ ബഞ്ചിന്റേയും തീരുമാനങ്ങൾ നിലനിൽക്കുന്നതല്ല, ആ വിധിന്യായങ്ങൾ ഇതിനാൽ ഞങ്ങൾ റദ്ദാക്കുന്നു.**

## വിധിന്യായം

### ജസ്റ്റിസ് പമിഡിഘണ്ടം ശ്രീ നരസിംഹ.

1. അനുമതി നൽകി.

2. പ്രൈമറി സ്കൂൾ അധ്യാപകനായി നിയമിതനാകുവാൻ വേണ്ടി അപ്പീൽവാദി ഫയൽ ചെയ്ത അപ്പീലാണിത്. തന്റെ റിട്ട് ഹർജി തള്ളിയ സിംഗിൾ ജഡ്ജിയുടെ ഉത്തരവിനെതിരെ സമർപ്പിച്ച റിട്ട് അപ്പീലും തള്ളിക്കളഞ്ഞ ഡൽഹി ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിന്യായത്തിൽ അദ്ദേഹം ദു:ഖിതനായി.

3. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കലി ഹാൻഡിക്കാപ്പ്ഡ്, ഇനി മുതൽ 'ഇൻസ്റ്റിറ്റ്യൂട്ട് ' എന്ന് പരാമർശിക്കപ്പെടും, പ്രൈമറി സ്കൂൾ അധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 2016 മാർച്ചിൽ ഒരു പരസ്യം പുറത്തിറക്കി. ഇതിനായി പുറത്തിറക്കിയ വേക്കൻസി സർക്കുലറിൽ യോഗ്യതയും തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും പ്രതിപാദിച്ചിരുന്നു. ETE/JBT ൽ രണ്ട് വർഷ ഡിപ്ലോമ അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സോടെയുള്ള ഹയർസെക്കണ്ടറി അല്ലെങ്കിൽ B.El.Ed എന്നിവയായിരുന്നു അടിസ്ഥാന യോഗ്യത. ഉദ്യോഗാർത്ഥികൾ ഹിന്ദി ഒരു വിഷയമാക്കി സെക്കണ്ടറിതലം പാസായിരിക്കണം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്തതിനുശേഷമായിരുന്നു അന്തിമ തെരഞ്ഞെടുപ്പ്. ഏത് ഘട്ടത്തിലും ഉദ്യോഗാർത്ഥികളെ വിലയിരുത്താനും തെരഞ്ഞെടുപ്പ് പ്രക്രിയ പുന:പരിശോധിക്കാനും, ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യാനുമുള്ള

അവകാശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാക്കുകയും, അതിന്റെ തീരുമാനം അന്തിമവും നിർബന്ധിതവുമാക്കിയിരുന്നു. ഈ വിവേചനാധികാരം വേക്കൻസി സർക്കുലറിലെ 14, 19 ഖണ്ഡങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ആശ്രയിക്കുന്ന പ്രസക്തമായ ഖണ്ഡങ്ങൾ ഇനി പറയുന്നവയാണ്.

"14. ഉദ്യോഗാർത്ഥിയുടെ യോഗ്യത സംബന്ധിച്ച എല്ലാ കാര്യങ്ങളും, അത്തരം യോഗ്യത സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തേണ്ട ഘട്ടങ്ങൾ, അഭിമുഖം നടത്തുന്ന കാര്യത്തിലേക്ക് ഹാജരാക്കേണ്ട പ്രമാണങ്ങൾ, തെരഞ്ഞെടുപ്പ്, റിക്രൂട്ട്മെന്റ് സംബന്ധിച്ച മറ്റേതെങ്കിലും കാര്യങ്ങൾ എന്നിവയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ തീരുമാനം അന്തിമവും ഉദ്യോഗാർത്ഥിക്ക് ബാധകവുമാണ്. കൂടാതെ റിക്രൂട്ട്മെന്റ് പ്രക്രിയയുടെ ഏത് ഘട്ടത്തിലും റിക്രൂട്ട്മെന്റ് ഭാഗികമായി / പൂർണ്ണമായി നിർത്തിവക്കാൻ / റദ്ദാക്കാൻ ഉള്ള വിവേചനാധികാരം ഇൻസ്റ്റിറ്റ്യൂട്ടിനുള്ളതും ആയത് അന്തിമവും ഉദ്യോഗാർത്ഥിക്ക് ബാധകവുമാണ്.

19. ഏതെങ്കിലും അപേക്ഷകൻ മിനിമം യോഗ്യതയുടെ നിബന്ധനകൾ പൂർത്തീകരിക്കുന്നത് കൊണ്ട് മാത്രം റിക്രൂട്ട്മെന്റിന്റെ അനന്തര നടപടികളിലേക്ക് പരിഗണിക്കാൻ അർഹനാകുന്നില്ല. ധാരാളം അപേക്ഷകളുണ്ടെങ്കിൽ ഉചിതമെന്ന് കരുതുന്ന ഏത് വിധത്തിലും അപേക്ഷകൾ ഷോർട്ട് ലിസ്റ്റ് ചെയ്യുവാനുള്ള അവകാശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാണ്, നിരസിക്കാനുള്ള കാരണം അറിയിക്കേണ്ടതില്ലാത്തതും യാതൊരു സാഹചര്യത്തിലും ഫീസ് റീഫണ്ട് ചെയ്യാനുള്ള അവകാശവാദം സ്വീകരിക്കുകയും ചെയ്യുന്നതല്ല."

4. അസ്സൽ പരസ്യം/വേക്കൻസി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ നിന്ന് ഇൻസ്റ്റിറ്റ്യൂട്ട് വ്യതിചലിക്കുകയും ഗ്രൂപ്പ് ബി, സി, തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുപ്രക്രിയയുടെ ഭാഗമായ ഇന്റർവ്യൂ ഒഴിവാക്കിക്കൊണ്ട് 27.04.2016 –ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പകരം, അവശ്യ യോഗ്യതകൾ, അധിക യോഗ്യതകൾ, അവശ്യ പരിചയം, എഴുത്ത് പരീക്ഷ എന്നിവക്ക് കൂടുതൽ മാർക്ക് അനുവദിക്കാൻ അത് നിർദ്ദേശിച്ചു.

5. അധിക യോഗ്യതകൾക്ക് 10 മാർക്ക് അധികമാർക്കായി നിശ്ചയിച്ചത് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കേസിൽ പരിഗണിക്കേണ്ട പ്രശ്നം. അനുവദിക്കാവുന്ന 10 മാർക്കിന്റെ വിഭജനം താഴെ പറയുന്നു.

| സീരിയൽ നമ്പർ | വിശദാംശങ്ങൾ | മാർക്ക് |
|---|---|---|
| 2 | അധിക യോഗ്യതകൾക്കുള്ള മാർക്ക് (പരമാവധി) | **10** |
| എ | പി.ജി. ഡിപ്ലോമ | 5 |
| ബി | പി.ജി. ഡിഗ്രി | 6 |
| സി | എം.ഫിൽ / മേഖലയിലുള്ള പ്രൊഫഷണൽ യോഗ്യത | 7 |
| ഡി. | പി.എച്ച്.ഡി | 10 |

6. ബിരുദാനന്തര ബിരുദ ഡിപ്ലോമയും ബിരുദാനന്തര ബിരുദവുമുള്ള ഒരു ഉദ്യോഗാർത്ഥിയുടെ അധിക യോഗ്യതക്ക് യഥാക്രമം 5-ഉം 6-ഉം മാർക്ക് അനുവദിക്കുന്നതിന് അർഹതയുണ്ടെന്ന് മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും, എം. ഫിൽ ഡിഗ്രിയോ മേഖലയിൽ പ്രൊഫഷണൽ യോഗ്യതയോ ഉള്ള ഒരു വ്യക്തിക്ക് അവരുടെ അധിക യോഗ്യതക്ക് 7 മാർക്ക് അനുവദിക്കാൻ അർഹതയുണ്ട്.

7. 22.05.2017–ന് ഫലം പ്രഖ്യാപിച്ചപ്പോൾ, അപ്പീൽവാദിക്ക് ആകെ 57.5 മാർക്കും 3–ാം എതിർകക്ഷിക്ക് 59.25 മാർക്കും ലഭിച്ചു. 3–ാം എതിർകക്ഷിയുടെ മാർക്കിൽ പ്രൊഫഷണൽ യോഗ്യതയായ മാസ്റ്റേഴ്സ് ഇൻ എഡ്യുക്കേഷൻ (M.Ed) ഉള്ളതുകൊണ്ട് അവൾക്ക് അർഹതയുണ്ടായിരുന്ന 7 മാർക്ക് ഉൾപ്പെടെയുള്ളതാണെന്ന് അപ്പീൽവാദി അന്വേഷണത്തിൽ അറിയുവാനിടയായി. 3–ാം എതിർകക്ഷിക്ക് അധിക യോഗ്യതക്കുള്ള മാർക്കായി 7 മാർക്ക് അനുവദിച്ചതിൽ അപ്പീൽവാദിക്ക് പരാതിയില്ല. എന്നിരുന്നാലും തനിക്കുള്ള അധിക യോഗ്യതയായ പി.ജി ഡിഗ്രിക്ക് അനുവദിക്കേണ്ടിയിരുന്ന 6 മാർക്ക് തന്റെ പി. ജി ഡിഗ്രി 'പ്രസക്തമായ വിഷയ'ത്തിലുള്ളതല്ല എന്ന കാരണത്താൽ നിഷേധിച്ചതിൽ അയാൾ അതിശയിച്ചു.

8. തന്റെ പി. ജി ഡിഗ്രിക്ക് 6 മാർക്ക് അനുവദിക്കപ്പെട്ടിരുന്നുവെങ്കിൽ മൊത്തം 63.5 മാർക്ക് തനിക്കായിരിക്കുമെന്നാണ് അപ്പീൽവാദിയുടെ ലളിതമായ കേസ്. തന്റെ പി.ജി ഡിഗ്രി പ്രസക്തമായ വിഷയത്തിലല്ല എന്ന പുതിയ കാരണത്താൽ 6 മാർക്ക് നിഷേധിക്കുന്നത് നിയമവിരുദ്ധവും സ്വേച്ഛാപരവുമാണെന്ന് അദ്ദേഹം പറയുന്നു. 6

മാർക്ക് അനുവദിച്ചു കിട്ടുന്നതിനായി അദ്ദേഹം 26.05.2017– ൽ ഒരു നിവേദനം നൽകി. അതിൽ നടപടിയെടുക്കാത്തതിനാൽ, യൂണിയനും ഇൻസ്റ്റിറ്റ്യൂട്ടിനുമെതിരെ ഒരു മാൻഡമസ് റിട്ടുമായി അദ്ദേഹം ഡൽഹി ഹൈക്കോടതിയെ സമീപിച്ചു.

9. അക്കാഡമിക് കാര്യങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ വിവേചനാധികാരമാണെന്ന ഈ കോടതിയുടെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ v നേഹ അനിൽ ബോംബ്ഡെ (2013) 10 SCC 519 കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാന തത്വം പിന്തുടർന്ന് ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജി ഇടപെടാൻ വിസമ്മതിച്ചു. അപ്പീൽവാദി പിന്നീട് ഒരു റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ഹൈക്കോടതി ഡിവിഷൻ ബഞ്ച് മറ്റ് വിധികളിൽ ഊട്ടിയുറപ്പിക്കപ്പെട്ട നേഹ അനിൽ ബോംബ്ഡെ യിലെ തത്വം പിന്തുടർന്ന് അക്കാദമിക് കാര്യങ്ങളിൽ കോടതി ഇടപെടൽ ഏറ്റവും കുറവായിരിക്കണം എന്ന് വിധിച്ചു. വിധിന്യായത്തിലെ 13–ാം ഖണ്ഡികയിൽ, വേക്കൻസി സർക്കുലറിലെ 14, 19 ഖണ്ഡങ്ങളെ കൂടി ആശ്രയിച്ചുകൊണ്ട് ഉചിതമായത് എന്ന് കരുതുന്ന അപേക്ഷകൾ ഷോർട്ട് ലിസ്റ്റ് ചെയ്യാനുള്ള അവകാശം ഏത് സാഹചര്യത്തിലും ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടെന്ന് ഹൈക്കോടതി വിധിച്ചു. അങ്ങനെ, 2019–ൽ തന്നെ അപ്പീൽവാദി ഈ കോടതിയെ സമീപിച്ചു.

10. 2016 മാർച്ചിൽ പുറത്തിറക്കിയ വേക്കൻസി സർക്കുലറിൽ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമം നൽകിയിട്ടുണ്ടെന്ന് തുടക്കത്തിൽ തന്നെ ഞങ്ങൾ ശ്രദ്ധിച്ചു. പ്രസ്തുത നടപടിക്രമം പിന്തുടരുന്നതിന് പകരം, ഇൻസ്റ്റിറ്റ്യൂട്ട് 27.04.2016–ലെ വിജ്ഞാപനത്തിലൂടെ ഇന്റർവ്യൂ ഒഴിവാക്കുകയും അധിക യോഗ്യതകൾക്ക് അധിക മാർക്ക് നിർദ്ദേശിച്ചുകൊണ്ട് ഒരു പുതിയ രീതി കൈക്കൊള്ളാൻ തീരുമാനിക്കുകയും ചെയ്തു. ഇന്റർവ്യൂ ഉള്ള യഥാർത്ഥ സെലക്ഷൻ പ്രക്രിയയിൽ നിന്നുള്ള വ്യതിയാനത്തെയും അതിനു പകരമായി ഏർപ്പെടുത്തിയ അധിക യോഗ്യതകൾക്കുള്ള അധിക മാർക്കിനെയും അപ്പീൽവാദി ചോദ്യം ചെയ്തിട്ടില്ലെന്ന് ഈ ഘട്ടത്തിൽ തന്നെ ഞങ്ങൾ വ്യക്തമാക്കുന്നു. തനിക്കുള്ള പി.ജി ബിരുദത്തിന്റെ അധിക യോഗ്യതക്ക് 6 മാർക്ക് നിഷേധിച്ചത് നിയമവിരുദ്ധവും സ്വേച്ഛാപരവുമായതിനാൽ അത് മാത്രമാണ് ചോദ്യം ചെയ്യുന്നത്. മറുവശത്ത് ഉചിതമെന്ന് കരുതുന്ന ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യാനുള്ള അവകാശം തങ്ങൾക്കുണ്ടെന്ന മാന്യമായ പ്രതിരോധം 14–ഉം 19–ഉം ഖണ്ഡങ്ങൾ ചൂണ്ടിക്കാട്ടി എതിർകക്ഷികൾ ഉയർത്തി. "പ്രസക്തമായ വിഷയത്തിൽ പി. ജി. ബിരുദമില്ലാത്തതിനാൽ" അധിക യോഗ്യതക്കുള്ള ആനുകൂല്യമായി 6 മാർക്ക് അപ്പീൽവാദിക്ക് അനുവദിക്കാനാവില്ലെന്ന് അവർ സമർപ്പിച്ചു.

11. വിശകലനം: സിംഗിൾ ജഡ്ജിയുടെയും ഡിവിഷൻ ബഞ്ചിന്റെയും മുമ്പാകെ വിജയകരമായും തുടർച്ചയായും നടത്തിയ മാന്യമായ വാദമുഖങ്ങൾ ഞങ്ങൾക്ക് മുമ്പിൽ പരാജയപ്പെടുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ അനിശ്ചിതത്വം കരുതിവയ്ക്കുന്നു എന്നുള്ളതിന് അപ്പുറം വേക്കൻസി സർക്കുലറിന്റെ 14–ഉം 19–ഉം ഖണ്ഡങ്ങൾ മറ്റൊന്നും ചെയ്യുന്നില്ല. നിശ്ചിത യോഗ്യതക്ക് പുതിയ മാനദണ്ഡങ്ങൾ നൽകി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള അനിയന്ത്രിതമായ വിവേചനാധികാരം ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുന്നതായി അവയെ വായിച്ചെടുക്കാനാവില്ല. സ്വേച്ഛാപരമായ നടപടിയുടെ ഉത്തമോദാഹരണമാണിത്. 14–ഉം 19–ഉം ഖണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള സമർപ്പണം ഇവിടെ പരാജയപ്പെടുന്നു.

12. 'പി ജി ബിരുദം പ്രസക്തമായ വിഷയത്തിലെ പി ജി ബിരുദം' ആയി പരിമിതപ്പെടുത്തിയതായുള്ള എതിർകക്ഷിയുടെ വാദവും നിരസിക്കപ്പെടേണ്ടതാണ്. അത്തരമൊരു വ്യാഖ്യാനം സ്വീകരിക്കുന്നതിലും പ്രയോഗിക്കുന്നതിലുമുള്ള നിയമവിരുദ്ധത, അധിക യോഗ്യതകൾ നിഷ്ക്കർഷിച്ച 27.04.2016–ലെ വിജ്ഞാപനത്തിന്റെ ലളിതമായ വായനയിൽ നിന്നു തന്നെ വ്യക്തമാണ്. അധിക യോഗ്യതകൾ രണ്ട് വിഭാഗങ്ങളായി 'എ' മുതൽ 'ഡി' വരെയുള്ള ഖണ്ഡങ്ങളിൽ നൽകിയിരിക്കുന്നു. 'എ' , 'ബി', 'ഡി' യുമായി ബന്ധപ്പെട്ട പി.ജി ഡിപ്ലോമ, പി.ജി ബിരുദം, പി.എച്ച്.ഡി എന്നീ പൊതുയോഗ്യതകൾക്ക് യഥാക്രമം 5,6,10 മാർക്കുകൾ നൽകിയിട്ടുണ്ട്, 'സി' വിഭാഗം, മേഖലയിലെ പ്രൊഫഷണൽ യോഗ്യത സംബന്ധിച്ചുള്ളതാണ്. ഇവിടെയാണ് സ്പെഷ്യലൈസേഷൻ നിർണ്ണയിച്ചിട്ടുള്ളത്. 'ബി' വിഭാഗത്തിലേക്ക്, അതായത് പി.ജി ബിരുദത്തിലേക്ക് സ്പെഷ്യലൈസേഷന്റെ ആവശ്യകത കൂട്ടിചേർക്കുകയാണെങ്കിൽ ആ വിഭാഗം അനാവശ്യമായി മാറുകയാണ് ചെയ്യുന്നത്. അത്തരമൊരു വ്യാഖ്യാനം സ്വീകരിക്കുന്നത്, പി. ജി. ബിരുദത്തെ സ്വതന്ത്രമായി നിർത്തുകയും താരതമ്യേന കുറഞ്ഞ 6 മാർക്ക് നൽകുകയും ചെയ്യുന്നതിന്റെ എല്ലാ ഉദ്ദേശ്യവും പൂർണ്ണമായും നഷ്ടപ്പെടുത്തും. വ്യത്യസ്ത വിഭാഗങ്ങൾ നിശ്ചയിച്ചതിന്റെ ഉദ്ദേശ്യം ഒരിക്കലും ഇതാകില്ല. വീണ്ടുമൊരു വിശകലനം ആവശ്യമില്ലാത്തതിനാൽ ഈ സമർപ്പണവും ഞങ്ങൾ നിരസിക്കുന്നു.

13. സിംഗിൾ ജഡ്ജിയും ഡിവിഷൻ ബഞ്ചും അധിക യോഗ്യതകളുടെ നിർദ്ദേശവും ഓരോന്നിനും അനുവദിച്ചിട്ടുള്ള വ്യത്യസ്ത മാർക്കുകളും ശരിയായി വിശകലനം ചെയ്തിട്ടില്ല. എന്നാൽ ജുഡീഷ്യൽ റിവ്യൂവിൽ നിയന്ത്രണം ഏർപ്പെടുത്തി അവരുടെ തീരുമാനം പരിമിതപ്പെടുത്തുകയും അപ്പീൽവാദിയുടെ പ്രാർത്ഥന തള്ളുകയും ചെയ്തു. ഒരു പൗരൻ ഭരണനടപടികളിൽ സ്വേച്ഛാപരത ഉണ്ടെന്ന് ആരോപിക്കുമ്പോൾ, അക്കാദമിക് കാര്യങ്ങളിലെ ജുഡീഷ്യൽ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ ഹൈക്കോടതി പ്രശ്നം തീർച്ചയായും പരിശോ

ധിക്കണം. സുഗമമായ ഭരണ പ്രവർത്തനങ്ങളെ മാനിക്കുമ്പോൾ തന്നെ, സ്വേച്ഛാപരമായ പ്രവർത്തനങ്ങൾ നടക്കുവാൻ കോടതികൾ അനുവദിച്ചുകൂട. മേൽകാരണങ്ങൾ കൊണ്ടുതന്നെ സിംഗിൾ ജഡ്ജിയുടേയും ഡിവിഷൻ ബഞ്ചിന്റേയും തീരുമാനങ്ങൾ നിലനിൽക്കുന്നതല്ല, ആ വിധിന്യായങ്ങൾ ഇതിനാൽ ഞങ്ങൾ റദ്ദാക്കുന്നു.

14. കഥ ഇവിടെ അവസാനിക്കുന്നില്ല.

15. വിധി പറയൽ മാറ്റിവെക്കവെ, ഒഴിവിന്റെ ലഭ്യത സംബന്ധിച്ച് ഒരു അധിക സത്യവാങ്മൂലം സമർപ്പിക്കുവാൻ ഞങ്ങൾ എതിർകക്ഷികളോട് നിർദ്ദേശിച്ചു. ഇതിനെ തുടർന്ന് 1-ഉം 2-ഉം എതിർകക്ഷികൾ സത്യവാങ്മൂലം സമർപ്പിച്ചു. സത്യവാങ്മൂലത്തിന്റെ 3,4 ഖണ്ഡികകൾ താഴെ വായിക്കുന്നു:-

"3. രണ്ടാം എതിർകക്ഷിയായ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിരുന്ന മോഡൽ ഇന്റഗ്രേറ്റഡ് പ്രൈമറി സ്കൂളിൽ (ഇനി മുതൽ 'സ്കൂൾ') പ്രൈമറി സ്കൂൾ അധ്യാപക തസ്തിക നികത്തുന്നതിലേക്ക് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടായിരുന്നതായി ഞാൻ പ്രസ്താവിക്കുന്നു. എസ്.സി വിഭാഗത്തിലുണ്ടായിരുന്ന ഒറ്റ തസ്തികയിലേക്കാണ് ഹർജികക്ഷിയും എതിർകക്ഷിയും അപേക്ഷിച്ചിട്ടുണ്ടായിരുന്നത്. 13-05-2022-ലെ 122-ാമത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും 26-05-2022-ൽ നടന്ന 49-ാമത് ജനറൽ കൗൺസിലിന്റേയും അംഗീകാരത്തോടെ 01-04-2023-ന് സ്കൂൾ അടച്ചുപൂട്ടി. മേൽപ്പറഞ്ഞ അപേക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്നാം എതിർകക്ഷി 02-04-2018-ൽ പ്രൈമറി ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും 24-10-2019-ൽ രാജിവച്ചിട്ടുണ്ടെന്നും ഞാൻ പ്രസ്താവിക്കുന്നു.

4. സ്കൂൾ പൂട്ടിപ്പോയ കാരണത്താൽ പ്രത്യേകാനുമതി ഹർജിക്ക് വിഷയദായകമായതും ഹർജിക്കാരനും മൂന്നാം എതിർകക്ഷിയും അപേക്ഷിച്ചിട്ടുണ്ടായിരുന്നതുമായ പ്രൈമറി ടീച്ചർ തസ്തികയിൽ ഒഴിവില്ല എന്ന് ഞാൻ പ്രസ്താവിക്കുന്നു. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പേഴ്സൺസ് വിത്ത് ഫിസിക്കൽ ഡിസബിലിറ്റീസ് (ദിവ്യാംഗൻ) 14-12-2023-ന് നീതി -നിയമ മന്ത്രാലയത്തിന് എഴുതിയ കത്ത് അനുബന്ധം എ1 ആയി ഇതോടൊപ്പം ചേർക്കുന്നു."

16. പരസ്യം നൽകിയിരുന്ന സ്കൂൾ 01-04-2023-ന് അടച്ചു പൂട്ടിയിരുന്നെന്ന കാര്യം മുകളിൽപ്പറഞ്ഞതിൽ നിന്ന് വ്യക്തമാകുന്നു. സ്കൂൾ പൂട്ടിപ്പോയ സാഹചര്യത്തിൽ അപ്പീൽവാദിയെ നിയമിക്കണമെന്ന് ഞങ്ങൾക്ക് എതിർകക്ഷിയായ ഇൻസ്റ്റിറ്റ്യൂട്ടിനോട് നിർദ്ദേശിക്കാനാവില്ല. എതിർകക്ഷികളുടെ നടപടി സ്വേച്ഛാപരമെന്ന് കോടതി കണ്ടെത്തുകയും എന്നാൽ തുടർന്നുള്ള സംഭവവികാസങ്ങൾ കാരണം അനന്തരഫലം നൽകാൻ കഴിയാതെ വന്നതുമായ ദൗർഭാഗ്യകരമായ സാഹചര്യമാണിത്. 2018-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിനും 2024-ൽ ഞങ്ങൾ പുറപ്പെടുവിച്ച വിധിക്കുമിടയിൽ കടന്നുപോയ സമയം ഈ സന്ദർഭത്തിലെ ഒരു തികഞ്ഞ യാഥാർത്ഥ്യമാണ്.

17. പൊതുനിയമത്തിൽ (Public law) ഭരണപരമായ നടപടിയിലെ ജുഡീഷ്യൽ റിവ്യൂ, സിവിൽ നിയമത്തിലെ ജുഡീഷ്യൽ പരിഹാരമാർഗ്ഗങ്ങളിൽ നിന്ന് ഗുണപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ജുഡീഷ്യൽ റിവ്യൂവിൽ ഭരണഘടനാ കോടതികളാണ് സ്റ്റേറ്റിന്റേയും അതിന്റെ ഉപകരണങ്ങളുടേയും അധികാരവിനിയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നത്.

18. കോമൺ ലാ ജുറിസ്ഡിക്ഷനിൽ ജുഡീഷ്യൽ റിവ്യൂവിന്റെ കാര്യത്തിൽ എക്സിക്യൂട്ടീവിന്റെ തീരുമാനങ്ങളുടെ നിയമസാധുത ഉറപ്പാക്കുന്ന ഉത്തരവാദിത്വം ഭരണഘടനാ കോടതികൾക്കാണെന്നത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്, എന്നാൽ സിവിൽ അധികാരിതയിൽ കക്ഷികളുടെ അവകാശങ്ങൾ തീരുമാനിക്കുന്നതിന് സ്വന്തം വിധിന്യായങ്ങൾ ബദലായി അവർ പ്രയോഗിച്ചിട്ടുണ്ട്. ഏതൊരു നടപടിയും റദ്ദാക്കുന്നതിന്റെ പ്രാഥമിക ഉദ്ദേശ്യം അമിതാധികാരവും അധികാര ദുർവിനിയോഗവും തടയുകയോ സ്വേച്ഛാപരമായ നടപടികൾ ഇല്ലാതാക്കുകയോ ചെയ്തുകൊണ്ട് നിയമവ്യവസ്ഥയുടെ ക്രമം നിലനിർത്തുക എന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റദ്ദാക്കലിന്റെ ഉദ്ദേശ്യം സ്വകാര്യ അവകാശങ്ങളുടെ അന്തിമ തീരുമാനമെടുക്കലല്ല, കാരണം ഒരു സ്വകാര്യകക്ഷി സ്വന്തം അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ ഭരണപരമായ അധികാരസ്ഥാനത്തിന് മുമ്പിൽ പ്രത്യേകം പൊരുതേണ്ടതുണ്ടെന്ന് 'വേഡ്,'(wade) അഡ്മിനിസ്ട്രേറ്റീവ് നിയമത്തിൽ പ്രസ്താവിക്കുന്നു. അങ്ങനെയുള്ള സ്വകാര്യകക്ഷിക്ക് ഭരണപരമായ നടപടി നിയമവിരുദ്ധമാണ് എന്നതുകൊണ്ടുമാത്രം നഷ്ടപരിഹാരത്തിന് അർഹതയില്ല. അത്തരം വ്യക്തിക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് അപകൃത്യമോ, അതിക്രമമോ, അശ്രദ്ധയോ, നിയമപരമായ കർത്തവ്യത്തിന്റെ ലംഘനമോ ഉള്ള മറ്റൊരു കേസ് സ്ഥാപിച്ചെടുക്കേണ്ടതുണ്ട്.

19. നിയമവിരുദ്ധമോ സ്വേച്ഛാപരമോ ആയ ഭരണ നടപടികൾ റദ്ദാക്കുന്നതടക്കമുള്ള അധികാര നിയന്ത്രണം ഭരണഘടനാ കോടതികളുടെ പ്രാഥമിക കർത്തവ്യമായിരിക്കുമ്പോൾ തന്നെ അത്തരം നടപടികൾ അധികാര ദുരുപയോഗത്തിന്റെ പ്രത്യാഘാതങ്ങളെ ഒറ്റയ്ക്ക് അഭിസംബോധന ചെയ്യണമെന്നില്ല എന്ന അഭിപ്രായവും ഞങ്ങൾക്കുണ്ട്. ഒരു ദ്വിതീയ നടപടിയായി സ്വേച്ഛാപരവും നിയമവിരുദ്ധവുമായ പ്രവർത്തനങ്ങളിൽ നിന്നുണ്ടാകുന്ന ഹാനികരമായ അനന്തരഫലങ്ങൾ അഭിസംബോധന ചെയ്യുക എന്നതിലും കോടതികൾക്ക് തുല്യ ചുമതലയുള്ളതാണ്. പരിക്കേറ്റവരെ പുനരവധിവസിപ്പിക്കുകയെന്ന ആനുഷംഗികമായ കടമ എല്ലാറ്റിനും ഉപരിയായ നമ്മുടെ ഭരണഘടനാ ലക്ഷ്യമാണ്. ഇങ്ങനെയാണ് നമ്മൾ നമ്മുടെ ഭരണഘടനയെ വായിച്ചത്, ഇങ്ങനെയാണ് നീതി ഉറപ്പാക്കുക എന്ന ആമുഖത്തിലെ ലക്ഷ്യത്തിന്റെ അടിസ്ഥാ

നത്തിൽ കീഴ്വഴക്കങ്ങൾ ഞങ്ങൾ സൃഷ്ടിച്ചതും.

20. പൊതുനിയമ (Public law) നടപടിക്രമങ്ങളിൽ, റിട്ട് ഹർജിയിലെ പ്രാർത്ഥന കാലപ്പഴക്കത്താൽ പ്രാപ്യമല്ലെന്ന് മനസിലാക്കുമ്പോൾ ഭരണഘടനാ കോടതികൾ റിട്ട് നടപടിക്രമങ്ങൾ അതിന്റെ നിരർത്ഥകത മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിരസിക്കാറില്ല. വ്യവഹാര ജീവിതത്തിൽ കാലപ്പഴക്കം മിത്രമായും എതിരാളിയായും നില കൊള്ളുാറുണ്ട്. സമയത്തിന്റെ പരിമിതികൾ മറികടന്ന്, സ്വേച്ഛാപരമായ പ്രവൃത്തിയേയോ അധികാരദുർവിനിയോഗത്തേയോ നിയന്ത്രിക്കാനും ക്രമീകരിക്കാനും ഉള്ള പ്രാഥമിക കടമ നിറവേറ്റുകയാണ് നമ്മുടെ കർത്തവ്യം. ആദ്യചുവടുവയ്ക്കുന്നതിലൂടെ, പൊതു നിയമ നടപടിക്രമങ്ങളുടെ പ്രാഥമിക ഉദ്ദേശ്യവും ലക്ഷ്യവും പാലിക്കപ്പെടും.

21. രണ്ടാമത്തെ ചുവട് പുന:സ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് മറ്റൊരു തലത്തിലാണ് പ്രവർത്തിക്കുന്നത്. ഉചിതമായ പരിഹാര നടപടികളുടെ തിരിച്ചറിയലും പ്രയോഗവും ഭരണഘടനാ കോടതികൾക്ക് പ്രധാന വെല്ലുവിളി ഉയർത്തുന്നതിനുള്ള പ്രധാന കാരണം സമയവും പരിമിതമായ വിഭവങ്ങളും എന്ന അസ്ഥിരമായ ദ്വന്ദ്വങ്ങളാണ്.

22. നിയവിരുദ്ധമോ സ്വേച്ഛാപരമോ ആയ ചോദ്യം ചെയ്യപ്പെട്ട പ്രവർത്തിയും, കോടതികളുടെ തുടർന്നുള്ള വിധിനിർണ്ണയവും പുന:സ്ഥാപന വ്യവസ്ഥയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നു. വ്യക്തികളുടെ അന്തസ്സ്, കൈവശം, വാഗ്ദാനങ്ങൾ എന്നിവ കാലക്രമേണ, മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്, ഇവ രൂപപ്പെടുത്തേണ്ടതും അനുവദിക്കപ്പെടേണ്ടതുമായ പരിഹാര രീതിയെ നേരിട്ട് സ്വാധീനിക്കുന്നവയാണ്.

23. ചോദ്യം ചെയ്യപ്പെട്ട നിയമവിരുദ്ധമായ പ്രവർത്തിയും പുന:സ്ഥാപനവും തമ്മിലുള്ള സമയവിടവ് നികത്തുന്നതിൽ അന്തർലീനമായ പ്രയാസം, നിയമത്തിലോ നിയമ വ്യവസ്ഥയിലോ ഉള്ള പോരായ്മകളിൽ അല്ല വേരൂന്നിയിരിക്കുന്നത്, മറിച്ച് പ്രതികൂലമായ ജുഡീഷ്യൽ പ്രക്രിയയിൽ അന്തർലീനമായ വ്യവസ്ഥാനുസാരിയായ പ്രശ്നങ്ങളിലാണ്. സുദീർഘമായ കാലയളവ് റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുന്നത് മുതൽ, നോട്ടീസ് നൽകൽ, എതിർ സത്യവാങ്മൂലം ഫയൽ ചെയ്യൽ, അന്തിമവാദം കേൾക്കൽ, അതിനുശേഷമുള്ള അവസാന വിധി പ്രസ്താവനയും തുടർന്നുള്ള അപ്പീൽ നടപടിക്രമങ്ങൾ ഇവയെല്ലാം കാലതാമസം വർദ്ധിപ്പിക്കുന്നു. ഉദാഹരണമായി ഈ കേസ് തന്നെ എടുക്കാം, നിയമനം നിഷേധിച്ചുകൊണ്ടുള്ള എതിർകക്ഷിയുടെ നടപടിക്കെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തത് 22-05-2017-നാണ്, 24-01-2018-ൽ സിംഗിൾ ജഡ്ജിയും ഡിവിഷൻ ബഞ്ച് 16-10-2018-ലും തീർപ്പാക്കി. 2019-ൽ കേസ് ഈ കോടതിയിലെത്തി, 2024-ൽ ഞങ്ങളതിൽ തീരുമാനമെടുക്കുന്നു. കേസിലുണ്ടായ കാലതാമസം അസ്വാഭാവികമല്ല, അന്തിമ ഹിയറിംഗ് ബോർഡ് ചലിക്കുമ്പോൾ അത്തരത്തിലുള്ള നിരവധി കേസുകൾ ഞങ്ങളും കാണാറുണ്ട്. രണ്ട് പതിറ്റാണ്ടിലേറെ പഴക്കമുള്ള അപ്പീലുകൾ പരിഗണനക്കായി കാത്തിരിക്കുന്നു. ഇത് വിഷമകരമാണ്, എന്നാൽ നിശ്ചയമായും ഞങ്ങളുടെ പരിധിക്കപ്പുറമല്ല. ഈ പ്രശ്നത്തിന് നിശ്ചയമായും ഞങ്ങൾ ഒരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു, ഞങ്ങൾ കണ്ടെത്തുക തന്നെ ചെയ്യും.

24. ഈ യാഥാർത്ഥ്യത്തിലും നിലവിലുള്ള സാഹചര്യത്തിലും അന്തിമ തീരുമാനം എടുക്കുന്നതുവരെ കക്ഷികളുടെ അവകാശം സംരക്ഷിക്കുന്നതിനായി ഉചിതമായ ഒരു സംവിധാനം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു ബദൽ എന്ന നിലയിൽ, തെറ്റായ നടപടി പുന:സ്ഥാപിക്കുന്നതിനുള്ള ഒരു ന്യായമായ സംവിധാനവും കൂടി ഞങ്ങൾ രൂപപ്പെടുത്തിയേക്കാം.

25. നിലവിലുള്ള കേസിലേക്ക് മടങ്ങി വന്നാൽ, ഞങ്ങളുടെ പ്രാഥമിക കടമ നിർവ്വഹിച്ച് നിയമവിരുദ്ധവും സ്വേച്ഛാപരവുമായ എതിർകക്ഷികളുടെ പ്രവർത്തി ഞങ്ങൾ റദ്ദാക്കുന്നു. എതിർകക്ഷികൾ നടത്തുന്ന ഏതെങ്കിലുമൊരു സ്കൂളിൽ ഒരു പ്രൈമറി സ്കൂൾ അധ്യാപകനായി അപ്പീൽവാദിയെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുള്ള സാധുതയും, പുന:സ്ഥാപനത്തിനുള്ള ന്യായമായ നടപടിയെ സഹായിക്കുവാനുള്ള കടമയെന്ന നിലയിൽ ഞങ്ങൾ പരിശോധിച്ചു. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഒരേയൊരു പ്രൈമറി സ്കൂൾ, അവർ ഒഴിവ് നികത്താനാഗ്രഹിച്ചതും 2023-ൽ പൂട്ടിപ്പോയതുമായ സ്കൂളാണെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ധനപരമായ നഷ്ടപരിഹാരത്തിന്റെ രൂപത്തിലുള്ള ഒരു ബദൽ പുന:സ്ഥാപന നടപടി ഞങ്ങൾ പരിഗണിക്കേണ്ടിയിരിക്കുന്നു.

26. നിയമവിരുദ്ധവും സ്വേച്ഛാപരവുമെന്ന് കണ്ട് ഞങ്ങൾ റദ്ദാക്കിയ 22-05-2017-ലെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിയമവിരുദ്ധമായി നിയമനം നിഷേധിക്കപ്പെട്ടിട്ടും 2017 മുതൽ വിക്രമാദിത്യനെപ്പോലെ ഐതിഹാസികമായി തന്റെ കേസിൽ ഉറച്ചുനിന്ന് പൊരുതിയ അപ്പീൽവാദിയുടെ ചുറുചുറുക്കിനെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഈ സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് (രണ്ടാം എതിർകക്ഷി) ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. ഈ ഉത്തരവ് പാസ്സാക്കിയ തീയതി മുതൽ ആറ് ആഴ്ചകൾക്കുള്ളിൽ ഈ തുക അപ്പീൽവാദിക്ക് നൽകിയിരിക്കേണ്ടതാണ്.

27. മുകളിൽ പറഞ്ഞ കാരണങ്ങളാൽ, ഞങ്ങൾ അപ്പീൽ അനുവദിക്കുകയും 24-01-2018-ലെ W.P (C) No.5279/2017, CM.No. 22382/2017-ലേയും 16-10-2018-ലെ L.P.A. No. 158/2018-ലേയും ഹൈക്കോടതി വിധി റദ്ദാക്കുകയും ചെയ്യുന്നു. നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയും ചെലവിനത്തിൽ 25,000/- രൂപയും നൽകുവാൻ ഇൻസ്റ്റിറ്റ്യൂട്ടിനോട് (രണ്ടാം എതിർകക്ഷി) നിർദ്ദേശിക്കുന്നു.

# സുപ്രീം കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് ബി. ആർ. ഗവായ്
## &
## ബഹു. ജസ്റ്റിസ് സന്ദീപ് മെഹ്ത്ത

സിവിൽ അപ്പീൽ നം. 208 / 2024

(എസ്. എൽ. പി [സിവിൽ] നം. 2233/2023-ൽ നിന്നുത്ഭവിച്ചത്)

**അഞ്ചും അറ - അപ്പീൽവാദി**
**v.**
**ബീഹാർ സംസ്ഥാനവും മറ്റുള്ളവരും - എതിർകക്ഷികൾ**

( 08.01.2024-ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**അംഗൻവാടി തൊഴിലാളി /സേവികമാരുടെ നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡം 4.9-നെ അപ്പീൽവാദി ഹൈക്കോടതിയിൽ ചോദ്യം ചെയ്തില്ല എന്നതുമാത്രമാണ് അപ്പീൽ തള്ളുവാൻ ഒരേയൊരു കാരണം. ഡിവിഷൻ ബെഞ്ച് സ്വീകരിച്ച പ്രസ്തുത ന്യായവാദം തീർത്തും നിലനിൽക്കുന്നതല്ല. 2022 സെപ്റ്റംബർ 27-ലെ വിധിയിലൂടെ 2011-ലെ മാർഗ നിർദേശങ്ങളിലെ ഖണ്ഡം 4. 9-നെ ഹൈക്കോടതി റദ്ദാക്കിയതോടെ അത് ഇല്ലാതായി. അത് ഹൈക്കോടതി അസാധുവാണെന്ന് നേരത്തെതന്നെ വിധിച്ചതിനാൽ, അപ്പീൽവാദി അതിന്റെ സാധുതയെ വീണ്ടും ചോദ്യം ചെയ്യേണ്ട ആവശ്യമില്ല .**

**വിധിന്യായം**

**ജസ്റ്റിസ് ബി. ആർ. ഗവായ്**

1. അപ്പീൽ വാദം കേൾക്കുന്നതിനായി എടുത്തു.

2. ഈ കേസിലെ അപ്പീൽവാദി നൽകിയ അപ്പീലിനെ തള്ളിക്കൊണ്ട് 2022 നവംബർ 28-ന് 2015-ലെ 17585 നമ്പർ സിവിൽ റിട്ട് അധികാരപരിധി കേസിലെ (CWJC) 2016-ലെ 1853-നമ്പർ ലെറ്റേഴ്സ് പേറ്റന്റ് അപ്പീലിൽ (LPA) പാറ്റ്ന ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയെയും ഉത്തരവിനെയും നിലവിലെ അപ്പീലിൽ ചോദ്യം ചെയ്യുന്നു.

3. ചുരുക്കത്തിൽ നിലവിലെ അപ്പീലിന് കാരണമായ വസ്തുതകൾ താഴെപ്പറയുന്നവയാണ്:

3.1. 2012 ഒക്ടോബർ 17-ന് അംഗൻവാടി തൊഴിലാളി /സേവിക എന്നിവരെ തെരഞ്ഞെടുക്കുന്നതിനുള്ള നോട്ടീസ് കതിഹാർ ജില്ലാ പ്രോഗ്രാം ഓഫീസർ പ്രസിദ്ധീകരിച്ചു. പ്രസ്തുത നോട്ടീസിന് അനുസൃതമായി നിലവിലെ അപ്പീൽവാദിയും ഇതിലെ എട്ടാം എതിർകക്ഷിയും തെരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിച്ചു. അപ്പീൽവാദി 80.60 മാർക്ക് നേടിയപ്പോൾ എട്ടാം എതിർകക്ഷി 48.60 മാർക്കാണ് നേടിയത്. 2013 ജൂലായ് 2-ന് അംഗൻവാടി സേവിക തസ്തികയിലേക്ക് അപ്പീൽവാദിയെ നിയമിച്ചു.

3.2. അപ്പീൽവാദിക്ക് അനുകൂലമായി പുറപ്പെടുവിച്ച നിയമന ഉത്തരവിൽ സങ്കടവും അതൃപ്തിയും ഉള്ളതിനാൽ, 2013 ജൂലായ് 2-ലെ നിയമന ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് എട്ടാം പ്രതി കതിഹാർ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചു. തനിക്കനുകൂലമായ നിയമന ഉത്തരവ് പുറപ്പെടുവിക്കാനുള്ള നിർദ്ദേശത്തിനും അവർ അഭ്യർത്ഥിച്ചു. 13/11/2014 -ലെ ഉത്തരവിലൂടെ കതിഹാർ ജില്ലാ പ്രോഗ്രാം ഓഫീസർ അത് നിരസിച്ചു. ഇതിൽ സങ്കടമുള്ള എട്ടാമത്തെ എതിർകക്ഷി ജോയിന്റ് കമ്മീഷണർ-കം-പൂർണിയ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറിയുടെ കോടതിയും കൂടെ ആയ അപ്പീൽ അധികാരിക്ക് മുമ്പാകെ ഒരു അപ്പീൽ സമർപ്പിച്ചു. അപ്പീൽവാദിക്ക് അനുകൂലമായി പുറപ്പെടുവിച്ച 2013 ജൂലൈ 2-ലെ നിയമന ഉത്തരവ് റദ്ദാക്കിക്കൊണ്ട് എട്ടാം എതിർകക്ഷി

സമർപ്പിച്ച അപ്പീൽ 2015 ജൂലായ് 30-ലെ ഉത്തരവിലൂടെ അപ്പീൽ അധികാരി അനുവദിച്ചു. ഇതിൽ ദു:ഖിതനായി അപ്പീൽവാദി പാറ്റ്ന ഹൈക്കോടതി മുമ്പാകെ 2015 ലെ 17585 നമ്പർ CWJC ആയ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു.

3.3. 2016 ഓഗസ്റ്റ് 23-ലെ ഉത്തരവിലൂടെ സിംഗിൾ ജഡ്ജി പ്രസ്തുത റിട്ട് ഹർജി തള്ളി. ഇതിൽ സങ്കടപ്പെട്ട്, അപ്പീൽവാദി 2015-ലെ 17585 നമ്പർ CWJC-ൽ 2016-ലെ 1853 നമ്പർ LPA ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ ഫയൽ ചെയ്തു. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലൂടെ അതിനെ തള്ളി. അതിനാൽ, നിലവിലെ അപ്പീൽ.

4. അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ.ഷൂബ് ആലമിനെയും എതിർ കക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ.സമീർ അലി ഖാനെയും ഞങ്ങൾ കേട്ടു.

5. അവളുടെ അച്ഛൻ പഞ്ചായത്ത് ടീച്ചറായിരുന്നുവെന്നും പ്രതിമാസം 6000 രൂപ ശമ്പളം വാങ്ങിയിരുന്നു എന്നതാണ് അവളെ അയോഗ്യയായി കണ്ടെത്താനുള്ള ഏക കാരണം എന്ന് അപ്പീൽവാദിക്ക് വേണ്ടി സമർപ്പിക്കപ്പെട്ടു. ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ 2011-ലെ അംഗൻവാടി സേവിക മാർഗ്ഗനിർദ്ദേശത്തിലെ (ഇനിമുതൽ ‘2011 മാർഗ്ഗനിർദ്ദേശങ്ങൾ’ എന്ന് വിളിക്കുന്നു) ഖണ്ഡം 4.9 ഇന്ത്യൻ ഭരണഘടനയുടെ 14, 16 എന്നീ അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന് ഹൈക്കോടതി 2014-ലെ 13210 നമ്പർ CWJC-ൽ പാസാക്കിയ 2022 സെപ്റ്റംബർ 27-ലെ ഉത്തരവിലൂടെ കണ്ടെത്തി എന്ന് സമർപ്പിച്ചു. എന്നിരുന്നാലും, ഡിവിഷൻ ബെഞ്ച് ഇത് അവഗണിച്ചു എന്ന് സമർപ്പിച്ചു.

6. ഇതിന് വിരുദ്ധമായി, സംസ്ഥാനത്തിന് വേണ്ടി ഹാജരായ അഭിഭാഷകനും എട്ടാം എതിർകക്ഷിയും ചോദ്യം ചെയ്യപ്പെട്ട വിധിയെയും ഉത്തരവിനെയും പിന്തുണച്ചു.

7. അപ്പീൽവാദി നൽകിയ റിട്ട് ഹർജിയും LPA-യും തള്ളുന്നതിൽ സിംഗിൾ ജഡ്ജിയും ഡിവിഷൻ ബെഞ്ചും ഗുരുതരമായ തെറ്റ് ചെയ്തതായി ഞങ്ങൾ കാണുന്നു.

8. സംസ്ഥാന സർക്കാരിലോ സംസ്ഥാനത്തിന്റെ ഏതെങ്കിലും സ്ഥാപനത്തിലോ നിയമനം നേടിയിട്ടുള്ള കുടുംബാംഗങ്ങളുള്ള വ്യക്തികൾക്ക് 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡം 4.9 പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രസ്തുത ഖണ്ഡം 4.9, 2014-ലെ 13210 നമ്പർ CWJC മുഖേന ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. വിശദമായ ചർച്ചയ്ക്ക് ശേഷം, 2022 സെപ്തംബർ 27-ലെ വിധിയിലൂടെയും ഉത്തരവിലൂടെയും 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രസ്തുത ഖണ്ഡം 4.9 ഹൈക്കോടതി റദ്ദാക്കി.

9. 2011-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രസ്തുത ഖണ്ഡം 4.9-നെ അപ്പീൽവാദി ഹൈക്കോടതിയിൽ ചോദ്യം ചെയ്തില്ല എന്നതുമാത്രമാണ് അപ്പീൽ തള്ളാൻ ഒരേയൊരു കാരണം. ഡിവിഷൻ ബഞ്ച് സ്വീകരിച്ച ന്യായവാദം തീർത്തും നിലനിൽക്കുന്നതല്ലെന്ന് ഞങ്ങൾ കാണുന്നു.

10. 2022 സെപ്റ്റംബർ 27-ലെ വിധിയിലൂടെ 2011 മാർഗനിർദേശങ്ങളിലെ ഖണ്ഡം 4.9-നെ ഹൈക്കോടതി റദ്ദാക്കിയതോടെ അത് ഇല്ലാതായി. ഹൈക്കോടതി അത് അസാധുവാണെന്ന് നേരത്തെ തന്നെ വിധിച്ചതിനാൽ, അപ്പീൽവാദി അതിന്റെ സാധുതയെ വീണ്ടും ചോദ്യം ചെയ്യേണ്ട ആവശ്യമില്ല. ഇങ്ങനെ പരിഗണിക്കവെ, സിംഗിൾ ജഡ്ജിയും ഡിവിഷൻ ബഞ്ചും പുറപ്പെടുവിച്ച വിധികളും ഉത്തരവുകളും നിയമപരമായി നിലനിൽക്കില്ലെന്ന് ഞങ്ങൾ കാണുന്നു.

11. തത്ഫലമായി, ഞങ്ങൾ ഇനിപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അപ്പീൽ അനുവദിച്ചിരിക്കുന്നു;

(ii) പാറ്റ്ന ഹൈക്കോടതി പാസ്സാക്കിയ17585 നമ്പർ CWJC-ലെ 2016-ലെ 1853 നമ്പർ LPA ലെ 2022 നവംബർ 28-ലെ ചോദ്യം ചെയ്യപ്പെട്ട വിധികളും ഉത്തരവുകളും കൂടാതെ 2015-ലെ 17585 നമ്പർ CWJC 2016 ആഗസ്റ്റ് 23-ലെ ചോദ്യം ചെയ്യപ്പെട്ട വിധികളും ഉത്തരവുകളും റദ്ദാക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു;

(iii) അപ്പീൽ അതോറിറ്റി പാസാക്കിയ 2015 ജൂലൈ 30-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, പാറ്റ്ന ഹൈക്കോടതിയിൽ അപ്പീൽവാദി നൽകിയ 17585 നമ്പർ CWJC എന്ന റിട്ട് ഹർജിയും, 2016-ലെ 1853 നമ്പർ LPA എന്ന അപ്പീലും അനുവദിക്കുന്നു; കൂടാതെ

(iv) അപ്പീൽവാദിയെ ഉടനടി തിരിച്ചെടുക്കണമെന്നും നിർദേശിക്കുന്നു.

12. ജോലിയിൽ നിന്ന് പുറത്തായ കാലയളവിലെ വേതനത്തിന് അപ്പീൽവാദിക്ക് അർഹതയില്ലെങ്കിലും, മറ്റെല്ലാ ആവശ്യങ്ങൾക്കും അവൾക്ക് സേവനത്തിൽ തുടർച്ചയ്ക്ക് അർഹതയുണ്ടെന്ന് അധികമായി നിർദേശിക്കുന്നു.

13. തീർപ്പാക്കാത്ത അപേക്ഷ(കൾ) എന്തെങ്കിലും ഉണ്ടെങ്കിൽ, മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിച്ച് തീർപ്പാക്കപ്പെടുന്നു.




# ഹൈക്കോടതി
## വിധിന്യായങ്ങൾ

# കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് സോഫി തോമസ്

## ഖാലിദ് – ഹർജിക്കാരൻ /പ്രതി

## v.

## കേരള സംസ്ഥാനം – എതിർകക്ഷികൾ/സ്റ്റേറ്റ്

ക്രിമിനൽ എം. സി നമ്പർ 503/2024

(2024 ഫെബ്രുവരി 27–ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

**സംഭവം തെളിയിക്കേണ്ട ബാദ്ധ്യതയും, സംഭവത്തിൽ പ്രതിയുടെ പങ്ക് തെളിയിക്കേണ്ട ബാദ്ധ്യതയും, പ്രോസിക്യൂഷനാണ്. സ്ഥാനാന്തരവാദം എന്ന പ്രതിരോധം എടുത്തതുകൊണ്ട് മാത്രം ഈ ബാദ്ധ്യത കുറയുന്നില്ല. സംഭവം തെളിയിക്കാനും, പ്രതിയുടെ പങ്ക് തെളിയിക്കാനുമുള്ള ബാദ്ധ്യതകൾ വിജയകരമായി പ്രോസിക്യൂഷന് നിറവേറ്റാൻ കഴിഞ്ഞാൽ മാത്രമേ പ്രതി ഉന്നയിക്കുന്ന സ്ഥാനാന്തര വാദം പരിഗണിക്കേണ്ടതുള്ളൂ. പ്രോസിക്യൂഷൻ ഹാജരാക്കുന്ന തെളിവുകൾ, സംഭവസ്ഥലത്ത് പ്രതിയുടെ സാന്നിദ്ധ്യത്തെ സംബന്ധിച്ച് കോടതിയുടെ മനസ്സിൽ ന്യായമായ ഒരു സംശയം ഉണ്ടാക്കാൻ പര്യാപ്തമാണെങ്കിൽ, പ്രതിക്ക് നിശ്ചയമായും സംശയത്തിന്റെ ആനുകൂല്യം ലഭിക്കും. സ്ഥാനാന്തര വാദം വാദിക്കുമ്പോൾ, സംഭവസ്ഥലത്ത് പ്രതിയുടെ സാന്നിദ്ധ്യം ഉണ്ടാകുക എന്നത് അസംഭവ്യമാണെന്ന് തീർത്തും ഉറപ്പോടെ തെളിയിക്കേണ്ട ബാദ്ധ്യത പ്രതിക്കുണ്ട്. സംഭവം തെളിയിക്കുന്നതിനും, പ്രതിയുടെ പങ്ക് തെളിയിക്കുന്നതിനുമുള്ള ബാദ്ധ്യത പ്രോസിക്യൂഷൻ നിറവേറ്റിയാൽ മാത്രമാണ്, സ്ഥാനാന്തരവാദം സ്ഥാപിക്കാൻ വേണ്ട തെളിവുകൾ ഹാജരാക്കേണ്ട അവസരം അയാൾക്ക് ഉണ്ടാകുന്നത്. പ്രതിക്കെതിരായുള്ള കേസ്, പ്രോസിക്യൂഷൻ സ്ഥാപിക്കുമ്പോൾ മാത്രം, പ്രതിക്ക് എടുക്കാൻ പറ്റുന്ന വാദമാണ് സ്ഥാനാന്തരവാദം. അതിനാൽ അത് ഒരു പരിചയായി ഉപയോഗിക്കണം, വാളായിട്ടല്ല. അതിനാൽ പ്രോസിക്യൂഷൻ അവരുടെ കേസ് തൃപ്തികരമായി സ്ഥാപിക്കുന്നതുവരെ പ്രതി എടുക്കുന്ന സ്ഥാനാന്തരവാദം പരിഗണിക്കേണ്ടതില്ല. അതുകൊണ്ട് പ്രോസിക്യൂഷന് അവരുടെ കേസ് സ്ഥാപിക്കാനുള്ള അവസരം നൽകാതെ സ്ഥാനാന്തരവാദം പരിഗണിക്കാൻ സാദ്ധ്യമല്ല.**

## ഉത്തരവ്

## ജസ്റ്റിസ് സോഫി തോമസ്

1. ചെറുപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 500/2022-ലെ അനുബന്ധം–എ2 അന്തിമ റിപ്പോർട്ടും അതിനെ തുടർന്നുണ്ടായ നടപടികളും റദ്ദാക്കുന്നതിനായി പട്ടാമ്പി ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതിയുടെ ഫയലിലുള്ള സെഷൻസ് കേസ് നമ്പർ 1238/2022-ലെ പ്രതി ഫയൽ ചെയ്ത ഹർജിയാണിത്.

2. ഹർജിക്കാരൻ 11 വയസ്സായുള്ള ഇരയായ പെൺകുട്ടിയുടെ സ്വകാര്യഭാഗങ്ങളിൽ സ്പർശിച്ച് ലൈംഗിക ആക്രമണം നടത്തി എന്നതാണ് പ്രോസിക്യൂഷൻ വാദം. 2021 മെയ് മാസത്തിൽ അയാളുടെ ഓട്ടോറിക്ഷയിൽവെച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കെതിരെ ലൈംഗികാവയവ പ്രവേശനത്തിലൂടെയുള്ള ആക്രമണം നടത്തുകയും, വീണ്ടും 09/07/2022-ന് അവളുടെ നെഞ്ചിൽ സ്പർശിച്ച് ലൈംഗികമായി പീഢിപ്പിക്കുകയും ചെയ്തു.

3. താൻ നിരപരാധിയാണെന്നും കളവായി ഒരു കാരണവും കൂടാതെ കുറ്റം ആരോപിക്കുകയാണെന്നുമാണ് ഹർജിക്കാരന്റെ വാദം. ഇര തന്റെ അടുത്ത ബന്ധുവായതിനാൽ പ്രതികാരം തീർക്കുന്നതിനുവേണ്ടി കളവായി പരാതി കെട്ടിച്ചമച്ചതാണ്. ഇരയായ പെൺകുട്ടിക്കെതിരെ ലൈംഗിക ആക്രമണം നടന്നു എന്നു പറയുന്ന കാലഘട്ടത്തിൽ അയാൾ വിദേശത്താണ്. ആ സമയത്ത് അയാൾ കേരളത്തിൽ ഉണ്ടായിരുന്നില്ല എന്നു കാണിക്കാൻ അനുബന്ധങ്ങൾ– എ3, എ4 പാസ്പോർട്ടുകൾ അയാൾ ഹാജരാക്കി. അതിനാൽ അനുബന്ധം–എ2 അന്തിമ റിപ്പോർട്ടും പട്ടാമ്പി ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതി മുമ്പാകെ എസ്. സി. 1238/2022-ലെ അയാൾക്കെതിരായുള്ള നടപടികളും റദ്ദാക്കുന്നതിനാണ് അയാളുടെ അപേക്ഷ.

4. ഹർജിക്കാരനെയും പബ്ലിക് പ്രോസിക്യൂട്ടറെയും കേട്ടു.

5. 18/05/2015-ന് കേരളം വിട്ട് സൗദിഅറേബ്യയിലേക്ക് പോയി എന്നും 20/11/2016-നു മാത്രമേ നാട്ടിലെത്തിയിട്ടുള്ളു എന്നും കാണിക്കുവാൻ അനുബന്ധങ്ങൾ– എ3, എ4 പാസ്പോർട്ടുകൾ ഹർജിക്കാരൻ ഹാജരാക്കി. അതിനുശേഷം അയാൾ 21/10/2019-ന് സൗദി അറേബ്യയിലേക്ക് തിരിച്ചുപോകുകയും 26/02/2022-ന് കേരളത്തിലേക്ക് മട

ങ്ങി വരികയും ചെയ്തു. വീണ്ടും 24/06/2022-ന് സൗദി അറേബ്യയിലേക്ക് തിരിച്ചു പോകുകയും 10/09/2023-ന് കേരളത്തിലേക്ക് മടങ്ങിവരികയും ചെയ്തു. 27/03/2020, 29/05/2021, 09/07/2022 എന്നിങ്ങനെ ഇരയായ പെൺകുട്ടിയെ ലൈംഗികമായി പീഢിപ്പിച്ചു എന്നു പറയുന്ന തീയതികളിലൊന്നും അയാൾ കേരളത്തിലുണ്ടായിരുന്നില്ല എന്ന് വാദിച്ചു. അനുബന്ധങ്ങൾ– എ3, എ4 പാസ്പോർട്ടുകൾ ഹർജിക്കാരൻ പറയുന്ന തീയതികളിലെ യാത്രയുടെ വിശദാംശങ്ങൾ കാണിക്കുന്നുണ്ട് എന്നത് സത്യമാണ്.

6. ഇരയായ പെൺകുട്ടിക്ക് 11 വയസ്സ് മാത്രമാണ് പ്രായം. ഇരയുടെ വളരെ അടുത്ത ബന്ധുവാണെന്ന് ഹർജിക്കാരൻ പറയുന്നു. അതുകൊണ്ട് ആള് മാറാനുള്ള സാദ്ധ്യത വളരെ കുറവാണ്. 11 വയസ്സുള്ള ഇരയായ പെൺകുട്ടി ലൈംഗിക അതിക്രമം നടന്നു എന്നു പറയുന്ന തീയതികളെ സംബന്ധിച്ചാണെങ്കിൽ, കൃത്യതയോടു കൂടി ഒരു 11 വയസ്സുകാരി അവൾക്കെതിരെ ഉണ്ടായ ലൈംഗിക അതിക്രമങ്ങളുടെ തീയതി ഓർത്തുവെക്കും എന്നു പ്രതീക്ഷിക്കാൻ നമുക്കു പറ്റില്ല. കൂടാതെ ഈ ഘട്ടത്തിൽ പാസ്സ്പോർട്ടിലോ യാത്രാരേഖകളിലോ എന്തെങ്കിലും കൃത്രിമങ്ങളോ ദുർനടപടികളോ നടത്തിയിട്ടുണ്ടോ എന്നും അറിയില്ല. അതുകൊണ്ട് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 376 എ ബി, 376(2)(എൻ), എന്നീ വകുപ്പുകൾ പ്രകാരമുള്ളതും 2012 ലെ പോക്സോ ആക്റ്റിന്റെ 3(ബി), 4, 5(എൽ), 5(എം), 6(1) എന്നീ വകുപ്പുകൾ പ്രകാരവുമുള്ള ഗൗരവമുള്ള കുറ്റകൃത്യങ്ങൾ ചുമത്തപ്പെട്ട ഹർജിക്കാരനെതിരായുള്ള അന്തിമ റിപ്പോർട്ട് ഇപ്പോൾ റദ്ദാക്കുന്നത് സുരക്ഷിതമാവില്ല.

7. ഇരയായ പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ക്രൈം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇരയായ പെൺകുട്ടി പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപികയുൾപ്പെടെയുള്ള സാക്ഷികളെ ചോദ്യം ചെയ്ത് പോലീസ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. പാസ്സ്പോർട്ട് വ്യാജമല്ല എന്നതും, യാത്ര ചെയ്ത തീയതികൾ മുതലായവ കർശനമായി തെളിയിക്കേണ്ടതും, സ്ഥലത്തുണ്ടായിരുന്നില്ല എന്ന് വാദം ഉന്നയിച്ച് കേസ് പ്രതിരോധിക്കുമ്പോൾ, അതു തെളിയിക്കാനുമുള്ള ഹർജിക്കാരന്റെ ബാദ്ധ്യത വളരെ കൂടുതലുമാണ്.

8. സ്ഥാനാന്തരം (alibi), തർക്കവിഷയവുമായി പൊരുത്തമില്ലാത്ത വസ്തുതകൾ പ്രസക്തമാകുന്നത് സംബന്ധിച്ച തെളിവ് നിയമത്തിന്റെ 11–ാം വകുപ്പ് അംഗീകരിച്ചിട്ടുള്ള ഒരു തെളിവിന്റെ നിയമം മാത്രമാണ്. സ്ഥാനാന്തരവാദം വസ്തുതകളെ സംബന്ധിക്കുന്നതാണ്. ലാറ്റിൻ പദമായ അലിബി (alibi) എന്നാൽ 'മറ്റൊരിടത്ത്' എന്നാണർത്ഥം. സംഭവം നടക്കുന്ന സമയം, സംഭവസ്ഥലത്തുനിന്നും ദൂരെയായിരുന്നുവെന്നും, കുറ്റകൃത്യത്തിൽ ഏർപ്പെട്ടു എന്നത് അങ്ങേയറ്റം അസംഭവ്യമാണെന്നും, കളവായി കുറ്റം ചുമത്തിയതാണെന്നും കാണിക്കാൻ പ്രതികൾ എടുക്കുന്ന പ്രതിരോധ വാദമാണിത്.

9. സംഭവം തെളിയിക്കേണ്ട ബാദ്ധ്യതയും, സംഭവത്തിൽ പ്രതിയുടെ പങ്ക് തെളിയിക്കേണ്ട ബാദ്ധ്യതയും, പ്രോസിക്യൂഷനാണ്. സ്ഥാനാന്തരവാദം എന്ന പ്രതിരോധം എടുത്തതുകൊണ്ട് മാത്രം ഈ ബാദ്ധ്യത കുറയുന്നില്ല. സംഭവം തെളിയിക്കാനും, പ്രതിയുടെ പങ്ക് തെളിയിക്കാനുമുള്ള ബാദ്ധ്യതകൾ വിജയകരമായി പ്രോസിക്യൂഷന് നിറവേറ്റാൻ കഴിഞ്ഞാൽ മാത്രമേ പ്രതി ഉന്നയിക്കുന്ന സ്ഥാനാന്തരവാദം പരിഗണിക്കേണ്ടതുള്ളൂ. പ്രോസിക്യൂഷൻ ഹാജരാക്കുന്ന തെളിവുകൾ, സംഭവസ്ഥലത്ത് പ്രതിയുടെ സാന്നിദ്ധ്യത്തെ സംബന്ധിച്ച് കോടതിയുടെ മനസ്സിൽ ന്യായമായ ഒരു സംശയം ഉണ്ടാക്കാൻ പര്യാപ്തമാണെങ്കിൽ, പ്രതിക്ക് നിശ്ചയമായും സംശയത്തിന്റെ ആനുകൂല്യം ലഭിക്കും. സ്ഥാനാന്തരവാദം വാദിക്കുമ്പോൾ, സംഭവസ്ഥലത്ത് പ്രതിയുടെ സാന്നിദ്ധ്യം ഉണ്ടാകുക എന്നത് അസംഭവ്യമാണെന്ന് തീർത്തും ഉറപ്പോടെ തെളിയിക്കേണ്ട ബാദ്ധ്യത പ്രതിക്കുണ്ട്. സംഭവം തെളിയിക്കുന്നതിനും, പ്രതിയുടെ പങ്ക് തെളിയിക്കുന്നതിനുമുള്ള ബാദ്ധ്യത പ്രോസിക്യൂഷൻ നിറവേറ്റിയാൽ മാത്രമാണ്, സ്ഥാനാന്തരവാദം സ്ഥാപിക്കാൻ വേണ്ട തെളിവുകൾ ഹാജരാക്കേണ്ട അവസരം അയാൾക്ക് ഉണ്ടാകുന്നത്. പ്രതിക്കെതിരായുള്ള കേസ്, പ്രോസിക്യൂഷൻ സ്ഥാപിക്കുമ്പോൾ മാത്രം, പ്രതിക്ക് എടുക്കാൻ പറ്റുന്ന വാദമാണ് സ്ഥാനാന്തരവാദം. അതിനാൽ അത് ഒരു പരിചയായി ഉപയോഗിക്കണം, വാളായിട്ടല്ല. അതിനാൽ പ്രോസിക്യൂഷൻ അവരുടെ കേസ് തൃപ്തികരമായി സ്ഥാപിക്കുന്നതുവരെ പ്രതി എടുക്കുന്ന സ്ഥാനാന്തരവാദം പരിഗണിക്കേണ്ടതില്ല. അതുകൊണ്ട് പ്രോസിക്യൂഷന് അവരുടെ കേസ് സ്ഥാപിക്കാനുള്ള അവസരം നൽകാതെ സ്ഥാനാന്തരവാദം പരിഗണിക്കാൻ സാദ്ധ്യമല്ല.

10. സ്ഥാനാന്തരവാദം ഒരു വസ്തുതാപരമായ വിഷയമാണെന്നും അത് സംഭവം തെളിയിക്കുന്നതിനും പ്രതിയുടെ പങ്കാളിത്തം തെളിയിക്കുന്നതിനും പ്രോസിക്യൂഷൻ തെളിവ് നൽകിയതിനുശേഷം മാത്രം പരിഗണിക്കേണ്ടതും തീരുമാനിക്കേണ്ടതുമാണെന്നും പബ്ലിക് പ്രോസിക്യൂട്ടർ സമർപ്പിച്ചു.

11. ബിനയ് കുമാർ സിംഗ് V. ബീഹാർ സംസ്ഥാനം [(1997) 1 SCC 283] ലെ 23–ാം ഖണ്ഡികയിൽ സുപ്രീം കോടതി താഴെപറയും പ്രകാരം നിരീക്ഷിച്ചു:

"23. ലാറ്റിൻ പദമായ 'അലിബി' (alibi) എന്നാൽ 'മറ്റൊരിടത്ത്' എന്ന് അർത്ഥമാക്കുന്നു എന്നും സംഭവം നടന്ന സമയം കുറ്റകൃത്യത്തിൽ ഏർപ്പെടും എന്നത് അത്യധികം അസംഭവ്യമാകുന്നപോലെ അയാൾ സംഭവസ്ഥലത്ത് നിന്നും ദൂരെയായിരുന്നുവെന്ന ഒരു പ്രതിരോധം എടുക്കുമ്പോഴാണ് ഈ പദം സൗകര്യത്തിനായി ഉപയോഗിക്കുന്നത്. പ്രതി മറ്റൊരാളുടെ ശരീരത്തിൽ മുറിവുകൾ ഏൽപ്പിച്ചു എന്ന് ആരോപിച്ചാൽ, സംഭവസ്ഥലത്ത് പ്രതിയുണ്ടായിരുന്നുവെന്നും, അയാൾ കുറ്റകൃത്യത്തിൽ പങ്കാളിയാണെന്നും തെളിയിക്കുന്നതിനുള്ള ബാദ്ധ്യത പ്രോസിക്യൂഷന് ആണ് എന്നത് ക്രിമിനൽ കേസിന്റെ അടിസ്ഥാന നിയമമാണ്. പ്രതി സ്ഥാനാന്തരവാദം പ്രതിരോധമായി എടുത്തിട്ടുണ്ടെങ്കിലും ഈ ബാദ്ധ്യത കുറയുന്നില്ല. അത്തരം കേസുകളിൽ, പ്രോസിക്യൂഷൻ തൃപ്തികരമായി അവരുടെ ബാദ്ധ്യത നിറവേറ്റിയാൽ മാത്രമേ പ്രതിയുടെ വാദം പരിഗണിക്കേണ്ടതുള്ളു. എന്നാൽ, ഒരിക്കൽ പ്രോസിക്യൂഷൻ ആ ബാദ്ധ്യത നിറവേറ്റുന്നതിൽ വിജയിച്ചാൽ സ്ഥാനാന്തരവാദം വാദിക്കുന്ന പ്രതിക്ക് അയാളുടെ സാന്നിദ്ധ്യത്തിനുള്ള സാദ്ധ്യതകൾ തീർത്തും വ്യക്തമായി ഒഴിവാക്കുന്ന തെളിവ് ഹാജരാക്കേണ്ടി വരും. വിശ്വസനീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ, സംഭവസ്ഥലത്ത് പ്രതിയുടെ സാന്നിദ്ധ്യം പ്രോസിക്യൂഷന് തൃപ്തികരമായി സ്ഥാപിക്കാൻ സാധിച്ചാൽ, സാധാരണയായി മറ്റെവിടെയെങ്കിലുമായിരുന്നുവെന്ന് കാണിക്കുന്ന എതിർ തെളിവുകൾ കോടതി എളുപ്പത്തിൽ വിശ്വസിക്കില്ല. എന്നാൽ സംഭവസമയത്ത്, സംഭവസ്ഥലത്ത്, പ്രതിയുടെ സാന്നിദ്ധ്യത്തെ സംബന്ധിച്ച് ന്യായമായ സംശയം കോടതിക്ക് ഉണ്ടാകുന്ന അത്രക്കും മൂല്യമുള്ളതും നിലവാരത്തിലുള്ളതുമായ തെളിവ് നൽകുന്ന പക്ഷം, സംശയത്തിന്റെ ആനുകൂല്യം നിസ്സംശയം പ്രതിക്ക് ലഭിക്കും. ആ കാര്യത്തിനായി, അത്തരം സാഹചര്യങ്ങളിൽ പ്രതിയുടെ ബാദ്ധ്യത താരതമ്യേന ഉയർന്നതായിരിക്കും എന്ന ന്യായമായ ഒരു അഭിപ്രായം രേഖപ്പെടുത്തുന്നത് യുക്തമായിരിക്കും. അതുകൊണ്ട് സ്ഥാനാന്തരവാദം സ്ഥാപിക്കുവാൻ കർശനമായ തെളിവ് ആവശ്യമാണെന്നതാണ് ഇതിന്റെ തുടർച്ച. ഈ കോടതി മുൻ സന്ദർഭങ്ങളിൽ ഇതുപോലെ നിരീക്ഷിച്ചിട്ടുണ്ട്. [ദൂദ് നാഥ് പാണ്ഡേ V. ഉത്തർപ്രദേശ് സംസ്ഥാനം [(1981) 2 SCC 166: 1981 SCC (Crl) 379]; മഹാരാഷ്ട്ര സംസ്ഥാനം V. നരസിംഗറാവു ഗംഗാറാം പിമ്പിൾ [(1984) 1 SCC 446: 1984 SCC (Crl) 109]: AIR 1984 SC 63]"

12. ഷെയ്ക്ക് സത്താർ V. മഹാരാഷ്ട്ര സംസ്ഥാനം [(2010) 8 SCC 430] ൽ 35-ാം ഖണ്ഡികയിൽ സുപ്രീം കോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചിരിക്കുന്നു:

"35. സ്ഥാനാന്തരവാദം തെളിയിക്കുന്നതിനുള്ള ബാദ്ധ്യത നിസ്സംശയം അപ്പീൽവാദിക്കാണ്. അസാന്നിദ്ധ്യത്തിന്റെ വാദം ന്യായമായ സംശയത്തിനതീതമായോ, അല്ലാത്തപക്ഷം നേരിയ സാദ്ധ്യതയോ, കാണിക്കുന്നതിനുള്ള വസ്തുതകളോ സാഹചര്യങ്ങളോ ഹാജരാക്കുവാൻ അപ്പീൽവാദി ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. പ്രസക്തമായ സമയം വാടകയ്ക്കെടുത്ത സ്ഥലത്ത് അപ്പീൽവാദിയുടെ സാന്നിദ്ധ്യത്തിന്റെ സാദ്ധ്യതകൾ പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിൽ സ്ഥാനാന്തരവാദം തീർത്തും വ്യക്തതയോടെ തെളിയിക്കണം. പ്രതി സ്ഥാനാന്തരവാദം ഉന്നയിക്കുമ്പോൾ ആയതിലേക്ക് വേണ്ട തെളിവ് നൽകി വാദം സ്ഥാപിക്കേണ്ടത് പ്രതിയാണ്, ഈ കേസിൽ അങ്ങനെയുണ്ടായിട്ടില്ല. ഈ ഘട്ടത്തിൽ താഴെപറയുന്ന രീതിയിൽ ഗുർപ്രീത് സിംഗ് V. ഹരിയാന സംസ്ഥാനം [(2002) 8 SCC 18: 2003 SCC (Crl) 186] (SCC p.27 20-ാം ഖണ്ഡിക) എന്നതിൽ പ്രതിപാദിച്ചിട്ടുള്ള നിയമാഭിപ്രായവും ഞങ്ങൾ കണക്കിലെടുക്കുന്നു.

"20.............. രണ്ട് കോടതികളും സ്ഥാനാന്തരവാദം അവിശ്വസിക്കുകയും സ്ഥാനാന്തരവാദം ഒരു വസ്തുതാപരമായ സംഗതിയായതിനാലും രണ്ട് കോടതികളും അപ്പീൽവാദിക്കെതിരായി കണ്ടതുകൊണ്ടും, ഒരു സ്പെഷ്യൽ ലീവ് അപ്പീലിൽ വസ്തുതാപരമായ കണ്ടെത്തലുകളിൽനിന്ന് ഈ കോടതിക്ക് പിന്നോട്ടു പോകുവാൻ സാധിക്കില്ല എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്."

തെളിവുകൾ ഹാജരാക്കി അവരുടെ കേസ് തെളിയിക്കേണ്ടത് പ്രോസിക്യൂഷനാണ്. സ്ഥാനാന്തരവാദം പ്രതിരോധമായെടുക്കുവാനും അതിന് ആവശ്യമായ തെളിവ് നൽകി അത് സ്ഥാപിക്കുവാനുമുള്ള സ്വാതന്ത്ര്യം ഹർജിക്കാരനുണ്ട്. പ്രോസിക്യൂഷൻ സംഭവം സ്ഥാപിക്കുന്നതിനുള്ള തെളിവും, പ്രതിയുടെ പങ്കാളിത്തം തെളിയിക്കുകയും ചെയ്യുന്നതിനുമുൻപ് സ്ഥാനാന്തരവാദം എന്ന പ്രതിരോധം പരിഗണിക്കേണ്ട കാര്യമില്ല."

13. ഈ കോടതി അതിന്റെ സഹജാധികാരമുപയോഗിച്ച് അനുബന്ധങ്ങൾ- എ3, എ4 പാസ്പോർട്ടുകളിലെ യാത്രാതീയ്യതികൾ അംഗീകരിച്ച് ക്രൈം നമ്പർ 500/2020-ലെ അന്തിമ റിപ്പോർട്ടോ, സെഷൻസ് കേസ് നമ്പർ 1238/2022-ലെ നടപടികളോ റദ്ദാക്കുന്നില്ല. അതിനാൽ ക്രിമിനൽ പലവക ഹർജി തള്ളുന്നു. എന്നാൽ ക്രിമിനൽ പലവക ഹർജി തള്ളിയത്, സ്ഥാനാന്തരവാദം ഉചിതമായ ഘട്ടത്തിൽ വിചാരണ കോടതിയിൽ എടുക്കുന്നതിനോ അത് തെളിവുകൾ നൽകി സ്ഥാപിക്കുന്നതിനോ തടസ്സമാവില്ല.

സെഷൻസ് കേസ് നമ്പർ 1238/2022-ൽ പ്രതിക്ക് എടുക്കാവുന്ന എല്ലാ വാദങ്ങളും തുറന്നിട്ടുകൊണ്ട് ഈ ക്രിമിനൽ പലവക ഹർജി തള്ളുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അനു ശിവരാമൻ**

**&**

**ബഹു. ജസ്റ്റിസ് സി. പ്രദീപ്കുമാർ**

എം. എ.ടി. അപ്പീൽ നം.894/2023

(എറണാകുളം കുടുംബകോടതിയുടെ ഒ.പി. നമ്പർ 906/2022-ലെ 13.11.2023-ലെ വിധിക്കെതിരെ ഫയൽ ചെയ്യപ്പെട്ടത്)

**ഡോ. ജിനുജോയി**

**v.**

**ഡോ. ബോണി ബൈജു**

2024 മാർച്ച് 15-ന് വിധി പ്രസ്താവിച്ചത്.

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**നിലവിലുള്ള കേസിലും, വിവാഹമോചനത്തിനുള്ള ഹർജിയും കുട്ടിയുടെ കസ്റ്റഡിക്കും പൈതൃക സ്വത്തിനുമടക്കമുള്ളവക്കായി വിവിധ കോടതികളിൽ കക്ഷികൾ തമ്മിലുള്ള അനവധി വ്യവഹാരങ്ങൾ കെട്ടിക്കിടപ്പുണ്ട്. ആ കേസുകളെല്ലാം ഒത്തുതീർപ്പിലൂടെ രാജിയാവുകയും പരസ്പരസമ്മതപ്രകാരമുള്ള വിവാഹമോചനത്തിന് കക്ഷികൾ സമ്മതിക്കുകയും ചെയ്തു. അതുപ്രകാരം വിവാഹമോചനത്തിനുള്ള സംയുക്ത ഹർജി ഫയൽ ചെയ്യുകയും, പണം ഭാഗികമായി വാങ്ങുകയും, തീർപ്പാക്കാത്ത കേസുകൾ ഉപേക്ഷിക്കുകയും ചെയ്തതിനുശേഷം അന്തിമ ഘട്ടത്തിൽ കക്ഷികളുടെ സമ്മതം രേഖപ്പെടുത്തുന്നതിനായി കേസ് തെളിവിനായെടുത്തപ്പോൾ, അപ്പീൽകക്ഷി തന്റെ സമ്മതം പിൻവലിച്ചു.**

**പ്രകാശ് ആലുമൽ കലന്ദാരി കേസിലെ വിധിയെ തുടർന്ന് തീർപ്പുകൽപ്പിക്കാത്ത നടപടികളിൽ ഒരു കരാർ / ഒത്തുതീർപ്പിന് അനുസൃതമായി ഒരു സംയുക്ത ഹർജി ഫയൽ ചെയ്യുവാൻ കക്ഷികൾ ഒരിക്കൽ സമ്മതിച്ചുകഴിഞ്ഞാൽ, കരാറിൽ നിന്ന് പിൻവാങ്ങുന്നതിൽ നിന്നും കക്ഷികൾ തടയപ്പെടുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ എതിർകക്ഷി ഏകപക്ഷീയമായി സമ്മതം പിൻവലിക്കുന്നത് പ്രത്യേകിച്ചും അപ്പീൽവാദി കരാർ മെമ്മോറാണ്ടത്തിലെ തന്റെ വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞശേഷം ചെയ്യുന്നത് ഗുരുതരമായ നടപടിയാണെന്നും, ഇത് ഒരു നിമിഷം പോലും അനുവദിക്കാനോ പൊറുക്കാനോ കഴിയില്ലെന്നും, ഇത് നീതിനിർവ്വഹണ വ്യവസ്ഥയിലുള്ള കക്ഷികളുടെ വിശ്വാസം തകർക്കുകയും ഇതര തർക്ക പരിഹാര സംവിധാനങ്ങളെ പരിഹസിക്കുകയും ചെയ്യുന്നതാണ്.**

**ഈ സാഹചര്യത്തിൽ, നിലവിലുള്ള കേസ് മേൽപ്പറഞ്ഞ പ്രകാശ് ആലുമൽ കലന്ദാരി, ബെന്നി കേസുകളിലെ തീരുമാനത്തിന്റെ പരിധിയിൽ വരുന്ന ഒന്നാണെന്നും അപ്രകാരം അപ്പീൽകക്ഷി പിന്നീട് സമ്മതം പിൻവലിച്ചെങ്കിൽ കൂടി, ഒ. പി യിൻമേലുള്ള കുടുംബക്കോടതിയുടെ വിധി ന്യായീകരിക്കപ്പെടുന്നു.**

### വിധിന്യായം

### ജസ്റ്റിസ് സി. പ്രദീപ്കുമാർ.

1. ഇതിലെ എതിർകക്ഷിയുമായുള്ള വിവാഹബന്ധം ഡൈവോഴ്സ് ആക്ടിലെ 10 എ വകുപ്പുപ്രകാരം വേർപ്പെടുത്തിയ എറണാകുളം കുടുംബകോടതിയുടെ ഒ.പി. നമ്പർ 906/2020-ലെ 13.11.2023-ലെ വിധിന്യായത്തിനെതിരെ രണ്ടാം ഹർജിക്കാരൻ ഫയൽ ചെയ്ത അപ്പീലാണിത്.

2. എതിർകക്ഷിയുടെ ഭാര്യയാണ് അപ്പീൽവാദി. അവരുടെ വിവാഹം 26.10.2014 നായിരുന്നു. ദാമ്പത്യബന്ധം സുഖകരമല്ലാത്തതിനെ തുടർന്ന് 2018 മേയ് മാസം മുതൽ അവർ വേർപെട്ട് താമസിച്ചുവരികയായിരുന്നു. വിവിധ കോടതികളിൽ കക്ഷികൾ തമ്മിലുള്ള ധാരാളം കേസുകൾ ഉണ്ടായിരുന്നു. ഒത്തുതീർപ്പ് ചർച്ചയിലൂടെ തർക്കങ്ങൾ രാജിയാവുകയും ഒത്തുതീർപ്പു വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള ഒരു കരാറിൽ 18.03.2022-ൽ കക്ഷികൾ ഏർപ്പെടുകയും ചെയ്തു. ഒത്തുതീർപ്പു വ്യവസ്ഥപ്രകാരം എതിർകക്ഷി ഇതിലെ അപ്പീൽ

വാദിക്ക് 16 ലക്ഷം രൂപ നൽകാമെന്നു സമ്മതിക്കുകയുണ്ടായി. ഒത്തുതീർപ്പുകരാർ പ്രകാരം അവരുടെ കുട്ടിയുടെ രക്ഷാകർതൃത്വവും സ്ഥിരമായ സംരക്ഷണവും അപ്പീൽവാദിക്ക് കൈമാറി. കുട്ടിക്ക് ലഭിക്കേണ്ട ജീവനാംശത്തിന്റെ ആകെയും അവസാനത്തേതുമായ തുകയായി 50,000 രൂപ നൽകാമെന്ന് എതിർകക്ഷി സമ്മതിച്ചു. പരസ്പര സമ്മതത്തിലൂടെ വിവാഹബന്ധം വേർപെടുത്താനും അവർ സമ്മതിച്ചു.

3. ഒത്തുതീർപ്പ് കരാറിന്റെ വ്യവസ്ഥകൾക്കനുസരിച്ച് 01.04.2022–ൽ ഒ.പി. നമ്പർ 906/2022 ആയി വിവാഹമോചനത്തിനുള്ള ഒരു സംയുക്ത ഹർജി ഫയൽ ചെയ്യപ്പെട്ടു. കാത്തിരിപ്പ് സമയമായ ആറ് മാസങ്ങൾക്കുശേഷം ഒ.പി. പരിഗണനയ്ക്കെടുത്തപ്പോൾ, വിവാഹമോചനത്തിനുള്ള സമ്മതം പിൻവലിച്ചുകൊണ്ട് അപ്പീൽവാദി 28.11.2022–ൽ മെമ്മോ ഫയൽ ചെയ്തു. അപ്പീൽവാദിയുടെ പിതാവിന്റെ പേരിൽ 10 ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സ്വീകരിക്കുന്നതിനുള്ള അസ്സൽ ഹർജി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് എതിർകക്ഷി 8086/2022-ാം നമ്പർ ഐ.എ ഫയൽ ചെയ്തു. അപ്പീൽ വാദിക്ക് നൽകാമെന്ന് സമ്മതിച്ചിരുന്ന 16.50 ലക്ഷം രൂപയിൽ 6,50,000 രൂപ നേരത്തെ നൽകിയാതാണെന്നും ബാലൻസ് തുകയായ 10,00,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഒത്തുതീർപ്പു വ്യവസ്ഥ പ്രകാരം അപ്പീൽവാദിയുടെ പിതാവിന്റെ പേരിൽ എടുത്തിട്ടുള്ളത് ഐ.എ നമ്പർ 3/2023 നോടൊപ്പം ഹാജരാക്കുകയും ചെയ്തു.

4. മേൽപ്പറഞ്ഞ ഇടക്കാല അപേക്ഷകളും (ഐ.എ) അസ്സൽ ഹർജിയും (ഒ.പി) കുടുംബക്കോടതിയുടെ പരിഗണനക്ക് വന്നപ്പോൾ ഒത്തുതീർപ്പ് കരാർ തന്റെ സ്വതന്ത്രസമ്മതത്തോടെയും ഇച്ഛയോടുമായിരുന്നില്ല നടപ്പിൽ വരുത്തിയതെന്നും എതിർകക്ഷിയുമായുള്ള വിവാഹബന്ധം വേർപെടുത്തുവാൻ തനിക്ക് താൽപ്പര്യമില്ലന്നും കാണിച്ച് അപ്പീൽവാദി അസ്സൽ ഹർജിയേയും അപേക്ഷകളേയും ശക്തമായി എതിർത്തു. കൂടാതെ എതിർകക്ഷിയിൽ നിന്നും നേരത്തെ കൈപ്പറ്റിയ 6.5 ലക്ഷം രൂപ തിരികെ അടക്കുവാനുള്ള അനുമതിയും അവർ തേടി.

5. പരസ്പര സമ്മതത്തോടെ വിവാഹബന്ധം വേർപെടുത്തുന്നതിനുള്ള അവളുടെ സമ്മതം അപ്പീൽവാദി തടഞ്ഞിരുന്നതാണെങ്കിൽ കൂടി കുടുംബക്കോടതി ബെന്നി V മിനി [2021(2) KLJ 190] വിധിയെ ആശ്രയിച്ച് അസ്സൽ ഹർജിയും എതിർകക്ഷി ഫയലാക്കിയ ഇടക്കാല അപേക്ഷകളും അനുവദിക്കുകയും വിവാഹബന്ധം വേർപെടുത്തിക്കൊണ്ടുള്ള വിധി പാസാക്കുകയും ചെയ്തു. ഈ വിധിന്യായത്തിൽ സങ്കടപ്പെട്ടാണ് വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഭാര്യ ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്.

6. ഒത്തുതീർപ്പ് കരാറിൽ ഒപ്പിട്ടത് തന്റെ സ്വതന്ത്ര ഇച്ഛയോടെയായിരുന്നില്ലെന്നും പരസ്പര സമ്മതത്തോടെ വിവാഹബന്ധം വേർപെടുത്തുന്നതിന് ആഗ്രഹിക്കുന്നില്ലെന്നും അപ്പീൽവാദി വാദിച്ചു. കുട്ടിയ്ക്ക് ജീവനാംശമായി 50,000/- രൂപ നൽകാമെന്ന് സമ്മതിച്ചത് അപര്യാപ്തമാണെന്നും ആയത് കക്ഷികൾ തമ്മിലുണ്ടാക്കിയ പരസ്പര ധാരണക്ക് വിരുദ്ധമാണെന്നും അവർ അഭിപ്രായപ്പെട്ടു.

7. ഇതുമായി ബന്ധപ്പെട്ട 2446/2020 നമ്പർ അസൽ ഹർജിയിൽ, എതിർ കക്ഷിയിൽ നിന്നും സ്വീകരിച്ച 6.5 ലക്ഷം രൂപ മടക്കി നൽകാനുള്ള അനുമതിക്കായി അവൾ ഒരു അപേക്ഷ ഫയൽ ചെയ്തു. തന്റെ പിതാവിന്റെ പേരിലെടുത്ത 10 ലക്ഷം രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സ്വീകരിക്കുവാൻ അപ്പീൽവാദിയോടു നിർദ്ദേശിച്ചുകൊണ്ട് ഐ.എ. നമ്പർ 3/2023 അനുവദിച്ച കുടുംബക്കോടതി നടപടി ന്യായീകരിക്കപ്പെടുന്നതല്ല. ജയരാജ് . ആർ. V കാവ്യ. ജി. നായർ [2023 KHC 361] കേസിലെ ഈ കോടതിയുടെ വിധിയിലും വിധി പാസാക്കുന്നതിനുമുമ്പുള്ള ഏതു സമയത്തും വിവാഹമോചനത്തിനുള്ള തങ്ങളുടെ സമ്മതം പിൻവലിക്കാൻ കക്ഷികളെ അനുവദിക്കുന്നുണ്ടെന്നും വാദിച്ചു. മേൽക്കാരണങ്ങളാൽ കുടുംബക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായം റദ്ദാക്കണമെന്ന് അപ്പീൽവാദി വാദിച്ചു.

8. നേരെ മറിച്ച്, നിലവിലുള്ള എല്ലാ തർക്കങ്ങളും പരിഹരിച്ച് കക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പ് കരാർ ഉണ്ടാക്കിയെന്നും അതുപ്രകാരം എതിർകക്ഷി തന്റെ കർത്തവ്യം നിറവേറ്റിയെന്നും ആയതിനാൽ അപ്പീൽവാദി സമ്മതം പിൻവലിച്ചത് ന്യായീകരിക്കപ്പെടുന്നില്ലെന്നും അപ്പീൽ തള്ളിക്കളയാൻ ബാധ്യസ്ഥമാണെന്നും എതിർ കക്ഷിയുടെ അഭിഭാഷകൻ വാദിച്ചു.

9. ഈ നിലക്ക് പരിഗണനക്കായി വരുന്ന സംഗതികൾ ഇനി പറയുന്നവയാണ്.

1. പരസ്പരസമ്മതപ്രകാരമുള്ള വിവാഹമോചനത്തിൽ, സമ്മതിച്ച തുക ഭാഗികമായി കൈപ്പറ്റിയ ശേഷം തന്റെ സമ്മതം പിൻവലിച്ച അപ്പീൽവാദിയുടെ നടപടി ന്യായീകരിക്കപ്പെടുന്നതാണോ?

2. അപ്പീലിൽ ഉന്നയിക്കപ്പെട്ട കാരണങ്ങളുടെ വെളിച്ചത്തിൽ കുടുംബക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ ഇടപെടേണ്ടതുണ്ടോ?

10. ഇരു ഭാഗത്തേയും കേട്ടു.

11. അപ്പീൽവാദിയും എതിർകക്ഷിയും 26.10.2014–ൽ അങ്കമാലി സെന്റ് ജോർജ് ബസലിക്കയിൽ വിവാഹിതരാവുകയും ആ ബന്ധത്തിൽ ഒരു കുട്ടി

ജനിക്കുകയും ചെയ്തു. എന്നിരുന്നാലും അവർ തമ്മിലുള്ള രൂക്ഷമായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് 2019 മുതൽ അവർ വെവ്വേറെ ജീവിക്കുവാൻ ആരംഭിച്ചു. അവർ തമ്മിൽ ഫയലാക്കിയ നിരവധി കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്. പണം മടക്കി നൽകുന്നതിനായി എറണാകുളം കുടുംബക്കോടതിയിൽ അപ്പീൽ വാദി ഫയൽ ചെയ്ത ഒ.പി. നമ്പർ 2446/2020, മൈനറായ കുട്ടിയുടെ കസ്റ്റഡിക്കായി എതിർകക്ഷി ഫയൽ ചെയ്ത ജി.ഒ.പി.നമ്പർ 1015/2020, ഐ.പി.സി 408-ാം വകുപ്പുപ്രകാരം എറണാകുളം ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി -1 ൽ നിലവിലുള്ള ഒ.പി. നമ്പർ 1004/2020 ഉം സി.സി. നമ്പർ 217/2021 ഉം അവയിൽ ഉൾപ്പെടുന്നവയാണ്. കക്ഷികൾ തമ്മിലുള്ള എല്ലാ തർക്കങ്ങളും ഒത്തുതീർപ്പാവുകയും അതുപ്രകാരം 18.03.2022-ൽ ഒത്തുതീർപ്പ് കരാറിൽ ഏർപ്പെടുകയും ചെയ്തു. ഒത്തുതീർപ്പ് കരാർ പ്രകാരം ഒ.പി. നമ്പർ 2446/2020 ലുള്ള എല്ലാ പണസംബന്ധമായ അവകാശ വാദങ്ങളുടേയും പൂർണ്ണവും അന്തിമവുമായ ഒത്തുതീർപ്പെന്ന നിലയിൽ അപ്പീൽവാദിക്ക് 16 ലക്ഷം രൂപ നൽകാമെന്ന് എതിർകക്ഷി സമ്മതിച്ചു. ഈ 16 ലക്ഷം രൂപ എങ്ങനെ നൽകണമെന്ന രീതിയും ഒത്തുതീർപ്പ് കരാറിൽ വിശദമായി പ്രതിപാദിച്ചു. മൈനറായ കുട്ടിയുടെ സംരക്ഷണത്തിനായി 50,000/- രൂപ നൽകാമെന്നും എതിർകക്ഷി പിന്നീട് സമ്മതിച്ചു. തന്റേയും മൈനറായ കുട്ടിയുടേയും ജീവനാംശത്തിനുള്ള മറ്റ് അവകാശ വാദങ്ങൾ ഉപേക്ഷിക്കാമെന്നും അപ്പീൽവാദി സമ്മതിച്ചു.

12. എതിർകക്ഷി വിവാഹമോചനത്തിനായി ഫയൽ ചെയ്ത ഒ.പി. നമ്പർ 1004/2020 പിൻവലിക്കാൻ സമ്മതിക്കുകയും ഇരുകക്ഷികളും പരസ്പര സമ്മതത്തിലൂടെയുള്ള വിവാഹമോചനത്തിന് സമ്മതിക്കുകയും ചെയ്തു. ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം 31.03.2022 നോ അതിനു മുമ്പായോ 2 ലക്ഷം രൂപയും, 31.05.2022 നോ അതിനു മുമ്പായോ അടുത്ത 2 ലക്ഷം രൂപയും, 31.07.2022 നോ അതിനുമുമ്പായോ വീണ്ടുമൊരു 2 ലക്ഷം രൂപയും അവശേഷിക്കുന്ന 10 ലക്ഷം രൂപ 31.08.2022 നോ അതിനു മുമ്പായോ എതിർകക്ഷി നൽകേണ്ടിയിരുന്നു. സംരക്ഷണ തുകയായ 50,000 രൂപ 31.03.2022 നോ അതിനു മുമ്പായോ നൽകേണ്ടിയിരുന്നു. സമ്മതപ്രകാരമുള്ള 6.50 ലക്ഷം രൂപയും എതിർകക്ഷി അപ്പീൽവാദിക്ക് നൽകിയതായും അപ്പീൽവാദി യാതൊരു എതിർപ്പും പറയാതെ അവ സ്വീകരിച്ചതായും സമ്മതിച്ചു.

13. തുടർന്ന്, ഒത്തുതീർപ്പു വ്യവസ്ഥ പ്രകാരം ഡൈവോഴ്സ് ആക്റ്റിന്റെ 10-ാം വകുപ്പ് പ്രകാരമുള്ള വിവാഹമോചനത്തിനുള്ള ഒരു സംയുക്ത ഹർജി അപ്പീൽവാദിയും എതിർകക്ഷിയും 01.04.2022ന് ഫയൽ ചെയ്തു. പിന്നീട് കാത്തിരിപ്പ് കാലാവധിയായ ആറ് മാസങ്ങൾക്കുശേഷം കേസ് പരിഗണനക്കെടുത്തപ്പോൾ, തന്റെ സമ്മതം പിൻവലിച്ചുകൊണ്ടുള്ള മെമ്മോ അപ്പീൽവാദി ഫയൽ ചെയ്തു.

14. കരാർ മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ കക്ഷികളിൽ ഒരാൾ പാലിച്ചുകഴിഞ്ഞശേഷം മറ്റേ കക്ഷി ഏകപക്ഷീയമായി പിൻമാറുന്നത് ഗുരുതരമായ നടപടിയാണെന്നും ഇത് ഒരു നിമിഷം പോലും അനുവദിക്കാനോ പൊറുക്കാനോ കഴിയില്ലെന്നും, ഇത് നീതിനിർവ്വഹണ വ്യവസ്ഥയിലുള്ള കക്ഷികളുടെ വിശ്വാസം തകർക്കുകയും ഇതര തർക്ക പരിഹാര സംവിധാനങ്ങളെ പരിഹസിക്കുകയും ചെയ്യുമെന്ന് ബെന്നി V മിനി [2021 (1) KHC 723] കേസിലെ വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട് കുടുംബക്കോടതി പറഞ്ഞു. അപ്രകാരം, അപ്പീൽവാദി സമ്മതം പിൻവലിച്ചുവെങ്കിലും കുടുംബക്കോടതി ഒ. പി. അനുവദിക്കുകയും ഡൈവോഴ്സ് ആക്റ്റിന്റെ 10-ാം വകുപ്പ് പ്രകാരം വിവാഹബന്ധം വേർപെടുത്തുകയും ചെയ്തു.

15. വാദമുഖങ്ങൾക്കിടെ ഞങ്ങൾ കക്ഷികളുമായി സംവദിക്കുകയും അവർ തമ്മിൽ വീണ്ടും യോജിച്ചു പോകുന്നതിനുള്ള യാതൊരു സാധ്യതയുമില്ലെന്ന് കണ്ടെത്തുകയും ചെയ്തു.

16. മേൽപ്പറഞ്ഞ ജയരാജ്. ആർ V കാവ്യ കേസിലെ ഈ കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ തീരുമാനത്തെ ആശ്രയിച്ചുകൊണ്ട് പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനം അനുവദിക്കുന്നതിന് അന്തിമ ഉത്തരവ് പാസാക്കുന്നത് വരെ ഇരു കക്ഷികളുടെയും സമ്മതം ആവശ്യമാണെന്ന് അപ്പീൽ വാദിയുടെ അഭിഭാഷകൻ വാദിച്ചു. അതിനിടയിൽ ഏതെങ്കിലും കക്ഷി സമ്മതം പിൻവലിക്കുകയാണെങ്കിൽ പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കുടുംബക്കോടതിക്ക് പാസാക്കാൻ കഴിയുകയില്ല.

17. പ്രകാശ് ആലുമൽ കലന്ദാരി V ജാനവി പ്രകാശ് കലന്ദാരി [AIR 2011 Bom 119] കേസിൽ ബോംബെ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സംയുക്ത ഹർജിയിലെ സമ്മതം കക്ഷികളിലൊരാൾ പിൻവലിക്കുന്ന സാഹചര്യം വിലയിരുത്തുകയുണ്ടായി. 16-ാം ഖണ്ഡികയിൽ കോടതി ഇപ്രകാരം പറഞ്ഞു.

"16. മുൻപുപറഞ്ഞ പോലെ, പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനത്തിനായി ആക്റ്റിന്റെ 13 B വകുപ്പിൻ കീഴിൽ ലളിതമായി ഫയൽ ചെയ്യപ്പെട്ട ഹർജിയാണെങ്കിൽ, കക്ഷികൾ നൽകിയ സമ്മതം വിവാഹമോചനത്തിന്റെ വിധി പാസാക്കുന്ന തീയതി വരെ തുടരുന്നു എന്ന് കോടതി സ്വയം തൃപ്തിപ്പെടേണ്ടതുണ്ട്. ഒരു കക്ഷി ഏകപക്ഷീയമായി അവന്റെ/അവളുടെ സമ്മതം പിൻവലിക്കുകയാണെങ്കിൽ, ആക്റ്റിന്റെ 13 B വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച്

പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനത്തിന്റെ വിധി പാസാക്കുവാൻ കോടതിക്ക് അധികാരിത ഉണ്ടായിരിക്കുകയില്ല. എന്നിരുന്നാലും, ആക്റ്റിന്റെ 9 അല്ലെങ്കിൽ 13 വകുപ്പ് പ്രകാരമുള്ള ആശ്വാസ നടപടികൾക്കുള്ള ഹർജിയാണ് കക്ഷികൾ ആദ്യം ഫയൽ ചെയ്യുന്നതും ആ ഹർജി നിലനിൽക്കവെ തന്നെ അവർ പരസ്പരസമ്മതപ്രകാരമുള്ള വിവാഹമോചനത്തിനായുള്ള വിധിക്കായി അഭ്യർത്ഥിക്കുകയുമാണെങ്കിൽ സാഹചര്യം മറ്റൊന്നായിരിക്കും. പരസ്പരം സമ്മതിച്ച ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ, കക്ഷികൾ സമ്മത നിബന്ധനകൾ നടപ്പിലാക്കുകയും പിന്നീട് ആക്റ്റിന്റെ 13 B വകുപ്പ് പ്രകാരം പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനത്തിനുള്ള വിധി അനുവദിക്കുന്നതിനായി തീർപ്പാക്കാത്ത ഹർജി പരിവർത്തനം ചെയ്തു കിട്ടുന്നതിനുള്ള ഒരു ഔപചാരിക ഹർജി/ അപേക്ഷ നൽകുകയാണെങ്കിൽ, പിന്നീടുള്ള നടപടിക്രമത്തിൽ, സമ്മത നിബന്ധനകൾ പ്രകാരം ഒരു കക്ഷി അവന്/അവൾക്ക് ദോഷം വരുന്ന രൂപത്തിൽ പൂർണ്ണമായോ ഭാഗികമായോ ഇതിനകം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, വിധി പാസാക്കുന്നതിന് മുമ്പായി മറ്റേ കക്ഷിയെ ഏകപക്ഷീയമായി സമ്മതം പിൻവലിക്കുവാൻ അനുവദിക്കുകയില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ കോടതിക്ക് ഇനി പറയുന്നവയിൽ തൃപ്തിയുണ്ടാകേണ്ടതുണ്ട്, അതായത്, (1) കക്ഷിയെ സമ്മതം പിൻവലിക്കാൻ അനുവദിക്കുന്നതിന് മതിയായതും കൊള്ളാവുന്നതും ന്യായവുമായ കാരണങ്ങൾ ഉണ്ടായിരിക്കണം, അല്ലാത്ത പക്ഷം അത് കക്ഷിയെ തള്ളുകയും കൊള്ളുകയും ചെയ്യുന്നതിന് അനുവദിക്കുന്നതു പോലെയാകും.

(2) സമ്മതം പിൻവലിക്കുന്നത് വഴി മറ്റേകക്ഷി മാറ്റാനാവാത്ത ഹാനിക്ക് വിധേയമാകാൻ പാടില്ലാത്തതാണ്. ഈ രണ്ടു ആവശ്യതകളും തൃപ്തിപ്പെട്ടിട്ടില്ലെങ്കിൽ, ഏകപക്ഷീയമായി അവന്റെ / അവളുടെ സമ്മതം പിൻവലിക്കുന്നതിനുള്ള കക്ഷിയുടെ അഭ്യർത്ഥനയെ കോടതി പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതാണ്.

18. മേൽപ്പറഞ്ഞ പ്രകാശ് ആലുമൽ കലന്ദാരി കേസിലെ ബോംബെ ഹൈക്കോടതി വിധിയെ ആശ്രയിച്ച്, ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് ബെന്നി V മിനി കേസിൽ സമാനമായൊരു സംഭവത്തെക്കുറിച്ച് 24-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു.

"24. മേൽപ്പറഞ്ഞ പ്രകാശ് ആലുമൽ കലന്ദാരി കേസിലെ വിധിയെ തുടർന്ന് തീർപ്പുകൽപ്പിക്കാത്ത നടപടികളിൽ ഒരു കരാർ/ ഒത്തുതീർപ്പിന് അനുസൃതമായി ഒരു സംയുക്ത ഹർജി ഫയൽ ചെയ്യുവാൻ കക്ഷികൾ ഒരിക്കൽ സമ്മതിച്ചുകഴിഞ്ഞാൽ, കരാറിൽ നിന്ന് പിൻവാങ്ങുന്നതിൽ നിന്നും കക്ഷികൾ തടയപ്പെടുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ എതിർകക്ഷി ഏകപക്ഷീയമായി സമ്മതം പിൻവലിക്കുന്നത് പ്രത്യേകിച്ചും അപ്പീൽവാദി കരാർ മെമ്മോറാണ്ടത്തിലെ തന്റെ വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞശേഷം ചെയ്യുന്നത് ഗുരുതരമായ നടപടിയാണെന്നും, ഇത് ഒരു നിമിഷം പോലും അനുവദിക്കാനോ പൊറുക്കാനോ കഴിയില്ലെന്നും, ഇത് നീതിനിർവ്വഹണ വ്യവസ്ഥയിലുള്ള കക്ഷികളുടെ വിശ്വാസം തകർക്കുകയും ഇതര തർക്ക പരിഹാര സംവിധാനങ്ങളെ പരിഹസിക്കുകയും ചെയ്യുന്നതാണ്."

19. മേൽപ്പറഞ്ഞ പ്രകാശ് ആലുമൽ കലന്ദാരി കേസിലേയും മേൽപ്പറഞ്ഞ ബെന്നി കേസിലേയും തീരുമാനങ്ങളെ ജയരാജ്. ആർ കേസിൽ ഡിവിഷൻ ബഞ്ച് വേർതിരിച്ച് കാട്ടി. ഖണ്ഡിക 44-ൽ ഡിവിഷൻ ബഞ്ച് പറയുന്നു.

"44. പ്രകാശ് ആലുമൽ കലന്ദാരി [AIR 2011 Bom. 119] കേസിൽ ബോംബെ ഹൈക്കോടതി ഡിവിഷൻ ബഞ്ചും ബെന്നി കേസിൽ [2021 (1) KHC 723] ഈ കോടതിയുടെ ഡിവിഷൻ ബഞ്ചും സ്ഥാപിച്ച നിയമം, നിലവിലുള്ള കേസിലെ വസ്തുതകളുമായി യാതൊരു ബന്ധവുമില്ല. മേൽപ്പറഞ്ഞ രണ്ട് കേസുകളിലും കോടതി കൈകാര്യം ചെയ്തത് ഒന്നുകിൽ ഹിന്ദുവിവാഹനിയമത്തിലെ 13-ാം വകുപ്പ് പ്രകാരം വിവാഹമോചനത്തിനുള്ള ഒരു അസ്സൽ ഹർജി തീർപ്പാക്കുന്നിതിനിടയിൽ, ഭാഗികമായി നടപ്പിലാക്കപ്പെട്ട കക്ഷികൾ ഒപ്പിട്ട 'സമ്മത നിബന്ധനകൾ' നടപ്പിലാക്കിയതിൻ പ്രകാരം, ആക്ടിന്റെ 13 B വകുപ്പിൻ കീഴിൽ പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചന ഹർജിയാക്കി മാറ്റുന്നതിന്, അല്ലെങ്കിൽ ആക്റ്റിന്റെ 13 B വകുപ്പ് പ്രകാരമുള്ള ബന്ധം വേർപെടുത്തുന്നതിന് നിലവിലുള്ള ഹർജിയും പൈസയും സ്വർണ്ണാഭരണങ്ങളും തിരികെ ലഭിക്കുന്നതിനും ജീവനാംശത്തിനുമുള്ള ഹർജി എന്നിവ പിൻവലിച്ച് ഉഭയ സമ്മതപ്രകാരം ബന്ധം വേർപെടുത്തുന്നതിന് ഒറിജിനൽ ഹർജി ഫയൽ ചെയ്യുകയും ഒത്തുതീർപ്പ് കരാറിന്റെ അടിസ്ഥാനത്തിൽ ഭാര്യക്കൊരു ലാഭം ഉണ്ടാകുകയും ചെയ്തവയാണ്. സുരഷ്താ ദേവി കേസിൽ [(1991) 2 SCC 25] പരമോന്നത കോടതി സ്ഥാപിച്ച നിയമം പരാമർശിച്ചശേഷം പ്രകാശ് ആലുമൽ കലന്ദാരി [AIR 2011 Bom. 119] കേസിൽ ബോംബെ ഹൈക്കോടതി 'ആക്റ്റിന്റെ 13 B വകുപ്പ്' പ്രകാരം ലളിതമായി പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനത്തിനായാണ് ഹർജി ഫയൽ ചെയ്തിട്ടുള്ളതെങ്കിൽ കക്ഷികൾ നൽകിയിട്ടുള്ള സമ്മതം വിവാഹമോചനത്തിന്റെ വിധി പാസാക്കുന്ന തീയതി വരെ തുടരുന്നുണ്ടെന്ന് കോടതി സ്വയം തൃപ്തിപ്പെടണമെന്ന് നിരീക്ഷിച്ചു. ഏതെങ്കിലും ഒരു കക്ഷി ഏകപക്ഷിയമായി അവന്റെ / അവളുടെ സമ്മതം പിൻവലിക്കുകയാണെങ്കിൽ കൂടി ആക്റ്റിന്റെ 13 B വകുപ്പ് നൽകുന്ന അധികാരത്തിന്റെ വെളിച്ചത്തിൽ പരസ്പരം സമ്മതപ്ര

കാരമുള്ള വിവാഹമോചനം അനുവദിക്കാനുള്ള അധികാരിത കോടതിക്ക് ലഭിക്കുന്നില്ല.”

20. നിലവിലുള്ള കേസിലും, വിവാഹമോചനത്തിനുള്ള ഹർജിയും കുട്ടിയുടെ കസ്റ്റഡിക്കും പൈതൃക സ്വത്തിനുമടക്കമുള്ളവക്കായി വിവിധ കോടതികളിൽ കക്ഷികൾ തമ്മിലുള്ള അനവധി വ്യവഹാരങ്ങൾ കെട്ടിക്കിടപ്പുണ്ട്. ആ കേസുകളെല്ലാം ഒത്തുതീർപ്പിലൂടെ രാജിയാവുകയും പരസ്പരസമ്മതപ്രകാരമുള്ള വിവാഹമോചനത്തിന് കക്ഷികൾ സമ്മതിക്കുകയും ചെയ്തു. അതുപ്രകാരം വിവാഹമോചനത്തിനുള്ള സംയുക്ത ഹർജി ഫയൽ ചെയ്യുകയും, പണം ഭാഗികമായി വാങ്ങുകയും, തീർപ്പാക്കാത്ത കേസുകൾ ഉപേക്ഷിക്കുകയും ചെയ്തതിനുശേഷം അന്തിമ ഘട്ടത്തിൽ കക്ഷികളുടെ സമ്മതം രേഖപ്പെടുത്തുന്നതിനായി കേസ് തെളിവിനായെടുത്തപ്പോൾ, അപ്പീൽകക്ഷി തന്റെ സമ്മതം പിൻവലിച്ചു.

21. ഈ സാഹചര്യത്തിൽ, നിലവിലുള്ള കേസ് മേൽപ്പറഞ്ഞ പ്രകാശ് ആലുമൽ കലന്ദാരി, ബെന്നി കേസുകളിലെ തീരുമാനത്തിന്റെ പരിധിയിൽ വരുന്ന ഒന്നാണെന്നും അപ്രകാരം അപ്പീൽകക്ഷി പിന്നീട് സമ്മതം പിൻവലിച്ചെങ്കിൽ കൂടി, ഒ. പിയിൻമേലുള്ള കുടുംബക്കോടതിയുടെ വിധി ന്യായീകരിക്കപ്പെടുന്നു. കുടുംബക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ എന്തെങ്കിലും നിയമ വിരുദ്ധതയോ ക്രമവിരുദ്ധതയോ ഞങ്ങൾക്ക് കണ്ടെത്താൻ കഴിയുന്നില്ല, അപ്രകാരം ഈ അപ്പീൽ തള്ളിക്കളയാൻ ബാധ്യസ്ഥമാണ്.

തത്ഫലമായി ഈ അപ്പീൽ തള്ളിക്കളയുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് മുരളി പുരുഷോത്തമൻ

WP(C) No. 23088/2023

**നിക്കി വർഗ്ഗീസ് ജോണിനുവേണ്ടി**

**മുക്ത്യാർ വർഗ്ഗീസ് ജേക്കബ്ബ് - ഹർജിക്കാരൻ**

**v.**

**റവന്യു ഡിവിഷണൽ ഓഫീസർ/**

**സബ്കളക്ടർ, മൂവാറ്റുപുഴയും മറ്റുള്ളവരും - എതിർകക്ഷികൾ**

2024 ഫെബ്രുവരി 12-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ 4(4f) ചട്ടത്തിനൊപ്പം 5(4)(i) വകുപ്പ് കൂട്ടിവായിച്ച് പാസ്സാക്കിയ ഒരു ഉത്തരവ് പുന:പരിശോധിക്കുവാൻ ആർ.ഡി.ഒക്ക് യാതൊരു അധികാരങ്ങളും നൽകുന്നില്ല. നിയമം വ്യവസ്ഥ ചെയ്താൽ മാത്രമേ പുനഃപരിശോധന അധികാരം വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ എന്നത് ന്യായമായ നിയമമാണ്. അപ്രകാരമൊരു വ്യവസ്ഥ നിയമത്തിലില്ലെങ്കിൽ, അധികാരികൾക്ക് അപ്രകാരമുള്ള പുനഃപരിശോധനാധികാരം പ്രയോഗിക്കുവാൻ കഴിയുകയില്ല. നരേഷ് കുമാറും മറ്റുള്ളവരും v. ഡൽഹി NCT സർക്കാർ [(2019)9 SCC 416:2019 (5) KHC 215] കേസിൽ നിരവധി വിധികൾ ചൂണ്ടിക്കാട്ടി പുനഃപരിശോധന അധികാരം വിനിയോഗിക്കണമെങ്കിൽ നിയമത്തിൽ അപ്രകാരം വ്യവസ്ഥ ചെയ്തിരിക്കണമെന്നത് ഊന്നിപ്പറഞ്ഞു.**

### വിധിന്യായം

### ജസ്റ്റിസ് മുരളി പുരുഷോത്തമൻ

പുത്തൻകുരിശ് എസ്.ആർ.ഒ യിലെ 11-01-2006-ലെ 279/2006 നമ്പർ വിലയാധാരപ്രകാരം കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ്ശ് വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീസർവ്വെ 274/12, 274/13-ൽ പെടുന്ന 18.10 ആർ (44.72 സെന്റ്) ഭൂമി ഹർജിക്കാരിയുടെ ഉടമസ്ഥതയിലും കൈവശത്തിലുമാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ [ചുരുക്കത്തിൽ 2008-ലെ ആക്റ്റ്]5(4) (i) വകുപ്പിൻകീഴിൽ പ്രസിദ്ധപ്പെടുത്തിയ ഡേറ്റാ ബാങ്കിൽ പ്രസ്തുത ഭൂമി നെൽവയലായി ഉൾപ്പെടുത്തിയിട്ടുള്ളതും അടിസ്ഥാന നികുതി രജിസ്റ്ററിൽ 'നിലം' എന്ന് ഇനം തിരിച്ചിട്ടുള്ളതുമാണ്.

2. 29-11-2021-ൽ ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ പ്രസ്തുത ഭൂമിയെ ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി കിട്ടുന്നതിനായി അപേക്ഷ നൽകി. രണ്ടാം എതിർകക്ഷിയായ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി എക്സിബിറ്റ് പി 2 റിപ്പോർട്ടിലൂടെ പ്രസ്തുത ഭൂമി 2008-ന് മുമ്പായി തരംമാറ്റിയിട്ടുള്ളതാണെന്നും ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുമായി ശിപാർശ ചെയ്തു. എക്സിബിറ്റ് പി 2 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ [ചുരുക്കത്തിൽ 2008-ലെ ചട്ടങ്ങൾ] 4(4F) ചട്ടപ്രകാരം ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 24-01-2022-ലെ എക്സിബിറ്റ് പി 3 ഉത്തരവ് പാസ്സാക്കി.

3. അതിനെ തുടർന്ന് 2008 ആക്റ്റിലെ 27A വകുപ്പ് പ്രകാരം 6-ാം നമ്പർ ഫാറത്തിൽ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിനായി ആർ.ഡി.ഒ മുമ്പാകെ എക്സിബിറ്റ് പി4 അപേക്ഷ സമർപ്പിച്ചു. തുടർന്ന് ആർ.ഡി.ഒ വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് തേടുകയും എക്സിബിറ്റ് പി5 റിപ്പോർട്ടിൽ ഫീസ് അടവാക്കി അപേക്ഷ അനുവദിക്കാമെന്ന് വില്ലേജ് ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു. എന്നാൽ 6-ാം നമ്പർ ഫാറത്തിൽ നൽകിയ എക്സിബിറ്റ് പി 4 അപേക്ഷ 21-02-2023 ലെ എക്സിബിറ്റ് പി 7 ഉത്തരവിലൂടെ ആർ.ഡി.ഒ നിര

സിക്കുകയും ഡേറ്റാ ബാങ്കിൽ നിന്നും ഭൂമി ഒഴിവാക്കിയ എക്സിബിറ്റ് പി3 ഉത്തരവ് തിരിച്ചു വിളിക്കുകയും ചെയ്തു. ജൂനിയർ സൂപ്രണ്ടിന്റെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമി റോഡിനേക്കാളും തെക്കേഭാഗത്തെ വസ്തുവിനേക്കാളും 1.5 മീറ്റർ താഴ്ന്നാണ് കിടക്കുന്നതെന്നും ഇതുവരെ പരിവർത്തനം ചെയ്യപ്പെട്ടിട്ടില്ലെന്നും എക്സിബിറ്റ് പി 7 ൽ പറയുന്നു. 2008 ആക്റ്റിലെ 5(4)(i) വകുപ്പിലെ പരിമിതി വ്യവസ്ഥയിൻകീഴിൽ പാസ്സാക്കപ്പെട്ട എക്സിബിറ്റ് പി3 ഉത്തരവ് പുനഃപരിശോധന ചെയ്യാനുള്ള അധികാരം ആർ.ഡി.ഒ-ക്കില്ല എന്ന കാരണത്താൽ ഹർജിക്കാരി എക്സിബിറ്റ് പി7 ഉത്തരവ് ചോദ്യം ചെയ്തു.

4. ഹർജിക്കാരിയുടെ അഭിഭാഷകനേയും എതിർകക്ഷികൾക്കുവേണ്ടി ഹാജരായ സർക്കാർ അഭിഭാഷകനേയും കേട്ടു.

5. 2008 ആക്റ്റിന്റെ 5(4)(i) വകുപ്പിലെ നിബന്ധനകൾക്കനുസരിച്ച് പ്രസിദ്ധീകരിച്ച ഡേറ്റാ ബാങ്കിൽ ഹർജിക്കാരിയുടെ ഭൂമി ഉൾപ്പെട്ടിരുന്നു. 5(4)(i) വകുപ്പിലെ പരിമിതി വ്യവസ്ഥ പ്രകാരം ഡേറ്റാ ബാങ്കിൽ നിന്നും ഭൂമി ഒഴിവാക്കുന്നതിന് 2008 ചട്ടങ്ങളിലെ 4D ചട്ടത്തിൻകീഴിൽ 5-ാം നമ്പർ ഫാറത്തിൽ അപേക്ഷ ആർ.ഡി.ഒ ക്ക് നൽകാവുന്നതും 4 (4E), 4 (4F) ചട്ടം വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമം പാലിച്ച് അങ്ങനെയുള്ള അപേക്ഷ ആർ.ഡി.ഒ തീർപ്പാക്കേണ്ടതാകുന്നു. പ്രസ്തുത അധികാരമുപയോഗിച്ചും നടപടിക്രമം പാലിച്ചും എക്സിബിറ്റ് പി3 ഉത്തരവിലൂടെ ആർ.ഡി.ഒ ഭൂമി ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയശേഷം 2008 ആക്റ്റിലെ 27A വകുപ്പ് പ്രകാരം 6-ാം നമ്പർ ഫാറത്തിൽ ഭൂമിയുടെ തരംമാറ്റാനായി അപേക്ഷ നൽകിയപ്പോൾ പ്രസ്തുത അപേക്ഷ നിരസിച്ചുകൊണ്ട് എക്സിബിറ്റ് പി7 ഉത്തരവ് ഇറക്കുകയും ഡേറ്റാ ബാങ്കിൽ നിന്നും ഭൂമി ഒഴിവാക്കിയ എക്സിബിറ്റ് പി3 ഉത്തരവ് തിരിച്ചുവിളിക്കുകയും ചെയ്തു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ 4(4f) ചട്ടത്തിനൊപ്പം 5(4)(i) വകുപ്പ് കൂട്ടിവായിച്ച് പാസ്സാക്കിയ ഒരു ഉത്തരവ് പുന:പരിശോധിക്കുവാൻ ആർ.ഡി.ഒക്ക് യാതൊരു അധികാരങ്ങളും നൽകുന്നില്ല. നിയമം വ്യവസ്ഥ ചെയ്താൽ മാത്രമേ പുനഃപരിശോധന അധികാരം വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ എന്നത് ന്യായമായ നിയമമാണ്. അപ്രകാരമൊരു വ്യവസ്ഥ നിയമത്തിലില്ലെങ്കിൽ, അധികാരികൾക്ക് അപ്രകാരമുള്ള പുനഃപരിശോധനാധികാരം പ്രയോഗിക്കുവാൻ കഴിയുകയില്ല. നരേഷ് കുമാറും മറ്റുള്ളവരും v. ഡൽഹി NCT സർക്കാർ [(2019)9 SCC 416:2019 (5) KHC 215] കേസിൽ നിരവധി വിധികൾ ചൂണ്ടിക്കാട്ടി പുനഃപരിശോധന അധികാരം വിനിയോഗിക്കണമെങ്കിൽ നിയമത്തിൽ അപ്രകാരം വ്യവസ്ഥ ചെയ്തിരിക്കണമെന്നത് ഊന്നിപ്പറഞ്ഞു.

"12. നിയമം വ്യവസ്ഥ ചെയ്യുമ്പോൾ മാത്രമേ പുനഃപരിശോധന അധികാരം വിനിയോഗിക്കാൻ കഴിയൂ എന്നത് സ്ഥിരീകരിക്കപ്പെട്ട നിയമമാണ്. ബന്ധപ്പെട്ട നിയമത്തിൽ അത്തരം വ്യവസ്ഥകളൊന്നും ഇല്ലെങ്കിൽ, ബന്ധപ്പെട്ട അധികാരികൾക്ക് അത്തരം പുനഃപരിശോധന അധികാരം പ്രയോഗിക്കാൻ കഴിയില്ല. കലാഭാരതി അഡ്വർടൈസിംഗ് v. ഹേമന്ത് വിമൽനാഥ് നരിചാനിയ (2010) 9 SCC 437 എന്ന കേസിൽ ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"......... 12. ജുഡീഷ്യൽ/അർദ്ധ ജുഡീഷ്യൽ ഉത്തരവുകളുടെ കാര്യത്തിൽ, ചട്ടം/നിയമങ്ങൾ അനുവദിക്കുന്നില്ലെങ്കിൽ, പുനഃപരിശോധന അപേക്ഷ നിലനിൽക്കില്ല എന്നത് സ്ഥിരീകരിക്കപ്പെട്ട നിയമമാണ്. ആക്റ്റിൽ പ്രകടമായ പുനഃപരിശോധന അധികാരം നൽകുന്ന വ്യവസ്ഥയുടെ അഭാവത്തിൽ, പുനഃപരിശോധന നടത്താൻ കഴിയില്ലെന്നും പുനഃപരിശോധന ഉത്തരവ് പാസാക്കിയാൽ അത് നിയമവിരുദ്ധവും അധികാരപരിധിക്കപ്പുറത്തുള്ളതുമാണ്. (പട്ടേൽ ചുനിഭായ് ദാജിഭ v. നാരായൺറാവു ഖണ്ഡേറാവു ജംബേക്കറും [AIR 1965 SC 1457], ഹർഭജൻ സിംഗ് v. കരം സിംഗ് [AIR 1966 SC 641] നോക്കുക.)

13. പട്ടേൽ നർഷി താക്കർഷി v. പ്രദ്യുമൻ സിംഗ്ജി അർജുൻസിംഗ്ജി [(1971) 3 SCC 844 : AIR 1970 SC 1273], മേജർ ചന്ദ്ര ഭാൻ സിംഗ് v. ലതാഫത്ത് ഉള്ളാ ഖാൻ [(1979) 1 SCC കുന്ദേഷ് ഗുപ്ത (ഡോ.) v. ഹിന്ദു കന്യാ മഹാവിദ്യാലയ [(1987) 4 SCC 525 : 1987 SCC (L&S) 491 : AIR 1987 SC 2186], ഒറീസ്സ സംസ്ഥാനം v. കമ്മീഷണർ ഓഫ് ലാൻഡ് റെക്കോർഡ്സ് & സെറ്റിൽമെന്റ് [(1998) 7 SCC 162], സുനിത ജെയിൻ v. പവൻ കുമാർ [(2008) (2 SCC) 705 : (2008) 1 SCC (Cri) 537] എന്ന കേസുകളിൽ പുനഃപരിശോധന ചെയ്യാനുള്ള അധികാരം ഒരു അന്തർലീനമായ അധികാരമല്ലെന്ന് ഈ കോടതി വിധിച്ചു. ഇത് നിയമം മുഖേന വ്യക്തമായോ / പ്രത്യേകമായോ അല്ലെങ്കിൽ ആവശ്യമായ സൂചനകൾ മുഖേനയോ നൽകേണ്ടതാണ്, കൂടാതെ പുനഃപരിശോധന നിയമത്തിന്റെ ഒരു സൃഷ്ടിയായതിനാൽ, നിയമത്തിലെ / ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അഭാവത്തിൽ, മുമ്പത്തെ ഉത്തരവിന്റെ പുനഃപരിശോധന അനുവദനീയമല്ല. പുനഃപരിശോധനക്കുള്ള അധികാരികത, നിയമത്തിൽ നിന്നു തന്നെ ഉരുത്തിരിയണം. അതിനാൽ, അതിനുള്ള നിയമപരമായ വ്യവസ്ഥ

കളുടെ അഭാവത്തിൽ പുനഃപരിശോധനക്കുള്ള ഏത് ഉത്തരവും അധികാരപരിധിയില്ലാത്തതിനാൽ അസാധുവാണ്.

14. അതിനാൽ, മേൽപ്പറഞ്ഞ വീക്ഷണത്തിൽ, പുനഃപരിശോധന അനുവദിക്കുന്ന നിയമപരമായ വ്യവസ്ഥകളുടെ അഭാവത്തിൽ, പുനഃപരിശോധനക്കോ വ്യക്തതക്കോ / പരിഷ്ക്കരണത്തിനോ / തിരുത്തലുകളുടെ രൂപത്തിലോ നൽകുന്ന അപേക്ഷ അനുവദനീയമല്ലെന്ന് നിയമത്തിനെ സംഗ്രഹിക്കാം."

2008-ലെ നിയമമോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ ഡേറ്റാ ബാങ്കിൽ നിന്നും ഭൂമി ഒഴിവാക്കിയ ഒരു ഉത്തരവ് പുനഃപരിശോധന ചെയ്യാനുള്ള യാതൊരു അധികാരവും ആർ.ഡി.ഒ യ്ക്ക് നൽകുന്നില്ല. എക്സിബിറ്റ് പി3 ഉത്തരവ് പിൻവലിച്ചുകൊണ്ടുള്ള എക്സിബിറ്റ് പി7 ഉത്തരവ് അതിനാൽ നിലനിൽക്കുന്നതല്ല. അതുപ്രകാരം എക്സിബിറ്റ് പി3 ഉത്തരവിനെ തിരിച്ചുവിളിക്കുന്ന പരിധിവരെയുള്ള എക്സിബിറ്റ് പി7 ഉത്തരവ് ദുർബലപ്പെടുത്തുന്നു."

6. 2008 ആക്റ്റിന്റെ 27A വകുപ്പുപ്രകാരം 6-ാം നമ്പർ ഫാറത്തിൽ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിനായി ഹർജിക്കാരൻ നൽകിയ പി4 അപേക്ഷ ആർ.ഡി.ഒ നിരസിച്ചത്, പ്രസ്തുത ഭൂമി താഴ്ന്ന നിരപ്പിൽ കിടക്കുന്നതും തരം മാറ്റിയിട്ടില്ലാത്തതുമായ ഭൂമിയാണെന്ന ജൂനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തെക്കുറിച്ച് പ്രതിപാദിക്കുന്ന 2008 ആക്റ്റിന്റെ 27A വകുപ്പും അതിലെ (2)-ാം ഉപവകുപ്പും പ്രകാരം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും സമീപ നെൽപ്പാടങ്ങളിലേക്കുള്ള ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കിയും അങ്ങനെയെന്തെങ്കിലും ഉണ്ടെങ്കിൽ ആവശ്യമെന്ന് കരുതുന്ന ജലസംരക്ഷണ നടപടികൾ സ്വീകരിച്ചുമാണ് ഭൂമിയുടെ സ്വഭാവമാറ്റത്തിനായുള്ള അപേക്ഷയിൻമേൽ ആർ.ഡി.ഒ അത്തരം ഉത്തരവുകൾ പാസ്സാക്കേണ്ടത്. 2008 ചട്ടങ്ങളുടെ ചട്ടം 12 വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തിനുള്ള നടപടിക്രമങ്ങൾ വിവരിക്കുന്നു. ചട്ടം 12(4) പ്രകാരം ഫോറം 6-ലുള്ള അപേക്ഷ ലഭിച്ചാൽ, ആർ.ഡി.ഒ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അപേക്ഷ അയച്ചുകൊടുക്കേണ്ടതും, വില്ലേജ് ഓഫീസർ അപേക്ഷയിൻമേൽ ഒരു അന്വേഷണം നടത്തേണ്ടതും റിപ്പോർട്ട് ആർ.ഡി.ഒ ക്ക് സമർപ്പിക്കേണ്ടതുമാണ്. ഭൂമിയുടെ സ്വഭാവമാറ്റം അനുവദിച്ചാൽ, സമീപത്തുള്ള നെൽപ്പാടങ്ങളിലേക്കുള്ള ജലത്തിന്റെ സ്വതന്ത്രമായ ഒഴുക്കിന് ഏതെങ്കിലും തരത്തിലുള്ള തടസ്സത്തിന് കാരണമാകുമോ എന്ന് വില്ലേജ് ഓഫീസർ ചട്ടം 12(5) പ്രകാരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവമാറ്റത്തിനായുള്ള 6-ാം നമ്പർ ഫാറത്തിലെ അപേക്ഷ പരിഗണിക്കുമ്പോൾ വിലയിരുത്തേണ്ട ഒരേ ഒരു കാര്യം ഭൂമിയുടെ അത്തരം സ്വഭാവമാറ്റം എന്തെങ്കിലും തരത്തിൽ സമീപ നെൽപ്പാടങ്ങളിലേക്കുള്ള ജലപ്രവാഹത്തിന്റെ സ്വതന്ത്രമായ ഒഴുക്കിനെ ബാധിക്കുമോ എന്നും അത്തരം സ്വഭാവമാറ്റം സമീപഭൂമിയിലെ നെൽകൃഷിയേയോ മറ്റേതെങ്കിലും കൃഷിയേയോ, അങ്ങനെയെന്തെങ്കിലുമുണ്ടെങ്കിൽ, ദോഷകരമായി ബാധിക്കുമോ എന്നതുമാണെന്ന് ജോർജ്ജ് വർഗ്ഗീസ് v. ഡിസ്ട്രിക്റ്റ് കളക്ടർ 2023 (7) KHC 93 കേസിൽ മേൽവ്യവസ്ഥകൾ വ്യാഖ്യാനിച്ചുകൊണ്ട് ഈ കോടതി വിധിച്ചു. 6-ാം നമ്പർ ഫാറത്തിലെ എക്സിബിറ്റ് പി4 അപേക്ഷ നിരസിക്കുന്നതിനു മുമ്പായി ഇത്തരം വസ്തുതകളൊന്നും തന്നെ ആർഡി.ഒ കണക്കിലെടുക്കുകയോ, വിലയിരുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ 6-ാം നമ്പർ ഫാറത്തിലുള്ള എക്സിബിറ്റ് പി4 അപേക്ഷ നിരസിച്ച എക്സിബിറ്റ് പി7 ഉത്തരവ് നിലനിൽക്കുന്നതല്ല.

7. തത്ഫലമായി എക്സിബിറ്റ് പി7 ഉത്തരവ് റദ്ദാക്കുന്നു.

ഹർജിക്കാരൻ സമർപ്പിച്ച 6-ാം നമ്പർ ഫാറത്തിലുള്ള എക്സിബിറ്റ് പി4 അപേക്ഷയിൻമേൽ വില്ലേജ് ഓഫീസർ എക്സിബിറ്റ് പി5 റിപ്പോർട്ട് നേരത്തേ തന്നെ സമർപ്പിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ എക്സിബിറ്റ് പി5 റിപ്പോർട്ട് പരിഗണിച്ച ശേഷം 6-ാം നമ്പർ ഫാറത്തിലുള്ള എക്സിബിറ്റ് പി4 അപേക്ഷ 1-ാം എതിർകക്ഷി പുന:പരിശോധിക്കേണ്ടതും ഈ വിധിന്യായം കൈപ്പറ്റി രണ്ട് മാസങ്ങൾക്കുള്ളിൽ ഉചിതമായ ഉത്തരവ് നിയമാനുസൃതമായി പുറപ്പെടുവിക്കേണ്ടതുമാണ്.

റിട്ട് ഹർജി തീർപ്പാക്കപ്പെടുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് എൻ. നഗരേഷ്

റിട്ട് ഹർജി (സിവിൽ) നം. 38402 / 2023

**സെബാസ്റ്റ്യൻ ജേക്കബ് – ഹർജിക്കാരൻ**

**v.**

**ഗതാഗത കമ്മീഷണറും മറ്റുള്ളവരും – എതിർകക്ഷികൾ**

( 05.03.2024- ന് വിധി പ്രസ്താവിച്ചത്)

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**1988–ലെ മോട്ടോർ വാഹന ആക്റ്റിന്റെ 9(3) വകുപ്പിലെ ക്ലിപ്തനിബന്ധനയുടെ ഉപവാക്യം (എ) (ഐ)–ഉം വകുപ്പ് 15(4)ലെ ക്ലിപ്തനിബന്ധയും തമ്മിൽ ചില പൊരുത്തക്കേടുകൾ ഉണ്ട്. പക്ഷേ, ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നത് സംബന്ധിച്ചിടത്തോളം, രണ്ട് കാരണങ്ങളാൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ മുൻ ലൈസൻസിന്റെ കാലാവധിയുടെ ഒരു വർഷത്തിന് ശേഷം നൽകിയാൽ, ഒരാൾ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് വിധേയനാകണം.**

**ഒന്നാമതായി, 9–ാം വകുപ്പ് ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം 15–ാം വകുപ്പ് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഹർജിക്കാരന്റെ കേസ്. അതിനാൽ, ഡ്രൈവിംഗ് ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷം കഴിഞ്ഞ് അപേക്ഷിച്ചാൽ, വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയിൽ വിജയിക്കണമെന്ന് നിർബന്ധമാക്കുന്ന വകുപ്പ് 15(4) ലെ 2–ാം ക്ലിപ്ത നിബന്ധന പ്രകാരമുള്ള ആവശ്യകത ഹർജിക്കാരൻ നിറവേറ്റേണ്ടതുണ്ട്.**

**രണ്ടാമതായി, 2019–ൽ കൊണ്ടുവന്ന ഭേദഗതികളിൽനിന്നും നിയമനിർമ്മാതാക്കളുടെ ഉദ്ദേശം വ്യക്തമാണ്. അതിലൂടെ, പഴയ ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് അപേക്ഷ നൽകിയതെങ്കിൽ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധന നിർബന്ധമാക്കികൊണ്ട് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട 15–ാം വകുപ്പ് ഭേദഗതി ചെയ്തു. അത്തരമൊരു സാഹചര്യത്തിൽ, മോട്ടോർ വാഹന നിയമത്തിൽ 2019–ൽ കൊണ്ടുവന്ന ഭേദഗതികളുമായി എക്സിബിറ്റ് 9 സർക്കുലർ യോജിക്കുന്നതായി ഞാൻ കാണുന്നു.**

**വിധിന്യായം**

**ജസ്റ്റിസ് എൻ. നഗരേഷ്**

ഒന്നാം എതിർകക്ഷി പുറപ്പെടുവിച്ച 15/10/2009 ലെ പി 9 ലക്ഷ്യരേഖ (Exhibit) സർക്കുലർ 1988–ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും തത്ഫലമായി ഒരു സെർഷ്യൊറെറ്റി (certiorari) റിട്ട് പുറപ്പെടുവിച്ച് അത് റദ്ദാക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്നു.

2. 02/11/2000-ൽ കർണാടകയിലെ പുത്തൂർ മേഖല ഗതാഗത ഓഫീസർ, ഹർജിക്കാരന് പി 1 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസ് അനുവദിച്ചു. തുടർന്ന് ഹർജിക്കാരൻ ജോലിക്കായി യു എ ഇ യിലേക്ക് പോയി. ലക്ഷ്യരേഖ പി 1 ഡ്രൈവിംഗ് ലൈസൻസ് 30/10/2020 വരെ സാധുവായിരുന്നു. യു എ ഇ യിൽ നിന്ന് ഹർജിക്കാരന് അവിടത്തെ ലൈസൻസിംഗ് അധികാരിയിൽ നിന്ന് ഡ്രൈവിംഗ് ലൈസൻസ് പി 2 ലക്ഷ്യരേഖ ലഭിച്ചു. പി 2 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസ് 14/04/2026 വരെ സാധുതയുള്ളതാണ്. കോവിഡ് –19 മഹാമാരി കാരണം ഹർജിക്കാരന് പി 1 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസ് പുതുക്കാൻ കഴിഞ്ഞില്ല.

3. ഹർജിക്കാരൻ ജൂൺ മാസത്തിൽ കേരളത്തിലെത്തി 15/07/2022-ന് പി 1 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിച്ചു. പി 3 ലക്ഷ്യരേഖ പ്രകാരം 14/07/2032 വരെ അതിന്റെ സാധുത നീട്ടിക്കൊണ്ട് മൂന്നാം എതിർകക്ഷി ജോയിന്റ് ആർറ്റിഒ ലൈസൻസ് പുതുക്കി. ലാമിനേറ്റഡ് ഡ്രൈവിംഗ് ലൈസൻസിന് പകരം സ്മാർട്ട് കാർഡ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് ഹർജിക്കാരൻ പി 4 ലക്ഷ്യരേഖ അപേക്ഷ സമർപ്പിച്ചു. ഹർജിക്കാരനെ ആശ്ചര്യപ്പെടുത്തിക്കൊണ്ട്

ഏഴ് ദിവസത്തിനകം രണ്ടാം എതിർകക്ഷിയായ ജോയിന്റ് ആർറ്റിഒ മുമ്പാകെ ഹാജരാകാനും മറുപടി നൽകാനും ഹർജിക്കാരനോട് നിർദ്ദേശിച്ചു കൊണ്ട് 16/10/2023-ലെ കാരണം കാണിക്കൽ നോട്ടീസ് പി 6 ലക്ഷ്യരേഖ ഹർജിക്കാരന് ലഭിച്ചു. രണ്ടാം എതിർകക്ഷി മുമ്പാകെ ഹാജരാകാൻ തനിക്ക് കഴിയില്ലെന്നും അതിനാൽ മറുപടി നൽകാൻ സമയം ആവശ്യപ്പെട്ട് ഹർജിക്കാരൻ പി 7 ലക്ഷ്യരേഖ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും പറയുന്നു.

4. രണ്ടാം എതിർകക്ഷി വീണ്ടും 30/10/2023 തീയതിയിൽ പി 8 ലക്ഷ്യരേഖ കാരണം കാണിക്കൽ നോട്ടീസ് നൽകി. പി 9 ലക്ഷ്യരേഖ 15/10/2019-തീയതിയിലെ 2019-ലെ 9-ാംനമ്പർ സർക്കുലർ നിർബന്ധമാക്കിയ പ്രകാരം, ഹർജിക്കാരൻ ലൈസൻസ് പുതുക്കുമ്പോൾ യോഗ്യതാ റോഡ് ടെസ്റ്റിന് വിധേയമാവാത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയതായി അന്വേഷണത്തിൽ നിന്ന് മനസ്സിലാക്കി.

5. പി 9 ലക്ഷ്യരേഖ സർക്കുലർ വ്യക്തതയുള്ളതാണെന്ന് ഹർജിക്കാരൻ പറയുന്നു. പി 9 ലക്ഷ്യരേഖ സർക്കുലർ അനുസരിച്ച്, കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിലും എന്നാൽ അഞ്ച് വർഷത്തിന് മുമ്പും ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്ന ഏതൊരു വ്യക്തിയും, ലേണേഴ്സ് ലൈസൻസിന് ഒരു അപേക്ഷ സമർപ്പിക്കുകയും, കൂടാതെ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷകൻ ഡ്രൈവിംഗ് പരീക്ഷക്കും യോഗ്യതാ റോഡ് പരീക്ഷക്കും വിധേയമാവുകയും വേണം.

6. 1988-ലെ മോട്ടോർ വാഹന ആക്റ്റിന്റെ 9(3)(എ)(ഐ) വകുപ്പ് പ്രകാരം, അപേക്ഷകൻ മുമ്പ് ഡ്രൈവിംഗ് ലൈസൻസ് കൈവശം വെച്ചിട്ടുണ്ടെന്നും ലൈസൻസിന്റെ കാലഹരണപ്പെടുന്ന തീയതിക്കും അപേക്ഷയുടെ തീയതിക്കും ഇടയിലുള്ള കാലയളവ് അഞ്ച് വർഷത്തിൽ കവിയുന്നില്ലെന്നും കാണിക്കാൻ അപേക്ഷകൻ തെളിവ് ഹാജരാക്കുന്നിടത്ത് അത്തരം പരിശോധന ആവശ്യമില്ലെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടുന്നു. മോട്ടോർ വാഹന ആക്റ്റിന്റെ വകുപ്പ് 15(4) ന്റെ ക്ലിപ്ത നിബന്ധന പ്രകാരം, ഡ്രൈവിംഗ് ലൈസൻസ് പ്രാബല്യത്തിൽ ഇല്ലാതെയായി ഒരു വർഷത്തിന് ശേഷമാണ് അപേക്ഷ നൽകുന്നതെങ്കിൽ, അപേക്ഷകൻ ഡ്രൈവിംഗ് യോഗ്യതാ പരീക്ഷക്ക് വിധേയനായി അത് പാസ്സാകാത്തപക്ഷം, ലൈസൻസിംഗ് അധികാരി ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നത് വിസമ്മതിക്കണമെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടി.

7. ഹർജിക്കാരന്റെ അഭിപ്രായത്തിൽ, 9(3), 15(4) എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് വായിക്കുമ്പോൾ, കാലഹരണപ്പെട്ട് ഒരു വർഷത്തിനു ശേഷം എന്നാൽ അഞ്ച് വർഷത്തിന് മുമ്പ് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്നവർ അത്തരത്തിലുള്ള പരീക്ഷക്ക് വിധേയമാകേണ്ടതില്ല എന്ന് കാണിക്കുന്നു.

8. ഹർജിക്കാരന്റെ അഭിഭാഷകനെയും എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ സർക്കാർ വക്കീലിനെയും ഞാൻ കേട്ടു.

9. പുത്തൂർ ആർ.റ്റി.ഒ. ഹർജിക്കാരന് പി 1 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസ് 02.11.2000-ലാണ് അനുവദിച്ചത്. 31.10.2000 മുതൽ 30.10.2020 വരെ ലൈസൻസ് സാധുവാണ്. പി 1 ലക്ഷ്യരേഖ ലൈസൻസ് കാലഹരണപ്പെടുന്നതിന് മുമ്പ് ഹർജിക്കാരന് പുതുക്കാനായില്ല. ഹർജിക്കാരൻ 15.07.2022-ന് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. കൊടുവള്ളി ജോയിന്റ് ആർ.റ്റി.ഒ. പുതുക്കൽ അനുവദിക്കുകയും പുതുക്കി നൽകിയ പി 3 ലക്ഷ്യരേഖ ഡ്രൈവിംഗ് ലൈസൻസിന് 02.11.2000 മുതൽ 14.07.2032 വരെ സാധുതയുമുണ്ട്.

10. ഹർജിക്കാരൻ അയാളുടെ ലാമിനേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് മാറ്റി പകരം സ്മാർട്ട് കാർഡ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചപ്പോൾ ഡ്രൈവിംഗ് ലൈസൻസ് പുതുക്കി നൽകിയത് നിയമവിരുദ്ധമാണ് എന്ന് ആരോപിച്ച് ഹർജിക്കാരന് പി 6 ലക്ഷ്യരേഖ കാരണം കാണിക്കൽ നോട്ടീസ് നൽകി. പി 8 ലക്ഷ്യരേഖയിലൂടെ, ഹർജിക്കാരനോട് ഫോം 1-എയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ ആവശ്യപ്പെട്ടു.

11. ലൈസൻസ് പുതുക്കുന്നതിനായി വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് അപേക്ഷകൻ വിധേയനായിട്ടില്ലാത്തതിനാലാണ് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നത് നിയമവിരുദ്ധമാണെന്ന് പറയുന്നതെന്ന് ഹർജിക്കാരൻ വാദിക്കുന്നു. ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷത്തിന് ശേഷം എന്നാൽ അഞ്ച് വർഷത്തിന് മുമ്പ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിക്കുന്ന അപേക്ഷകൻ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് ഹാജരാകേണ്ടതില്ലെന്ന് 1988-ലെ മോട്ടോർ വാഹന ആക്റ്റിന്റെ 9(3)(എ)(ഐ) 15(4) എന്നീ വകുപ്പുകളുടെ സംയോജിത വായന കാണിക്കുമെന്നാണ് ഹർജിക്കാരന്റെ വാദം.

ഇതിന് വിരുദ്ധമായി 15/10/2019-തീയതിയിലെ 9/2019-ാം നമ്പർ സർക്കുലരിൽ പി 9 ലക്ഷ്യരേഖ അടങ്ങിയിരിക്കുന്ന നിർദേശം നിയമവിരുദ്ധമാണ്.

12. രണ്ടാം എതിർകക്ഷി റിട്ട് ഹർജിയിൽ ഒരു പത്രിക ഫയൽ ചെയ്തു. ഹർജിക്കാരൻ അങ്കമാലി എസ്.ആർ.ടി.ഒ.ക്ക് ഡ്രൈവിംഗ് ലൈസൻസ് മാറ്റിതരുവാനുള്ള അപേക്ഷ സമർപ്പിച്ചപ്പോൾ, കൊടുവള്ളി എസ്.ആർ.ടി.ഒ. നൽകിയ ഹർജിക്കാരന്റെ ലൈസൻസിന്റെ യഥാർത്ഥതയെക്കുറിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് സംശയം തോന്നിയതിനാലാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത് എന്ന് രണ്ടാം എതിർകക്ഷി പറയുന്നു. വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് വിധേയമാകാതെ ലൈസൻസ് പുതുക്കി നൽകപ്പെട്ടത് എങ്ങനെയെന്ന് വിശദീകരിക്കുന്നതിൽ ഹർജിക്കാരൻ പരാജയപ്പെട്ടു. മോട്ടോർ വാഹന അക്റ്റിന്റെ 19-ാം വകുപ്പ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഹർജിക്കാരന്റെ ഡ്രൈവിംഗ് ലൈസൻസ് തടഞ്ഞുവച്ചു. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടു.

13. 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ 9(3)(എ)(ഐ) 15(4) എന്നീ വകുപ്പുകൾ പ്രകാരം പഴയ ലൈസൻസ് കാലഹരണപ്പെട്ട തീയതി മുതൽ 5 വർഷത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷകൻ അപേക്ഷിച്ചതിനാൽ, വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് അപേക്ഷകൻ വിധേയനാകേണ്ടതില്ല എന്നാണ് ഹർജിക്കാരന്റെ വാദം. ആയതിനാൽ ഹർജിക്കാരൻ പി 9 ലക്ഷ്യരേഖ സർക്കുലറിനെ ചോദ്യം ചെയ്യുന്നു.

14. 9-ാംവകുപ്പിലെ (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകൾ താഴെ പറയും പ്രകാരമാണ്:

9. ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിന്:-

(1) ഡ്രൈവിംഗ് ലൈസൻസ് കൈവശം വയ്ക്കുന്നതിനോ നേടുന്നതിനോ തൽക്കാലം അയോഗ്യത ഇല്ലാത്ത ഏതൊരു വ്യക്തിക്കും,

(i) അയാൾ സാധാരണയായി താമസിച്ചുക്കൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ വ്യാപാരം നടത്തുന്നതോ, അഥവാ

(ii) അയാൾ മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള നിർദ്ദേശം സ്വീകരിക്കുന്നതോ ലഭിച്ചതോ ആയ വകുപ്പ് 12-ൽ പരാമർശിച്ചിരിക്കുന്ന സ്കൂളോ സ്ഥാപനമോ സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അയാൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിനായി സംസ്ഥാനത്തെ ഏതെങ്കിലും ലൈസൻസിംഗ് അധികാരിക്ക് അപേക്ഷിക്കാം.

2) ഉപവകുപ്പ് (1)-ന് കീഴിലുള്ള എല്ലാ അപേക്ഷകളും കേന്ദ്ര സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന ഫോമിലും ഫീസോടും കൂടി ആയിരിക്കണം.

3) അപേക്ഷകൻ കേന്ദ്ര സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന അത്തരം പരീക്ഷ വിജയിക്കുകയാണെങ്കിൽ അയാൾക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകപ്പെടുന്നതാണ്.

എന്നാൽ അപേക്ഷകൻ താഴെ പറയുന്ന തെളിവ് ഹാജരാക്കുന്നിടത്ത് അത്തരമൊരു പരിശോധന ആവശ്യമില്ല -

(a)(i) അപേക്ഷകന് മുമ്പ് അത്തരം വാഹനങ്ങൾ ഓടിക്കാനുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടാകുകയും, അപേക്ഷയുടെ തീയതിയും ലൈസൻസ് കാലഹരണപ്പെടുന്ന തീയതിയും തമ്മിലുള്ള കാലയളവ് അഞ്ച് വർഷം കവിയുകയും ചെയ്തിട്ടില്ല, അഥവാ

(ii) അപേക്ഷകൻ അത്തരം വാഹനം ഓടിക്കാൻ 18-ാം വകുപ്പിൻ കിഴിൽ അനുവദിച്ചിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ട് അല്ലെങ്കിൽ മുമ്പ് ഉണ്ടായിരുന്നു, അഥവാ

(iii) 8-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അപേക്ഷകൻ പാലിക്കുമെന്ന ഉപാധിക്ക് വിധേയമായി, ഇന്ത്യയ്ക്ക് പുറത്തുള്ള ഏതൊരു രാജ്യത്തിന്റെയും യോഗ്യതയുള്ള അധികാരസ്ഥാനം നൽകിയ ഡ്രൈവിംഗ് ലൈസൻസ് അപേക്ഷകനുണ്ട്.

(b) വാഹനമോടിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് അപകടത്തിന്റെ ഉറവിടമായേക്കാവുന്ന വൈകല്യം അപേക്ഷകനില്ലെന്നും; കൂടാതെ അപേക്ഷകനോട് ആ ആവശ്യത്തിനായി, 8-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന അതേ രൂപത്തിലും അതേ രീതിയിലുമുള്ള, ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ലൈസൻസിംഗ് അധികാരിക്ക് ആവശ്യപ്പെടാം.

എന്നാൽ അത്തരം മോട്ടോർ വാഹനം ഓടിക്കാൻ അപേക്ഷകൻ യോഗ്യനാണ് എന്നത് ലൈസൻസിംഗ് അധികാരിക്ക് തൃപ്തിപ്പെടുകയാണെങ്കിൽ, വാഹനം ഓടിക്കുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നൽകാവുന്നതാണ്.

അപേക്ഷകൻ മുമ്പ് ഒരു ഡ്രൈവിംഗ് ലൈസൻസ് കൈവശം വെച്ചിട്ടുണ്ടെന്നും ആ ലൈസൻസിന്റെ കാലഹരണപ്പെടുന്ന തീയതിക്കും അപേക്ഷയുടെ തീയതിക്കും ഇടയിലുള്ള കാലയളവ് അഞ്ച് വർഷത്തിൽ കവിയുന്നില്ലെന്നും കാണിക്കുന്നതിന് അപേക്ഷകൻ തെളിവ് ഹാജരാക്കിയാൽ ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട പരീക്ഷ ആവശ്യമില്ലെന്ന് വകുപ്പ് 9(3)-ലെ ആദ്യ ക്ലിപ്തനിബന്ധനയിലെ ഉപവാക്യം (എ)(ഐ) സൂചിപ്പിക്കുന്നു.

15. എന്നിരുന്നാലും, 01.09.2019 മുതൽ പ്രാബല്യത്തിൽ വന്ന 2019-ലെ 32-ാംനമ്പർ ആക്റ്റ് പ്രകാരം 1988-ലെ മോട്ടോർ വാഹന ആക്റ്റ് സമഗ്രമായ ഭേദഗതികൾക്ക് വിധേയമായിട്ടുണ്ട്. വകുപ്പ് 9(3) ഭേദഗതിക്ക് വിധേയമായിട്ടില്ലെങ്കിലും, ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകം കൈകാര്യം ചെയ്യുന്ന 15-ാം വകുപ്പ് ഭേദഗതിക്ക് വിധേയമായിട്ടുണ്ട്. ഭേദഗതിക്കുശേഷം 15-ാം വകുപ്പ് താഴെ കൊടുത്തിരിക്കുന്നതു പോലെയണ് :

15. ഡ്രൈവിംഗ് ലൈസൻസിന്റെ പുതുക്കൽ ---

(1) അപേക്ഷ നൽകിയാൽ, ഏതൊരു ലൈസൻസിംഗ് അധികാരിക്കും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നൽകിയ ഡ്രൈവിംഗ് ലൈസൻസ് അതിന്റെ കാലഹരണപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കാവുന്നതാണ്:

എന്നാൽ, ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലഹരണപ്പെടുന്ന തീയതിക്ക് ഒരു വർഷം മുമ്പോ അല്ലെങ്കിൽ അതിന്റെ കാലഹരണപ്പെട്ട തീയതിക്ക് ശേഷമുള്ള ഒരു വർഷത്തിനകമോ നൽകിയാൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കണം.

ഒരു ട്രാൻസ്പോർട്ട് വാഹനം ഓടിക്കാനുള്ള ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോ അപേക്ഷകന് നാൽപ്പത് വയസ്സ് തികഞ്ഞ മറ്റേതെങ്കിലും സാഹചര്യത്തിലോ, അതേ ഫോമിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് അതിനോടൊപ്പം ഉണ്ടായിരിക്കണം, 8-ാം വകുപ്പിലെ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന അതേ ഫോമിലും അതേ രീതിയിലുമുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് അതിനോടൊപ്പം ഉണ്ടായിരിക്കണം, കൂടാതെ 8-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ലേണേഴ്സ് ലൈസൻസിന് ബാധകമാകുന്ന വിധത്തിൽ അത്തരത്തിലുള്ള എല്ലാ കേസുകളിലും പറ്റാവുന്നിടത്തോളം ബാധകമാക്കണം.

(2) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന അത്തരം ഫോമിലും അത്തരം രേഖകൾ സഹിതവും നൽകേണ്ടതാണ്.

(3) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലഹരണപ്പെട്ട തീയതിക്ക് മുമ്പോ ഒരു വർഷത്തിന് മുമ്പോ കാലഹരണപ്പെട്ട തീയതി കഴിഞ്ഞ് ഒരു വർഷത്തിൽ കവിയാതെയോ നൽകിയാൽ, അത്തരത്തിലുള്ള പുതുക്കലിനായി അടയ്ക്കേണ്ട ഫീസ് കേന്ദ്ര സർക്കാർ ഇതിനായി നിർണ്ണയിക്കപ്പെടാവുന്ന സംഖ്യയായിരിക്കും.

(4) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലഹരണപ്പെട്ട തീയതി കഴിഞ്ഞ് ഒരു വർഷത്തിനു ശേഷം നൽകിയാൽ, അത്തരത്തിലുള്ള പുതുക്കലിനായി അടയ്ക്കേണ്ട ഫീസ് കേന്ദ്ര സർക്കാർ ഇതിനായി നിർണ്ണയിക്കപ്പെടാവുന്ന സംഖ്യയായിരിക്കും.

എന്നാൽ, ഉപവകുപ്പ് (3)-ൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അപേക്ഷിക്കാതിരിക്കുവാൻ മതിയായ കാരണത്താൽ അപേക്ഷകൻ തടയപ്പെട്ടതാണെന്ന് ബോധ്യപ്പെട്ടാൽ, ഈ ഉപവകുപ്പിന് കീഴിലുള്ള ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട്, ഉപവകുപ്പ് (3)-ൽ പരാമർശിച്ചിരിക്കുന്ന ഫീസ് ലൈസൻസിംഗ് അധികാരിക്ക് സ്വീകരിക്കാവുന്നതാണ്.

എന്നാൽ, ഡ്രൈവിംഗ് ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷം കഴിഞ്ഞാണ് അപേക്ഷ നൽകുന്നതെങ്കിൽ, 9-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് അപേക്ഷകൻ വിധേയനാകുകയും അധികാരിയെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ വിജയിക്കുകയും ചെയ്തില്ലെങ്കിൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കാൻ ലൈസൻസിംഗ് അധികാരി വിസമ്മതിക്കണം.

(5) പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെട്ടാൽ, അടച്ച ഫീസ് കേന്ദ്ര സർക്കാർ നിർണ്ണയിക്കപ്പെടാവുന്ന അളവിലും വിധത്തിലും അപേക്ഷകന് തിരികെ നൽകണം.

(6) ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്ന അധികാരി ഡ്രൈവിംഗ് ലൈസൻസ് നൽകിയ അധികാ

രിയല്ലെങ്കിൽ, ഡ്രൈവിംഗ് ലൈസൻസ് നൽകിയ അധികാരിയെ പുതുക്കുന്നതിന്റെ വസ്തുത അറിയിക്കേണ്ടതാണ്.

16. ഡ്രൈവിംഗ് ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷം കഴിഞ്ഞ് അപേക്ഷിച്ചാൽ, (ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന്) 9-ാംവകുപ്പിന്റ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് അപേക്ഷകൻ വിധേയനാകുകയും അധികാരിയെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ വിജയിക്കുകയും ചെയ്തില്ലെങ്കിൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കാൻ ലൈസൻസിംഗ് അധികാരി വിസമ്മതിക്കണമെന്ന് വകുപ്പ് 15(4) ലെ രണ്ടാമത്തെ ക്ലിപ്തനിബന്ധന നിർബന്ധമാക്കുന്നു.

17. 9(3) വകുപ്പിലെ ക്ലിപ്തനിബന്ധനയുടെ ഉപവാക്യം (എ)(ഐ)-ഉം വകുപ്പ് 15(4)ലെ ക്ലിപ്തനിബന്ധയും തമ്മിൽ ചില പൊരുത്തക്കേടുകൾ ഉണ്ട്. പക്ഷേ, ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നത് സംബന്ധിച്ചിടത്തോളം ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ മുൻ ലൈസൻസിന്റെ കാലാവധിയുടെ ഒരു വർഷത്തിന് ശേഷം നൽകിയാൽ, ഒരാൾ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് വിധേയനാകണമെന്ന് രണ്ട് കാരണങ്ങളാൽ ഞങ്ങൾ വിധിക്കുന്നു.

18. ഒന്നാമതായി, 9-ാം വകുപ്പ് ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം 15-ാം വകുപ്പ് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഹർജിക്കാരന്റെ കേസ്. അതിനാൽ, ഡ്രൈവിംഗ് ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷം കഴിഞ്ഞ് അപേക്ഷിച്ചാൽ, വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയിൽ വിജയിക്കണമെന്ന് നിർബന്ധമാക്കുന്ന വകുപ്പ് 15(4) ലെ 2-ാംക്ലിപ്തനിബന്ധന പ്രകാരമുള്ള ആവശ്യകത ഹരജിക്കാരൻ നിറവേറ്റേണ്ടതുണ്ട്.

19. രണ്ടാമതായി, 2019-ൽ കൊണ്ടുവന്ന ഭേദഗതികളിൽനിന്നും നിയമനിർമ്മാതാക്കളുടെ ഉദ്ദേശം വ്യക്തമാണ്. അതിലൂടെ, പഴയ ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് അപേക്ഷ നൽകിയതെങ്കിൽ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധന നിർബന്ധമാക്കികൊണ്ട് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട 15-ാംവകുപ്പ് ഭേദഗതി ചെയ്തു. അത്തരമൊരു സാഹചര്യത്തിൽ, മോട്ടോർ വാഹന നിയമത്തിൽ 2019-ൽ കൊണ്ടുവന്ന ഭേദഗതികളുമായി പി 9 ലക്ഷ്യരേഖ സർക്കുലർ യോജിക്കുന്നതായി ഞാൻ കാണുന്നു.

20. മുമ്പത്തെ ഡ്രൈവിംഗ് ലൈസൻസ് കാലഹരണപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് ഹർജിക്കാരൻ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയത് എന്നതിൽ തർക്കമില്ല. അതിനാൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷകൻ വാഹനമോടിക്കാനുള്ള യോഗ്യതാ പരിശോധനയ്ക്ക് വിധേയനാകണം. കേസിന്റെ വസ്തുതകളുടെ വെളിച്ചത്തിൽ, പി 9 ലക്ഷ്യരേഖ സർക്കുലർ റദ്ദാക്കാനുള്ള ഒരു കാരണവും ഞാൻ കാണുന്നില്ല.

കാരണം കാണിക്കൽ ഘട്ടത്തിൽ ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചതിനാൽ റിട്ട് ഹർജി തള്ളുന്നു. എതിർകക്ഷികൾക്ക് പി 6, പി 8 എന്നി ലക്ഷ്യരേഖകൾ പ്രകാരമുള്ള നിയമാനുസൃത നടപടികൾ തുടരുന്നതിന് സ്വാതന്ത്രമുണ്ടായിരിക്കുന്നതാണ്.



# സുപ്രീംകോടതി വിധി

## സംക്ഷിപ്തം

# ബഹു. സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് സുധാംശു ധൂലിയ**

**&**

**ബഹു.ജസ്റ്റിസ് പ്രസന്ന ബി. വരാലെ**

ക്രിമിനൽ അപ്പീൽ നം.          /2024

(എസ്. എൽ. പി [ക്രിമിനൽ) നം.6095/2018-ൽ നിന്നുത്ഭവിച്ചത്]

**M/S എ. കെ. സർക്കാർ & കമ്പനിയും മറ്റൊരാളും**

**V.**

**പശ്ചിമ ബംഗാൾ സംസ്ഥാനവും മറ്റുള്ളവരും**

07.03.2024 –ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**സുപ്രീം കോടതി പലതവണ വ്യാഖ്യാനിച്ച ഭരണഘടനയുടെ 20(1) അനുച്ഛേദപ്രകാരം ഒരു വ്യക്തി കുറ്റം ചെയ്ത സമയത്ത് ആ കുറ്റം ശിക്ഷാർഹമല്ലെങ്കിൽ പിന്നീട് ആ വ്യക്തിയെ ശിക്ഷിക്കാനാവില്ല. അതുപോലെ തന്നെ കൃത്യം നടന്ന സമയത്ത് ബാധകമായ ശിക്ഷയേക്കാൾ വലിയ ശിക്ഷയ്ക്ക് വിധേയനാക്കാനും കഴിയില്ല. എന്നിരുന്നാലും, പുതിയ നിയമം അനുസരിച്ച് വിചാരണ ചെയ്യുമ്പോൾ, ഉചിതമായ കേസുകളിൽ പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ളതിനെക്കാൾ കുറഞ്ഞ ശിക്ഷ നൽകുന്നതിന് 20(1) അനുച്ഛേദം ഈ കോടതിയെ വിലക്കുന്നതുമില്ല.**

## വിധിന്യായം

## ജസ്റ്റിസ് സുധാംശു ധൂലിയ

നിലവിലെ കേസിൽ 1-ാം അപ്പീൽവാദി, അതിന്റെ പങ്കാളിയും (partner) കൂടെയായ 2-ാം അപ്പീൽവാദി, അമിത് കുമാർ സർക്കാർ എന്നിവർക്കെതിരെ, 1954 -ലെ ഭക്ഷണത്തിൽ മായം ചേർക്കൽ നിരോധന ആക്റ്റിന്റെ (പി.എഫ്. എ) 16(1)(എ) (i), 7 എന്നീ വകുപ്പുകൾ പ്രകാരം ഫയൽ ചെയ്യപ്പെട്ട ഒരു കേസിൽ നിന്നാണ് ഇപ്പോഴത്തെ അപ്പീൽ ഉത്ഭവിക്കുന്നത്.

6.12.2000–ന് ഫുഡ് ഇൻസ്പെക്ടർ അപ്പീൽവാദികളുടെ കടയിൽ /ഗോഡൗണിൽ പരിശോധന നടത്തുന്നതിനിടെ, വിൽപ്പനയ്ക്കും മനുഷ്യ ഉപയോഗത്തിനുമായി സൂക്ഷിച്ചിരുന്ന ചില മിഠായികളുടെ സാമ്പിളുകൾ എടുത്തു എന്നതാണ് ചുരുക്കത്തിൽ കേസിന്റെ വസ്തുത. നടപടിക്രമങ്ങൾ അനുസരിച്ച് സാമ്പിളുകൾ ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നു.

ഭക്ഷണത്തിൽ മായം ചേർത്തിട്ടില്ലെന്നും, എന്നാൽ പാക്കറ്റുകളിൽ നിർമ്മാതാവിന്റെ പൂർണ്ണവിലാസം, നിർമ്മാണ തീയതി തുടങ്ങിയ അവശ്യമായ വിവരങ്ങൾ കാണിച്ചിട്ടില്ലെന്നും ലാബ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. അതിനാൽ 1955 –ലെ ഭക്ഷണത്തിൽ മായം ചേർക്കൽ നിരോധന ചട്ടങ്ങളുടെ 32(സി), 32(എഫ്) ചട്ടങ്ങളുടെ ലംഘനമുണ്ടായിട്ടുണ്ട്. ഈ കണ്ടെത്തലുകൾ കണക്കിലെടുത്ത്, ഇൻസ്പെക്ടർ, വിചാരണ കോടതിയിൽ 16(1)(എ)(i),7 വകുപ്പുകൾ എന്നിവ പ്രകാരം പരാതി ഫയൽ ചെയ്തിരുന്നു.

2–ാം അപ്പീൽവാദിയെയും, അമിത് കുമാർ സർക്കാരിനെയും 6 മാസത്തെ വെറും തടവിനും (simple imprisonment ) 1,000 രൂപ വീതം പിഴയ്ക്കും ശിക്ഷിച്ചു. 1–ാം അപ്പീൽവാദിയെ 2,000/- രൂപ പിഴക്ക് ശിക്ഷിച്ചു. വിചാരണ കോടതിയുടെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീൽ, സെഷൻസ് കോടതി തള്ളുകയും, അമിത് കുമാർ സർക്കാരിന്റെ ശിക്ഷ റദ്ദാക്കുകയും, അദ്ദേഹത്തെ കുറ്റവിമുക്തനാകുകയും ചെയ്തു. റിവിഷൻ നടപടികളിൽ, കൽക്കട്ട ഹൈക്കോടതി ശിക്ഷാവിധി ശരിവച്ചെങ്കിലും, 2–ാം അപ്പീൽവാദിയുടെ ശിക്ഷ 6 മാസത്തിൽ നിന്ന് 3 മാസത്തെ വെറും തടവായി കുറച്ചു.

തങ്ങൾ പ്രസ്തുത ഭക്ഷ്യവസ്തുക്കൾ നിർമ്മിച്ചിട്ടില്ലെന്നും പകരം കൽക്കട്ടയിലെ ബോസ് കോൺഫെക്ഷണറീസാണ് പ്രസ്തുത സാധനങ്ങൾ

നിർമ്മിച്ചതെന്നുമായിരുന്നു വിചാരണ കോടതിയിൽ അപ്പീൽവാദിയുടെ വാദം. എന്നിരുന്നാലും, അപ്പീൽവാദികൾക്ക് ഈ വാദത്തിനെ സാധൂകരിക്കാൻ തെളിവുകളൊന്നും ഹാജരാക്കുവാൻ കഴിയാത്തതിനാൽ വിചാരണ കോടതി, അപ്പീൽ കോടതി, റിവിഷണൽ കോടതി എന്നിവ ആ വാദം അംഗീകരിച്ചില്ല.

ഈ കോടതി പരിഗണിക്കുന്ന ചോദ്യം ശിക്ഷാവിധിയുടേതാണ്. ശിക്ഷയിൽ ഇളവ് നൽകണമെന്നതാണ് ഇപ്പോഴത്തെ അപേക്ഷ. നിലവിൽ ബാധകമായ നിയമപ്രകാരം അത് അനുവദനീയമാണ്.

സുപ്രീം കോടതി പലതവണ വ്യാഖ്യാനിച്ച ഭരണഘടനയുടെ 20(1) അനുച്ഛേദപ്രകാരം, ഒരു വ്യക്തി കുറ്റം ചെയ്ത സമയത്ത് ആ കുറ്റം ശിക്ഷാർഹമല്ലെങ്കിൽ പിന്നീട് ആ വ്യക്തിയെ ശിക്ഷിക്കാനാവില്ല. അതുപോലെ കൃത്യം നടന്ന സമയത്ത് ബാധകമായ ശിക്ഷയേക്കാൾ വലിയ ശിക്ഷയ്ക്ക് വിധേയനാക്കാനും കഴിയില്ല. എന്നിരുന്നാലും, പുതിയ നിയമം അനുസരിച്ച് വിചാരണ ചെയ്യുമ്പോൾ, ഉചിതമായ കേസുകളിൽ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ കുറഞ്ഞ ശിക്ഷ നൽകുന്നതിന് 20(1) അനുച്ഛേദം ഈ കോടതിയെ വിലക്കുന്നതുമില്ല.

2006–ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്റ്റ് നിലവിൽ വന്നതോടെ 1954– ലെ ഭക്ഷണത്തിൽ മായം ചേർക്കൽ നിരോധന ആക്റ്റ് റദ്ദാക്കപ്പെട്ടു. പുതിയ ആക്റ്റിന്റെ 52–ാം വകുപ്പ് തെറ്റായ ബ്രാൻഡഡ് ഭക്ഷണത്തിന് പരമാവധി 3,00,000/- രൂപ പിഴ ചുമത്തുന്നു. തടവ് ശിക്ഷയ്ക്ക് വ്യവസ്ഥയില്ല. പുതിയ ആക്റ്റിന്റെ ആനുകൂല്യം അപ്പീൽവാദിക്ക് അനുവദിക്കാനാകുമോ? പുതിയ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള കുറഞ്ഞ ശിക്ഷ നൽകാമോ?

ഒരു ഭേദഗതി കുറ്റാരോപിതർക്ക് പ്രയോജനകരമാകുമ്പോൾ കുറ്റം ചെയ്യുന്ന സമയത്ത് ആ വ്യവസ്ഥ നിലവിലില്ലെങ്കിലും അത് കോടതികളിൽ തീർപ്പാകാത്ത കേസുകളിൽ പ്രയോഗിക്കാമെന്ന് ടി ബറായ് V ഹെൻറി അഹ് ഹോ കേസിൽ [(1983)1 SCC 177] സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. നിയമത്തിന്റെ കാഠിന്യം ലഘൂകരിക്കുന്നതിന് അത്തരത്തിലുള്ള എക്സ് പോസ്റ്റ് ഫാക്റ്റോ (Ex post facto) നിയമത്തെ പോലും പ്രയോഗിക്കണമെന്ന് പ്രയോജനകരമായ വ്യാഖ്യാനച്ചട്ടം (rule of beneficial construction) ആവശ്യപ്പെടുന്നു.

നെമി ചന്ദ് V. സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ [(2018) 17 SCC 448] എന്ന കേസിൽ സുപ്രീം കോടതി മുകളിൽ പറഞ്ഞ കേസിനെ പരാമർശിച്ചു. ആ കേസിൽ 6 മാസത്തെ തടവ് 50,000 രൂപ പിഴയായി മാറ്റി കൊടുത്തു . ത്രിലോക് ചന്ദ് V സ്റ്റേറ്റ് ഓഫ് ഹിമാചൽ പ്രദേശ് [(2020)10 SCC 763] എന്ന കേസിലും ബഹു. സുപ്രീം കോടതി മേൽപ്പറഞ്ഞ തത്വം പ്രയോഗിച്ചു. 3 മാസത്തെ തടവും 500 രൂപ പിഴയും എന്നത് 5000 രൂപ പിഴ മാത്രമായി മാറ്റി കൊടുത്തു.

അപ്പീൽവാദിക്ക് ഇപ്പോൾ ഏകദേശം 60 വയസ്സ് പ്രായമുണ്ട്. 2000 ത്തിലാണ് കുറ്റകൃത്യം നടന്നത് അതിനുശേഷം 24 വർഷം കഴിഞ്ഞു. 06.08.2018 ലെ ഉത്തരവിലൂടെ, 2–ാം അപ്പീൽവാദിക്ക് സുപ്രീം കോടതി കീഴടങ്ങുന്നതിൽ നിന്ന് ഇളവ് അനുവദിച്ചിരുന്നു. എല്ലാ വശങ്ങളും, പ്രത്യേകിച്ച് കുറ്റകൃത്യത്തിന്റെ സ്വഭാവം പരിഗണിച്ച്, കുറ്റകൃത്യത്തെ സംബന്ധിച്ച് ചുവടെയുള്ള കോടതികളുടെ കണ്ടെത്തലുകൾ ഞങ്ങൾ ശരിവെക്കുന്നുണ്ടെങ്കിലും, 2–ാം അപ്പീൽവാദിയുടെ 3 മാസത്തെ തടവും 1-,000/- രൂപ പിഴയും എന്നത് 50-,000/- രൂപയായി മാറ്റുന്നു. 1–ാം അപ്പീൽവാദിയുടെ 2000 രൂപ പിഴശിക്ഷ ശരിവച്ചു. ഇന്നു മുതൽ മൂന്നാഴ്ചയ്ക്കുള്ളിൽ തുക ബന്ധപ്പെട്ട കോടതിയിൽ നിക്ഷേപിക്കണം. അതനുസരിച്ച് അപ്പീൽ ഭാഗികമായി അനുവദിച്ചിരിക്കുന്നു.

## ബഹു. സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് ബേല എം. ത്രിവേദി**

**&**

**ബഹു. ജസ്റ്റിസ് പങ്കജ് മിത്തൽ**

ക്രിമിനൽ അപ്പീൽ നം.1511/2024

[എസ്. എൽ. പി (ക്രിമിനൽ) നം. 2874/2023-ൽ നിന്നുത്ഭവിച്ചത്]

**ദബ്ലു കുജൂർ**

**v.**

**ജാർഖണ്ഡ് സംസ്ഥാനം**

12.03.2024 –ന് വിധി പ്രസ്താവിച്ചത്

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**അന്വേഷണ ഉദ്യോഗസ്ഥൻ ചില വ്യക്തികൾക്കെതിരെ അന്വേഷണം തുടരുമ്പോൾ തന്നെ, മറ്റ് ചില വ്യക്തികളെ പ്രതികളാക്കി പോലീസ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ, അല്ലെങ്കിൽ Crpc 173(5) വകുപ്പ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാത്തപ്പോൾ, 173(2) വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർന്നുവന്നേക്കാം. ഇത്തരമൊരു സാഹചര്യത്തിൽ, Crpc 173(2) വകുപ്പ് അനുസരിച്ചാണ് ഇത്തരമൊരു പോലീസ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് പറയാൻ കഴിയുമോ എന്നതാണ് പലപ്പോഴും കോടതിക്ക് മുന്നിൽ ഉയരുന്ന ചോദ്യം. 167(2) വകുപ്പ് പ്രകാരം പ്രതി ഡിഫോൾട്ട് ജാമ്യം ക്ലെയിം ചെയ്യുകയും 173(5) വകുപ്പ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടില്ലെന്ന് വാദിക്കുകയും ചെയ്യുമ്പോഴും അല്ലെങ്കിൽ 173(2) വകുപ്പ് പ്രകാരം പോലീസ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചില വ്യക്തികൾക്കെതിരെ അന്വേഷണം തുടരുമ്പോഴും 173(2) വകുപ്പ് പ്രകാരമുള്ള ആവശ്യകതകൾ പാലിച്ചതായി പറയാനാവാത്ത വേളയിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.**

**അതിനാൽ, 173–ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ കണക്കിലെടുത്ത്, അന്വേഷണം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ എന്തെല്ലാം ഉൾക്കൊള്ളിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സ്റ്റേഷനുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അവ പാലിക്കാത്തത് പോലീസ് റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ബന്ധപ്പെട്ട കോടതികൾ കർശനമായി നിരീക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്.**

### വിധിന്യായം

### ജസ്റ്റിസ് ബേല എം. ത്രിവേദി

ജാർഖണ്ഡ് ഹൈക്കോടതി പുറപ്പെടുവിച്ച 17.01.2023–ലെ ചോദ്യം ചെയ്യപ്പെട്ട വിധിക്കും ഉത്തരവിനുമെതിരെയാണ് അപ്പീൽവാദി/പ്രതി ഈ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ആയുധ നിയമത്തിന്റെ 25(1-ബി) എ/26/27/35 വകുപ്പും ഐ പിസിയുടെ 302, 120–ബി, 34, എന്നീ വകുപ്പുകളും പ്രകാരം രജിസ്റ്റർ ചെയ്ത എഫ്ഐആറിൽ പ്രതിയെ ജാമ്യത്തിൽ വിട്ടയക്കണമെന്ന അപേക്ഷ ഹൈക്കോടതി തള്ളിയിരുന്നു.

വിചാരണ അവസാനഘട്ടത്തിലാണെന്നും ഒരു സാക്ഷി ഒഴികെ എല്ലാ സാക്ഷികളെയും പ്രോസിക്യൂഷൻ വിസ്തരിച്ചുവെന്നും വാദത്തിനിടെ കോടതിയെ അറിയിച്ചു. മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, വിചാരണ അവസാന ഘട്ടത്തിലായതിനാൽ, അപ്പീൽവാദിയെ ജാമ്യത്തിൽ വിടാൻ കോടതി ആഗ്രഹിക്കുന്നില്ല. കുറ്റപത്രം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 17.07.2023–ന് കോടതി ജാർഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലെ ഡിജിപിമാർക്ക് ഒരു ഉത്തരവ് നൽകിയിരുന്നു.

173(2) വകുപ്പ് പ്രകാരം പോലീസ് സമർപ്പിച്ച പോലീസ് റിപ്പോർട്ട് പ്രോസിക്യൂഷന്റെയും പ്രതിഭാഗ

ത്തിന്റെയും കോടതിയുടെയും വീക്ഷണകോണിൽ നിന്ന് വളരെ പ്രധാനപ്പെട്ട ഒരു രേഖയായതിനാൽ, പ്രസ്തുത വ്യവസ്ഥയിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ വശങ്ങൾ വിശദമായി കൈകാര്യം ചെയ്യേണ്ടത് ആവശ്യമാണെന്ന് കോടതി കണ്ടു. പ്രസ്തുത വ്യവസ്ഥകളുടെ ആവശ്യകതകൾ കർശനമായി പാലിക്കേണ്ടത് അന്വേഷണ ഉദ്യോഗസ്ഥന്റെ കടമയാണെന്ന് അഭിപ്രായപ്പെട്ടു, കാരണം അവ പാലിക്കാത്തത് കോടതിയിൽ നിരവധി നിയമ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. Crpc യുടെ 2(ആർ) വകുപ്പ് പ്രകാരം 'പോലീസ് റിപ്പോർട്ട്' എന്നാൽ 173(2) വകുപ്പ് പ്രകാരം ഒരു പോലീസ് ഓഫീസർ മജിസ്ട്രേറ്റിന് കൈമാറുന്ന റിപ്പോർട്ട് എന്നാണ് അർത്ഥമാക്കുന്നത്. കുറ്റപത്രം / പോലീസ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ പ്രസ്തുത വ്യവസ്ഥയുടെ ആവശ്യകതകൾ പാലിക്കുന്നില്ലെന്ന് കണ്ടെത്തിയതിനെ ത്തുടർന്ന് ഈ കോടതി 173(2) വകുപ്പിനെ സംബന്ധിച്ച് കൂടുതൽ ഉത്കണ്ഠാകുലരാണ്. 173(2) വകുപ്പ് പ്രകാരം സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ ഫാറം സംസ്ഥാന സർക്കാർ നിർദ്ദേശിക്കേണ്ടതുണ്ടെന്നത് ശരിയാണെങ്കിലും, ഓരോ സംസ്ഥാന സർക്കാരിനും പോലീസ് ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടി നിർവ്വഹിക്കുമ്പോൾ പിന്തുടരേണ്ട സ്വന്തം പോലീസ് മാന്വവൽ ഉണ്ടെങ്കിലും, പോലീസ് റിപ്പോർട്ടിൽ / ചാർജ്ജ്ഷീറ്റിൽ അത്തരം ഉദ്യോഗസ്ഥർ പാലിക്കേണ്ട നിർബന്ധിത ആവശ്യകതകൾ 173-ാം വകുപ്പിൽ, പ്രത്യേകിച്ച് ഉപവകുപ്പ് (2)ൽ പ്രതിപാദിച്ചിരിക്കുന്നു.

പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ അന്വേഷണത്തിന് മുമ്പും ശേഷവും CrPC യുടെ XII-ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുണ്ടെങ്കിലും, 173(2) വകുപ്പ് പ്രകാരം പോലീസ് ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന് കൈമാറുന്ന റിപ്പോർട്ട് മാത്രമേ കുറ്റവിചാരണയുടെ അടിസ്ഥാനമാകൂ. അന്വേഷണ വേളയിൽ ശേഖരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഒരു പ്രത്യേക വ്യക്തിയോ വ്യക്തികളോ കുറ്റം ചെയ്തതായി തോന്നുന്നു, അല്ലെങ്കിൽ ഒരു കുറ്റവും ചെയ്തതായി കാണുന്നില്ല എന്ന അന്വേഷണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട കോടതിയെ അറിയിക്കുന്ന അഭിപ്രായമോ അറിയിപ്പോ ആണ് പോലീസ് റിപ്പോർട്ട്.

ഒരു പ്രത്യേക വ്യക്തിയോ വ്യക്തികളോ ഒരു കുറ്റകൃത്യം ചെയ്തതായി തോന്നുന്ന ഒരു നിഗമനം അത്തരമൊരു പോലീസ് റിപ്പോർട്ടിൽ അടങ്ങിയിരിക്കുമ്പോൾ, മജിസ്ട്രേറ്റിന് 3 തരത്തിൽ തീരുമാനമെടുക്കാം:-

(i) റിപ്പോർട്ട് സ്വീകരിക്കുകയും, കുറ്റത്തിന്മേൽ നടപടിയെടുക്കുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാം:

(ii) 156(3) വകുപ്പ് പ്രകാരം തുടരന്വേഷണത്തിന് നിർദ്ദേശം നൽകുകയും അധിക റിപ്പോർട്ട് നൽകാൻ പോലീസിനോട് ആവശ്യപ്പെടുകയും ചെയ്യാം, അല്ലെങ്കിൽ

(iii) റിപ്പോർട്ടിനോട് വിയോജിച്ച് പ്രതിയെ വെറുതെ വിടുകയോ അല്ലെങ്കിൽ നടപടികൾ ഉപേക്ഷിക്കുകയോ ചെയ്യാം.

അത്തരം പോലീസ് റിപ്പോർട്ടിൽ ഒരു കുറ്റകൃത്യവും നടന്നിട്ടില്ലെന്ന് തോന്നുന്ന ഒരു നിഗമനം ഉണ്ടെങ്കിൽ, മജിസ്ട്രേറ്റിന് 3 തരത്തിൽ തീരുമാനമെടുക്കാം:-

(i) റിപ്പോർട്ട് സ്വീകരിക്കുകയും നടപടികൾ ഉപേക്ഷിക്കുകയും ചെയ്യാം, അല്ലെങ്കിൽ

(ii) റിപ്പോർട്ടിനോട് വിയോജിക്കുകയും നടപടികളുമായി മുന്നോട്ടുപോകുന്നതിന് മതിയായ കാരണമുണ്ടെന്ന വീക്ഷണത്തോടെ കുറ്റത്തിന്മേൽ നടപടിയെടുക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാം, അല്ലെങ്കിൽ

(iii) 156(3) വകുപ്പ് പ്രകാരം പോലീസിനോട് തുടരന്വേഷണം നടത്താൻ നിർദേശിക്കാം.

അന്വേഷണ ഉദ്യോഗസ്ഥൻ ചില വ്യക്തികൾക്കെതിരെ അന്വേഷണം തുടരുമ്പോൾ തന്നെ, മറ്റ് ചില വ്യക്തികളെ പ്രതികളാക്കി പോലീസ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ, അല്ലെങ്കിൽ 173(5) വകുപ്പ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാത്തപ്പോൾ, 173(2) വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉയർന്നുവന്നേക്കാം. ഇത്തരമൊരു സാഹചര്യത്തിൽ, Crpc 173(2) വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇത്തരമൊരു പോലീസ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് പറയാൻ കഴിയുമോ എന്നതാണ് പലപ്പോഴും കോടതിക്ക് മുന്നിൽ ഉയരുന്ന ചോദ്യം.

173 (2) വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന വിവിധ വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ വകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിന്റെ നിയമപരമായ ആവശ്യകത പാലിക്കപ്പെടുമെന്ന് സുപ്രീം കോടതി സത്യ നരേൻ മുസാദി v. സ്റ്റേറ്റ് ഓഫ് ബീഹാർ കേസിൽ നിരീക്ഷിച്ചു. 175(5) വകുപ്പ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സാക്ഷികളുടെ മൊഴികളും സഹിതം നൽകിയാൽ 173(2) റിപ്പോർട്ട് പൂർണ്ണമാകും. എന്നാൽ, എല്ലാ രേഖകളും ഫയൽ ചെയ്തില്ലെങ്കിലും, ആ കാരണം കൊണ്ട് മാത്രം കുറ്റപത്രം സമർപ്പിക്കുന്നത് നിയമപരമായി തെറ്റാകില്ലെന്ന് ദിനേശ് ഡാൽമിയ v. സിബിഐ കേസിൽ വിധിച്ചു.

167(2) വകുപ്പ് പ്രകാരം പ്രതി ഡിഫോൾട്ട് ജാമ്യം ക്ലെയിം ചെയ്യുകയും 173(5) വകുപ്പ് പ്രകാരം ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടില്ലെന്ന് വാദിക്കുകയും ചെയ്യുമ്പോഴും അല്ലെങ്കിൽ 173(2) വകുപ്പ് പ്രകാരം പോലീസ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചില വ്യക്തികൾക്കെതിരെ അന്വേഷണം തുടരുമ്പോഴും 173(2) വകുപ്പ് പ്രകാരമുള്ള ആവശ്യകതകൾ പാലിച്ചതായി പറയാനാവാത്ത വേളയിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.

അതിനാൽ, 173-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ കണക്കിലെടുത്ത്, അന്വേഷണം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ഇനിപ്പറയുന്നവ അടങ്ങിയിരിക്കണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു: -

(i) താഴെപ്പറയുന്ന കാര്യങ്ങൾ പ്രസ്താവിക്കുന്ന സംസ്ഥാന സർക്കാർ നിർദ്ദേശിച്ച ഫോമിലുള്ള ഒരു റിപ്പോർട്ട് -

(എ) പാർട്ടികളുടെ പേരുകൾ;

(ബി) വിവരങ്ങളുടെ സ്വഭാവം;

(സി) കേസിന്റെ സാഹചര്യങ്ങളുമായി പരിചയമുള്ള വ്യക്തികളുടെ പേരുകൾ;

(ഡി) എന്തെങ്കിലും കുറ്റം ചെയ്തതായി തോന്നുന്നുണ്ടോ, അങ്ങനെയെങ്കിൽ, ആരിലൂടെ;

(ഇ) പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എഫ്) അയാളെ ബോണ്ടിൽ വിട്ടയച്ചിട്ടുണ്ടോ, അങ്ങനെയെങ്കിൽ, ജാമ്യത്തോടുകൂടിയോ അല്ലാതെയോ;

(ജി) 170-ാം വകുപ്പ് പ്രകാരം കസ്റ്റഡിയിൽ അയച്ചിട്ടുണ്ടോ;

(എച്ച്) IPC യുടെ [376, 376A, 376AB, 376B, 376C, 376D, 376DA, 376DB വകുപ്പുകൾ] അല്ലെങ്കിൽ IPC യുടെ 376E വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ സ്ത്രീയുടെ മെഡിക്കൽ പരിശോധന റിപ്പോർട്ട് അറ്റാച്ച് ചെയ്തിട്ടുണ്ടോ?

(ii) അന്വേഷണം പൂർത്തിയാകുമ്പോൾ, പ്രതിയെ മജിസ്ട്രേറ്റിന് കൈമാറുന്നത് ന്യായീകരിക്കാൻ മതിയായ തെളിവുകളോ സംശയത്തിന്റെ ന്യായമായ കാരണമോ ഇല്ലെങ്കിൽ, ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻ 169-ാം വകുപ്പ് പാലിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ടിൽ വ്യക്തമായി പ്രസ്താവിക്കണം.

(iii) 170-ാം വകുപ്പ് ബാധകമായ ഒരു കേസിലെ റിപ്പോർട്ടാണെങ്കിൽ, അന്വേഷണ വേളയിൽ മജിസ്ട്രേറ്റിന് അയച്ചതല്ലാതെ പ്രോസിക്യൂഷൻ ആശ്രയിക്കാൻ ആഗ്രഹിക്കുന്ന എല്ലാ രേഖകളും രേഖകളുടെ പ്രസക്തമായ ഭാഗങ്ങളും പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വ്യക്തികളുടെയും 161-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയ മൊഴികളും സഹിതം പോലീസ് ഉദ്യോഗസ്ഥൻ റിപ്പോർട്ടിനൊപ്പം മജിസ്ട്രേറ്റിന് കൈമാറണം.

(iv) തുടരന്വേഷണത്തിന്റെ കാര്യത്തിൽ, ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന് ഒരു അധിക റിപ്പോർട്ടോ അത്തരം തെളിവുകളെ സംബന്ധിച്ച അധിക റിപ്പോർട്ടുകളോ നിർദ്ദേശിച്ചിട്ടുള്ള ഫോമിൽ കൈമാറുകയും മുകളിലെ ഉപഖണ്ഡിക (i) മുതൽ (iii) വരെയുള്ളതിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ പാലിക്കുകയും വേണം.

എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സ്റ്റേഷനുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അവ പാലിക്കാത്തത് പോലീസ് റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ബന്ധപ്പെട്ട കോടതികൾ കർശനമായി നിരീക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്.

ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും ഹൈക്കോടതികളുടെ രജിസ്ട്രാർ ജനറൽമാർക്കും പരിശോധിക്കുന്നതിനും പാലിക്കുന്നതിനുമായി അയയ്ക്കുക.

അതനുസരിച്ച് അപ്പീൽ തീർപ്പാക്കുന്നു.




# സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

# സുപ്രധാനവിധികൾ
## ഒറ്റനോട്ടത്തിൽ

### സതികുമാരി

v.

### സെക്രട്ടറി,

### തിരുവനന്തപുരം കോർപ്പറേഷൻ

2024(2) KHC 515

ചുറ്റുമതിലിനോട് ചേർന്ന് കക്കൂസ് നിർമ്മിക്കുന്നതിനെതിരെ എതിർകക്ഷി ഹർജിക്കാരിക്കെതിരെ ഒരു പരാതി സമർപ്പിക്കുകയും, 2019-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട ചട്ടങ്ങളുടെ ലംഘനമാണെന്ന് കാണിച്ച് 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റിന്റെ 406(1) വകുപ്പ് പ്രകാരം അനധികൃത നിർമ്മിതി പൊളിച്ചു നീക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി താൽക്കാലിക ഉത്തരവ് നൽകുകയും ചെയ്തു. ഹർജിക്കാരിയുടെ വിശദീകരണം കേട്ടശേഷം ആക്റ്റിലെ 406(3) വകുപ്പ് പ്രകാരം താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തി. 9 മാസങ്ങൾക്ക് ശേഷം ഹർജിക്കാരി ഉത്തരവ് പാലിക്കാത്തതിനാൽ ആയത് വകുപ്പ് തലത്തിൽ പൊളിച്ചു നീക്കുന്നതിനും ചെലവ് ഹർജിക്കാരിയിൽ നിന്നും ഈടാക്കുന്നതിനും 'ഒഴിഞ്ഞുപോകാനുള്ള ഉത്തരവ്' (vacation order) സെക്രട്ടറി പുറപ്പെടുവിച്ചു. അതിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണലിൽ നൽകിയ അപ്പീൽ നിരസിക്കപ്പെട്ടു. ഇതിനെതിരായാണ് ഹർജിക്കാരി ഹൈക്കോടതിയെ സമീപിച്ചത്. 406(3) വകുപ്പ് പ്രകാരം സ്ഥിരപ്പെടുത്തിയ ഉത്തരവ് ഇറക്കിയ ശേഷം ഒഴിഞ്ഞുപോകാനുള്ള നോട്ടീസ് കൊടുക്കുന്നതിനുള്ള നിബന്ധന ആക്റ്റിൽ ഇല്ല. സ്ഥിരപ്പെടുത്തിയ ഉത്തരവ് പാലിക്കാത്ത പക്ഷം, സെക്രട്ടറി, സ്വയമേവ നിർമ്മിതി പൊളിക്കാനുള്ള നടപടിയെടുക്കണമെന്നാണ് ആക്റ്റിലും ചട്ടങ്ങളിലും പറയുന്നത്. ഒഴിഞ്ഞുപോകുവാനുള്ള ഉത്തരവിനെ ഒരു പുതിയ സ്ഥിരപ്പെടുത്തൽ ഉത്തരവായി കണക്കാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ട പൊളിച്ചുനീക്കൽ ഉത്തരവിനെ എതിർക്കാനുള്ള പുതിയ വ്യവഹാരകാരണമായി കരുതുവാൻ പറ്റില്ല. സ്ഥിരപ്പെടുത്തിയ ഉത്തരവിനെ ചോദ്യം ചെയ്തില്ല എന്ന കാരണം പറഞ്ഞാണ് ട്രിബ്യൂണൽ അപ്പീൽ തള്ളിയത്. ഒഴിഞ്ഞുപോകാനുള്ള ഉത്തരവ് 406(3) വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവല്ലാത്തതിനാൽ അതിൽ നിന്നും അപ്പീൽ നിലനിൽക്കുകയില്ല എന്ന് വിധിച്ചു കോടതി റിട്ട് ഹർജി തള്ളുകയാണ് ഉണ്ടായത്.

### ഷീബ സി. കെ.

v.

### കേരള സംസ്ഥാനം

2024/KER/23323

മകൾക്ക് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകാത്തതിനെയാണ് ഹർജിക്കാരി റിട്ട് ഹർജിയിലൂടെ ചോദ്യം ചെയ്യുന്നത്. അവർ ഹിന്ദു പുലയ സമുദായത്തിൽപ്പെട്ടവളാണെങ്കിലും ക്രിസ്ത്യൻ ചേരമർ സമുദായത്തിൽപ്പെട്ട ഒരാളിനെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. താനും ഭർത്താവും 3 കുട്ടികളും ഹിന്ദു പുലയ സമുദായത്തിന്റെ സമ്പ്രദായങ്ങൾക്കനുസരിച്ചാണ് ജീവിക്കുന്നതെന്ന് ഹർജിക്കാരി അവകാശപ്പെട്ടു.

തന്റെ കുടുംബം പുലയ സമുദായം നേരിടുന്ന സാമൂഹിക ദോഷങ്ങൾക്കും കഷ്ടപ്പാടുകൾക്കും വിധേയമാണെന്നും പട്ടികജാതിയായി അംഗീകരിച്ച ഒരു സമുദായമാണിത് എന്നും ഹർജിക്കാരി വാദിച്ചു. സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ദോഷങ്ങൾ അവർ അനുഭവിക്കുന്നുണ്ടെന്നും അവർ പറയുന്നു.

മകൾക്ക് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹർജിക്കാരി അപേക്ഷ സമർപ്പിച്ചു. എന്നാൽ എക്സിബിറ്റ് പി 6 ഉത്തരവിലൂടെ, ഹർജിക്കാരിയുടെ മകൾക്ക് ഹിന്ദു പുലയ സമുദായം എന്ന്

പരാമർശിക്കുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അർഹതയില്ലെന്ന് ആർഡിഒ തീരുമാനിച്ചു. ഹർജിക്കാരിയും അവളുടെ ഭർത്താവും തമ്മിലുള്ള വിവാഹം മിശ്രവിവാഹം ആയതിനാൽ അത് അന്തർ ജാതി വിവാഹത്തിന്റെ വിഭാഗത്തിൽ പ്പെടുന്നില്ല എന്നതാണ് എക്സിബിറ്റ് പി 6-ൽ ആർഡിഒയുടെ കണ്ടെത്തൽ. മകളുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിനുള്ള ഹർജിക്കാരിയുടെ അപേക്ഷ മേൽപ്പറഞ്ഞ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആർഡിഒ നിരസിച്ചു. ഹർജിക്കാരി ആർഡിഒയുടെ മേൽപ്പറഞ്ഞ ഉത്തരവിനെയാണ് ചോദ്യം ചെയ്യുന്നത്.

ഹൈക്കോടതി റിട്ട് ഹർജി അനുവദിക്കുകയും എക്സിബിറ്റ് പി 6 റദ്ദാക്കുകയും ചെയ്തു. ഒരു പ്രത്യേക സമുദായത്തിലെ അംഗമെന്ന നിലയിൽ അഭിമുഖീകരിക്കേണ്ടി വരുന്ന മാനഹാനിയും, അവഗണനയും, സാമൂഹ്യ വൈകല്യവുമാകണം ആ സമുദായത്തിന്റെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള നിർണ്ണായക ഘടകമാകേണ്ടത്. പിതാവ് ക്രിസ്ത്യാനിയായതുകൊണ്ടും ഹിന്ദു മതത്തിലേക്ക് പരിവർത്തനം ചെയ്യാത്തത് കൊണ്ടും മാത്രം മിശ്ര വിവാഹത്തിൽ ജനിച്ച കുട്ടിക്ക് പട്ടികജാതി സമുദായ സർട്ടിഫിക്കറ്റ് നിഷേധിക്കാനാവില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. നാലാം എതിർകക്ഷിയോട് ഹർജിക്കാരിയുടെ അപേക്ഷ പുനഃപരിശോധിക്കാനും ഈ വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ നിയമപ്രകാരമുള്ള ആവശ്യമായ ജാതി സർട്ടിഫിക്കറ്റ് ഹർജിക്കാരിയുടെ മകൾക്ക് നൽകുവാനും നിർദേശിച്ചു.

## ഡോ.രാധിക കപാഹ്തിയ

## v.

## കേരള സംസ്ഥാനം

2024 (2) KLT 635

1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 306-ാം വകുപ്പ് പ്രകാരം ഭർത്താവിനെ ആത്മഹത്യ ചെയ്യുവാൻ പ്രേരിപ്പിച്ചതിന് ഹർജിക്കാരിക്കെതിരെ പ്രേരണാകുറ്റം ചുമത്തിയിട്ടുള്ളതാണ്. 1973-ലെ ക്രിമിനൽ നടപടിക്രമത്തിന്റെ 482-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഈ ഹർജിയിലൂടെ തനിക്കെതിരായ ക്രിമിനൽ നടപടികൾ റദ്ദാക്കാൻ ഹർജിക്കാരി ആവശ്യപ്പെടുന്നു.

ഹർജിക്കാരിയും ഭർത്താവും കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഹോസ്പിറ്റലിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായി ജോലി ചെയ്യുകയായിരുന്നു. ഹർജിക്കാരിയുടെ ഭർത്താവ് 11/09/2018-ന് വിഷം കുത്തിവച്ച് ആത്മഹത്യ ചെയ്തു. ദാമ്പത്യ കലഹമാണ് ഭർത്താവിന്റെ കടുത്ത നടപടിക്ക് കാരണമെന്നാണ് ആരോപണം.

തുടക്കത്തിൽ, Cr.P.C യുടെ 174-ാംവകുപ്പ് പ്രകാരം അസ്വാഭാവിക മരണത്തിന്, കുറ്റകൃത്യം രജിസ്റ്റർ ചെയ്യുകയും, പിന്നീട് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 306-ാം വകുപ്പായി മാറ്റുകയും ഹർജിക്കാരിയെ ആത്മഹത്യാ പ്രേരണാകുറ്റത്തിന് പ്രതിയാക്കുകയും ചെയ്തു. അവരുടെ വിവാഹത്തിന് ശേഷം ഭർത്താവ് മുൻ കാമുകിയുമായി അടുത്ത് ഇടപഴകുന്ന ചില വീഡിയോകൾ ഭാര്യ കാണാനിടയായത് ദമ്പതികൾക്കിടയിൽ ദാമ്പത്യ കലഹത്തിലേക്ക് നയിച്ചതായി 15/06/2020-ലെ അന്തിമ റിപ്പോർട്ടിൽ ആരോപിക്കപ്പെടുന്നു.

തർക്കങ്ങളും വഴക്കുകളും ഭർത്താവിന്റെ വൈകാരിക സന്തുലിതാവസ്ഥയെ വളരെയധികം ബാധിക്കുകയും, രണ്ട് ആത്മഹത്യാ കുറിപ്പുകൾ എഴുതി വച്ചതിനുശേഷമുള്ള അദ്ദേഹത്തിന്റെ ആത്മഹത്യയിൽ കലാശിക്കുകയും ചെയ്തു. പ്രതി ഭർത്താവിനെ നിരന്തരം ഉപദ്രവിക്കുകയും മരിച്ചയാളുടെ കുടുംബത്തെക്കുറിച്ച് മോശമായി സംസാരിക്കുകയും അതിലൂടെ ആത്മഹത്യ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു എന്നാണ് പരാതി.

ഈ കേസിൽ, ആത്മഹത്യാ കുറിപ്പുകൾ എഴുതിയത് ആത്മഹത്യ ചെയ്യുന്നതിന് ആഴ്ചകൾക്ക് മാസങ്ങൾക്കും മുമ്പായിരുന്നു. പ്രതി മരിച്ചയാളെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ചതായി യാതൊരു പരാമർശവും ഈ കുറിപ്പുകളിൽ ഇല്ല. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സാധാരണ വഴക്കുകളല്ലാതെ മരിച്ചയാൾ ആത്മഹത്യ ചെയ്യാൻ, പ്രേരിപ്പിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ യാതൊരു പ്രവർത്തിയും പ്രതി ചെയ്തതായി തെളിയിക്കപ്പെട്ടിട്ടില്ല. വിവാഹ ജീവിതത്തിൽ ദമ്പതിമാർക്കിടയിലുള്ള വഴക്കുകളും തർക്കങ്ങളും അസാധാരണമല്ലെന്നും, അത്തരം വഴക്കുകൾ ആത്മഹത്യാ പ്രേരണക്കിടയാക്കുന്ന പെരുമാറ്റമായി കരുതാനാവില്ലെന്നും അതിന് പ്രേരണയുടെയോ പ്രോത്സാഹനത്തിന്റെയോ തരത്തിലുള്ള എന്തെങ്കിലും കൂടി ഉണ്ടായിരിക്കണമെന്നും കോടതി പറഞ്ഞു.

അന്തിമ റിപ്പോർട്ടിലെ ആരോപണങ്ങൾ IPC 306-ാം വകുപ്പിലെ കുറ്റകൃത്യത്തിന്റെ ഘടകങ്ങളല്ലെന്നും ഡോക്ടറായ ഹർജിക്കാരിയെ പ്രോസിക്യൂട്ട് ചെയ്യുന്നത് കോടതി നടപടിയുടെ ദുരുപയോഗമാണ് എന്നും കോടതി കണ്ടു.

തുടർന്ന് ക്രൈം നമ്പർ.1936/2018-ൽ നിന്നുത്ഭവിച്ച് എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II-ലെ CP.No.9/2021-ലെ എല്ലാ തുടർ നടപടികളും റദ്ദാക്കുകയും ചെയ്തു.

## വിനായക പുർഷോത്തം ദുബെ (പരേതനായ), നിയമാനുസൃത പ്രതിനിധികൾ മുഖേന

V.

## ജയശ്രീ പദംകർ ഭട്ട്

2024 (2) KHC SN 7 (പേജ് നമ്പർ 44) SC

പരേതനായ ഏക ഉടമയുടെ (sole proprietor) വ്യക്തിപരമായ ബാധ്യതകൾ തീർക്കാൻ നിയമാനുസൃത പ്രതിനിധികൾ ബാധ്യസ്ഥരാണോ എന്നതാണ് നിലവിലുള്ള കേസിൽ ബഹു. സുപ്രീം കോടതി പരിഗണിച്ചത്. നിലവിലുള്ള കേസിലെ ഉപഭോക്തൃ തർക്കത്തിൽ ഒരു വികസന കരാറും, പണം കൊടുക്കാനുള്ള ബാധ്യതകളും, നിർമ്മാണ വൈകല്യങ്ങളും, അനധികൃത നിർമ്മാണങ്ങളും ഉൾപ്പെടെയുള്ള ആരോപിക്കപ്പെട്ട ലംഘനങ്ങൾ ഉൾപ്പെടുന്നു. പലിശ സഹിതം പണമടയ്ക്കാനുള്ള ജില്ലാ ഫോറത്തിന്റെ ഉത്തരവും സംസ്ഥാന കമ്മീഷൻ ഡെവലപ്പർക്ക് നൽകിയ നിർദ്ദേശങ്ങളും ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ശരിവച്ചു. വികസന കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ഡെവലപ്പറുടെ നിയമപരമായ അവകാശികൾ മാത്രമാണെന്ന് ദേശീയ കമ്മീഷൻ അഭിപ്രായപ്പെട്ടു.

ദേശീയ തർക്ക പരിഹാര കമ്മീഷന്റെ ഉത്തരവിനെതിരെ നിയമാനുസൃത പ്രതിനിധികൾ അപ്പീൽ നൽകി. നിയമാനുസൃത പ്രതിനിധികൾ മരിച്ചയാളുടെ വ്യക്തിപരമായ ബാധ്യത നിറവേറ്റാൻ ബാധ്യസ്ഥരല്ലെന്ന് ബഹുമാനപ്പെട്ട കോടതി വ്യക്തമാക്കി. പരേതനായ ഏക ഉടമയുടെ ബാധ്യതകൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ ശേഷിയിൽ നിർവ്വഹിക്കപ്പെടേണ്ടതായിരുന്നതിനാൽ ദേശീയ -സംസ്ഥാന കമ്മീഷനുകളുടെയും, ജില്ലാ ഫോറത്തിന്റെയും ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ ബഹു. കോടതി ഭാഗികമായി റദ്ദാക്കുകയും ചെയ്തു.

## രാകേഷ് രജ്ഞൻ ശ്രീവാസ്തവ

V.

## ജാർഖണ്ഡ് സംസ്ഥാനം

2024 (2) KHC 481

₹ 4,38,80,000/- വസൂലാക്കുന്നതിനായി ബൊക്കാറോയിലെ സിവിൽ കോടതിയിൽ ഫയൽ ചെയ്ത ഒരു സിവിൽ കേസിൽ 2018 ജൂലായ് 13-ന്, കക്ഷികൾ തമ്മിൽ റാഞ്ചിയിൽ യോഗം ചേരുകയും, എതിർകക്ഷിക്ക് ₹ 4,25,00,000/- രൂപ നൽകാൻ അപ്പീൽവാദി സമ്മതിക്കുകയും, യഥാക്രമം 2018 ഓഗസ്റ്റ് 6, 2018 സെപ്റ്റംബർ 19 എന്നീ തീയതികളിലെ രണ്ട് ചെക്കുകൾ കൈമാറുകയും ചെയ്തു. ആദ്യ ചെക്ക് അനാദരിക്കപ്പെട്ടതിനെ തുടർന്ന്, നോട്ടീസ് നൽകിയതിന് ശേഷം, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ഒരു പരാതി ഫയൽ ചെയ്തു. അതിനുശേഷം ചെക്ക് തുകയുടെ 20 ശതമാനം നഷ്ടപരിഹാരമായി നൽകാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് എൻ ഐ ആക്റ്റിന്റെ 143 എ വകുപ്പ് പ്രകാരം ഒരു അപേക്ഷ നൽകി. കോടതി അപേക്ഷ അംഗീകരിച്ച് 60 ദിവസത്തിനകം ഇടക്കാല നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. വിചാരണ കോടതിയുടെ ഉത്തരവ് അപ്പീൽ കോടതി ശരിവച്ചു. പ്രസ്തുത ഉത്തരവുകൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ജാർഖണ്ഡ് ഹൈക്കോടതിയിലെ ജഡ്ജി ഹർജി തള്ളുകയുണ്ടായി. പിന്നീട് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഒരു ക്രിമിനൽ അപ്പീൽ ഫയൽ ചെയ്തു. ഒരർത്ഥത്തിൽ 143 എ വകുപ്പിലെ (1) -ാം ഉപവകുപ്പ് കുറ്റം തെളിയിക്കപ്പെടുന്നതിന് മുമ്പുതന്നെ ഒരു പ്രതിയെ ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണെന്ന് കോടതി ചൂണ്ടിക്കാട്ടി. 143 വകുപ്പിലെ ഉപവകുപ്പ് (1) പ്രകാരമുള്ള അധികാര വിനിയോഗം വിവേചനാധികാരമാണ്. ടി വ്യവസ്ഥക്ക് ഒരു നിർദ്ദേശസ്വഭാവമാണുള്ളത്, നിർബന്ധ വ്യവസ്ഥയല്ല. വ്യവസ്ഥയിൽ ഉപയോഗിച്ചിരിക്കുന്ന ‘‘may’’ എന്ന വാക്ക് ‘‘shall’’ എന്ന് വ്യാഖ്യാനിക്കാൻ കഴിയില്ല. അപ്പീൽ ഭാഗികമായി അനുവദിക്കുകയും ചോദ്യം ചെയ്യപ്പെട്ട ഉത്തരവുകൾ റദ്ദാക്കുകയും ചെയ്തു. അപേക്ഷ പുതിയതായി പരിഗണിക്കുന്നതിനായി ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ് ബൊക്കാറോയുടെ ഫയലിലേക്ക് പുനസ്ഥാപിക്കുകയും ചെയ്തു.

## രാഘവൻ

v.

## ദേവയാനി

2024 : KER : 17079

സ്വത്തിന്റെ കൈവശം വീണ്ടെടുക്കാനും അത്തരം വസ്തുവിൽ നിലവിലുള്ള ഷെഡ് പൊളിക്കാനും ആവശ്യപ്പെട്ട് എതിർകക്ഷി വിചാരണ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. അപ്പീൽവാദി വസ്തുവിൽ അതിക്രമിച്ചുകയറി ഷെഡ് നിർമ്മിച്ചുവെന്നായിരുന്നു എതിർകക്ഷിയുടെ വാദം. എതിർകൈവശാവകാശവും കാലഹരണവും വഴി അപ്പീൽവാദി അന്യായ പട്ടിക വസ്തുവിന്മേൽ അദ്ദേഹത്തിന്റെ ഉടമസ്ഥാവകാശം പരിപൂർണ്ണമാക്കിയെന്നകാരണത്താൽ എതിർകക്ഷിയുടെ കേസ് വിചാരണ കോടതി തള്ളിയിരുന്നു. ഒന്നാം അപ്പീൽ കോടതി അപ്പീൽ അനുവദിക്കുകയും വിചാരണ കോടതിയുടെ വിധി റദ്ദാക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിധിയിൽ സങ്കടമുള്ള അപ്പീൽവാദി നിലവിലെ രണ്ടാം അപ്പീൽ ഫയൽ ചെയ്തു.

അന്യായക്കാരന്റെ പേരിൽ നികുതി അടയ്ക്കുന്നു എന്ന ഒറ്റക്കാരണത്താൽ, എതിർകൈവശാവകാശവും കാലഹരണവും വഴി ഉടമസ്ഥാവകാശം പൂർണമാക്കിയെന്ന എതിർകക്ഷിയുടെ അവകാശവാദം നിരസിച്ചുകൊണ്ട് വിധിച്ചത് ഉചിതമായിരുന്നോ എന്നതായിരുന്നു കോടതിയുടെ മുന്നിലുള്ള ചോദ്യം. എതിർകൈവശാവകാശം പരിപൂർണ്ണമാക്കുന്നതിന് അത്തരമൊരു അവകാശവാദം ഉന്നയിക്കുന്ന വ്യക്തി മറ്റെ കക്ഷിയുടെ ഉടമസ്ഥാവകാശം ആദ്യം സമ്മതിക്കണമെന്ന് കോടതി നിരീക്ഷിച്ചു. എന്നാൽ അത്തരമൊരു അവകാശവാദം ഉന്നയിക്കുന്ന കക്ഷി താൻ ഉടമസ്ഥന്റെ പേരിൽ നികുതിയടച്ചിട്ടുണ്ടെന്ന് സമ്മതിക്കുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കൈവശം വാദിയുടെ കൈവശത്തിന് എതിരല്ലെന്നും കോടതി അഭിപ്രായപ്പെട്ടു. അന്യായക്കാരന്റെ പേരിൽ നികുതി അടയ്ക്കുന്നു എന്ന ഒറ്റക്കാരണത്താൽ അല്ല, പകരം എതിർകക്ഷിയുടെ പൊരുത്തല്ലാത്ത വാദങ്ങൾ കണക്കിലെടുത്തും എതിർകക്ഷി അവകാശപ്പെടുന്ന എതിർകൈവശത്തിന്റെ ബോധ്യപ്പെടുത്തുന്ന തെളിവുകളുടെ അഭാവത്തിലുമാണ് ഒന്നാം അപ്പീൽ കോടതി എതിർകക്ഷിയുടെ എതിർ കൈവശാവകാശവാദത്തെ നിരസിച്ചതെന്ന് കോടതി വിധിച്ചു. കോടതി അതനുസരിച്ച് അപ്പീൽ തള്ളി.

## ചണ്ഡീഗഡ് ഹൗസിംഗ് ബോർഡ്

v.

## തർസെം ലാൽ

2024 (2) KHC SN 6 (Page No. 41) SC

മറ്റൊരു സംസ്ഥാനത്തിലേക്കോ കേന്ദ്ര ഭരണ പ്രദേശത്തേക്കോ കുടിയേറുന്ന പട്ടികവർഗ്ഗ വ്യക്തിക്ക് ആ സംസ്ഥാനത്തിലോ കേന്ദ്രഭരണപ്രദേശത്തിലോ പട്ടികവർഗ്ഗമായി ഒരു വിജ്ഞാപനം വഴി അറിയിപ്പ് ലഭിച്ചില്ലെങ്കിൽ പട്ടികവർഗ്ഗ പദവി അവകാശപ്പെടാൻ കഴിയില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഭരണഘടനയുടെ 342-ാം അനുച്ഛേദം പ്രകാരം ഏതൊരു ഗോത്ര സമുദായത്തെയും പട്ടിക വർഗ്ഗമാക്കാൻ രാഷ്ട്രപതിയുടെ ഒരു പൊതു വിജ്ഞാപനം അനിവാര്യമാണെന്നും ജസ്റ്റിസുമാരായ ബി വി നാഗരത്ന, അഗസ്റ്റിൻ ജോർജ്ജ് മസിഹ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് വിധിച്ചു. കേന്ദ്രഭരണ പ്രദേശമായ ചണ്ഡിഗഢിൽ ഒരു ഗോത്ര സമുദായത്തെയും പട്ടിക വർഗ്ഗമായി പ്രഖ്യാപിക്കുന്ന വിജ്ഞാപനം രാഷ്ട്രപതി ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമായി വീട് അനുവദിക്കുന്നതിന് അപ്പീൽവാദിയായ ചണ്ഡിഗഢ് ഹൗസിംഗ് ബോർഡ് അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപേക്ഷകർ കേന്ദ്രഭരണ പ്രദേശമായ ചണ്ഡിഗഢിൽ സ്ഥിരതാമസക്കാരായിരിക്കണം അല്ലെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും താമസക്കാരായിരിക്കണം എന്നതായിരുന്നു ആവശ്യമായ വ്യവസ്ഥകളിലൊന്ന്. തന്റെ സ്വന്തം സംസ്ഥാനമായ രാജസ്ഥാനിൽ അംഗീകൃതമായ പട്ടിക വർഗ്ഗത്തിൽപ്പെട്ട എതിർകക്ഷി തർസെം ലാൽ അപേക്ഷകരിൽ ഒരാളായിരുന്നു. 20 വർഷമായി ചണ്ഡീഗഢിൽ സ്ഥിരതാമസക്കാരനായതിനാൽ അദ്ദേഹം അലോട്ട്മെന്റിന് അപേക്ഷിച്ചു. എന്നാൽ, അദ്ദേഹത്തിന് വീട് അനുവദിച്ചില്ല. സിവിൽ കോടതിയും ഹൈക്കോടതിയും അദ്ദേഹത്തിന് അനുകൂലമായി വിധിച്ചു.

എന്നിരുന്നാലും ഭരണഘടനയുടെ 342-ാം അനുച്ഛേദം കർശനമായി പാലിക്കാതെയാണ് നിലവിലുള്ള കേസിൽ വീട് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ഹൗസിംഗ് ബോർഡ് പരസ്യം നൽകിയിട്ടുള്ളതെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. കേന്ദ്ര ഭരണപ്രദേശമായ ചണ്ഡിഗഢിൽ ഭരണഘടനയുടെ 342-ാം അനുച്ഛേദം പ്രകാരം ഒരു ഗോത്ര സമുദായത്തെയും പട്ടികവർഗ്ഗക്കാരായി പ്രഖ്യാപിക്കുന്ന രാഷ്ട്രപതിയുടെ വിജ്ഞാപനമില്ലാത്തപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം എതിർകക്ഷിക്ക് ഒരു ആനുകൂല്യവും നൽകുന്നില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. ചോദ്യം ചെയ്യപ്പെട്ട ഹൈക്കോടതിയുടെ വിധി കോടതി റദ്ദാക്കി.



# ലേഖനങ്ങൾ




# ആധികാരികപാഠവും ശരിതർജ്ജമയും



**ശ്രീമതി. രഹ്ന വി. എം.**
അഡീഷണൽ നിയമസെക്രട്ടറി

നിയമങ്ങളുടെ ആധികാരികപാഠവും ശരിതർജ്ജമയും തയ്യാറാക്കൽ നിയമവകുപ്പിൽ സാധാരണയായി നടന്നുവരുന്ന പ്രവർത്തികളാണ്. മലയാളത്തിലുള്ള ഒരു നിയമത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ 'ആധികാരികപാഠം' എന്നാൽ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ ഗവർണ്ണർ / രാഷ്ട്രപതി പ്രമാണീകരിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ആധികാരികമാക്കപ്പെട്ട ഇംഗ്ലീഷിലുള്ള പരിഭാഷ എന്ന് അർത്ഥമാകുന്നു. 'ശരിതർജ്ജമ' എന്നാൽ, ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച ഒരു നിയമത്തിന് നിയമവകുപ്പ് സാക്ഷ്യപ്പെടുത്തി ഗസറ്റിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള പരിഭാഷ എന്നും അർത്ഥമാകുന്നു.

**ഏതെല്ലാം ഭാഷകളിൽ ഒരു ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യാം.**

ഏതെല്ലാം ഭാഷകളിൽ നിയമങ്ങൾ തയ്യാറാക്കാം എന്നത് സംബന്ധിച്ച് ഭാരത ഭരണഘടനയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനുച്ഛേദം 348(1) അനുസരിച്ച്, പാർലമെന്റോ ഒരു സംസ്ഥാന നിയമസഭയോ പാസ്സാക്കുന്ന എല്ലാ ആക്റ്റുകളുടെയും, രാഷ്ട്രപതിയോ ഒരു സംസ്ഥാന ഗവർണ്ണറോ പുറപ്പെടുവിക്കുന്ന എല്ലാ ഓർഡിനൻസുകളുടെയും, സബോർഡിനേറ്റ് നിയമങ്ങളുടെയും ഭാഷ ഇംഗ്ലീഷ് ആയിരിക്കണം. എന്നാൽ, സംസ്ഥാന നിയമസഭകൾക്ക് ഒരു നിയമം വഴി ആ സംസ്ഥാനത്ത് ഉപയോഗത്തിലിരിക്കുന്ന ഭാഷകളിൽ ഏതെങ്കിലും ഒന്നോ, അതിലധികമോ ഭാഷയോ അല്ലെങ്കിൽ ഹിന്ദിയോ ആ സംസ്ഥാനത്തെ ഔദ്യോഗിക ആവശ്യങ്ങൾക്കു വേണ്ടി സ്വീകരിക്കാമെന്ന് വ്യവസ്ഥ ഉണ്ട്. ഇപ്രകാരം, ഇംഗ്ലീഷ് ഭാഷ അല്ലാത്ത മറ്റേതെങ്കിലും പ്രാദേശിക ഭാഷ സ്വീകരിച്ചിട്ടുള്ള ഒരു സംസ്ഥാനത്തിൽ, പ്രസ്തുത ഭാഷകളിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, പാസ്സാക്കുന്ന ആക്റ്റുകൾ, ഗവർണ്ണർ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾ, സബോർഡിനേറ്റ് ലെജിസ്ലേഷനുകൾ എന്നിവയുടെ ഇംഗ്ലീഷ് ഭാഷയിലുള്ള

ഒരു തർജ്ജമ തയ്യാറാക്കി അതിന് ഗവർണ്ണറുടെ അനുമതിയോടുകൂടി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും, അപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് അത് ഇംഗ്ലീഷ് ഭാഷയിലുള്ള അതിന്റെ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. (അനുച്ഛേദം 345, 348(3) കാണുക). അതായത്, ഒരു ബില്ല് മലയാളത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയാൽ അതിന്റെ അതോറിറ്റേറ്റീവ് ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കേണ്ടതാണ്.

### കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണം) ആക്റ്റ്

കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, 1969- ൽ കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണം) ആക്റ്റ് എന്ന പേരിൽ സംസ്ഥാനം ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. മുൻപറഞ്ഞ അനുച്ഛേദം 345 പ്രകാരമുള്ള ഒരു നിയമമാണിത്. ഇംഗ്ലീഷ് ഭാഷയ്ക്ക് പുറമേ, ഔദ്യോഗിക ആവശ്യങ്ങൾക്കായി മലയാളഭാഷകൂടി ഉപയോഗിക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്ന ഒരു നിയമമാണിത്. ഇതിന് പുറമേ, സംസ്ഥാനത്തെ ഭാഷ ന്യൂനപക്ഷങ്ങളായ തമിഴർ, കന്നട ഭാഷാന്യൂനപക്ഷക്കാർക്ക് വേണ്ടി ചില പ്രത്യേക വ്യവസ്ഥകളും പ്രസ്തുത ആക്റ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, വകുപ്പ് അദ്ധ്യക്ഷൻമാർ, ഭാഷ ന്യൂനപക്ഷ പ്രദേശമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രാദേശിക ആഫീസുകൾ എന്നിവയുമായി ഔദ്യോഗിക കത്തിടപാടുകൾ അവരുടെ ഭാഷയിൽ നടത്താനും ഈ നിയമം അനുവദിക്കുന്നു. കൂടാതെ, തമിഴർ, കന്നട വിഭാഗക്കാർക്ക് പുറമേ സംസ്ഥാനത്തെ മറ്റു ഭാഷാ ന്യൂനപക്ഷക്കാർക്ക് സംസ്ഥാന സർക്കാർ ആഫീസുകളുമായി കത്തിടപാടുകൾ നടത്തുമ്പോൾ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാമെന്നും അങ്ങനെയുള്ള സംഗതിയിൽ അവർക്ക് മറുപടി നൽകേണ്ടത് ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കേണ്ടതാണെന്നും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭരണഘടന നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് വിവിധ അധികാരസ്ഥാനങ്ങൾ പുറപ്പെടുവിക്കുന്ന സബോർഡിനേറ്റ് നിയമങ്ങൾക്കും ആധികാരികപാഠം ആവശ്യമാണെന്ന ഭരണഘടനാ വ്യവസ്ഥ ബാധകമാണെന്ന കാര്യം മുമ്പ് പരാമർശിച്ചുവല്ലോ. എന്നാൽ, 1969- ലെ ഔദ്യോഗിക ഭാഷാ ആക്റ്റ് പ്രകാരം, സർക്കാരിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം ഉപയോഗിക്കാമെന്ന് മാത്രമാണ് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത്, സംസ്ഥാന സർക്കാർ ഒഴികെയുള്ള അധികാരസ്ഥാനങ്ങൾ പുറപ്പെടുവിക്കുന്ന സബോർഡിനേറ്റ് നിയമങ്ങളുടെ കാര്യത്തിൽ ഈ വ്യവസ്ഥ ബാധകമാക്കിയിട്ടില്ല. ഉദാഹരണമായി, സംസ്ഥാന നിയമസഭകൾക്ക് തങ്ങളുടെ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം നൽകുന്ന വ്യവസ്ഥ ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 208- ൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ, പ്രസ്തുത അധികാരം വിനിയോഗിച്ച്കൊണ്ട് സംസ്ഥാന നിയമസഭ തയ്യാറാക്കിയ അതിന്റെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണുള്ളത്. ഇംഗ്ലീഷ് ഭാഷയിൽ ആയിരിക്കുന്നിടത്തോളം പ്രസ്തുത ചട്ടം ഒരു ആധികാരികപാഠമായിരിക്കുന്നതുമാണ്.

### നിലവിൽ അനുവർത്തിക്കുന്ന രീതി

1985-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റും, അനുച്ഛേദം 348(3) ഉം അനുസരിച്ച്, കേരള സംസ്ഥാനത്ത് ഇംഗ്ലീഷിലോ മലയാളത്തിലോ ബിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യാമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും, നിലവിൽ സംസ്ഥാനത്ത് അവതരിപ്പിക്കുന്ന എല്ലാ പുതിയ ബില്ലുകളും മലയാള ഭാഷയിൽ തന്നെയാണ്. 11.03.1985 - ൽ അന്നത്തെ നിയമസഭ സ്പീക്കർ നൽകിയ ഒരു റൂളിംഗ് പ്രകാരം സംസ്ഥാനത്ത് അവതരിപ്പിക്കുന്ന എല്ലാ പുതിയ ബില്ലുകളും നിർബന്ധമായും മലയാളത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, 1985- ന് മുമ്പ് ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ച ഒരു നിയമത്തിന് പിൽക്കാലത്ത് ഭേദഗതി കൊണ്ട് വരുമ്പോൾ, അവ ഇംഗ്ലീഷിൽ ആകാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, ഇംഗ്ലീഷ് ഭാഷയിൽ ഒരു ബില്ല് അവതരിപ്പിക്കേണ്ട സവിശേഷ സാഹചര്യം ഉണ്ടെന്ന് കരുതുന്നപക്ഷം ഇതു സംബന്ധിച്ച സഭാചട്ടം ഉപേക്ഷിച്ചുകൊണ്ട് അപ്രകാരം അവതരിപ്പിക്കാവുന്നതുമാണ്.

### ആധികാരികപാഠങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി

ആധികാരിക പാഠങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി സംബന്ധിച്ച് ഭരണഘടനയിലോ നിയമങ്ങളിലോ വ്യക്തമായ വ്യവസ്ഥ ഇല്ല. എന്നിരുന്നാലും, ഒരു ആക്റ്റ് / ഓർഡിനൻസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടൊപ്പം അതിന്റെ ആധികാരിക പാഠവും പ്രസിദ്ധീകരിക്കുന്ന പതിവുണ്ട്. നിയമങ്ങളുടെ വ്യാഖ്യാനം നടത്തേണ്ടത് നീതിന്യായ കോടതികളാണ്. കോടതി ഭാഷ ഇംഗ്ലീഷിലാണ്. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു നിയമത്തിന്റെ വ്യാഖ്യാനം നടത്തുന്ന കോടതിയ്ക്കും, നിയമം കൈകാര്യം ചെയ്യുന്നവർക്കും പ്രയോജനകരമാകുന്ന തരത്തിൽ അവയുടെ ആധികാരികപാഠങ്ങൾ ലഭ്യമാക്കേ

ണ്ടത് സർക്കാരുകളുടെ ഭരണഘടനാ ബാധ്യതയാണെന്ന് കോടതികൾ വ്യക്തമാക്കിയിട്ടുണ്ട്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 348(3) പ്രകാരമുള്ള ആധികാരികപാഠങ്ങൾ അവ പുറപ്പെടുവിച്ചാൽ ഉടൻതന്നെ തയ്യാറാക്കേണ്ടവയാണെന്നും, അല്ലാത്തപക്ഷം അത് അനുച്ഛേദം 348(3) ന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമാകുമെന്നും, ബഹു. കേരള ഹൈക്കോടതി ചൂണ്ടികാട്ടി. (Thanga Dorai v. Chancellor Kerala University) (1995 (2) KLT 663) "ബില്ലുകൾ / ആക്റ്റുകൾ / ഓർഡിനൻസുകൾ / സബോർഡിനേറ്റ് ലെജിസ്ലേഷനുകൾ എന്നിവയുടെ ആധികാരികപാഠങ്ങൾ, അതതു സംഗതി പോലെ, അവയുടെ അവതരണം, പാസ്സാക്കൽ, വിളംബരപ്പെടുത്തൽ, പ്രസിദ്ധീകരണം എന്നീ ഘട്ടങ്ങളിൽതന്നെ നടത്തേണ്ടതാണെന്നും കോടതി പ്രസ്താവിച്ചു. കേരള പഞ്ചായത്ത് രാജ് ആക്റ്റ് / മുനിസിപ്പാലിറ്റി ആക്റ്റ്, അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ മുതലായവയുടെ ആധികാരിക പാഠങ്ങൾ പ്രസിദ്ധപ്പെടുത്താൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഫയൽ ചെയ്ത മറ്റൊരു പൊതുതാൽപര്യ ഹർജിയിലും, ആധികാരികപാഠങ്ങൾ സമയബന്ധിതമായി പ്രസിദ്ധപ്പെടുത്തണമെന്ന് നിർദ്ദേശിച്ചതിനോടൊപ്പം, ഇനിയും പ്രസിദ്ധപ്പെടുത്താനുള്ള മറ്റു നിയമങ്ങളുടെ ആധികാരികപാഠങ്ങൾ കൂടി സമയബന്ധിതമായി പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നു. (മുരളി പുരുഷോത്തമൻ v. സ്റ്റേറ്റ്) (2002(1)KLT698) ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറപ്പെടുവിച്ച മറ്റുചില വിധിന്യായങ്ങളിലും ആധികാരികപാഠത്തിന്റെ simultaneous publication എന്ന ആശയത്തിന് അടിവരയിട്ടിട്ടുണ്ട്. (M/s Park leather Industry (P) Ltd and anr Vs State of U.P. (2001(1)SCR1035). 2016- ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിന് കീഴിൽ പുറപ്പെടുവിച്ച കേരള നഗര - ഗ്രാമാസൂത്രണ (വിശദ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021- ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്നിവയുടെ ആധികാരികപാഠങ്ങൾ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടും ഇത് സംബന്ധിച്ച മുൻ കോടതി വിധികൾ പാലിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഓർമ്മിപ്പിച്ചു. (P.H. Babu Ansari V The Municipal Council Kottayam Municipality and others) (WP(C)No.6533/2023 dated 24.11.2023).

എന്നാൽ, ചുരുക്കം ചില സാഹചര്യങ്ങളിൽ ആക്റ്റുകളുടെ ആധികാരികപാഠങ്ങൾ അതിന്റെ original text- നോടൊപ്പം അല്ലാതെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ ഒരു ബിൽ സഭയിലോ കമ്മിറ്റിയിലോ വച്ച് കാതലായ അനവധി മാറ്റങ്ങൾ വരുത്തുമ്പോഴോ, സാങ്കേതിക പദപ്രയോഗങ്ങൾ കൂടുതലായി ഉപയോഗിക്കുമ്പോഴോ അവയുടെ ആധികാരിക പരിഭാഷ തയ്യാറാക്കി ആക്റ്റ് പ്രസിദ്ധീകരിക്കുന്നതോടൊപ്പം പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നേക്കാം. അത്തരം സാഹചര്യങ്ങളിൽ നിയമസഭ പാസ്സാക്കിയ ബില്ലിന് ഉടൻ നിയമപ്രാബല്യം നൽകുന്നതിലേയ്ക്ക്, അവ ആദ്യം പ്രസിദ്ധീകരിക്കുകയും തുടർന്ന് ആധികാരികപാഠം പ്രത്യേകമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള കീഴ്വഴക്കവും (precedent) ഉണ്ട്.

### ആധികാരിക പാഠങ്ങൾ തയ്യാറാക്കുന്നതിലെ സൂക്ഷ്മത

ആധികാരിക പാഠങ്ങൾ തയ്യാറാക്കുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്ന വിധിന്യായങ്ങളും ഉണ്ട്. 2001- ലെ The Kerala Protection of River Banks and Regulation of Removal of Sand Act- ന്റെ 23-ാം വകുപ്പിൽ "വാഹനങ്ങളുടെ കണ്ടുകെട്ടൽ" എന്ന് മാർജിനൽ ശീർഷകത്തിലും, "കടത്തികൊണ്ട് പോകാൻ ഉപയോഗിച്ച വാഹനം പോലീസോ റവന്യൂ ഉദ്യോഗസ്ഥൻമാരോ കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്" എന്ന് പ്രസ്തുത വകുപ്പിലും ഉപയോഗിച്ചിരുന്നു. എന്നാൽ പ്രസ്തുത ആക്റ്റിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പാഠത്തിൽ, അത് യഥാക്രമം, "confiscation of vehicle" എന്നും, "liable for seizure" എന്നുമാണ് ഉപയോഗിച്ചിരുന്നത്. പ്രസ്തുത വ്യവസ്ഥയുടെ സാധുത കോടതിയിൽ ചോദ്യം ചെയ്യുകയും ജില്ലാകളക്ടർക്ക് വാഹനം പിടിച്ചെടുക്കാൻ മാത്രമേ അധികാരമുള്ളൂ എന്നും, (power to seize) കണ്ടുകെട്ടുന്നതിനുള്ള അധികാരം (power to confiscate) നൽകുന്നില്ലെന്നുമുള്ള വാദങ്ങൾ പരിഗണിക്കവേ, ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് പരാതിക്കാരന്റെ പ്രസ്തുത വാദത്തെ ശരിവച്ചുവെങ്കിലും, ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ ജില്ലാ കളക്ടർക്ക് കണ്ട്കെട്ടൽ നടത്തുന്നതിനുള്ള അധികാരമുണ്ടെന്ന് പ്രസ്താവിച്ചു. 23-ാം വകുപ്പിന്റെ മാർജിനൽ ശീർഷകവും, പ്രസ്തുത വകുപ്പും, ആക്റ്റിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും കൂട്ടിവായിച്ചുകൊണ്ടാണ് ജില്ലാകളക്ടർക്ക് കണ്ടുകെട്ടലിനുള്ള അധികാരം ഉണ്ടെന്ന് കോടതി വ്യാഖ്യാനം നടത്തിയിട്ടുള്ളത്. എന്നിരുന്നാലും, 'it is time that the State Government looks into the matter of accurate translation of Acts in English for the benefit of judges who are required to interpret them in the High Court and whose knowledge in Malayalam may be nil or limited" എന്ന് നിരീക്ഷിച്ചു. (Abdul Samad Vs State of Kerala

(Crl.M.C.1361/2007 dated 17.9.2007). പരിഭാഷയിൽ പാലിക്കേണ്ട അതീവ ജാഗ്രതയിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ് പ്രസ്തുത വിധിന്യായം.

**മലയാളം - ഇംഗ്ലീഷ് ടെക്സ്റ്റുകളിൽ പൊരുത്തക്കേടുകൾ**

ഒരു നിയമത്തിന്റെ ഇംഗ്ലീഷ് - മലയാളം ടെക്സ്റ്റുകളിൽ പ്രകടമായ പൊരുത്തക്കേടുകൾ വരാവുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. ഒരു നിയമത്തിന്റെ ഇംഗ്ലീഷിലും മറ്റു ഭാഷകളിലുമുള്ള ടെക്സ്റ്റുകളിൽ പൊരുത്തക്കേട് വന്നാൽ ഇംഗ്ലീഷിലുള്ള ആധികാരികപാഠമാണ് നിലനിൽക്കുന്നതെന്നും എന്നാൽ ഇംഗ്ലീഷിലുള്ള ആധികാരികപാഠത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തത ഉണ്ടെങ്കിൽ അതിന്റെ അർത്ഥവ്യാപ്തി പരിശോധിക്കുന്നതിനായി പ്രാദേശികഭാഷയിലുള്ള ഒറിജിനൽ ടെക്സ്റ്റ് ഉൾപ്പെടെയുള്ള external aids കോടതികൾക്ക് പരിഗണിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. (M/s Park leather Industry (p) ltd & Anr V State of U.P.) (2001(1)SCR 1035).

ബഹു. സുപ്രീംകോടതി വിധി ഇപ്രകാരമായിരിക്കേ, ഇതിനു വിരുദ്ധമായി ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്. പരിഭാഷപ്പെടുത്തൽ ഒരു 'executive action' ആണെന്നും അതിനാൽ, പരിഭാഷയ്ക്ക് original നിയമത്തിന് മേൽ നിലനിൽപ്പില്ലെന്നുമായിരുന്നു പ്രസ്തുത ഹൈക്കോടതി വിധി. 'English version of a text of an Act in Hindi is an 'act of executive'-, which will not prevail over a legislation enacted by State legislature in Hindi, and therefore, in case of conflict between the two, the legislative enactment will prevail over the authorised version published under the authority of Hon'ble Governor as an executive function" എന്നാണ് മദ്ധ്യപ്രദേശ് ഹൈക്കോടതി ഇത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ളത്. (Chief Municipal Officer Vs Hindustan Copper Ltd and others. [W.P(c) No. 1249/2017 dated 10.05.2018] എന്നാൽ പ്രസ്തുത വിധിയെ ബഹു. സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും ഈ കേസിൽ അന്തിമ തീരുമാനം വന്നിട്ടില്ല. (SLP No. 17436/2018)

**ആധികാരികപാഠങ്ങളിലെ പ്രകടമായ തെറ്റുകൾ നീക്കംചെയ്യുന്നത്**

ഒരിക്കൽ പ്രസിദ്ധീകരിച്ച ആധികാരികപാഠത്തിൽ പ്രകടമായ തെറ്റുകൾ വന്ന ഒറ്റപ്പെട്ട സംഭവവും ഉണ്ടായിട്ടുണ്ട്. ക്ലറിക്കൽ / ടൈപ്പിംഗ് തെറ്റുകൾ ഒരു ശുദ്ധിപത്രത്തിലൂടെ (erratum) തിരുത്താവുന്നതാണ്. എന്നാൽ പ്രകടമായ നിരവധി തെറ്റുകൾ ഒരു ആക്റ്റിന്റെ ആധികാരികപാഠത്തിൽ കടന്നുകൂടിയാൽ, ഇംഗ്ലീഷിലുള്ള പുതിയ ഒരു ആധികാരിക പാഠം തയ്യാറാക്കാനായി നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരു നിയമത്തിന് ഒരേ സമയം ഒന്നിൽ കൂടുതൽ ആധികാരികപാഠങ്ങൾ ഉണ്ടായിരിക്കാൻ പാടില്ലാത്തതിനാൽ, അത്തരം സന്ദർഭങ്ങളിൽ ആദ്യം പ്രസിദ്ധീകരിച്ച ആധികാരികപാഠം 'supersede' ചെയ്തുകൊണ്ട് പുതിയ ആധികാരികപാഠം ഗവർണ്ണറുടെ അനുമതിയോടുകൂടി വിജ്ഞാപനം ചെയ്യേണ്ടതാണ്.

**ഗസറ്റ് പ്രസിദ്ധീകരണത്തിന്റെ പ്രസക്തി**

സർക്കാരിന്റെ പ്രസിദ്ധീകരണങ്ങൾക്കുള്ള പ്രധാനപ്പെട്ട ഔദ്യോഗിക ഉപാധിയാണ് ഗസറ്റ്. അതിനാൽ ആക്റ്റുകൾ / ഓർഡിനൻസുകൾ / സബോർഡിനേറ്റ് ലെജിസ്ലേഷനുകൾ എന്നിവ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. പൊതുജനങ്ങൾക്ക് ശരിയായ അറിയിപ്പ് നൽകുന്നതിന് വേണ്ടിയാണ് അവ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്. നിയമങ്ങൾ സമയബന്ധിതമായി പ്രാബല്യത്തിൽ വരുത്തേണ്ടവ ആയതിനാൽ അവയും അവയുടെ ആധികാരികപാഠങ്ങളും അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

**കേന്ദ്ര നിയമങ്ങളുടെ ആധികാരികപാഠങ്ങൾ തയ്യാറാക്കൽ**

കേന്ദ്രനിയമങ്ങൾ ഇംഗ്ലീഷ് - ഹിന്ദി ഭാഷകളിലായി പ്രസിദ്ധീകരിക്കുന്നു. അവയുടെ ആധികാരികപാഠങ്ങൾ മറ്റു ഭാഷകളിൽ തയ്യാറാക്കേണ്ട ചുമതല അതതു സംസ്ഥാന സർക്കാരുകൾക്കാണ്. കേരളത്തിൽ, കേന്ദ്ര നിയമങ്ങളുടെ ആധികാരികപാഠങ്ങൾ തയ്യാറാക്കേണ്ട ചുമതല കേരള സംസ്ഥാന ഓദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. നിയമ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഈ സ്ഥാപനം കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ തയ്യാറാക്കി ആധികാരികപാഠമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. ഇത് സംബന്ധിച്ച വിശദമായ കേന്ദ്രനിർദേശം നിലവിലുണ്ട്. (16.10.1979- ലെ കേന്ദ്ര നിർദ്ദേശം)

**1973- ലെ ആധികാരികപാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്**

1973- ലെ ആധികാരികപാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റിലെ (1973- ലെ 50-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരമാണ് കേന്ദ്രനിയമങ്ങളുടെ ആധികാരികപാഠങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നത്. ഭാരതത്തിന്റെ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ഭാഷകളിലായി കേന്ദ്ര നിയമങ്ങളുടെ ആധികാരികപാഠ

ങ്ങൾ പ്രസിദ്ധീകരിക്കുന്നു. കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ തയ്യാറാക്കുന്ന പരിഭാഷ, കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കി ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തോടു കൂടിയാണ് സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്.

**ഭരണഘടനയുടെ ആധികാരിക പരിഭാഷ**

ഭരണഘടനയെ ഒരു കേന്ദ്ര നിയമമായി കണക്കാക്കാവുന്നതല്ല. ഭരണഘടനാ നിയമനിർമ്മാണ അധികാരം (constituent power) ഉപയോഗിച്ചുകൊണ്ടാണ് ഭരണഘടനയുടെ ഭേദഗതികൾ പുറപ്പെടുവിക്കുന്നത്. ഭരണഘടനയ്ക്ക് കാലാകാലങ്ങളിൽ വരുന്ന ഭേദഗതികൾ ഉൾപ്പെടുത്തിയ ആധികാരിക മലയാള പരിഭാഷ പ്രസിദ്ധപ്പെടുത്തേണ്ട ചുമതല സംസ്ഥാനങ്ങൾക്കാണ്. അവ 1973 ലെ ആധികാരികപാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആധികാരികപാഠമായല്ല; മറിച്ച്, ആധികാരിക പരിഭാഷയായാണ് പ്രസിദ്ധീകരിക്കുന്നത്. കേന്ദ്ര നിയമ – നീതിന്യായ മന്ത്രാലയത്തിലെ നിയമനിർമ്മാണ വകുപ്പിലെ ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ സഹകരണത്തോട് കൂടിയാണ് ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷൻ ഭാരത ഭരണഘടനയുടെ ഇംഗ്ലീഷ് – മലയാളം ദ്വിഭാഷാ പതിപ്പുകൾ പ്രസിദ്ധീകരിച്ചു വരുന്നത്.

**സബോർഡിനേറ്റ് നിയമങ്ങളുടെ ആധികാരിക പരിഭാഷ**

സംസ്ഥാന ആക്റ്റുകൾ / ഓർഡിനൻസുകൾ എന്നിവയുടെ ആധികാരികപാഠങ്ങൾ തയ്യാറാക്കുന്നത് നിയമ വകുപ്പിലാണെന്ന് മുമ്പ് പരാമർശിച്ചുവല്ലോ. എന്നാൽ കേന്ദ്ര – സംസ്ഥാന നിയമങ്ങളും, ഭരണഘടനാ വ്യവസ്ഥകളും പ്രകാരം ഏൽപ്പിച്ചു നൽകിയ അധികാരങ്ങൾ ഉപയോഗിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന സബോർഡിനേറ്റ് ലെജിസ്ലേഷനുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഭരണവകുപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. നിയമവകുപ്പ് അവയുടെ സൂക്ഷമ പരിശോധന നടത്തുന്നുണ്ട്. മാതൃനിയമം ഏത് ഭാഷയിൽ ആണെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത നിയമങ്ങൾക്ക് കീഴിലുള്ള സബോർഡിനേറ്റ് ലെജിസ്ലേഷനുകളുടെ ഭാഷയും നിശ്ചയിക്കേണ്ടത്.

**ശരിതർജ്ജമ തയ്യാറാക്കൽ**

ഒരു നിയമത്തിന് സ്വകാര്യ പ്രസാധകരുടേത് ഉൾപ്പെടെ നിരവധി പരിഭാഷകളും പ്രസിദ്ധീകരണങ്ങളും ഉണ്ടാകാം. അവ ആധികാരിക പരിഭാഷയായി കണക്കാക്കാവുന്നതല്ല. എന്നാൽ, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി പ്രമാണീകരിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ശരി തർജ്ജമ ഒരു നിയമത്തിന്റെ ആധികാരികമായ പരിഭാഷയാണ്. അതിനാൽ അവയ്ക്ക് legal sanctity യും ഉണ്ട്. ഇംഗ്ലീഷിലുള്ള ഒറിജിനൽ ആക്റ്റിനോടൊപ്പം അതിന്റെ ശരിതർജ്ജമ (മലയാളം) പ്രസിദ്ധീകരിക്കുമ്പോൾ അവ അസാധാരണ ഗസറ്റിലാണ് (extraordinary gazette) പ്രസിദ്ധീകരിക്കുന്നത്. എന്നാൽ ശരി തർജ്ജമ പ്രത്യേകമായി പ്രസിദ്ധീകരിക്കുമ്പോൾ അവ സാധാരണ ഗസറ്റിലും (ordinary gazette) പ്രസിദ്ധീകരിക്കുന്നു. ആധികാരികപാഠങ്ങളും ശരി തർജ്ജമയും തയ്യാറാക്കുന്നതിന് മുമ്പ് നിയമ വകുപ്പിൽ പ്രത്യേകമായി പരിഭാഷാ വിഭാഗങ്ങൾ (translation wing) പ്രവർത്തിച്ചിരുന്നു. എന്നാൽ, പിന്നീട് പരിഭാഷാ വിഭാഗങ്ങളെ നിയമ നിർമ്മാണ വകുപ്പുകളുമായി ലയിപ്പിച്ചിട്ടുള്ളതിനാൽ പരിഭാഷ തയ്യാറാക്കൽ ജോലികൾ നിലവിൽ നിയമ (നിയമനിർമ്മാണ) വകുപ്പുകൾ തന്നെയാണ് നിർവ്വഹിച്ചു വരുന്നത്.

ചുരുക്കത്തിൽ, ആധികാരിക പാഠങ്ങൾ സമയബന്ധിതമായും സസൂക്ഷമമായും നിർവ്വഹിക്കേണ്ട ചുമതല നിയമ വകുപ്പിൽ നിക്ഷിപ്തമാണ്.

# സറോഗസി നിയമം
# വസ്തുതകളും ധാരണകളും





**ശ്രീ. ദിപിൻ റോയ് എസ്. എൽ.**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ
നിയമവകുപ്പ്

സഹായാധിഷ്ഠിത പ്രത്യുൽപ്പാദന മാർഗങ്ങളിലൊന്നായി ലോകത്താകമാനം പ്രചുരപ്രചാരം നേടിയിട്ടുള്ള ഒരു ബദൽ ഗർഭധാരണ രീതിയാണ് വാടകഗർഭധാരണം അഥവാ സറോഗസി (surrogacy). പ്രത്യുൽപ്പാദനപരമായ പരിമിതികളെ മറികടക്കാൻ പ്രശസ്തരായ വ്യക്തികൾ മുതൽ സാധാരണക്കാർ വരെ ഇന്ന് വാടകഗർഭധാരണത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ മുന്നോട്ടു വരുന്നു. എന്നിരുന്നാലും വാടകഗർഭധാരണവും അതിന്റെ സാങ്കേതികതയും നിയമവശവും സംബന്ധിച്ച് വലിയ തരത്തിലുള്ള തെറ്റിദ്ധാരണകളും ഊഹാപോഹങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നു എന്നത് പച്ചയായ യാഥാർഥ്യമാണ്. പലപ്പോഴും ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് ജനങ്ങളുടെ അറിവില്ലായ്മ മുതലെടുത്തുകൊണ്ട് ഓൺലൈൻ സാമൂഹിക മാധ്യമങ്ങൾ വഴിയും മറ്റും പങ്കുവയ്ക്കപ്പെടുന്ന തെറ്റായ വാർത്തകളും വിവരവും വലിയ തോതിലുള്ള നിയമലംഘനത്തിനും സാമ്പത്തിക ചൂഷണത്തിനും കാരണമാകുന്നു എന്നത് ഗൗരവമായി ചർച്ച ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ഇത് സംബന്ധിച്ച് കൃത്യമായ നിയമാവബോധവും ശരിയായ അറിവും പൊതുസമൂഹത്തിനു ഉണ്ടാകേണ്ടതുണ്ട്. എന്താണ് വാടക ഗർഭധാരണം? അതിന്റെ ചരിത്രം, നിയമ വ്യവഹാരങ്ങൾ, ഇത് സംബന്ധിച്ച് ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ലളിതമായി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## എന്താണ് വാടകഗർഭധാരണം അഥവാ സറോഗസി (surrogacy)

ഒരു സ്ത്രീ മറ്റൊരു ദമ്പതികൾക്ക് വേണ്ടി ഗർഭം ധരിയ്ക്കുകയും കുട്ടിയെ പ്രസവിക്കുകയും പ്രസവ ശേഷം കുട്ടിയെ ആ ദമ്പതികൾക്ക് കൈമാറുകയും ചെയ്യുന്ന പ്രക്രിയയാണ് വാടക ഗർഭധാരണം അഥവാ സറോഗസി (surrogacy). “Appointed to act in the place of” എന്ന് അർഥം വരുന്ന ‘surrogatus” എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ‘surrogate”

surrogacy' എന്നീ വാക്കുകളുടെ ഉത്ഭവം. വാടകഗർഭധാരണത്തിനു ഒരു മൂന്നാം കക്ഷിയുടെ (Third Party) സഹായം ആവശ്യമാണ്. നിയമ സാധുതയുള്ള ഒരു ഉടമ്പടി അല്ലെങ്കിൽ കരാറാണ് ഗർഭപാത്രം വാടകക്കെടുക്കൽ. ഒരു സ്ത്രീ മറ്റൊരു വ്യക്തിക്കോ ആളുകൾക്കോ വേണ്ടി ഗർഭധാരണത്തിനും പ്രസവത്തിനും സമ്മതിക്കുകയാണ് ഈ ഉടമ്പടിയിലൂടെ ചെയ്യുന്നത്. ഗർഭധാരണത്തിനു കരാർ നൽകിയ ആളുകളായിരിക്കും ജനനശേഷം നിയമപരമായി കുട്ടിയുടെ മാതാപിതാക്കൾ. രണ്ടു തരത്തിലുള്ള വാടകഗർഭധാരണ രീതിയാണ് നിലവിലുള്ളത്. ഒന്നാമത്തേത്, കുഞ്ഞ് വേണമെന്ന് ആഗ്രഹിക്കുന്ന ദമ്പതിമാരിൽ നിന്ന് തന്നെ അണ്ഡവും ബീജവും ശേഖരിച്ച് ഐ.വി.എഫ് (ഇൻ വിട്രോ ഫെർട്ടിലൈസേഷൻ)മുഖേന ബീജ സങ്കലനം നടത്തിയശേഷം സറോഗേറ്റ് അമ്മയുടെ ഗർഭപാത്രത്തിൽ ഭ്രൂണം നിക്ഷേപിച്ച് വളരാൻ അനുവദിക്കുന്ന ജസ്റ്റേഷണൽ (Gestational) രീതിയാണിത്. ഈ രീതിയിൽ കുഞ്ഞിന്റെ ജൈവ മാതാപിതാക്കൾ ആരാകണം എന്നത് മുൻകൂട്ടി തീരുമാനിക്കപ്പെടുന്നു. രണ്ടാമത്തേത്, കുഞ്ഞിന് ജൻമം നൽകുന്ന സ്ത്രീയുടെ ഗർഭപാത്രത്തിൽ പിതാവാകേണ്ട വ്യക്തിയുടെ ബീജം നിക്ഷേപിച്ച് കുഞ്ഞിന് ജൻമം നൽകുന്ന പരമ്പരാഗത (traditional) രീതി. പരമ്പരാഗത രീതിയിൽ സറോഗേറ്റ് അമ്മയുടെ അണ്ഡത്തിലാകും ബീജസംയോജനം നടക്കുക. അതുകൊണ്ട് ജനിക്കുന്ന കുഞ്ഞിന്റെ ജൈവികമാതാവ് സറോഗേറ്റ് അമ്മ ആയിരിക്കും. ഈ അമ്മയുടെ ജനിതക സ്വഭാവ സ്വാധീനങ്ങൾ കുഞ്ഞിലുണ്ടാവുകയും ചെയ്യും. എന്നാൽ ജസ്റ്റേഷണൽ രീതിയിൽ, ഗർഭം ധരിക്കുന്ന അമ്മയുമായി കുഞ്ഞിന് യാതൊരു ജൈവിക ബന്ധവുമില്ലാത്തതിനാൽത്തന്നെ, വളർത്തുന്ന പിതാവിന്റെയും മാതാവിന്റെയും യഥാർത്ഥ ജനിതകത്തുടർച്ചയായ കുഞ്ഞുണ്ടാകുന്നു . അതുകൊണ്ട് തന്നെ ജസ്റ്റേഷണൽ രീതിക്കാണ് കൂടുതൽ പ്രചാരമുള്ളത്. ഇത്തരത്തിൽ ഗർഭപാത്രം നൽകുന്ന സ്ത്രീയെ സറോഗേറ്റ് അമ്മ അഥവാ മാറ്റമ്മ (surrogate mother) എന്നും സാങ്കേതികമായി ഗർഭവാഹക (gestational carrier) എന്നുമാണ് വിളിക്കുന്നത്. വാടകഗർഭധാരണത്തിലൂടെ മാതാപിതാക്കളാകാൻ ആഗ്രഹിക്കുകയും അതിനായി ഇത്തരം സേവനങ്ങൾ നൽകുന്ന ARTക്ലിനിക്കുകളെ സമീപിക്കുകയും ചെയ്യുന്ന ദമ്പതികളെ 'intending couple"അല്ലെങ്കിൽ 'commissioning couple"എന്നുമാണ് അറിയപ്പെടുന്നത് .

**വാടകഗർഭധാരണം ഇന്ത്യയിൽ നിയമപരമാണോ ?**

ഇന്ത്യയിൽ വാടകഗർഭധാരണം എന്ന ആശയം പുതിയതല്ല.1978-ൽ, കൊൽക്കത്തയിൽ ലോകത്തിലെ രണ്ടാമത്തെയും ഇന്ത്യയിലെ ആദ്യത്തെയും ടെസ്റ്റ് ട്യൂബ് ശിശുവായ കനുപ്രിയ എന്ന ദുർഗയുടെ ജനനത്തോടെ ഇന്ത്യയിൽ വാടകഗർഭധാരണത്തിന്റെ ചരിത്രവും ആരംഭിക്കുന്നു. വാടകഗർഭധാരണം സംബന്ധിച്ച് ഇന്ത്യയിൽ നിലവിലുള്ള നിയമങ്ങളും നടപടിക്രമങ്ങളും പരിശോധിക്കുന്നതിന് മുൻപ് ഈ വിഷയവുമായി ബന്ധപ്പെട്ട ചില ചരിത്ര വസ്തുതകളും കോടതി വ്യവഹാരങ്ങളും വിധിന്യായങ്ങളും പരിശോധിക്കുന്നത് ഉചിതമായിരിയ്ക്കും. ലോകത്ത് ഇതുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ 1944 -ൽ തന്നെ ആരംഭിച്ചിരുന്നു. ചരിത്രത്തിലെ ആദ്യത്തെ നിയപരമായ പാരമ്പരാഗത വാടകഗർഭധാരണ കരാർ ഉണ്ടാക്കിയത് 1976-ൽ മിഷിഗണിലെ അഭിഭാഷകനായ നോയൽ കീൻ (Attorney Noel Keane) ആയിരുന്നു. ആദ്യത്തെ 'surrogate parenthood'കരാർ തയ്യാറാക്കി അന്ന് വരെ നിയമത്തിന് ഏറെക്കുറെ അജ്ഞാതമായിരുന്ന ഒരു മേഖലയിലേയ്ക്ക് ലോകശ്രദ്ധ ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

**ബേബി എം കേസ് (Baby M. Case) (109 N.J. 396 (N.J. 1988))**

വാടകഗർഭധാരണകരാറുകളുടെ നിയമസാധുത സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട നിയമപരമായ സങ്കീർണതകളെകുറിച്ചും ചർച്ചചെയ്യപ്പെട്ട ആദ്യ കോടതി വ്യവഹാരങ്ങളിൽ ഒന്നായിരുന്നു 1986 മുതൽ 1988 വരെ അമേരിക്കയിലെ കോടതികളിൽ നടന്ന ബേബി എം. കേസ്. 1986-ലാണ് നിലവിൽ പ്രചാരമുള്ള പൂർണ വാടകഗർഭധാരണം (ജസ്റ്റേഷണൽ) മുഖേനയുള്ള വിജയകരമായ ആദ്യ സറഗേറ്റ് ജനനം നടക്കുന്നത്. അഭിഭാഷകനായ നോയൽ കീൻ തന്നെയായിരുന്നു ഇതിലേയും വാടകഗർഭധാരണ കരാർ തയ്യാറാക്കിയത്. ബേബി എം. (BABY M.) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന മെലിസ സ്റ്റേൺ എന്ന വനിതയാണ് ഇത്തരത്തിൽ ജനിച്ച ആദ്യ കുട്ടി. വാടകഗർഭധാരണ കരാറിൽ ഏർപ്പെട്ട ദമ്പതികൾക്ക് മെലിസയെ



വിട്ടുനൽകാൻ സറോഗേറ്റ് അമ്മ മേരി ബേത്ത് വൈറ്റ്ഹെഡ് വിസമ്മതിച്ചതോടെ വിഷയം കോടതിയിലെത്തുകയും കൂടുതൽ വാർത്താപ്രാധാന്യം നേടുകയും ചെയ്തു. ന്യൂജേഴ്സിയിലെ കോടതികൾ, വാടക അമ്മയായ വൈറ്റ്ഹെഡ് കുട്ടിയുടെ നിയമപരമായ അമ്മയാണെന്ന് വിധിയ്ക്കുകയും വാടകഗർഭധാരണ കരാറുകൾ നിയമവിരുദ്ധവും അസാധുവുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നിരുന്നാലും, കുഞ്ഞിന്റെ പൊതുവായ നന്മയ്ക്കു വാടകഗർഭധാരണ കരാറിൽ ഏർപ്പെട്ട ദമ്പതികൾക്ക് കുഞ്ഞിന്റെ സംരക്ഷണം ഏൽപ്പിക്കുന്നതാണ് നല്ലതെന്ന് പിന്നീട് കോടതി വിധിച്ചു. പിൽക്കാലത്ത് ബേബി എം കേസിനെ ആസ്പദമാക്കി ഹോളിവുഡ് ചലച്ചിത്രങ്ങളും ടെലിവിഷൻ പരമ്പരകളും പുറത്തിറങ്ങുകയുണ്ടായി.

**ജോൺസൺ v. കാൽവെർട്ട് (Johnson v. Calvert, (851 P.2d 776 (1993))**

വാടകഗർഭധാരണം സംബന്ധിച്ച പ്രസിദ്ധമായ മറ്റൊരു വ്യവഹാരമാണ് 1990-ൽ കാലിഫോർണിയൽ നടന്ന ജോൺസൺ v. കാൽവെർട്ട് (851 P.2d 776 (1993)) എന്ന കേസ്. ഗർഭപാത്രം വാടകയ്ക്കു നൽകിയ അന്ന ജോൺസൺ എന്ന വാടക അമ്മ, ദമ്പതികളായ മാർക്ക്, ക്രിസ്പിന കാൽവർട്ട് എന്നിവർക്ക് കുഞ്ഞിനെ നൽകാൻ വിസമ്മതിച്ചു. ദമ്പതികൾ കുഞ്ഞിനെ വിട്ടുകിട്ടണം എന്നാവശ്യപ്പെട്ടു കോടതിയെ സമീപിച്ചു. ബേബി എം. കേസിൽ നിന്നും വ്യത്യസ്തമായി വാടകഗർഭധാരണ ഉടമ്പടി പ്രകാരം, ഒരു കുട്ടിയെ സൃഷ്ടിക്കാനും വളർത്താനും ഉദ്ദേശിക്കുന്ന സ്ത്രീയാണ് യഥാർത്ഥ അമ്മയെന്ന് നിയമപരമായി നിർവ്വചിച്ച ഈ വിധി വാടകഗർഭധാരണ കരാറുകളുടെ സാധുത സംബന്ധിച്ച സുപ്രധാന വിധികളിലൊന്നാണ്.

ഇന്ത്യയിൽ 2021-ൽ മാത്രമാണ് വാടകഗർഭധാരണവും അത് സംബന്ധിച്ച നടപടിക്രമങ്ങളും മറ്റും നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള വ്യക്തമായ നിയമനിർമ്മാണം ഇന്ത്യൻ പാർലിമെന്റ് പാസ്സാക്കിയിട്ടുള്ളത്. പ്രധാനമായും രണ്ട് നിയമങ്ങളാണ് ഇത് സംബന്ധിച്ചുള്ളത്. 2021-ലെ സറോഗസി (റെഗുലേഷൻ) ആക്റ്റും, അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) ആക്റ്റും (ART Act). രണ്ടു നിയമങ്ങളും 2022 ജനുവരി 25-നു നിലവിൽ വന്നു. പ്രസ്തുത ആക്റ്റുകളിൻ കീഴിൽ യഥാക്രമം സറോഗസി (റെഗുലേഷൻ) റൂൾസും, അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) റൂൾസും പുറപ്പെടുവിച്ചിട്ടുള്ളതാണ് .

വാടകഗർഭധാരണം എന്നത് ഒരു മൂന്നാംകക്ഷി പ്രജനനപ്രക്രിയ ആയതുകൊണ്ട് തന്നെ അത് സാധ്യമാക്കുന്നതിന് സഹായയധിഷ്ഠിത പ്രത്യുല്പാദന സാങ്കേതിക വിദ്യയുടെ (Assisted Reproductive Technology-ART) സഹായം അനിവാര്യമാണ്. ഇത്തരത്തിൽ വാടകഗർഭധാരണം സാധ്യമാക്കുന്നതിനു പ്രത്യുല്പാദന സാങ്കേതികവിദ്യ വാഗ്ദാനം ചെയ്യുന്ന നിരവധി അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി ക്ലിനിക്കുകളും ബാങ്കുകളും അനുബന്ധ സംവിധാനങ്ങളും നിലവിലുണ്ട്. ഇത്തരം ART ക്ലിനിക്കുകളെയും ബാങ്കുകളെയും നിയന്ത്രിയ്ക്കുന്നതിനും അവയുടെ മേൽനോട്ടം വഹിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും അവർ നൽകുന്ന സേവനങ്ങളിൽ സുരക്ഷിതത്വവും ധാർമ്മികതയും ഉറപ്പാക്കുന്നതിനും മറ്റുമുള്ള കാര്യങ്ങൾക്കായി കേന്ദ്ര സർക്കാർ 2021-ൽ കൊണ്ട് വന്ന നിയമമാണ് അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) ആക്റ്റ്. വാടകഗർഭധാരണ സമ്പ്രദായവും പ്രക്രിയയും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും ടി ആക്റ്റിൻ കീഴിൽ ഉചിതമായ അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനുമായാണ് 2021-ലെ സറോഗസി (റെഗുലേഷൻ) ആക്റ്റ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഒരു കാലത്തു ഗർഭപാത്രം വാടകയ്ക്ക് നൽകുന്ന അമ്മമാർ ധാരാളം ഉണ്ടായിരുന്ന ഒരു നാടായിരുന്നു ഇന്ത്യ. കൊമേഴ്സ്യൽ സറോഗസി അല്ലെങ്കിൽ 'ഗർഭപാത്രം വാടകയ്ക്ക്' എന്നത് ഇന്ത്യയിൽ വളരെയധികം പ്രചാരം നേടി. വാടകഗർഭധാരണവും അനുബന്ധ സംവിധാനങ്ങളും ഒരു വ്യവസായം പോലെ വളരുകയും 'ഫെർട്ടിലിറ്റി ടൂറിസം' എന്ന പേരിൽ ഒരു സമാന്തര സാമ്പത്തിക സ്രോതസായി വളരെ വേഗം മാറുകയും ചെയ്തു. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ, വൈദഗ്ധ്യമുള്ള ഡോക്ടർമാർ, വേഗത്തിലുള്ള നടപടിക്രമങ്ങൾ, വാടക അമ്മമാരുടെ ലഭ്യത എന്നിവ ഇന്ത്യയെ ഫെർട്ടിലിറ്റി ടൂറിസത്തിന്റെ പ്രിയപ്പെട്ട കേന്ദ്രമാക്കി. ഇന്ത്യയിൽ 'മെഡിക്കൽ ടൂറിസം' പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2002-ൽ വാണിജ്യപരമായ വാടകഗർഭധാരണം അല്ലെങ്കിൽ അനൗപചാരികമായി 'Rent a womb' സമ്പ്രദായം ഇന്ത്യയിൽ നിയമവിധേയമാക്കി. ഈ കാലയളവിൽ വാടകഗർഭധാരണത്തിന്റെ സാധ്യതകൾ തേടി വിദേശികൾ ഇന്ത്യയിലേയ്ക്ക് പ്രവഹിച്ചു. വാണിജ്യാവശ്യത്തിനുള്ള വാടകഗർഭധാരണ രീതി വ്യാപകമായതോടെ വാടക അമ്മമാരെ ചൂഷണം ചെയ്യൽ, വാടകഗർഭധാരണത്തിലൂടെ ജനിക്കുന്ന കുട്ടികളെ ഉപേക്ഷിക്കൽ, അവയവ കച്ചവടം, ഭ്രൂണ ഇറക്കുമതി എന്നിവ വ്യാപകമായി. തുടർന്ന് വാണിജ്യാവശ്യത്തിനുള്ള വാടകഗർഭധാരണ രീതി

നിരോധിക്കണമെന്നും നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്നുള്ള ആവശ്യം സ്ത്രീ-പക്ഷ സംഘടനകളും NGO-കളും ഉന്നയിച്ചു. വാടക ഗർഭധാരണം നിയമം മൂലം നിയന്ത്രിക്കാനുള്ള ആലോചനകൾ 2005-ന് മുൻപ് തന്നെ ഉണ്ടായിരുന്നു. 2005-ൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചാണ് ഇത് സംബന്ധിച്ച ആദ്യ മാർഗനിർദേശങ്ങൾ സമർപ്പിച്ചത്. മാത്രമല്ല വാടകഗർഭധാരണ കരാറുകളുടെ സാധുതയും വാടകഗർഭധാരണം വഴി ജനിക്കുന്ന കുട്ടികളുടെ അവകാശങ്ങളും അതിലെ നിയമ സങ്കീർണതകളും കോടതികളിൽ ചോദ്യം ചെയ്യപ്പെടാനും തുടങ്ങി.

**ബേബി മാഞ്ചി യമദ v. യൂണിയൻ ഓഫ് ഇന്ത്യ (2008) 13 SCC 518**

ജാപ്പനീസ് ദമ്പതികളായ ഡോ. യുകി യമദയും ഡോ. ഇകുഫുമി യമദയും വാടക അമ്മമാരെ തേടി 2007 നവംബറിൽ ഇന്ത്യയിലേക്ക് വരികയും വാണിജ്യ വാടകഗർഭധാരണത്തിനു പ്രശസ്തമായ ഗുജറാത്തിലെ ആനന്ദ് എന്ന സ്ഥലത്തെ ഒരു പ്രത്യുത്പാദന കേന്ദ്രത്തെ സമീപിക്കുകയും ചെയ്തു. കുട്ടിയുടെ പിതാവ് ഇകുഫുമി യമദയായിരുന്നു ഭ്രൂണസൃഷ്ടിക്ക് ബീജം നൽകിയത്, അണ്ഡദാതാവ് ഒരു അജ്ഞാത ഇന്ത്യൻ സ്ത്രീയായിരുന്നു. സറോഗസി നടപടിക്രമം ഉപയോഗിക്കുകയും ജെസ്റ്റേഷണൽ രീതിയിൽ ബേബി മാഞ്ചി യമദ എന്ന കുഞ്ഞു ജനിക്കുകയും ചെയ്തു. എന്നാൽ കുട്ടിയുടെ ജനനത്തിന് മുമ്പ് ദമ്പതികൾ വിവാഹ മോചനം നേടുകയും ഡോ. യുകി യമദ കുഞ്ഞിന് ജൈവികമോ നിയമപരമോ ആയ ബന്ധം താനുമായി ഇല്ല എന്ന വാദം ഉന്നയിച്ച് കുഞ്ഞിനെ ഏറ്റെടുക്കാൻ വിസമ്മതിക്കുകയും ചെയ്തു. തുടർന്ന് കുട്ടിയുടെ ജനിതക രക്ഷിതാവ് ഡോ. ഇകുഫുമി യമദ കുഞ്ഞിന്റെ കസ്റ്റഡി ആവശ്യപ്പെട്ടു. ഇത് കുട്ടിയുടെ നിയമപരമായ രക്ഷാകർതൃത്വം സംബന്ധിച്ച തർക്കത്തിലേയ്ക്ക് നയിച്ചു. കുട്ടിയെ ജപ്പാനിലേക്ക് കൊണ്ടുപോകുന്നതിനുള്ള നിയമ വ്യവസ്ഥകളുടെ അഭാവവും ജാപ്പനീസ് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ബഹു.സുപ്രീം കോടതിയുടെ ഇടപെടലിലേക്ക് നയിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 32 പ്രകാരം സുപ്രീം കോടതിയിൽ കുട്ടിയുടെ മുത്തശ്ശി മിസ് എമിക്കോ യമാദ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. തുടർന്ന് കുട്ടിയെ മുത്തശ്ശിയോടൊപ്പം പോകാൻ അനുവദിച്ചു. ഈ കേസിൽ വാണിജ്യാവശ്യത്തിനുള്ള വാടക ഗർഭധാരണം ബഹു.സുപ്രീംകോടതി അംഗീകരിച്ചുവെങ്കിലും വാടകഗർഭധാരണത്തെ സംബന്ധിച്ച നിയമത്തിന്റെ ആവശ്യകത സുപ്രീം കോടതി ഉയർത്തിക്കാട്ടി. ഇന്ത്യൻ ലോ കമീഷൻ 2009 ഓഗസ്റ്റ് അഞ്ചിന് കേന്ദ്രസർക്കാരിന് സമർപ്പിച്ച 228-ാ മത് റിപ്പോർട്ടിലും ഇത് സംബന്ധിച്ച നിയമ നിർമ്മാണത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിരുന്നു. മാത്രമല്ല ഈ കാലയളവിൽ ഉണ്ടായ മറ്റൊരു കേസും കൂടുതൽ ശ്രദ്ധിക്കപ്പെട്ടു.

**ജാൻ ബാലാസ് v. ആനന്ദ് മുനിസിപ്പാലിറ്റി (AIR 2010 Guj 21)**

വിദേശ ദമ്പതികൾക്ക് ഇന്ത്യയിൽ വാടകഗർഭധാരണത്തിൽ ജനിച്ച ഇരട്ട കുട്ടികളുടെ പൗരത്വം ചോദ്യം ചെയ്യപ്പെട്ട കേസായിരുന്നു ഇത്. ഇന്ത്യൻ പൗരത്വമുള്ള വാടക അമ്മയ്ക്കാണ് കുട്ടികൾ ജനിച്ചത്. കുട്ടിയുടെ പിതാവ് ഒരു ജർമ്മൻ പൗരനായിരുന്നു. കുട്ടി ജനിച്ചതിന് ശേഷം ജർമ്മനി കുട്ടിക്ക് പൗരത്വം നൽകാൻ വിസമ്മതിച്ചു. വിഷയം സുപ്രീം കോടതിയിലെത്തിയപ്പോൾ ഈ വിഷയത്തെ അഭിസംബോധന ചെയ്തുകൊണ്ട്, ഒരു ഇന്ത്യൻ അമ്മയ്ക്ക് വാടക ഗർഭധാരണത്തിലൂടെ ജനിക്കുന്ന കുട്ടികൾ ഇന്ത്യൻ പൗരന്മാരാണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. വാടകഗർഭധാരണത്തിലൂടെ ജനിക്കുന്ന കുട്ടികളുടെ അവകാശങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമഗ്രമായ നിയമനിർമ്മാണത്തിന്റെ അടിയന്തര ആവശ്യവും കോടതി ഊന്നിപ്പറഞ്ഞു.

**ജയശ്രീ വാദ് v. യൂണിയൻ ഓഫ് ഇന്ത്യ (W P(C) No 95/2015).**

2015-ൽ, ആക്ടിവിസ്റ്റും അഭിഭാഷകയുമായ ജയശ്രീ വാദ്, വാണിജ്യ വാടക ഗർഭധാരണ വ്യവസായത്തിന്റെ അപകടങ്ങളെ ഉയർത്തിക്കാട്ടിക്കൊണ്ട് സുപ്രീം കോടതിയിൽ ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു. തുടർന്ന്, ചിന്തനീയമായ ആലോചനകൾക്ക് ശേഷം, അതേ വർഷം തന്നെ ഇന്ത്യൻ സർക്കാർ വിദേശികൾക്ക് വാടകഗർഭധാരണം നിരോധിച്ചു.

5. Circular No. 462 datd. 3/11/2015 No. 25022/74/2011-F1 (vol 3) ministry of Home Affairs. മാത്രമല്ല വാടകഗർഭധാരണം കൈകാര്യം ചെയ്യുന്നതിന് സമഗ്രമായ നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറായി .

2012-ലും 2014-ലും 2016-ലും വാടകഗർഭധാരണം സംബന്ധിച്ച നടപടിക്രമങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നിയന്ത്രിയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ ബില്ലുകൾ പാർലിമെന്റിൽ അവതരിപ്പിച്ചുവെങ്കിലും പല കാരണങ്ങൾ കൊണ്ട് പ്രസ്തുത ബില്ലുകൾ പാസ്സാക്കാൻ കഴിഞ്ഞില്ല. ഒടുവിൽ നിരവധി ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം 2020-ലാണ് ഈ വിഷയത്തിൽ സമഗ്രമായ നിയമനിർമ്മാണത്തിനായി ബില്ലുകൾ

പാർലിമെന്റിൽ അവതരിപ്പിക്കാൻ കഴിഞ്ഞത്. തുടർന്ന് പാർലമെന്റിന്റെ വിവിധ സമിതികളുടെ പരിഗണനയ്ക്കും നിർദ്ദേശത്തിനും വിട്ട ബില്ലുകൾ 2021-ൽ നിയമമായി.

2021-ലെ സറോഗസി (റെഗുലേഷൻ) ആക്റ്റിന്റെ പ്രധാന സവിശേഷതകളിൽ ഒന്ന് അത് വാണിജ്യാവശ്യത്തിനായുള്ള(commercial surrogacy) വാടകഗർഭധാരണം പൂർണ്ണമായും നിരോധിക്കുന്നു എന്നുള്ളതാണ്. പുതിയ നിയമപ്രകാരം പരോപകാര (altruistic surrogacy) ആവശ്യങ്ങൾക്ക് മാത്രമേ വാടകഗർഭധാരണം അനുവദനീയമാവുകയുള്ളൂ. അതായത് ഗർഭകാലത്തും പ്രസവത്തിനും ചെലവാകുന്ന തുകയല്ലാതെ പ്രതിഫലമോ പാരിതോഷികങ്ങളോ ഗർഭപാത്രം വാടകയ്ക്ക് നൽകുന്നവർ വാങ്ങുവാൻ പാടില്ലാ എന്ന് ആക്റ്റിന്റെ 3-ാം വകുപ്പ്

വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മെഡിക്കൽ ചെലവുകൾ, ഇൻഷുറൻസ് പരിരക്ഷ, മറ്റ് നിർദ്ദിഷ്ട ചെലവുകൾ എന്നിവ വാടക അമ്മയ്ക്ക് സ്വീകരിക്കാവുന്നതാണ്.

**വാടകഗർഭധാരണത്തിന് അർഹതയുള്ളത് ആർക്കാണ്?**

തെളിയിക്കപ്പെട്ട വന്ധ്യതയോ രോഗമോ അനുഭവിക്കുന്ന ദമ്പതികൾക്ക് മാത്രമേ വാടകഗർഭധാരണം അനുവദനീയമാവുകയുള്ളൂ. വിവാഹം കഴിഞ്ഞ് അഞ്ച് വർഷത്തിന് ശേഷവും കുട്ടികൾ ഇല്ലെങ്കിൽ മാത്രമേ വാടകഗർഭധാരണം നടത്താൻ കഴിയൂ. ഭാര്യയ്ക്ക് 23 മുതൽ 50 വയസ്സ് വരെയും ഭർത്താവിന് 26 മുതൽ 55 വയസ്സുവരെയും പ്രായം വേണമെന്നതാണ് ആക്റ്റിന്റെ 4 -ാംവകുപ്പ് വ്യവസ്ഥ ചെയ്യുന്നത്. മാത്രമല്ല ദമ്പതികൾക്ക്, ജനിച്ചതോ ദത്തെടുത്തതോ ആയ മറ്റ് കുട്ടികൾ ഉണ്ടാകാനും പാടില്ല. എന്നാൽ ശാരീരികമോ മാനസികമോ ആയ വെല്ലുവിളി നേരിടുന്നതോ അല്ലെങ്കിൽ ശാശ്വതമായ ചികിത്സയില്ലാത്ത അസുഖം ബാധിച്ചതോ ആയ കുട്ടികളുള്ള രക്ഷിതാക്കളെ ഒഴിവാക്കിയിട്ടുണ്ട്. വാടകഗർഭധാരണത്തിലൂടെ ഒരു കുട്ടി ജനിക്കുന്നതിന് ദമ്പതികൾ ആവശ്യകതാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം. കൂടാതെ, വാടകഗർഭധാരണത്തിലൂടെ ജനിച്ച കുട്ടിയെ ഉപേക്ഷിക്കില്ലെന്ന് അവർ ഉറപ്പുനൽകണം. എന്നാൽ ഏകരക്ഷിതാക്കൾ, വിവാഹിതരല്ലാത്ത പങ്കാളികൾ, സ്വവർഗ പങ്കാളികൾ പങ്കാളി മരിച്ചവർ, വിവാഹമോചിതർ, എന്നിവർക്ക് വാടകയ്ക്ക് ഗർഭപാത്രം സ്വീകരിക്കാൻ അനുമതിയില്ല. പ്രവാസി ഇന്ത്യൻ വനിതകൾക്കും വിദേശികൾക്കും ഗർഭപാത്രം വാടകയ്ക്ക് നൽകാനാവില്ല. എന്നാൽ ഇന്ത്യൻ പൗരത്വമുള്ള പ്രവാസി ദമ്പതിമാർക്ക് ഇന്ത്യയിൽ നിന്ന് വാടകഗർഭപാത്രം സ്വീകരിക്കാം. വാടകഗർഭധാരണത്തിലൂടെ ജനിക്കുന്ന കുട്ടിയെ ദമ്പതികളുടെ ജൈവിക കുട്ടിയായി കണക്കാക്കുമെന്നും നിയമപ്രകാരം ഒരു സ്വാഭാവിക കുട്ടിക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുമെന്നും ആക്റ്റിന്റെ 8-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ജനന വൈകല്യമോ ജനിതക വൈകല്യമോ മറ്റേതെങ്കിലും രോഗാവസ്ഥയോ കാരണം വാടക ഗർഭധാരണത്തിലൂടെ ജനിച്ച കുട്ടിയെ ഉപേക്ഷിക്കുന്നത് കുറ്റകൃത്യമായി കണക്കാക്കും.

2021-ലെ സറോഗസി (നിയന്ത്രണ) നിയമപ്രകാരം ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്ക് വാടകഗർഭധാരണത്തിന് കഴിയുമെങ്കിലും അവർ 35 നും 45 നും ഇടയിൽ പ്രായമുള്ള വിധവയോ വിവാഹമോചിതയോ ആയിരിക്കണമെന്ന് ആക്റ്റിന്റെ വകുപ്പ് 2(1)(എസ്) വ്യവസ്ഥ ചെയ്യുന്നു. അത്തരത്തിൽ അവിവാഹിതരായ സ്ത്രീകളെ സറോഗസിയിലൂടെ അമ്മമാരാകുന്നതിൽ നിന്ന് പരിമിതപ്പെടുത്തുന്ന ആക്റ്റിന്റെ വകുപ്പ് 2(1)(എസ്)-ന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് 44-കാരിയായ അവിവാഹിതയായ സ്ത്രീ 2024- ൽ ജസ്‌വീന്ദർ കൗർ v. യൂണിയൻ ഓഫ് ഇന്ത്യ (W.P(C) No.67/2024)) എന്ന കേസിലൂടെ ബഹു. സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നു. ഈ വ്യവസ്ഥ 'വളരെ യുക്തിരഹിതം' മാത്രമല്ല, ആർട്ടിക്കിൾ 14, 21 പ്രകാരമുള്ള മൗലികാവകാശങ്ങളെ ഹനിക്കുന്നതാണെന്നും ഹർജിക്കാരി വാദിക്കുന്നു. എന്നാൽ ഹർജിക്കാരിയുടെ വാദം ബഹു.സുപ്രീം കോടതി മുഖവിലയ്ക്കെടുത്തില്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ അഭിപ്രായം കോടതി ആരാഞ്ഞിട്ടുണ്ട്. നിലവിൽ വിവാഹിതയാകാത്ത ഒരു സ്ത്രീയ്ക്ക് വാടക ഗർഭധാരണം വഴി അമ്മയാകാൻ കഴിയില്ല.

**ആർക്കൊക്കെ വാടകഗർഭം ധരിക്കാം?**

വാടകഗർഭം ധരിക്കുന്ന വ്യക്തിക്ക് സറോഗസിയിലൂടെ മാതാപിതാക്കളാകാൻ ആഗ്രഹിക്കുന്ന ദമ്പതികളുമായി 'genetically related' (അടുത്ത ബന്ധു) ആയിരിയ്ക്കണമെന്ന് ആക്റ്റിന്റെ വകുപ്പ് 2(1)(zg) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇതിനൊരു നിർവ്വചനം ആക്റ്റിലെങ്ങും നൽകിയിട്ടുമില്ല. 2023 -ൽ എച്ച് സിദ്ധരാജു v. യൂണിയൻ ഓഫ് ഇന്ത്യ (WP(C ) No.5861/2023 എന്ന കേസ് പരിഗണിക്കവെ കർണാടക ഹൈക്കോടതി ആക്റ്റിന്റെ വകുപ്പ് 2(1)(zg) വ്യവസ്ഥചെയ്തിട്ടുള്ള 'genetically related' എന്ന വാക്ക് അവ്യക്തമാണെന്നും അത്തരം വ്യവസ്ഥ ഉൾപ്പെടുത്തുന്നത് പരോപകാര സറോഗസി (altruistic surrogacy) എന്ന

ആശയത്തെ തന്നെ ഇല്ലാതാക്കുന്നതാണെന്നും നിരീക്ഷയ്ക്കുകയുണ്ടായി. മാത്രമല്ല 2023-ൽ വാടകഗർഭധാരണം സംബന്ധിച്ച ഒരു കൂട്ടം പൊതുതാൽപ്പര്യ ഹർജികൾ (അരുൺ മുത്തുവേൽ v. യൂണിയൻ ഓഫ് ഇന്ത്യ (WP.(C)No.756/2022)എന്ന കേസിനൊപ്പം പരിഗണിച്ചത്) പരിഗണിക്കവെ 'genetically related' എന്ന വ്യവസ്ഥ സംബന്ധിച്ച് ബഹു.സുപ്രീംകോടതി കേന്ദ്രസർക്കാരിനോട് വ്യക്തത വരുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ എഴുതി സമർപ്പിച്ച മറുപടിയിൽ വ്യക്തമാക്കിയത് 'genetically related-' എന്നത് എല്ലായ്പ്പോഴും നിർബന്ധമായ ഒരു വ്യവസ്ഥ അല്ല എന്നും അടുത്ത ബന്ധു അല്ലാത്തവർക്കും അനിവാര്യഘട്ടത്തിൽ വാടകഅമ്മ ആകുന്നതിനു തടസമില്ല എന്നുമാണ്. ആക്ടിന്റെ വകുപ്പ് 4(1)(b) പ്രകാരം 25 മുതൽ 35 വയസ്സ് വരെ ഇടയിൽ പ്രായമുള്ള സ്ത്രീയ്ക്ക് മാത്രമേ വാടക അമ്മയാകാൻ (surrogated mother) കഴിയൂ. മാത്രമല്ല സ്വന്തമായി ഒരു കുഞ്ഞിന് നേരത്തെ ജന്മം നൽകിയിരിക്കണം. ശാരീരികവും മാനസികവുമായ ക്ഷമത ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റും ഹാജരാക്കണം. ഇത്തരത്തിൽ ഒരു തവണ മാത്രമേ ഒരു സ്ത്രീക്ക് വാടകഗർഭധാരണം നടത്താൻ അനുമതിയുള്ളു. വാടക അമ്മയിൽ മൂന്ന് തവണയിൽ കൂടുതൽ വാടകഗർഭധാരണ നടപടിക്രമങ്ങൾ പാടില്ല. വാടക അമ്മയ്ക്ക് 36 മാസത്തേയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല വാടക ഗർഭധാരണ ചെലവുകൾ ആരോഗ്യ ഇൻഷുറൻസ് പോളിസിയിൽ ഉൾപ്പെടുത്താൻ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ എല്ലാ ഇൻഷുറൻസ് കമ്പനികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

2022 -ലെ വാടകഗർഭധാരണ ചട്ടങ്ങളിൽ 2023-ൽ കേന്ദ്ര സർക്കാർ കൊണ്ട് വന്ന ഭേദഗതി പ്രകാരം പ്രസ്തുത ചട്ടത്തിലെ 7-ാംവകുപ്പ് പ്രകാരം വാടകഗർഭധാരണത്തിനായി ശ്രമിക്കുന്ന ദമ്പതികൾ സ്വന്തം ബീജവും അണ്ഡവും മാത്രമേ അതിനായി ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ കൊണ്ടുവന്നിരുന്നു (G.S.R.179(E) dated 14th March, 2023). എന്നാൽ പ്രസ്തുത വ്യസ്ഥയ്ക്കു എതിരായി അരുൺ മുത്തുവേൽ v. യൂണിയൻ ഓഫ് ഇന്ത്യ (WP.(C) No.756/2022) കേസ് സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. തുടർന്ന് ഇതേ വിഷയം ഉന്നയിച്ച് നിരവധി ദമ്പതികൾ സുപ്രീം കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത കേസുകളിലെ ബഹു. സുപ്രീം കോടതിയുടെ നിരീക്ഷണങ്ങളെ തുടർന്ന് വാടകഗർഭധാരണം സംബന്ധിച്ച ചട്ടങ്ങളിൽ കേന്ദ്രസർക്കാർ 2024-ൽ സുപ്രധാന മാറ്റം വരുത്തുകയും ഇതനുസരിച്ച് കുഞ്ഞ് വേണമെന്ന് ആഗ്രഹിക്കുന്ന ദമ്പതികൾക്ക് അനിവാര്യഘട്ടത്തിൽ അണ്ഡമോ ബീജമോ പുറത്തുനിന്ന് സ്വീകരിക്കാൻ അനുവദിക്കുകയും ചെയ്തു (G.S.R.119(E) dated 21st February, 2024) ഇതിന് ജില്ലാ മെഡിക്കൽ ബോർഡിന്റെ അനുമതി ഉണ്ടായിരിക്കണം.

**സറോഗസി ക്ലിനിക്കുകളുടെ നിയന്ത്രണം**

ആക്റ്റിലെ 3-ാംവകുപ്പ് സറോഗസി ക്ലിനിക്കുകളുടെ നിയന്ത്രണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. ആയത് പ്രകാരം എല്ലാ സറോഗസി ക്ലിനിക്കും നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. വാടകഗർഭധാരണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും, രജിസ്റ്റർ ചെയ്ത സറോഗസി ക്ലിനിക്കുകളിൽ നടത്തേണ്ടതുമാണ്. ഒരു സാഹചര്യത്തിലും, സറോഗസിയുടെ ഉദ്ദേശ്യത്തിനായി ലിംഗം തിരഞ്ഞെടുക്കൽ അനുവദനീയമല്ല. രജിസ്റ്റർ ചെയ്ത എല്ലാ ക്ലിനിക്കുകളും 25 വർഷത്തേക്ക് വാടകഗർഭധാരണ രേഖകൾ സൂക്ഷിക്കണം. കേന്ദ്ര-സംസ്ഥാന തലത്തിൽ അസ്സിസ്റ്റഡ് റീപ്രൊഡക്ടിവ് ടെക്നോളജി ബോർഡും സറോഗസി ബോർഡും രൂപീകരിയ്ക്കുന്നതിനും ഓരോ കേന്ദ്ര ഭരണ പ്രദേശത്തിനും ഒന്നോ അതിലധികമോ യോഗ്യതയുള്ള അധികാരികളെയോ ഏജൻസികളെയോ വെച്ച് വാടകഗർഭധാരണം നിയന്ത്രിയ്ക്കാനും ആക്റ്റ് വ്യവസ്ഥ ചെയ്യുന്നു.

ആക്റ്റിലെ 40-ാം വകുപ്പ് പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാണിജ്യാവശ്യത്തിനായി വാടകഗർഭധാരണം നടത്തിയതായി തെളിഞ്ഞാൽ 5 വർഷം തടവും 5 ലക്ഷം രൂപ പിഴയും ലഭിക്കാം, തുടർന്നുള്ള കുറ്റത്തിന് പത്ത് വർഷം വരെ തടവും പത്ത് ലക്ഷം രൂപ വരെ പിഴയുമാണ് ശിക്ഷ. മാത്രമല്ല ഈ ആക്ടിന് കീഴിൽ ചെയ്യുന്ന ഓരോ കുറ്റകൃത്യവും കോഗ്നിസബ്ൾ ആയി കണക്കാക്കും, ഒപ്പം ജാമ്യം ലഭിക്കാത്തതും കോമ്പൗണ്ടബിൾ അല്ലാത്തതുമാണ്.

**വാടകഗർഭധാരണം കേരളത്തിൽ**

2005-ൽ തിരുവനന്തപുരം സമദ് ആശുപത്രിയിലായിരുന്നു കേരളത്തിൽ ആദ്യമായി വാടകഗർഭപാത്രത്തിലൂടെ കുഞ്ഞ് പിറന്നത്. 40 കഴിഞ്ഞ കൊച്ചി സ്വദേശികളായ ദമ്പതികളുടെ ബീജവും അണ്ഡവും ശേഖരിച്ച് ഭ്രൂണത്തെ വാടക മാതാവിൽ നിക്ഷേപിക്കുകയായിരുന്നു. ആദ്യം പരാജയപ്പെട്ടെങ്കിലും പിന്നീട് പരീക്ഷണം വിജയിച്ചു.വാടക ഗർഭധാരണം സാധ്യമാക്കുന്നതിന് കേരളത്തിൽ നിയമപരമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള നിരവധി അസ്സിസ്റ്റഡ് റീപ്രൊഡക്ടിവ് ടെക്നോളജി ക്ലിനിക്കുകളും സറോഗസി ക്ലിനി

ക്കുകളും ബാങ്കുകളും പ്രവർത്തിക്കുന്നു. മാത്രമല്ല കേരളത്തിലെ വാടകഗർഭധാരണവും അനുബന്ധ നടപടിക്രമങ്ങളും നിയന്ത്രിയ്ക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 2021-ലെ സറോഗസി (റെഗുലേഷൻ) ആക്ടിന്റെ 26, 27 വകുപ്പുകൾ പ്രകാരവും, അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) ആക്റ്റിന്റെ വകുപ്പ് 6 പ്രകാരവും കേരള സർക്കാർ അസ്സിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജി ബോർഡും സറോഗസി ബോർഡും രൂപീകരിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. (S.R.O.No.1017/2022 dated 18/10/2022).

വാടകഗർഭധാരണത്തിൽ ജൈവിക മാതാവിന് മാതൃത്വ അവധിയ്ക്ക് അർഹതയുള്ളതായി വിവിധ കോടതികൾ നിരീക്ഷിച്ചിട്ടുള്ളതാണ്. വാടകഗർഭധാരണത്തിലൂടെ കുഞ്ഞിനെ സ്വന്തമാക്കിയ അമ്മയ്ക്ക് പ്രസവാനന്തരം ഒരു ജീവനക്കാരന് ലഭിക്കാവുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് കേരള ഹൈക്കോടതി പി. ഗീത v. ദി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് (2015 SCC Online Ker 71) എന്ന കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല കലൈസെൽവി v. ചെന്നൈ പോർട്ട് ഓഫ് ട്രസ്റ്റ് (2013 SCC Online Mad 811) എന്ന കേസിൽ മദ്രാസ് ഹൈക്കോടതിയും ചന്ദ കേശവാനി v. സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ (2023 SCC Online Raj 3274) എന്ന കേസിൽ രാജസ്ഥാൻ ഹൈക്കോടതിയും സമാന വിധി പുറപ്പെടുവിച്ചിട്ടുണ്ട്. വാടകഗർഭധാരണത്തിലൂടെ കുഞ്ഞിനെ സ്വന്തമാക്കിയ അമ്മയ്ക്ക് മാതൃത്വ അവധി അനുവദിച്ചുകൊണ്ട് കേരള സർക്കാർ 2016-ൽ തന്നെ G.O.(P) No.2/2016/Fin പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

**വാടകഗർഭധാരണത്തിന്റെ നിയമസാധുത മറ്റു രാജ്യങ്ങളിൽ**

വാടകഗർഭധാരണത്തിന്റെ നിയമസാധുത ലോകമെമ്പാടും വ്യത്യസ്തമാണ്. പല രാജ്യങ്ങളിലും പ്രത്യേകമായി വാടകഗർഭധാരണം കൈകാര്യം ചെയ്യുന്ന നിയമങ്ങളില്ല. ചില രാജ്യങ്ങൾ വാടകഗർഭധാരണം പൂർണ്ണമായും നിരോധിക്കുന്നു, എന്നാൽ പരോപകാര സറോഗസി അനുവദിക്കുന്നു. ചില രാജ്യങ്ങൾ ചില നിയന്ത്രണങ്ങളോടെ വാണിജ്യ വാടകഗർഭധാരണം അനുവദിക്കുന്നു. കാനഡ, ബ്രിട്ടൻ, ഓസ്ട്രേലിയ, ഡെൻമാർക്ക് എന്നിവിടങ്ങളിൽ പരോപകാര സറോഗസി അനുവദനീയമാണ്. ഫ്രാൻസ്, ജർമ്മനി, ഇറ്റലി, പോർച്ചുഗൽ, ബൾഗേറിയ എന്നിവിടങ്ങളിൽ എല്ലാത്തരം വാടകഗർഭധാരണവും പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. അർമേനിയ, ജോർജിയ, കസാക്കിസ്ഥാൻ, റഷ്യ, ഉക്രെയ്ൻ എന്നിവ പരോപകാരപരവും വാണിജ്യപരവുമായ വാടകഗർഭധാരണം അനുവദിക്കുന്നു. കെനിയ, മലേഷ്യ, നൈജീരിയ തുടങ്ങിയ രാജ്യങ്ങൾ വാടകഗർഭധാരണം അനുവദിക്കുന്നുവെങ്കിലും ഈ രീതിയെ നിയന്ത്രിക്കാൻ ഔപചാരികമായ നിയമമില്ല.

വൈകാരികവും സാമ്പത്തികവും നിയമപരവുമായ പ്രതിബദ്ധത ഉൾക്കൊള്ളുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയാണ് വാടകഗർഭധാരണം. വാടകഗർഭധാരണവുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ വളരെ സമഗ്രമായ നിയമനിർമ്മാണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. വളരെ വൈകിയാണെങ്കിലും 2021-ൽ പുറപ്പെടുവിച്ച സറോഗസി (റെഗുലേഷൻ) ആക്റ്റ് ഇന്ത്യയെ സംബന്ധിച്ച് വളരെ നിർണ്ണായകമായ ചുവടുവയ്പാണ്. വാടകഗർഭധാരണം സംബന്ധിച്ച നിയമ പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ ഒരു പരിധി വരെ ഈ നിയമം പര്യാപ്തമാണ് എന്ന് വിലയിരുത്താം. അവിവാഹിതരായ സ്ത്രീകൾക്ക് ദത്തെടുക്കാനും ലിവ്-ഇൻ പങ്കാളികളോടൊപ്പം ജീവിക്കാനും കഴിയുന്ന ഒരു രാജ്യത്ത് അവർക്ക് വാടകഗർഭധാരണം അനുവദനീയമല്ല എന്നത് ഈ നിയമത്തിന്റെ പോരായ്മയായി കാണുന്നവരുമുണ്ട്. അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് ടെക്നോളജികളുടെ ഉപയോഗവും പ്രത്യേകിച്ച് നിയമാനുസൃതമായ വാടകഗർഭധാരണവും ഇന്ത്യയിൽ അസാധാരണമായി വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു കാലഘട്ടമാണിത്. എന്നിരുന്നാലും ഇന്ത്യൻ സമൂഹം കൂടുതൽ പുരോഗമിക്കുംതോറും സമകാലിക സാമൂഹിക പരിതസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റം നിയമനിർമ്മാണങ്ങളിലും പ്രതിഫലിക്കേണ്ടതുണ്ട്.




# സേവനാവകാശ നിയമം

## പൗരാവകാശങ്ങളിലെ മറ്റൊരു **നാഴികക്കല്ല്.**



**ശ്രീ. സൈജു കെ. എ.**
ലീഗൽ അസിസ്റ്റന്റ്

**കേ**രളത്തിലെ സർക്കാർ ഓഫീസുകളിലെ പ്രവർത്തനങ്ങൾ ഒരു ദിവസം നിരീക്ഷിച്ചാൽ എന്തൊക്കെ സേവനങ്ങളാണ് അവിടെ നിന്നും നല്കുന്നതെന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്തെ വില്ലേജാഫീസുകൾ, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ തുടങ്ങി ജനക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്ന ഇത്തരം ഇടങ്ങളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നു. എന്നാൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിന് വീഴ്ച സംഭവിക്കുന്നു എന്നത് പൊതുജനങ്ങളുടെ ഒരു സ്ഥിരം പരാതിയാണ്. അത്തരം കാലതാമസം ഒഴിവാക്കുന്നതിനും പൗരന് ലഭിക്കേണ്ട സേവനങ്ങൾ കൃത്യമായും ഉറപ്പായും നല്കുന്നതിനും സർക്കാർ പാസാക്കിയ നിയമമാണ് സേവനാവകാശ നിയമം. (Right to Service Act, 2012)

ഒരു പൗരൻ നല്കിയ അപേക്ഷ എവിടെയാണ് കുടുങ്ങി കിടക്കുന്നതെന്നറിയാൻ വിവരാവകാശ നിയമം, 2005 വഴിയൊരുക്കി. എന്നാൽ സമയബന്ധിതമായി ഒരു പൗരന് സേവനം ലഭിക്കുവാൻ വേറെ വഴികൾ തേടേണ്ടതുണ്ടായിരുന്നു. ഇതിനിടെ ഇംഗ്ലണ്ടിൽ നിന്നും നാം കടം കൊണ്ട പൗരവകാശ വിളംബരങ്ങൾക്കും കാര്യമായ മാറ്റം വരുത്താനായില്ല. ഈ ഘട്ടത്തിലാണ് ഇന്ത്യയിലാദ്യമായി മധ്യപ്രദേശിൽ സേവനാവകാശ നിയമം 2010 ആഗസ്റ്റിൽ നടപ്പിലാക്കിയത്. തുടർന്ന് ഉത്തർപ്രദേശ് (2011 ജനുവരി), ജമ്മു-കാശ്മീർ (2011 ഏപ്രിൽ), ബീഹാർ (2011 ആഗസ്റ്റ്), രാജസ്ഥാൻ (2011 സെപ്തംബർ), ഉത്തരാഘണ്ഡ് (2011 ഒക്ടോബർ), പഞ്ചാബ് (2011 ഒക്ടോബർ), ഹിമാചൽ പ്രദേശ് (2011 ഒക്ടോബർ), ജാർഘണ്ഡ് (2011 നവംബർ) എന്നീ സംസ്ഥാനങ്ങൾ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളതാണ്.

സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ വകുപ്പുകളും നടത്തുന്ന എല്ലാവിധ സേവനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ജനങ്ങൾ സേവനങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ കയറി ഇറങ്ങേണ്ടി വരുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരം കൂടിയാണ് ഈ നിയമം. സേവനാവകാശ നിയമ പ്രകാരം സർക്കാർ സേവനങ്ങൾ സമയ ബന്ധിതമായി നല്കാത്തവർക്ക് പിഴ അടക്കമുള്ള ശിക്ഷകൾ ഏറ്റു വാങ്ങേണ്ടി വരുന്നതാണ്. ഇന്ത്യയിൽ മധ്യപ്രദേശ്, മഹാ

രാഷ്ട്ര, ബീഹാർ, ജാർഖണ്ഡ്, പഞ്ചാബ്, കേരളം ഉൾപ്പെടെ ഇതുവരെ 20 സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം 2012 ജൂലൈ 12 ന് നിയമസഭയിൽ പാസാക്കിയിട്ടുള്ളതും 2012 നവംബർ 1–ാം തീയതി പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. ഈ നിയമം പൊതുജനങ്ങൾക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ സേവനങ്ങൾ ഉറപ്പുനൽകുന്നു. വില്ലേജ് ഓഫീസിലെ എല്ലാ സേവനങ്ങളും ഉൾപ്പെടെ ജനന, വരുമാന സർട്ടിഫിക്കറ്റുകൾ മുതൽ പെൻഷൻ വരെ ഓരോ സേവനത്തിനും സമയ പരിധി നിശ്ചയിച്ചിട്ടുള്ളതാണ്. ഒരു നിയുക്ത ഉദ്യോഗസ്ഥനും രണ്ട് അപ്പലേറ്റ് അതോറിറ്റിയും മുഖേന ഈ നിയമം നടപ്പിലാക്കുന്നതാണ്. പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കുന്നതിനാണ് നിയമം പ്രഥമ പരിഗണന നൽകുന്നത്. നിയമം ലംഘിക്കുന്നവർക്ക് 500 മുതൽ 5000 രൂപ വരെ പിഴ ശിക്ഷ നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുള്ളതാണ്. നിയുക്ത ഉദ്യോഗസ്ഥൻ സേവനം നൽകുന്നതിൽ കാലതാമസം വരുത്തിയാൽ, താമസം വരുത്തിയ ഓരോ സേവനത്തിനും 250/-രൂപ നിരക്കിൽ 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതാണ്.

വിവരാവകാശത്തിന്റെ മാതൃകയിൽ സേവനം പൗരന്റെ അവകാശമാക്കുന്ന കേരളത്തിലെ നിയമമാണ് സേവനാവകാശ നിയമം. ഈ നിയമത്തിൻ കീഴിൽ ആകെ 12 വകുപ്പുകളാണുള്ളത്. 2–ാം വകുപ്പ് പ്രകാരം 'സേവനം' എന്നത് നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. തൽസമയം പ്രാബല്യത്തിൽ ഇരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമോ, തത്സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ഏതെങ്കിലും സർക്കാർ വകുപ്പോ അതിനു കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ അല്ലെങ്കിൽ ഒരു സംസ്ഥാന പൊതു മേഖലാ സ്ഥാപനമോ അല്ലെങ്കിൽ നിയമാനുസൃതമായി ജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ, മൂന്നാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന, ഏതെങ്കിലും സേവനം എന്നർത്ഥമാകുന്നു. ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ ഒരു സേവനം ലഭിക്കുന്നതിന് അർഹതയുള്ള ഒരാൾക്കുള്ള അവകാശമാണ് സേവനാവകാശം.

ഒരാളിൽ നിന്നും സേവനത്തിന് വേണ്ടിയുള്ള അപേക്ഷ ലഭിച്ചാൽ നിയുക്ത ഉദ്യോഗസ്ഥൻ ആ സേവനം നൽകുകയോ അല്ലെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അപേക്ഷ നിരസിക്കുമ്പോൾ അതിനുള്ള കാര്യങ്ങൾ രേഖാമൂലം വിവരിക്കേണ്ടതാണ്. അപേക്ഷിക്കുന്ന വ്യക്തിക്ക് നിർബന്ധമായും അപേക്ഷ സ്വീകരിക്കുന്നതിന്റെ രസീത് നൽകേണ്ടതാണ്. അപേക്ഷ തീർപ്പാക്കാൻ ഏതെങ്കിലും രേഖകൾ ആവശ്യമാണെങ്കിൽ അക്കാര്യം നിയുക്ത ഉദ്യോഗസ്ഥൻ നിർദ്ദിഷ്ട ഫോറത്തിൽ (ഫോറം നമ്പർ 1) രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ ലഭിച്ച തീയതി മുതൽ നിശ്ചിത സമയപരിധി ആരംഭിക്കുന്നതാണ്. അപേക്ഷകൻ രേഖകൾ ഹാജരാക്കാൻ ഉണ്ടെങ്കിൽ രേഖകൾ ഹാജരാക്കിയ തീയതി മുതലാകും സമയപരിധി തുടങ്ങുക.

കാലാവധി കണക്കാക്കുമ്പോൾ പൊതു അവധി ദിവസങ്ങൾ കൂട്ടുവാൻ പാടുള്ളതല്ല. നിശ്ചിത പരിധിക്കുള്ളിൽ സേവനം ലഭ്യമാക്കിയില്ലെങ്കിലോ അല്ലെങ്കിൽ അപേക്ഷ നിരസിക്കപെട്ടതോ ആയ ഒരാൾക്ക് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപേക്ഷ നിരസിച്ച തീയതി അല്ലെങ്കിൽ നിശ്ചിത സമയപരിധി അവസാനിച്ച് 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കുവാൻ കഴിയാത്തതിന് അപ്പീൽ വാദിക്ക് മതിയായ കാരണം ഉണ്ടെങ്കിൽ അധികാരിയ്ക്ക് 30 ദിവസത്തിന് ശേഷമുള്ള അപേക്ഷയും സ്വീകരിക്കാവുന്നതാണ്.ഒന്നാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനോട് നിശ്ചിതകാലയളവിൽ സേവനം



നൽകാൻ കൽപ്പിക്കുകയോ അല്ലെങ്കിൽ അപ്പീൽ തള്ളുകയോ ചെയ്യാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനത്തിനെതിരെ തീരുമാനത്തിന്റെ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ രണ്ടാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.എന്നാൽ സമയപരിധിക്കുള്ളിൽ അപ്പീൽ നൽകുവാൻ കഴിയാത്തതിന് മതിയായ കാരണം ഉണ്ടെങ്കിൽ കാലാവധിക്ക് ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്. രണ്ടാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിതകാലയളവിനുളിൽ സേവനം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ അപ്പീൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കുന്നതിൽ നിയുക്ത ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുകയാണെങ്കിൽ ആ ഉദ്യോഗസ്ഥനെതിരെ 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ശിക്ഷ ചുമത്താവുന്നതാണ്. മതിയായതും യുക്തിസഹവുമായ സേവനം നൽകുന്നതിൽ നിയുക്ത ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി കാര്യകാരണങ്ങൾ സഹിതം വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനു മേൽ 500 രൂപയിൽ കുറയാത്തതും 5000 രൂപയിൽ കൂടാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ സേവനം നൽകുന്നതിൽ കാലതാമസം വരുത്തിയാൽ ഇപ്രകാരം താമസം വരുത്തിയ ഓരോ ദിവസത്തിനും 250/- രൂപ നിരക്കിൽ പരമാവധി 5000/-രൂപ വരെ പിഴ ഈടാക്കാവുന്നതാണ്. ഈ നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം ഒരു അപ്പീലിൽ തീരുമാനമെടുക്കുമ്പോൾ ഒന്നാം അപ്പീൽ അധികാരിക്കും രണ്ടാം അപ്പീൽ അധികാരിക്കും 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്ന നിയുക്ത ഉദ്യോഗസ്ഥനും പിഴവ് കാട്ടുന്ന ഒന്നാം അപ്പീൽ അധികാരിക്കും എതിരെ പിഴ ശിക്ഷക്കും വ്യവസ്ഥയുണ്ട്. അതിനുപുറമേ വകുപ്പ് തല ശിക്ഷാനടപടികൾക്ക് ശിപാർശ ചെയ്യാനും കഴിയുന്നതാണ്. ശിക്ഷ വിധിക്കുന്നത് അതേ സ്ഥാപനത്തിലുള്ള ഉയർന്ന ഉദ്യോഗസ്ഥനായ രണ്ടാം അപ്പീലധികാരിയാണ്. ഇത് വളരെ സങ്കീർണമായ ഒരു വ്യവസ്ഥയാണ്. ഈ നിയമത്തെ വിവരാവകാശ നിയമവുമായി താരതമ്യം ചെയ്യുമ്പോൾ, വിവരാവകാശ നിയമത്തിൽ സ്വതന്ത്ര ഏജൻസിയായ വിവരാവകാശ കമ്മീഷൻ ആണ് ശിക്ഷ വിധിക്കുന്നത്. കൂടാതെ സേവനാവകാശ നിയമത്തിലെ 10-ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ, അപേക്ഷയോ മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണിക്കാൻ പാടില്ലാത്തതും അത്തരത്തിലുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ് പ്രകാരമുള്ള അപ്പീൽ വഴിയല്ലാതെ ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

നിരന്തരമായി പിഴവ് കാട്ടുന്ന ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ കർക്കശമായ സമീപനമുണ്ടാകണം. അതോടൊപ്പം തന്നെ ജനപക്ഷ സമീപനം പുലർത്തുകയും സത്യസന്ധ്യമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകാനും ഈ നിയമം കൊണ്ട് സംവിധാനമുണ്ടാകേണ്ടതാണ്. ഇവ രണ്ടിനുമുള്ള വ്യവസ്ഥ ഡൽഹി സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരമാവധി സേവനങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. നിലവിൽ 108 സേവനങ്ങളുമായി രാജസ്ഥാൻ സംസ്ഥാനമാണ് മുൻപിൽ. ക്ഷേമ പദ്ധതികൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം എന്ന നിലയിൽ ഏറ്റവും മുമ്പിൽ നിലയുറപ്പിക്കേണ്ട സംസ്ഥാനമാണ് കേരളം.


BHARATIYA NAGARIK SURAKSHA SANHITA 2023
BHARATIYA NYAYA SANHITA 2023
BHARATIYA SAKSHYA ADHINIYAM 2023

# വേറിട്ട വിധികൾ

നിയമധ്വനി 66
കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

# വേറിട്ട **വിധികൾ**

*കുറിപ്പ്* - വേറിട്ട വിധികളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. വ്യത്യസ്തവും കൗതുകകരവുമായ ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

**ഇ-ചലാൻ നൽകിയ ട്രാഫിക് പോലീസുകാരന് ₹ 1000 പിഴ**

ചോദ്യം ചെയ്യപ്പെട്ട ഇ-ചലാൻ തെളിയിച്ചിട്ടില്ലെന്നും, വ്യക്തമായും അപാകതയുള്ളതാണെന്നും പറഞ്ഞ് തള്ളിക്കളഞ്ഞ ശ്രീനഗർ കോടതി, ഇ-ചലാനിൽ തെറ്റായി വാഹന നമ്പർ രേഖപ്പെടുത്തി നൽകിയതിന് ട്രാഫിക് പോലീസിൽ നിന്ന് 1000 രൂപ പിഴ ഈടാക്കി. അപേക്ഷകന് ഉണ്ടായ മാനസിക ക്ലേശം, പീഡനം, അഭിഭാഷകന്റെ ഫീസ് എന്നിവയ്ക്കാണ് നഷ്ടപരിഹാരമായി 1000 രൂപ നൽകാൻ അശ്രദ്ധ കാണിച്ച ബന്ധപ്പെട്ട ട്രാഫിക് ഉദ്യോഗസ്ഥനോട് നിർദേശിച്ചത്. യഥാർത്ഥ നിയമലംഘകർക്കെതിരെ ഇ-ചലാൻ ഏർപ്പെടുത്താനും ശ്രീനഗർ എസ്എസ്പി ട്രാഫിക് (സിറ്റി)യോട് നിർദ്ദേശം നൽകി.



ഒന്നുകിൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർക്ക് ഇ-ചലാൻ സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് ശരിയായ പരിശീലനം നൽകുന്നില്ലെന്നും അല്ലെങ്കിൽ ചലാൻ നൽകുമ്പോൾ അവർ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്നും കോടതി നിരീക്ഷിച്ചു. ഇ-ചലാൻ സംവിധാനം ബന്ധപ്പെട്ട നിയമം അനുസരിച്ചല്ല പ്രവർത്തിപ്പിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ട കോടതി നിരപരാധികൾ ഭാവിയിൽ ബുദ്ധിമുട്ടുകൾ നേരിടാൻ നിർബന്ധിതരാകാതിരിക്കാൻ ഇ-ചലാൻ സംവിധാനം കൈകാര്യം ചെയ്യുന്ന ട്രാഫിക് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കാൻ എസ്എസ്പിയോട് നിർദ്ദേശിച്ചു.

*(സുഹൈൽ മൻസൂർ ഭട്ട് v. എസ്എസ്പി ട്രാഫിക് പോലീസ് സിറ്റി ശ്രീനഗർ; ശ്രീനഗർ പ്രത്യേക മൊബൈൽ മജിസ്ട്രേറ്റ് (ട്രാഫിക്) കോടതിയുടെ 5.2.2024-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ)*

**ബിസ്ക്കറ്റ് പാക്കറ്റുകളടെ തൂക്കത്തിൽ കൃത്രിമം കാണിച്ച് വിറ്റതിന് നിർമ്മാതാവിനും അത് വിറ്റ ബേക്കറിക്കും 60000 ₹ പിഴ ചുമത്തി.**

300 ഗ്രാം വീതം തൂക്കമുണ്ടെന്ന് കാണിച്ച് 2-ാം എതിർകക്ഷി നിർമ്മിച്ചതും 1-ാം എതിർകക്ഷി ബേക്കറിയിൽ നിന്ന് വാങ്ങിയതുമായ 2 പാക്കറ്റ് ബിസ്ക്കറ്റുകളുടെ തൂക്കം 268, 249 ഗ്രാം മാത്രമാണെന്ന പരാതിക്കാരന്റെ വാദം ശരിവെച്ചുകൊണ്ട് തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പരാതിക്കാരന് സാമ്പത്തിക നഷ്ടത്തിനും വേദനയ്ക്കും മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾക്കുള്ള നഷ്ടപരിഹാരമായി 50,000 രൂപയും വ്യവഹാരച്ചെലവായി 10,000 രൂപയും നൽകാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി. ബിസ്ക്കറ്റ് പാക്കറ്റുകളുടെ തൂക്കം കുറവായിരുന്നുവെന്ന് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചതിന്റെ വെളിച്ചത്തിലും മറിച്ചുള്ള തെളിവുകളുടെ അഭാവത്തിലുമായിരുന്നു കമ്മീഷന്റെ ഉത്തരവ്. എതിർകക്ഷികളുടെ പ്രവൃത്തികൾ 2009-ലെ ലീഗൽ മെട്രോളജി ആക്റ്റിലെ 30-ാം വകുപ്പിന്റെ ലംഘനമാണെന്നും അധാർമിക വ്യാപാര സമ്പ്രദായത്തിനും (unfair trade practice) 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റിന്റെ വകുപ്പ് 2(1)(ജി) പ്രകാരമുള്ള സേവനക്കുറവിനും (deficiency of service) തുല്യമാണെന്ന് കമ്മീഷൻ കണ്ടെത്തി. ചരക്കുകളോ വസ്തുക്കളോ, പ്രഖ്യാപിച്ചതോ പണം നൽകിയതോ കരാർ ചെയ്തതോ ആയതിനേക്കാൾ കുറഞ്ഞ അളവിൽ വിൽക്കുന്ന നിയമവിരുദ്ധമായ സമ്പ്രദായം ഉടനടി പ്രാബല്യത്തോടെ അവസാനിപ്പിക്കാൻ എതിർ കക്ഷികളോട് നിർദ്ദേശിച്ചു. പാക്കേജുചെയ്ത ചരക്കുകളുടെ അറ്റ (Net) അളവ് പ്രഖ്യാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാന വ്യാപകമായി പരിശോധനകൾ സംഘടിപ്പിക്കാനും ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

*(ജോർജ് തട്ടിൽ v. പ്രൊപ്രൈറ്റർ, ചുക്കിരി റോയൽ ബേക്കറിയും മറ്റൊരാളും; തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സി.സി. നം.191/20-ലെ 26.9.2023-ലെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ)*




# നിയമപരിചയം

നിയമധ്വനി 68
കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം

# നിയമപരിചയം

## ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ് – 2005

### നിർവചനങ്ങൾ

* 'സങ്കടക്കാരിയായ ആൾ' എന്നാൽ എതിർകക്ഷിയുമായി ഗാർഹിക ബന്ധമുള്ളതോ അല്ലെങ്കിൽ ഗാർഹികബന്ധത്തിൽപ്പെട്ടതും എതിർകക്ഷിയാൽ ഏതെങ്കിലും ഗാർഹിക ഹിംസാ പ്രവർത്തനത്തിന് വിധേയയായതായി ആരോപിക്കപ്പെട്ടതും ആയ ഏതെങ്കിലും സ്ത്രീ എന്നർത്ഥമാകുന്നു;

* 'ഗാർഹിക സംഭവ റിപ്പോർട്ട്' എന്നാൽ ഒരു സങ്കടക്കാരിയായ ആളിൽ നിന്നും ഗാർഹിക ഹിംസയെക്കുറിച്ചുള്ള പരാതി ലഭിച്ചതിന്മേൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ തയ്യാറാക്കിയ ഒരു റിപ്പോർട്ട് എന്നർത്ഥമാകുന്നു;

* 'ഗാർഹിക ബന്ധുത്വം' എന്നാൽ രക്തബന്ധത്താലോ വിവാഹത്താലോ ബന്ധമുണ്ടായിരിക്കുമ്പോഴോ വിവാഹബന്ധം പോലെയോ ദത്തെടുക്കലിലൂടെയോ ഒരു ബന്ധുത്വം ഉണ്ടായിരിക്കുമ്പോഴോ കുടുംബാംഗങ്ങൾ ഒരു കൂട്ടുകുടുംബമായി ഒരുമിച്ച് താമസിക്കുമ്പോഴോ ഏതെങ്കിലും സമയത്ത് ഭാഗംവച്ച കുടുംബത്തിൽ ഒരുമിച്ച് താമസിക്കുന്നതോ താമസിച്ചതോ ആയ രണ്ട് ആളുകൾ തമ്മിലുള്ള ഒരു ബന്ധുത്വം എന്നർത്ഥമാകുന്നു;

* 'എതിർകക്ഷി' എന്നാൽ സങ്കടക്കാരിയായ ആളുമായി ഗാർഹിക ബന്ധമുള്ളതോ ബന്ധമുണ്ടായിരുന്നതോ ആയതും ഈ ആക്റ്റ് പ്രകാരം സങ്കടക്കാരിയായ ആൾ ആർക്കെതിരെയാണോ എന്തെങ്കിലും നിവൃത്തി തേടിയിട്ടുള്ളത് അങ്ങനെയുള്ളതുമായ ഏതെങ്കിലും പ്രായപൂർത്തിയായ പുരുഷൻ എന്നർത്ഥമാകുന്നു;

കുറിപ്പ്:- ഹിരാൾ പി. ഹർസോറV കുസും നരോത്തംദാസ് ഹർസോറ [AIR 2016 SC 4774] എന്ന കേസിൽ സുപ്രീംകോടതി 'പ്രായപൂർത്തിയായ പുരുഷൻ' എന്ന വാക്കുകൾ മേൽ നിർവചനത്തിൽ നിന്ന് നീക്കം ചെയ്തു.

### ഗാർഹിക ഹിംസ

ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, എതിർകക്ഷിയുടെ ഏതെങ്കിലും കൃത്യം, കൃത്യവിലോപം, കുറ്റം ചെയ്യൽ, പെരുമാറ്റം–

(a) ശാരീരിക അപമാനത്തിനും ലൈംഗിക അപമാനത്തിനും വാക്കാലും വികാരോദ്ദീപകവുമായ അപമാനത്തിനും ധനപരമായ അപമാനത്തിനും കാരണമാകുന്നതുൾപ്പെടെ സങ്കടക്കാരിയായ ആളുടെ മാനസികമോ ശാരീരികമോ ആയ ആരോഗ്യം, സുരക്ഷ, ജീവിതം, അവയവം അല്ലെങ്കിൽ സ്വസ്ഥത എന്നിവയെ ഹനിക്കുന്നതോ ക്ഷതപ്പെടുത്തുന്നതോ, അപകടപ്പെടുത്തുന്നതോ അപ്രകാരം ചെയ്യുന്നതിനുള്ള പ്രേരണ ഉണ്ടാക്കുന്നതോ; അല്ലെങ്കിൽ

(b) ഏതെങ്കിലും സ്ത്രീധനത്തിനോ മറ്റു വസ്തുവിനോ മൂല്യമുള്ള ഈടിനോ വേണ്ടി നിയമാനുസൃതമല്ലാത്ത ഏതെങ്കിലും ആവശ്യം നിറവേറ്റുന്നതിന് സങ്കടക്കാരിയായ ആളിനെയോ അവളുമായി ബന്ധമുള്ള മറ്റേതെങ്കിലും ആളിനെയോ ഭീഷണിപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി ശല്യം ചെയ്യുന്നതോ, ഹനിക്കുന്നതോ, ക്ഷതപ്പെടുത്തുന്നതോ, അപകടപ്പെടുത്തുന്നതോ; അല്ലെങ്കിൽ

(c) ഖണ്ഡം (a)-യിലോ ഖണ്ഡം (b)-യിലോ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും പെരുമാറ്റത്താൽ സങ്കടക്കാരിയായ ആളിനെയോ അവളുമായി ബന്ധമുള്ള ഏതെങ്കിലും ആളിനെയോ ഭീഷണിപ്പെടുത്തുന്നതിന്റെ ഫലം ഉളവാക്കുന്നതോ; അല്ലെങ്കിൽ

(d) സങ്കടക്കാരിയായ ആളിനെ മറ്റുവിധത്തിൽ മുറിപ്പെടുത്തുന്നതോ ശാരീരികമോ മാനസികമോ ആയ ഉപദ്രവം ഉണ്ടാക്കുന്നതോ,

ആയ സംഗതിയിൽ അത് ഗാർഹിക ഹിംസ ആകുന്നതാണ്.

'ശാരീരിക അപമാനം' എന്നാൽ ദേഹോപദ്രവം, കുറ്റകരമായ ഭയപ്പെടുത്തൽ, കുറ്റകരമായ ബലപ്രയോഗം എന്നിവ ഉൾപ്പെടെ സങ്കടക്കാരിയായ ആളിന്റെ ശാരീരികവേദനയ്ക്കോ ദുരിതത്തിനോ ജീവനോ അവയവത്തിനോ ആരോഗ്യത്തിനോ അപകടമുണ്ടാക്കുന്നതിനോ അല്ലെങ്കിൽ ആരോഗ്യത്തെയോ വളർച്ചയെയോ ക്ഷയിപ്പിക്കുന്നതിനോ കാരണമായേക്കാവുന്ന രീതിയിലുള്ള ഏതെങ്കിലും കൃത്യം അല്ലെങ്കിൽ പെരുമാറ്റം എന്നർത്ഥമാകുന്നു;

'ലൈംഗിക അപമാന'ത്തിൽ സ്ത്രീകളുടെ അന്തസ്സ് അപമാനിക്കുന്നതോ, അവഹേളിക്കുന്നതോ, തരം താഴ്ത്തുന്നതോ മറ്റുവിധത്തിൽ ഹനിക്കുന്നതോ ആയ ലൈംഗിക സ്വഭാവമുള്ള ഏതെങ്കിലും പെരുമാറ്റം ഉൾപ്പെടുന്നതുമാകുന്നു;


'വാക്കാലും വികാരോദ്ദീപകവുമായ അപമാന' ത്തിൽ –

(a) ആക്ഷേപിക്കൽ, അപഹസിക്കൽ, അപമാനിക്കൽ, ചീത്തവിളിക്കൽ, പ്രത്യേകിച്ച് ഒരു കുട്ടി ഇല്ലെന്ന തോ ഒരു ആൺകുട്ടി ഇല്ലെന്നതോ സംബന്ധിച്ചുള്ള ആക്ഷേപിക്കൽ അല്ലെങ്കിൽ അവഹേളിക്കൽ;

(b) സങ്കടക്കാരിക്ക് താത്പര്യമുള്ള ഏതെങ്കിലും ഒരു വ്യക്തിക്ക് ശാരീരിക വേദന ഉണ്ടാക്കുമെന്നുള്ള ആവർത്തിച്ചുള്ള ഭീഷണിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നതാകുന്നു.

'സാമ്പത്തിക അപമാന'ത്തിൽ –

(a) സങ്കടക്കാരിയായ ആളിനും അവൾക്ക് കുട്ടികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കും വേണ്ടതായ ഗാർഹിക ആവശ്യങ്ങൾ, സ്ത്രീധനം, സങ്കടക്കാരി യായ ആൾക്ക് കൂട്ടായോ പ്രത്യേകമായോ ഉടമസ്ഥ തയുള്ള വസ്തു, ഭാഗംവച്ച വീടിനെ സംബന്ധിച്ച വാടക, ജീവനാംശം എന്നിവ ഉൾപ്പെടെയുള്ളതും എന്നാൽ, നാമമാത്രമായി പരിമിതപ്പെടുത്തിയിട്ടി ല്ലാത്തതും സങ്കടക്കാരിയായ ആൾക്ക് അനിവാ ര്യത മൂലം ആവശ്യമായിട്ടുള്ളതും ഏതെങ്കിലും നിയമമോ നാട്ടാചാരമോ പ്രകാരം സങ്കടക്കാരി യായ ആൾക്ക് അവകാശം ഉണ്ടായിരിക്കുന്നതും കോടതി ഉത്തരവ് പ്രകാരമോ മറ്റ് വിധത്തിലോ നല്കേണ്ടതായിട്ടുള്ളതുമായ സാമ്പത്തികമോ ധനപരമോ ആയ വിഭവങ്ങൾ നഷ്ടപ്പെടുത്തൽ;




(b) സങ്കടക്കാരിയായ ആൾക്കോ അവളുടെ കുട്ടികൾ ക്കോ ന്യായമായി ആവശ്യമായേക്കാവുന്നതോ അവളുടെ സ്ത്രീധനമോ സങ്കടക്കാരിയായ ആൾ കൂട്ടായോ പ്രത്യേകമായോ കൈവശം വച്ചിരി ക്കുന്നതായ മറ്റ് ഏതെങ്കിലും വസ്തുവോ ഗാർ ഹികബന്ധത്താൽ സങ്കടക്കാരിയായ ആളിന് താല്പര്യമുള്ളതോ ഉപയോഗിക്കുന്നതിന് അവ കാശമുണ്ടായിരിക്കുന്നതോ ആയ കുടുംബവസ് തുക്കൾ കൈമാറ്റം ചെയ്യൽ, ജംഗമമോ സ്ഥാവര മോ ആയ സ്വത്തുക്കൾ, മൂല്യമുള്ള വസ്തുക്കൾ, ഓഹരികൾ, കടപ്പത്രങ്ങൾ, അതുപോലുള്ളതോ ആയ മറ്റു വസ്തു ഇവ ഏതെങ്കിലും അന്യാധീ നപ്പെടുത്തലും;

(c) സങ്കടക്കാരിയായ ആളിന്, ഗാർഹിക ബന്ധത്താൽ ഉപയോഗിക്കുന്നതിനോ അനുഭവിക്കുന്നതിനോ അവകാശപ്പെട്ട ധനാഗമമാർഗ്ഗങ്ങളുടെ സൗകര്യ ങ്ങളുടെയോ ഭാഗംവച്ച വീട്ടിലേക്കുള്ള പ്രവേശനം ഉൾപ്പെടെയുള്ള തുടർച്ചയായ പ്രാപ്യത തടയലും അല്ലെങ്കിൽ നിയന്ത്രണവും, ഉൾപ്പെടുന്നതാണ്.

സംരക്ഷണ ഉദ്യോഗസ്ഥർ, സേവനദായകർ മുതലായവരുടെ അധികാരങ്ങളും കർത്തവ്യങ്ങളും.

**സംരക്ഷണ ഉദ്യോഗസ്ഥന് വിവരം കൊടുക്കുന്നത്.**

ഒരു ഗാർഹിക ഹിംസ ചെയ്യപ്പെട്ടുവെന്നോ ചെ യ്യപ്പെടുന്നുവെന്നോ ചെയ്യപ്പെടാൻ സാദ്ധ്യത ഉണ്ടെന്നോ ഏതെങ്കിലും ആൾക്ക് വിശ്വസിക്കാൻ കാരണം ഉള്ളപക്ഷം, അതെക്കുറിച്ച് ബന്ധപ്പെട്ട സംരക്ഷണ ഉദ്യോഗസ്ഥന് വിവരം നൽകാവുന്ന താണ്.

ഉത്തമ വിശ്വാസത്തിൽ വിവരം നൽകുന്ന ആൾക്ക് സിവിലോ ക്രിമിനലോ ആയ യാതൊരു ബാദ്ധ്യ തയും വരുത്തിവയ്ക്കുന്നതല്ല.

**പോലീസ് ഉദ്യോഗസ്ഥരുടെയും സേവനദായകരു ടെയും മജിസ്ട്രേറ്റിന്റെയും ചുമതലകൾ.**

ഗാർഹിക ഹിംസയെക്കുറിച്ചുള്ള ഒരു പരാതി ലഭിക്കുകയോ ഒരു ഗാർഹിക ഹിംസ നടക്കുന്ന സ്ഥലത്ത് മറ്റുവിധത്തിൽ സന്നിഹിതനാവുകയോ ഗാർഹിക ഹിംസ അദ്ദേഹത്തെ അറിയിക്കുമ്പോ ഴോ ഒരു പോലീസ് ഉദ്യോഗസ്ഥനോ സംരക്ഷണ ഉദ്യോഗസ്ഥനോ സേവനദായകനോ മജിസ്ട്രേ റ്റോ–

(a) ഒരു സംരക്ഷണ ഉത്തരവ്, പണസംബന്ധമായ നിവൃത്തിക്കുവേണ്ടിയുള്ള ഒരു ഉത്തരവ്, ഒരു കസ്റ്റഡി ഉത്തരവ്, ഒരു വാസസ്ഥലത്തെ സംബ ന്ധിച്ചുള്ള ഉത്തരവ്, ഒരു നഷ്ടപരിഹാര ഉത്തര വ് അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള ഒന്നിൽ കൂടുതൽ അങ്ങനെയുള്ള ഉത്തരവുവഴിയോ ഒരു നിവൃത്തി ലഭിക്കുന്നതിന് ഒരു അപേക്ഷ കൊടു ക്കുന്നതിനുള്ള അവളുടെ അവകാശം;

(b) സേവനദായകരുടെ സേവനങ്ങളുടെ ലഭ്യത;

(c) സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനങ്ങളുടെ ലഭ്യത;

(d) ലീഗൽ സർവീസസ് അതോറിറ്റീസ് ആക്റ്റ്, 1987 പ്രകാരമുള്ള സൗജന്യ നിയമസേവനത്തിനുള്ള അവളുടെ അവകാശം;

(e) ഉചിതമായിടത്ത് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 498 A വകുപ്പ് പ്രകാരം പരാതി കൊടുക്കുന്നതിനുള്ള അവളുടെ അവകാശം; എന്നിവ സങ്കടക്കാരിയായ ആളിനെ അറിയിക്കേണ്ടതാണ്:

**അഭയമന്ദിരങ്ങളുടെ ചുമതലകൾ.**

ഒരു സങ്കടക്കാരിയായ ആളോ അവൾക്കുവേണ്ടി ഒരു സംരക്ഷണ ഉദ്യോഗസ്ഥനോ ഒരു സേവനദായകനോ അഭയമന്ദിരത്തിന്റെ ചുമതല വഹിക്കുന്ന ആളിനോട് സങ്കടക്കാരിയായ ആളിന് അഭയം നൽകണമെന്ന് അഭ്യർത്ഥിക്കുന്നുവെങ്കിൽ അഭയമന്ദിരത്തിന്റെ ചുമതല വഹിക്കുന്ന അങ്ങനെയുള്ള ആൾ സങ്കടക്കാരിയായ ആളിന് അഭയമന്ദിരത്തിൽ അഭയം നൽകേണ്ടതാണ്.

**ചികിത്സാ സൗകര്യങ്ങളുടെ ചുമതലകൾ.**

സങ്കടക്കാരിയായ ആളോ അവൾക്കുവേണ്ടി ഒരു സംരക്ഷണ ഉദ്യോഗസ്ഥനോ ഒരു സേവനദായകനോ ചികിത്സാസൗകര്യങ്ങളുടെ ചുമതല വഹിക്കുന്ന ആളിനോട് അവൾക്ക് എന്തെങ്കിലും ചികിത്സാ സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നുവെങ്കിൽ ചികിത്സാ സൗകര്യത്തിന്റെ ചുമതല വഹിക്കുന്ന അങ്ങനെയുള്ള ആൾ സങ്കടക്കാരിയായ ആളിന് ചികിത്സാസൗകര്യത്തിൽ ചികിത്സാ സഹായം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

**സംരക്ഷണ ഉദ്യോഗസ്ഥന്റെ ചുമതലകൾ.**

(a) മജിസ്ട്രേറ്റിനെ ഈ ആക്റ്റ് പ്രകാരമുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുക;

(b) ഗാർഹിക ഹിംസയെക്കുറിച്ചുള്ള ഒരു പരാതി ലഭിച്ചതിന്മേൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും ഫാറത്തിലും മജിസ്ട്രേറ്റിന് ഒരു ഗാർഹിക റിപ്പോർട്ട് നൽകുകയും അതിന്റെ പകർപ്പുകൾ ഏത് പോലീസ് സ്റ്റേഷന്റെ അധികാരിതയുടെ തദ്ദേശ പരിധിക്കുള്ളിലാണോ ഗാർഹിക ഹിംസ നടന്നതായി ആരോപിക്കപ്പെട്ടത്, ആ പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥനും ആ പ്രദേശത്തെ സേവനദായകർക്കും അയച്ചുകൊടുക്കുകയും ചെയ്യുക;

(c) സങ്കടക്കാരിയായ ആളിന് അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു സംരക്ഷണ ഉത്തരവ് നൽകുന്നതിനുവേണ്ടി നിവൃത്തി ആവശ്യപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും മജിസ്ട്രേറ്റിന് ഒരു അപേക്ഷ കൊടുക്കുക;

(d) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 പ്രകാരം സങ്കടക്കാരിയായ ആളിന് നിയമസഹായം ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തുകയും പരാതി കൊടുക്കേണ്ടതായ നിർദ്ദിഷ്ടഫാറം സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക;

(e) മജിസ്ട്രേറ്റിന്റെ അധികാരപരിധിക്കുള്ളിലുള്ള തദ്ദേശ പ്രദേശത്തെ നിയമസഹായമോ ഉപദേശമോ നൽകുന്ന എല്ലാ സേവനദായകരുടെയും അഭയമന്ദിരങ്ങളുടെയും ചികിത്സാ സൗകര്യങ്ങളുടെയും ഒരു പട്ടിക സൂക്ഷിക്കുക;

(f) സങ്കടക്കാരിയായ ആൾ അപ്രകാരം ആവശ്യപ്പെടുകയാണെങ്കിൽ, സുരക്ഷിതമായ ഒരു അഭയമന്ദിരം ലഭ്യമാക്കുകയും സങ്കടക്കാരിയായ ആളിനെ ഒരു അഭയമന്ദിരത്തിൽ താമസമാക്കി എന്നുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അഭയമന്ദിരം സ്ഥിതിചെയ്യുന്ന പ്രദേശത്തെ അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്കും, മജിസ്ട്രേറ്റിനും അയച്ചുകൊടുക്കുക;

(g) ശാരീരികമായ മുറിവുകൾ പറ്റിയിട്ടുണ്ടെങ്കിൽ സങ്കടക്കാരിയായ ആളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും, മെഡിക്കൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഗാർഹിക ഹിംസ നടന്നതായി ആരോപിക്കപ്പെടുന്ന പ്രദേശത്തെ അധികാരിതയുള്ള പോലീസ് സ്റ്റേഷനിലേക്കും, മജിസ്ട്രേറ്റിനും അയച്ചുകൊടുക്കുക;

(h) ക്രിമിനൽ നടപടി നിയമത്തിൽ, വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നടപടിക്രമമനുസരിച്ച്, 20-ാം വകുപ്പുപ്രകാരം പണസംബന്ധമായ നിവൃത്തിക്കുവേണ്ടിയുള്ള ഉത്തരവ് അനുസരിച്ചെന്നും നടപ്പാക്കിയെന്നും ഉറപ്പുവരുത്തുക;

(i) നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മറ്റു ചുമതലകൾ നിർവഹിക്കുക, എന്നിവ ആയിരിക്കുന്നതാണ്.

സംരക്ഷണ ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും.

**സേവനദായകർ.**

സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 പ്രകാരം രജിസ്റ്റർ ചെയ്ത ഏതെങ്കിലും സന്നദ്ധസംഘടനയോ നിയമസഹായമോ ചികിത്സാപരമോ സാമ്പത്തികമോ മറ്റുവിധത്തിലുള്ളതോ ആയ സഹായം ലഭ്യമാക്കുന്നതുൾപ്പെടെ സ്ത്രീകളുടെ അവകാശങ്ങളും താത്പര്യങ്ങളും ഏത് നിയമപരമായ മാർഗ്ഗത്തിലൂടെയും സംരക്ഷിക്കുന്നതിനുള്ള ലക്ഷ്യത്തോടെ കമ്പനികൾ ആക്റ്റ്, 1956 പ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്ത കമ്പനിയോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒരു സേവനദായകനായി സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

രജിസ്റ്റർ ചെയ്ത ഒരു സേവനദായകന്-

സങ്കടക്കാരിയായ ആൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, നിർദ്ദിഷ്ട ഫാറത്തിൽ ഗാർഹിക സംഭവ റിപ്പോർട്ട് രേഖപ്പെടുത്തുകയും അതിന്റെ പകർപ്പ് ഗാർഹിക ഹിംസ ഉണ്ടായ പ്രദേശത്തെ അധികാരിതയുള്ള മജിസ്ട്രേറ്റിനും സംരക്ഷണ ഉദ്യോഗസ്ഥനും അയച്ചുകൊടുക്കുന്നതിനും;

സങ്കടക്കാരിയായ ആളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും മെഡിക്കൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംരക്ഷണ ഉദ്യോഗസ്ഥനും ഗാർഹിക ഹിംസ നടന്ന തദ്ദേശ പരിധിക്കുള്ളിലുള്ള പോലീസ് സ്റ്റേഷനിലേക്കും അയച്ചുകൊടുക്കുന്നതിനും;

സങ്കടക്കാരിയായ ആൾ അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ, അവൾക്ക് ഒരു അഭയമന്ദിരത്തിൽ അഭയം നല്കിയെന്ന് ഉറപ്പുവരുത്തുകയും സങ്കടക്കാരിയായ ആളിനെ അഭയമന്ദിരത്തിൽ താമസമാക്കിയതിന്റെ ഒരു റിപ്പോർട്ട് ഗാർഹിക ഹിംസ നടന്ന തദ്ദേശ പരിധിക്കുള്ളിലുള്ള പോലീസ് സ്റ്റേഷനിലേക്ക് അയച്ചുകൊടുക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

അങ്ങനെ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ യാതൊന്നിനും എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടിയോ നിലനില്ക്കുന്നതല്ല.

**സർക്കാരിന്റെ കർത്തവ്യങ്ങൾ.**

*കേന്ദ്ര സർക്കാരും ഓരോ സംസ്ഥാന സർക്കാരും*

(a) ടെലിവിഷനും, റേഡിയോയും, അച്ചടി മാധ്യമങ്ങളും ഉൾപ്പെടെയുള്ള പൊതു മാധ്യമങ്ങളിലൂടെ ക്രമമായ ഇടവേളകളിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിപുലമായ പ്രചാരണം നല്കിയിട്ടുണ്ടെന്നും;

(b) പോലീസ് ഉദ്യോഗസ്ഥരും ജുഡീഷ്യൽ സർവ്വീസിലെ അംഗങ്ങളും ഉൾപ്പെടെയുള്ള, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗസ്ഥന്മാർക്ക് ഈ ആക്റ്റുമൂലം ഉണ്ടായിട്ടുള്ള വിവാദങ്ങളിന്മേൽ ആനുകാലികമായ അവബോധവും ബോധവല്ക്കരണ പരിശീലനവും നല്കിയിട്ടുണ്ടെന്നും;

(c) ഗാർഹിക ഹിംസയെ സംബന്ധിച്ച പ്രശ്നങ്ങൾ അറിയിക്കുന്നതിന് ക്രമസമാധാനവും, ആരോഗ്യവും മാനവശേഷിയും ഉൾപ്പെടെ നിയമവും ആഭ്യന്തരവും കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട മന്ത്രാലയങ്ങളും വകുപ്പുകളും നല്കുന്ന സേവനങ്ങൾ തമ്മിലുള്ള ഫലപ്രദമായ ഏകീകരണം സ്ഥിരീകരിച്ചെന്നും അതിന്റെ ആനുകാലിക പുനരവലോകനം നടത്തിയെന്നും;

(d) കോടതികൾ ഉൾപ്പെടെ ഈ ആക്റ്റ് പ്രകാരം സ്ത്രീകൾക്ക് സേവനം നല്കുന്നതുമായി ബന്ധപ്പെട്ട വിവിധ മന്ത്രാലയങ്ങളുടെ പ്രോട്ടോക്കോൾസ് തയ്യാറാക്കിയെന്നും സമർപ്പിച്ചെന്നും ഉറപ്പാക്കുന്നതിന് എല്ലാ നടപടികളും എടുക്കേണ്ടതാണ്.

<u>നിവൃത്തിക്കുള്ള ഉത്തരവുകൾ നേടുന്നതിനുള്ള നടപടിക്രമം</u>

**മജിസ്ട്രേറ്റിനുള്ള അപേക്ഷ.**

ഈ ആക്റ്റ് പ്രകാരമുള്ള ഓന്നോ അധിലധികമോ നിവൃത്തികൾ തേടി സങ്കടക്കാരിയായ ആൾക്കോ സംരക്ഷണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സങ്കടക്കാരിയായ ആളിനുവേണ്ടി മറ്റേതെങ്കിലും ഒരു ആൾക്കോ മജിസ്ട്രേറ്റ് മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കാവുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള ഒരു അപേക്ഷയിന്മേൽ ഏതെങ്കിലും ഉത്തരവ് പാസ്സാക്കുന്നതിനുമുമ്പ് മജിസ്ട്രേറ്റ്, സംരക്ഷണ ഉദ്യോഗസ്ഥനിൽ നിന്നോ സേവനദായകനിൽ നിന്നോ അദ്ദേഹത്തിനു ലഭിച്ച ഏതെങ്കിലും ഗാർഹിക സംഭവ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കേണ്ടതാണ്.

ആദ്യ വിചാരണത്തീയതി സാധാരണഗതിയിൽ കോടതി അപേക്ഷ സ്വീകരിച്ച തീയതി മുതൽ മൂന്നു ദിവസത്തിനപ്പുറം ആകാൻ പാടുള്ളതല്ല.

ഓരോ അപേക്ഷയും അതിന്റെ ആദ്യ വിചാരണ തീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിൽ തീർപ്പാക്കുവാൻ മജിസ്ട്രേറ്റ് ശ്രമിക്കേണ്ടതാണ്.

**കൗൺസിലിംഗ്.**

നടപടിക്രമങ്ങളുടെ ഏതെങ്കിലും ഘട്ടത്തിൽ, കൗൺസിലിംഗിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകളും പരിചയവുമുള്ള സേവനദായകരിലെ ഏതെങ്കിലും അംഗവുമായി ഒറ്റയ്ക്കോ കൂട്ടായോ കൗൺസിലിംഗിൽ ഏർപ്പെടാൻ എതിർകക്ഷിയോടോ സങ്കടക്കാരിയായ ആളിനോടോ മജിസ്ട്രേറ്റിന് ആവശ്യപ്പെടാവുന്നതാണ്.

**സ്വകാര്യതയിൽ നടത്തേണ്ട നടപടിക്രമങ്ങൾ.**

കേസിലെ സാഹചര്യങ്ങൾ അങ്ങനെ ഉറപ്പുവരുത്തുന്നുവെന്ന് മജിസ്ട്രേറ്റ് കരുതുന്നുവെങ്കിലും നടപടിക്രമത്തിലെ ഏതെങ്കിലും കക്ഷി അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിലും, അദ്ദേഹത്തിന് ഈ ആക്റ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വകാര്യമായി നടത്താവുന്നതാണ്.

**ഭാഗംവച്ച വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം.**

ഗാർഹിക ബന്ധത്തിലുള്ള ഓരോ സ്ത്രീക്കും അവൾക്ക് ഭാഗംവച്ച വീട്ടിൽ എന്തെങ്കിലും അവകാശമോ ഉടമസ്ഥാവകാശമോ ഗുണാനുഭവാവകാശമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും അതിൽ താമസിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

**സംരക്ഷണ ഉത്തരവുകൾ.**

എതിർകക്ഷിയെ

(a) ഏതെങ്കിലും ഗാർഹിക ഹിംസാപ്രവർത്തനം ചെയ്യുന്നതിൽ നിന്നും;

(b) ഗാർഹിക ഹിംസാപ്രവർത്തനങ്ങൾ ചെയ്യുന്നതിൽ സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും;

(c) സങ്കടക്കാരിയായ ആൾ ജോലിചെയ്യുന്ന സ്ഥലത്തോ സങ്കടക്കാരി ഒരു കുട്ടിയാണെങ്കിൽ അതിന്റെ സ്കൂളിലോ സങ്കടക്കാരി പതിവായി പോകാറുള്ള മറ്റേതെങ്കിലും സ്ഥലത്തോ പ്രവേശിക്കുന്നതിൽ നിന്നും;

(d) വ്യക്തിപരമായോ, വാക്കാലോ, രേഖാമൂലമോ, ഇലക്ട്രോണിക് അല്ലെങ്കിൽ ടെലിഫോൺ ബന്ധം ഉൾപ്പെടെ, എന്തുതന്നെ ആയിരുന്നാലും, ഏതെങ്കിലും രീതിയിൽ സങ്കടക്കാരിയായ ആളുമായി ആശയവിനിമയത്തിന് ശ്രമിക്കുന്നതിൽ നിന്നും;

(e) മജിസ്ട്രേറ്റിന്റെ അനുമതി ഇല്ലാതെ, സങ്കടക്കാരിയായ ആളിന്റെ സ്ത്രീധനമോ കക്ഷികൾ കൂട്ടായോ പ്രത്യേകമായോ കൈവശംവയ്ക്കുന്ന മറ്റു വസ്തുക്കളോ ഉൾപ്പെടെ രണ്ടു കക്ഷികളും, സങ്കടക്കാരിയായ ആളും എതിർകക്ഷിയും കൂട്ടായോ, എതിർകക്ഷി ഒറ്റയ്ക്കോ ഉപയോഗിക്കുകയോ കൈവശം വയ്ക്കുകയോ അനുഭവിക്കുകയോ ചെയ്യുന്ന ബാങ്ക് ലോക്കറുകളും ബാങ്ക് അക്കൗണ്ടുകളും പ്രവർത്തിപ്പിക്കുകയോ ഏതെങ്കിലും ആസ്തികൾ അന്യാധീനപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും;

(f) ആശ്രിതരെയോ മറ്റു ബന്ധുക്കളെയോ ഗാർഹിക ഹിംസയിൽ നിന്നും സങ്കടക്കാരിയായ ആളിന് സഹായം നൽകുന്ന ഏതെങ്കിലും ആളിനെയോ ആക്രമിക്കുന്നതിൽ നിന്നും;

(g) സംരക്ഷണ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഏതെങ്കിലും മറ്റുകൃത്യം ചെയ്യുന്നതിൽ നിന്നും, തടയാവുന്ന സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

**വാസസ്ഥലത്തെ സംബന്ധിച്ചുള്ള ഉത്തരവുകൾ.**

*ഒരു അപേക്ഷ തീർപ്പാക്കുമ്പോൾ, ഗാർഹിക ഹിംസ നടന്നു എന്ന് തീർപ്പാക്കുന്നിടത്ത്, മജിസ്ട്രേറ്റിന്,*

(a) ഭാഗംവച്ച വീട്ടിൽ എതിർകക്ഷിക്ക് ഒരു നിയമപരമോ നീതിപൂർവ്വകമോ ആയ അവകാശം ഉണ്ടെങ്കിലും ഇല്ലെങ്കിലും സങ്കടക്കാരിയായ ആളെ ഭാഗംവച്ച വീടിന്റെ കൈവശത്തിൽ നിന്നും നീക്കം ചെയ്യുകയോ മറ്റേതെങ്കിലും വിധത്തിൽ കൈവശത്തിന് വിഘ്നം വരുത്തുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞു കൊണ്ടും;

(b) ഭാഗംവച്ച വീട്ടിൽ നിന്നും സ്വയം മാറിപ്പോകണമെന്ന് എതിർകക്ഷിയെ നിർദ്ദേശിച്ചു കൊണ്ടും;

(c) സങ്കടക്കാരിയായ ആൾ താമസിക്കുന്ന ഭാഗംവച്ച വീടിന്റെ ഏതെങ്കിലും ഭാഗത്ത് പ്രവേശിക്കുന്നതിൽ നിന്നും എതിർകക്ഷിയെയോ അയാളുടെ ഏതെങ്കിലും ബന്ധുക്കളെയോ തടഞ്ഞുകൊണ്ടും;

(d) ഭാഗംവച്ച വീട് അന്യാധീനപ്പെടുത്തുകയോ വിൽക്കുകയോ അതിനെ കടബാദ്ധ്യതയിൽപ്പെടുത്തുകയോ ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും;

(e) മജിസ്ട്രേറ്റിന്റെ അനുമതിയോടുകൂടിയല്ലാതെ ഭാഗംവച്ച വീട്ടിലുള്ള തന്റെ അവകാശം പരിത്യജിക്കുന്നതിൽ നിന്നും എതിർകക്ഷിയെ തടഞ്ഞുകൊണ്ടും; അല്ലെങ്കിൽ

(f) സാഹചര്യം അങ്ങനെ ആവശ്യപ്പെടുന്നപക്ഷം, സങ്കടക്കാരിയായ ആളിന് ഭാഗംവച്ച വീട്ടിൽ അവൾ അനുഭവിച്ചിരുന്നതുപോലുള്ള അതേ നിലവാരത്തിലുള്ള ആനുകല്പിക സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് എതിർകക്ഷിക്ക് നിർദേശം നൽകിക്കൊണ്ടും, ഒരു അധിവാസ ഉത്തരവ് (residence order) പാസാക്കാവുന്നതാണ്:

എന്നാൽ, ഖണ്ഡം (b) പ്രകാരമുള്ള യാതൊരു ഉത്തരവും ഒരു സ്ത്രീയായ ഏതെങ്കിലും ആൾക്കെതിരെ പാസ്സാക്കുവാൻ പാടുള്ളതല്ല.

ഗാർഹിക ഹിംസാപ്രവർത്തനം തടയുന്നതിനായി ജാമ്യക്കാരോട് കൂടിയോ അല്ലാതെയോ ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുവാൻ എതിർകക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്.

സങ്കടക്കാരിയായ ആൾക്കോ അവളെ സഹായിക്കുന്ന ആൾക്കോ അല്ലെങ്കിൽ ഉത്തരവ് നടപ്പാക്കു

ന്നതിന് അവൾക്കുവേണ്ടി അപേക്ഷ നൽകുന്ന ആൾക്കോ സംരക്ഷണം നൽകുന്നതിന് ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഒരു ഉത്തരവും കൂടി കോടതിക്ക് പാസാക്കാവുന്നതാണ്.

കക്ഷികളുടെ സാമ്പത്തിക ആവശ്യങ്ങളും ധനാഗമ മാർഗ്ഗങ്ങളും കണക്കിലെടുത്ത് വാടകയ്ക്കെടുത്തു തീർക്കലും മറ്റു പണമടയ്ക്കലുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ എതിർ കക്ഷിയിന്മേൽ ചുമത്താവുന്നതാണ്.

സങ്കടക്കാരിയായ ആളിന് അർഹതപ്പെട്ട അവളുടെ സ്ത്രീധനമോ , മറ്റേതെങ്കിലും വസ്തുവോ, മൂല്യമുള്ള ഈടോ അവളുടെ കൈവശത്തിലേക്ക് തിരിച്ചേല്പിക്കുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നല്കാവുന്നതാണ്.

**കസ്റ്റഡി ഉത്തരവുകൾ.**

സങ്കടക്കാരിയായ ആളിനോ അവൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ച ആളിനോ ഏതെങ്കിലും കുട്ടിയുടെയോ കുട്ടികളുടെയോ താത്ക്കാലിക സംരക്ഷണ ചുമതല നല്കാവുന്നതും, ആവശ്യമെങ്കിൽ എതിർകക്ഷിക്ക് അപ്രകാരമുള്ള കുട്ടിയെയോ കുട്ടികളെയോ സന്ദർശിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പ്രത്യേകം നിർദ്ദേശിക്കാവുന്നതുമാണ്.

**നഷ്ടപരിഹാര ഉത്തരവുകൾ.**

എതിർകക്ഷി ചെയ്ത ഗാർഹിക ഹിംസ മൂലം സങ്കടക്കാരിയായ ആൾക്കുണ്ടായ മാനസിക പീഡനവും വൈകാരിക വൈഷമ്യവും ഉൾപ്പെടെയുള്ള ഹാനികൾക്ക് നഷ്ടപരിഹാരവും നഷ്ടത്തുകയും നല്കുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നല്കികൊണ്ട് ഒരു ഉത്തരവ് പാസ്സാക്കാവുന്നതാണ്.

**ഉത്തരവിന്റെ പകർപ്പുകൾ**

ഉത്തരവിന്റെ ഒരു പകർപ്പ് അപേക്ഷയിലെ കക്ഷികൾക്ക് സൗജന്യമായി നല്കേണ്ടതാണ്. സംരക്ഷണ ഉത്തരവ് സങ്കടക്കാരിയായ ആൾ റദ്ദാക്കലിന് അപേക്ഷിക്കുന്നതുവരെ നിലനില്ക്കുന്നതാണ്.

**അധികാരിത**

ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി അല്ലെങ്കിൽ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി, അതത് സംഗതിപോലെ, ഏത് കോടതിയുടെ തദ്ദേശ പരിധിയിലാണോ,-

(a) സങ്കടക്കാരിയായ ആൾ സ്ഥിരമായി അല്ലെങ്കിൽ താത്ക്കാലികമായി താമസിക്കുകയോ കച്ചവടം നടത്തുകയോ ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(b) എതിർകക്ഷി താമസിക്കുകയോ കച്ചവടം നടത്തുകയോ ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ചെയ്യുന്നത്; അല്ലെങ്കിൽ

(c) വ്യവഹാര കാരണം ഉണ്ടായത്,

അത് ഈ ആക്റ്റ് പ്രകാരമുള്ള സംരക്ഷണ ഉത്തരവും മറ്റ് ഉത്തരവുകളും നല്കുന്നതിനും ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിനും ക്ഷമതയുള്ള കോടതി ആയിരിക്കുന്നതാണ്.

**പലവക.**

സംരക്ഷണ ഉദ്യോഗസ്ഥരും സേവനദായകരിലെ അംഗങ്ങളും പബ്ലിക് സർവ്വന്റുമാർ ആയിരിക്കും.

**ശിക്ഷ.**

എതിർകക്ഷി സംരക്ഷണ ഉത്തരവോ ഒരു ഇടക്കാല സംരക്ഷണ ഉത്തരവോ ലംഘിക്കുന്നത് ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമാകുന്നതും ഒരു വർഷം വരെയാകാവുന്ന തടവോ രണ്ടായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

സംരക്ഷണ ഉദ്യോഗസ്ഥൻ, എന്തെങ്കിലും മതിയായ കാരണമില്ലാതെ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയോ വിസമ്മതം പ്രകടിപ്പിക്കുകയോ ചെയ്യുന്നപക്ഷം, അയാളെ ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഇരുപതിനായിരം രൂപവരെയാകാവുന്ന പിഴയോ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.




# നിയമപ്രകാരമുള്ള അധികാര സ്ഥാപനങ്ങൾ

## കേരള വനിതാ കമ്മീഷൻ

കേരള വനിതാ കമ്മീഷൻ ആക്റ്റ് (ആക്റ്റ് 17/1995) 15-09-1995 ലെ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനത്തോടെയാണ് നിലവിൽ വന്നത്. സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിനും സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് സ്ത്രീ പീഡനങ്ങളെക്കുറിച്ചും അവർക്കെതിരായ അതിക്രമങ്ങളെക്കുറിച്ചും സ്ത്രീകളെ ബാധിക്കുന്ന നീതിനിഷേധങ്ങളെക്കുറിച്ചും അന്വേഷിച്ച് പരിഹാരം കണ്ടെത്തുക, സ്ത്രീ ശാക്തീകരണവും സ്ത്രീസമത്വവും ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് കമ്മീഷന്റെ പ്രധാനലക്ഷ്യങ്ങൾ.

**സെമിനാറുകൾ**

സ്ത്രീധന നിരോധന നിയമം, വിവാഹനിയമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, സൈബർ നിയമങ്ങൾ, പോക്സോ നിയമം, ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമം, ഭരണഘടനാപരമായ സ്ത്രീയുടെ അവകാശങ്ങൾ, ഇന്ന് പെൺകുട്ടികൾ അനുഭവിക്കുന്ന പീഡനങ്ങൾ, അതിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങൾ, വിവാഹിതരാകുമ്പോൾ ഊഷ്മളമായ സ്നേഹബന്ധം ഊട്ടിയുറപ്പിക്കാനുള്ള മന:ശാസ്ത്രപരമായ സമീപനത്തിന്റെ ആവശ്യകത, വനിതാ കമ്മീഷൻ നിയമം തുടങ്ങിയവയെ സംബന്ധിച്ച് സമൂഹത്തിന് അറിവു പകർന്നു നൽകുന്നതിനായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, സബ് ജില്ലാ തലത്തിലും സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**ജാഗ്രതാസമിതി ശാക്തീകരണം**

സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സെമിനാറുകൾ / ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നത് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. വനിതാ കമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കേണ്ട സഹായ സമിതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾ. അതുകൊണ്ടു തന്നെ ജാഗ്രതാസമിതി മാർഗ്ഗരേഖ സംബന്ധിച്ച് അംഗങ്ങൾക്ക് പരിശീലനം നൽകിവരുന്നു.

**കലാലയജ്യോതി**

സമൂഹത്തിൽ വരുന്ന മാറ്റങ്ങളുടെ ഫലമായി ഇന്നത്തെ യുവതലമുറ നിരവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. അവർക്ക് ലഭ്യമായ നൂതന സാങ്കേതികവിദ്യകൾ, വിദ്യാഭ്യാസത്തിനും തൊഴിലിനുമുള്ള കൂടുതൽ അവസരങ്ങൾ, മെച്ചപ്പെട്ട സഞ്ചാരസ്വാതന്ത്ര്യം എന്നിവ ഇവരുടെ മുമ്പിൽ കൂടുതൽ അപകട സാദ്ധ്യതകളും തുറന്നു കൊടുക്കുന്നു. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ ഉടലെടുക്കുന്ന ചങ്ങാത്തങ്ങൾ പെൺകുട്ടികളെ പലവിധത്തിലുള്ള ചതിക്കുഴികളിലേയ്ക്ക് എത്തിയ്ക്കുന്നു. പെൺകുട്ടികൾ കൗമാരപ്രായത്തിൽ പെൺവാണിഭത്തിനും ലൈംഗികചൂഷണത്തിനും വിധേയരാകുന്നു. ഇതിൽ നിന്നെല്ലാം ഇവരെ രക്ഷിക്കുവാനുള്ള വനിതാ കമ്മീഷന്റെ ബോധവത്ക്കരണ പരിപാടിയാണ് കലാലയജ്യോതി. സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, സ്ത്രീധനം ഇവയ്ക്കെതിരെ പൊരുതുവാനും സുരക്ഷിതമായ ജീവിതം നയിക്കുവാനും പ്രേരണ നൽകുന്ന ഈ പരിപാടി ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലുമാണ് നടത്തുന്നത്.

**സിറ്റിംഗുകൾ/ ഹിയറിംഗുകൾ**

വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് കേസ് വിഭാഗത്തിൽ ആണ്. പരാതി ലഭിച്ചാൽ മേൽ അന്വേഷണം വേണ്ട കേസ്സുകളിൽ പോലീസ് / വിവിധ വകുപ്പുകൾ തുടങ്ങി

ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും വസ്തുതാ റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിനുശേഷം വാദികളിൽ നിന്നും പ്രതികളിൽ നിന്നും തെളിവെടുത്ത് യുക്തമായ തീരുമാനം കൈക്കൊള്ളുന്നു.

**സൗജന്യ നിയമ സഹായം**

പരാതിയുമായി എത്തുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നിയമോപദേശങ്ങളും കേരള വനിതാ കമ്മീഷനിലെ ലാ ഓഫീസർ നൽകുന്നു. വനിതാ കമ്മീഷന്റെ അധികാര പരിധിക്ക് പുറത്തുള്ളതും കുടുംബ സിവിൽ കോടതികൾ മുഖേന പരിഹരിക്കേണ്ടതുമായ കേസുകളിലും നിയമോപദേശം നൽകുന്നുണ്ട്. കമ്മീഷൻ ആസ്ഥാനത്തും ജില്ലകളിൽ നടത്തുന്ന അദാലത്തുകളോടനുബന്ധിച്ചും സൗജന്യ നിയമോപദേശം നൽകിവരുന്നുണ്ട്.

**ഡി. എൻ. എ. ടെസ്റ്റ്**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഡി. എൻ.എ ടെസ്റ്റ് നടത്തുന്നതിന് വനിതാ കമ്മീഷൻ സാമ്പത്തിക സഹായം നൽകിവരുന്നു. വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ പിതൃത്വം സംബന്ധിച്ച് തർക്കമുണ്ടാകുന്ന കേസുകളിലും, കുടുംബകോടതി നിർദ്ദേശപ്രകാരവുമാണ് ഇപ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്.

**കൗൺസിലിംഗ്**

വനിതാ കമ്മീഷനിൽ എത്തുന്ന കേസുകളിൽ ഭൂരിഭാഗവും കുടുംബപ്രശ്നങ്ങളാണ്. കേസ്സുകൾ ഒത്തുതീർപ്പാക്കുന്നതിന് ഒരളവുവരെ ഫാമിലി കൗൺസിലിംഗ് സഹായിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വനിതാ കമ്മീഷൻ ആസ്ഥാനത്തുവച്ച് സൗജന്യ കൗൺസിലിംഗ് നൽകിവരുന്നു.

**വിവാഹപൂർവ്വ കൗൺസിലിംഗ്**

കേരളത്തിലെ വർദ്ധിച്ചു വരുന്ന വിവാഹമോചനങ്ങൾ, വിവാഹേതര ബന്ധങ്ങൾ, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് കേരള വനിതാ കമ്മീഷൻ വിവാഹിതരാകുവാൻ തയ്യാറെടുക്കുന്ന യുവതീയുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ് എന്ന പദ്ധതി രൂപീകരിച്ചത്. വിവാഹമോചനം ആവശ്യപ്പെട്ട് കുടുംബകോടതികളെ സമീപിക്കുന്ന യുവദമ്പതികളുടെ എണ്ണത്തിലുള്ള വർദ്ധനയും വിവാഹത്തിനുശേഷം ചുരുങ്ങിയ നാളുകൾക്കകം ദമ്പതികൾ വേർപിരിയുവാനുള്ള തീരുമാനത്തിലെത്തുമെന്നതും ടി വിഷയത്തിന്റെ ഗൗരവം കൂട്ടുന്നു. വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പ് വിവാഹം, കുടുംബജീവിതം, ദമ്പതികൾ തമ്മിലുള്ള ആശയവിനിമയം, മാനസിക ആരോഗ്യം, പ്രജനന ആരോഗ്യം, കുട്ടികളുടെ പരിചരണം തുടങ്ങി ഒട്ടേറെ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം യുവതീയുവാക്കൾക്ക് നൽകേണ്ടത് അത്യാവശ്യമാണ്. ഇതിനായി വനിതാകമ്മീഷൻ ഒരു വിവാഹപൂർവ്വ കൗൺസിലിംഗ് പരിപാടി രൂപകൽപന ചെയ്ത് നടത്തി വരുന്നു.

**മുഖാമുഖം**

കേരള വനിതാ കമ്മീഷന്റെ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ത്രീകൾ/ മുതിർന്ന വിദ്യാർത്ഥികൾ എന്നിവരുമായി കമ്മിഷൻ അംഗങ്ങൾ നേരിട്ട് സംവദിക്കുന്ന 'മുഖാമുഖം' പരിപാടി വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്നു. വിഷയവിദഗ്ധർ വിഷയം അവതരിപ്പിച്ച ശേഷം സ്ത്രീകൾ / വിദ്യാർത്ഥികളിൽനിന്നും പ്രതികരണം ആരാഞ്ഞ് മുഖാമുഖം പരിപാടി നടത്തി വരുന്നു.

**ഗവേഷണ പഠനങ്ങൾ**

സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി സർക്കാരിലേയ്ക്ക് ശുപാർശ നൽകുക എന്നത് വനിതാ കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകളിൽ ഒന്നാണ്.

**മീഡിയ മോണിറ്ററിംഗ് സെൽ**

വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വാർത്തകളിലും വാർത്താധിഷ്ഠിത പരിപാടികൾ, മറ്റ് പരിപാടികൾ, പരസ്യങ്ങൾ എന്നിവയിലും സ്ത്രീവിരുദ്ധ പരാമർശങ്ങൾ, സ്ത്രീകളെ അപമാനിക്കുന്നവിധത്തിലുള്ള ചിത്രീകരണങ്ങൾ, സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ എന്നിവ ഉണ്ടെങ്കിൽ അവ കണ്ടെത്തി റിപ്പോർട്ട് ചെയ്യുക എന്നതാണ് മീഡിയ മോണിറ്ററിംഗ് സെല്ലിന്റെ പ്രാഥമിക ലക്ഷ്യം.

**സ്ത്രീശക്തി വാർത്താപത്രിക.**

സ്ത്രീകളുടെ അവകാശങ്ങളും നിയമങ്ങളും പ്രതിപാദിക്കുന്ന 'സ്ത്രീശക്തി' പ്രസിദ്ധീകരണം എല്ലാ 4 മാസത്തിലൊരിക്കലും പ്രസിദ്ധീകരിക്കുന്നുണ്ട്.

**റീജിയണൽ ഓഫീസുകൾ**

കമ്മീഷന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിലേക്കായി എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

**പബ്ലിക് ഹിയറിംഗ്**

പ്രത്യേക വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി 14 സ്ഥലങ്ങളിൽ പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിച്ചു വരുന്നു.

**പ്രത്യേക ബോധവത്ക്കരണ ക്യാംപെയിൻ**

കമ്മീഷന്റെ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൗമാരക്കാരായ ആൺകുട്ടികളിൽ ലിംഗബോധം വളർത്തുന്നതിനും അവർ പ്രായപൂർത്തിയാകുമ്പോൾ സ്ത്രീകളോടുള്ള സമീപനം എങ്ങനെയായിരിക്കണമെന്നത് രൂപപ്പെടുത്തിയെടുക്കുന്നതിനുമുള്ള 'കൗമാരം കരുത്താക്കൂ സ്ത്രീ നിയമ സാക്ഷരത ആൺകുട്ടികൾക്ക് ' എന്ന പേരിൽ ഒരു ബോധവത്ക്കരണ ക്യാംപെയിൻ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഹയർസെക്കന്ററി സ്കൂളുകളിൽ നടത്തിവരുന്നു.

അദ്ധ്യായം 1

**വനിതാ കമ്മീഷന്റെ കർത്തവ്യം**

കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്കും സർക്കാരിനും ആവശ്യമായ ശുപാർശകൾ നൽകുകയാണ് കമ്മീഷന്റെ മുഖ്യ ചുമതല. കേരള വനിതാ കമ്മീഷൻ ആക്റ്റിന്റെ 16,17 വകുപ്പുകളിലാണ് കേരള വനിതാ കമ്മീഷനിൽ അർപ്പിതമായ ചുമതലകൾ നിർണ്ണയിച്ചിട്ടുള്ളത്.

കേരള വനിതാ കമ്മീഷൻ ആക്റ്റിന്റെ 16-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ താഴെ കൊടുക്കുന്നവയാണ്:

(i) സ്ത്രീകൾക്കെതിരെയുള്ള നീതിരഹിതമായ ഏതൊരു നടപടിയേയും കുറിച്ച് അന്വേഷിച്ച് അതിന്മേൽ തീരുമാനമെടുക്കുകയും ആ സംഗതിയിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്യുക.

(ii) സ്ത്രീകളെ സംബന്ധിക്കുന്ന പ്രധാന സംഗതികളെയും നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള സംഗതികളെയും കുറിച്ച് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും അതിന്മേൽ സ്വീകരിക്കേണ്ട തിരുത്തൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക.

(iii) **സംസ്ഥാന സർക്കാരിന്:-**

(a) നിലവിലിരിക്കുന്ന നിയമങ്ങളിൽ ഭരണഘടനാപരമായ തുല്യാവകാശത്തെയും സ്ത്രീകളോടുള്ള ഉചിതമായ പെരുമാറ്റത്തെയും ബാധിക്കുന്ന പഴുതുകൾ, അപര്യാപ്തതകൾ, കുറവുകൾ ഇവയേയും, അങ്ങനെയുള്ള സ്ഥിതി നേരിടുന്നതിന് സ്വീകരിക്കേണ്ട നിവാരണ നിയമ നിർമ്മാണ നടപടികളേയും സംബന്ധിച്ച് വാർഷിക റിപ്പോർട്ട് സമർപ്പിക്കുക.

(b) ഏതെല്ലാം പ്രദേശങ്ങളിലാണ് സ്ത്രീകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന നിയമങ്ങളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല, അല്ലെങ്കിൽ അവ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നു തിരിച്ചറിയുന്നതിനായി അങ്ങനെയുള്ള നിയമങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും സ്വീകരിക്കപ്പെടേണ്ട ഭരണപരമോ നിയമനിർമ്മാണപരമോ ആയ നടപടികളെ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

(iv) (a) സ്ത്രീകൾക്കെതിരെ നീതിരഹിത നടപടികൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുള്ള ജയിലുകളോ പോലീസ് സ്റ്റേഷനുകളോ ലോക്കപ്പുകളോ സബ് ജയിലുകളോ റെസ്ക്യൂ ഹോമുകളോ അല്ലെങ്കിൽ സ്ത്രീകളെ പാർപ്പിക്കുന്ന മറ്റു സ്ഥലങ്ങളോ അല്ലെങ്കിൽ സ്ത്രീകൾക്ക് സംരക്ഷണമോ അഭയമോ നൽകുന്ന ആവശ്യത്തിന് സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്ന ഏജൻസികൾ ഉൾപ്പെടെ സർക്കാരോ അതിന്റെ ഏതെങ്കിലും ഏജൻസികളോ നടത്തുന്ന സ്ത്രീകൾക്കായുള്ള ഷെൽറ്ററുകളോ മറ്റു സ്ഥലങ്ങളോ അല്ലെങ്കിൽ സ്ത്രീകളെയും പെൺകുട്ടികളെയും ഉദ്ദേശിച്ച് ഏതൊരാളും നടത്തുന്ന ഹോസ്റ്റലുകളോ കൂടാതെ സ്ത്രീകൾക്കെതിരെ നീതിരഹിതമായ നടപടികൾ നടത്തപ്പെടുന്നുവെന്ന് പരാതിയുള്ള മറ്റ് സ്ഥലങ്ങളും ഡയറക്ടറോ ഈ ആവശ്യത്തിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന കമ്മീഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കുകയോ പരിശോധിക്കാൻ ഇടയാക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നൽകപ്പെടുന്ന പരിചരണത്തെ സംബന്ധിച്ച് കൂടുതലായ അന്വേഷണങ്ങൾ നടത്താൻ ഇടയാക്കുകയും നിവാരണ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

(b) ഏതെങ്കിലും സർക്കാർ ജീവനക്കാരൻ, സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഉപേക്ഷയോ, ഉദാസീനതയോ കാണിച്ചുവെന്ന് കമ്മീഷന് അഭിപ്രായമുള്ള സംഗതികളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുക.

(v) സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുക.

(vi) സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്രവും സ്വീകാര്യവുമായ ഒരു പദ്ധതി രൂപീകരിക്കുകയും അപ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നതിന് ഒരു പരിപാടി ആസൂത്രണം ചെയ്ത് സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതിന് അംഗീകാരം ലഭിക്കുന്നതിനുമേൽ അത് നടപ്പാക്കുകയും ചെയ്യുക.

(vii) സ്ത്രീകൾക്കെതിരെ ചെയ്യുന്ന കുറ്റങ്ങൾ സംബന്ധിച്ച്, ഏതൊരു നിയമത്തിൻ കീഴിലാണ് ആ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ വ്യവസ്ഥ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള നിയമത്തിൻ കീഴിൽ സ്ത്രീകൾക്ക് എതിരെ ചെയ്യുന്ന കുറ്റങ്ങൾ സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് തക്ക അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുവാൻ ഡയറക്ടറെ അധികാരപ്പെടുത്തുക.

(viii) താരതമ്യ പഠനം ഉൾപ്പെടെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ സ്ഥിതികളെക്കുറിച്ച് സമഗ്രമായ വിവരങ്ങളടങ്ങിയ ഡേറ്റാ ബാങ്ക് സൂക്ഷിക്കുകയും അത് കാലാകാലങ്ങളിൽ പുതുക്കി സ്ത്രീകളുടെ അവകാശ സംരക്ഷണാർത്ഥമുള്ള നടപടികളിൽ പ്രയോജനപ്പെടത്തക്കവണ്ണം ലഭ്യമാക്കുകയും ചെയ്യുക.

(ix) പിൻതുടർച്ചാവകാശത്തിന്റെയും രക്ഷാകർതൃത്വത്തിന്റെയും ദത്തെടുക്കലിന്റെയും വിവാഹമോചനത്തിന്റെയും സംഗതിയിൽ വിവേചനം നീക്കം ചെയ്യുന്നതിനും സ്ത്രീകളുടെ അന്തസ്സും മാതൃത്വത്തിന്റെ മാന്യതയും സംരക്ഷിക്കുന്നത് സംബന്ധിച്ച സംഗതികൾക്കും ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുക.

(x) സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിലും അതിക്രമങ്ങളിലും നിന്ന് ഉത്ഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങളെയോ പരിതസ്ഥിതികളെയോ കുറിച്ച് പ്രത്യേക പഠനമോ അന്വേഷണമോ നടത്തുവാനാവശ്യപ്പെടുകയും അവ ദൂരീകരിക്കുന്നതിനുള്ള ഉപായ തന്ത്രങ്ങൾ ശുപാർശ ചെയ്യുന്നതിലേക്ക് പ്രതിബന്ധങ്ങൾ തിരിച്ചറിയുകയും ചെയ്യുക.

(xi) സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക അഭിവൃദ്ധിക്കുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യുക.

(xii) ഒരു വലിയ വിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം ചെയ്യുക.

(xiii) സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും പ്രത്യേകിച്ചു സ്ത്രീകൾ അദ്ധ്വാനിക്കുന്നത് ഏതെല്ലാം വിവിധ പ്രയാസങ്ങളുടെ കീഴിലാണോ അവ സംബന്ധിച്ച് സർക്കാരിലേക്ക് ആനുകാലിക റിപ്പോർട്ടുകൾ കൊടുക്കുക.

(xiv) എല്ലാ മേഖലകളിലും സ്ത്രീകളുടെ തക്ക പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറ്റെടുക്കുകകയും അവരുടെ അഭിവൃദ്ധി തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ അതായത്, ഭവനങ്ങളുടെയും അടിസ്ഥാന സേവനങ്ങളുടെയും പ്രാപ്യതയും അവരുടെ അദ്ധ്വാന ഭാരവും ആരോഗ്യത്തിന് പ്രവൃത്തിപരമായുണ്ടാകാവുന്ന അപായ സാദ്ധ്യതയും കുറയ്ക്കുന്നതിനും അവരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉള്ള അടിസ്ഥാന സേവനങ്ങളുടെയും സങ്കേതങ്ങളുടെയും പര്യാപ്തത തിരിച്ചറിയുകയും ചെയ്യുക.

(xv) സർക്കാർ അതിന് റഫർ ചെയ്യുന്ന മറ്റേതൊരു സംഗതിയും.

സർക്കാർ ഒന്നാം ഉപവകുപ്പിൻകീഴിലുള്ള കമ്മീഷന്റെ ശുപാർശകൾ നിയമസഭ മുമ്പാകെ അതിന്റെ അടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതും അതു പ്രകാരമുള്ള ശുപാർശകൾ സഭയുടെ മുമ്പാകെ വയ്ക്കുന്നത് മുതൽ രണ്ട് മാസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തെക്കൊണ്ട് അതിന്മേൽ നടപടി എടുപ്പിക്കാൻ ഇടയാക്കേണ്ടതുമാണ്.

**കേരള വനിതാ കമ്മീഷൻ ആക്റ്റിന്റെ 17 -ാം വകുപ്പ് പ്രകാരം നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള അന്വേഷണ ചുമതലകൾ ചുവടെ പറയുന്നവയാണ്.**

നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ളഅന്വേഷണം ഭരണപരമായ കാര്യങ്ങൾ നിർവഹിക്കുന്നത് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയാണ്. ഡയറക്ടറുടെ കീഴിൽ സർക്കിൾ ഇൻസ്പെക്ടർ വനിതാ സബ് ഇൻസ്പെക്ടർ കോൺസ്റ്റബിൾ മാർ വനിതാ കോൺസ്റ്റബിൾ മാർ എന്നിങ്ങനെ ശക്തമായ ഒരു പോലീസ് സംവിധാനം കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുണ്ട് നിയമപദേശം നൽകുന്നതിനായി ലാ ഓഫീസർ പ്രവർത്തിച്ചു വരുന്നു. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഫിനാൻസ് ഓഫീസർ പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ ഏകദേശം 54 ജീവനക്കാർ വനിതാ കമ്മീഷനിൽ പ്രവർത്തിച്ചു പ്രവർത്തിക്കുന്നു

1. കമ്മീഷൻ നീതിരഹിതമായ ഏതൊരു നടപടി യെക്കുറിച്ചും

(എ)ഏതെങ്കിലും സ്ത്രീയിൽ നിന്നും, താൻ ഏതെങ്കിലും നീതിരഹിതമായ നടപടിക്ക് വിധേയമാക്കപ്പെട്ടുവെന്ന് ആരോപിച്ചുകൊണ്ടുള്ള രേഖാമൂലമായ ഒരു പരാതി ലഭിക്കുന്നതിന്മേൽ അല്ലെങ്കിൽ സമാനമായ ഒരു പരാതി, ഏതെങ്കിലും രജിസ്റ്റർ ചെയ്ത വനിതാ സംഘടനകളിൽ നിന്ന് ലഭിക്കുന്നതിന്മേൽ.

(ബി)സ്വന്തം അറിവിന്മേൽ അല്ലെങ്കിൽ വിവരം ലഭിക്കുന്നതിന്മേൽ

(സി)സർക്കാരിൽ നിന്നുള്ള ഏതെങ്കിലും അഭ്യർത്ഥനയിന്മേൽ അന്വേഷണം നടത്തേണ്ടതാണ്.

2. 1-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻ കീഴിൽ കമ്മീഷന് പരാതി നൽകിയിട്ടുള്ളത് ഏതാളിന് എതിരെയാണോ ആ ആളിന്റെ പേർക്ക് ഏതെങ്കിലും നപടികൾ സ്വീകരിക്കുന്നതിനുമുമ്പ്, പരാതി അന്വേഷിക്കപ്പെടേണ്ടതാണ്. അതിന് സ്വയം ബോദ്ധ്യം ആകുന്നതിനുവേണ്ടി ഡയറക്ടറെക്കൊണ്ട്, അതിന് യുക്തമെന്ന് തോന്നുന്ന രീതിയിലുള്ള ഒരു പ്രാഥമിക അന്വേഷണം നടത്തുവാൻ ഇടയാക്കേണ്ടതാണ്.

3. ഏത് ആളിനെതിരെയാണോ പരാതി നൽകിയിട്ടുള്ളത് അയാൾ ഹാജരാക്കുകയും കാരണം കാണിക്കുകയും അല്ലെങ്കിൽ ആവശ്യത്തിലേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നിടത്ത് കമ്മീഷന്, പരാതിയിലെ സംഗതിയെ സംബന്ധിച്ച് അന്വേഷണം തുടരാവുന്നതും അതിന്മേൽ ഒരു തീരുമാനം എടുക്കാവുന്നതും അവിടെ നീതിരഹിതമായ ഒരു നടപടി ഉണ്ടായി എന്ന് കമ്മീഷന് ബോധ്യമാകുന്നപക്ഷം അതിന്മേൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് സർക്കാരിന് ശുപാർശ നൽകേണ്ടതും അല്ലെങ്കിൽ പ്രോസിക്യൂഷൻ നടപടി ആരംഭിക്കേണ്ടതും ആണ്.


4. സർക്കാർ 3-ാം ഉപവകുപ്പിൻ കീഴിൽ കമ്മീഷന്റെ ശുപാർശ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അതിന്മേൽ ഒരു തീരുമാനം എടുക്കേണ്ടതും ആയത് കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

**കമ്മീഷന്റെ പ്രവർത്തനരീതി**

കമ്മീഷൻ മാസംതോറും മീറ്റിംഗുകൾ നടത്തുകയും ആ മീറ്റിംഗിൽ വച്ച് സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

കമ്മീഷന് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ജില്ലകൾ തോറും അദാലത്തുകളും മെഗാ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു. ഓരോ ജില്ലയിലേയും കേസ്സുകൾ കൈകാര്യം ചെയ്യാനും അവിടത്തെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനും ഓരോ അംഗത്തിനും ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്.


**വനിതാ കമ്മീഷന്റെ ഘടന**






# നിയമപദ
## പരിചയം

| | | |
|---|---|---|
| Approbation | - | ഔദ്യോഗിക അംഗീകാരം |
| Contumax | - | കോടതിയിൽ ഹാജരാവാൻ വിസമ്മതിക്കുന്ന പ്രതി |
| Disenfranchise | - | വോട്ടവകാശം എടുത്തുകളയുക |
| Functus officio | - | നിയമപരമായ കർത്തവ്യം നിർവ്വഹിച്ചു കഴിഞ്ഞ ആൾ |
| Interrogatory | - | ചോദ്യാവലി |
| Juridical personality | - | നിയമം അനുവദിച്ചിട്ടുള്ള വ്യക്തിത്വം |
| Lis pendens | - | വ്യവഹാരം നിലവിലിരിക്കൽ |
| Mitigate | - | മയപ്പെടുത്തുക |
| Non composmentis | - | സമനില തെറ്റിയ മനസ്സ് |
| Retraction | - | പ്രസ്താവന, വാഗ്ദാനം തുടങ്ങിയവ പിൻവലിക്കൽ |
| Squatter | - | അനധികൃതമായി മറ്റൊരാളുടെ ഭൂമിയോ കെട്ടിടമോ കൈവശപ്പെടുത്തിയ വ്യക്തി |
| Tacit | - | മൗനമായ |
| Unilineal | - | ഒരേ പരമ്പരയിൽപ്പെട്ട പിൻഗാമികൾ |
| Wager | - | പന്തയം |




# (Legal Maxims)

1. In civilibus ministerium excusat, in criminalibus non item. *In civil matters agency excuses, but not so in criminal matters.*

   **സിവിൽ കേസുകളിൽ എജന്റ് ഉത്തരവാദിയാവില്ല, എന്നാൽ ക്രിമിനൽ കേസുകളിൽ സ്ഥിതി മറിച്ചാണ്.**

2. In contrahendo venditione, ambiguum pacutum contra venditorem interpretandum est. *In the contract of sale, an ambiguous agreement is to be interpreted against the seller.*

   **അവ്യക്തമായ കച്ചവട ഉടമ്പടി വില്പനക്കാരന് എതിരായി വ്യഖ്യാനിക്കണം.**

3. Semel civis semper civis. *Once a citizen always a citizen.*

   **ഒരിക്കൽ പൗരനായാൽ എല്ലായ്പ്പോഴും പൗരൻ തന്നെ.**

4. Impunitas continuum affectum tribuit delinquendi. *Impunity confirms the disposition to commit crime.*

   **ശിക്ഷ ലഭിക്കുകയില്ലെന്ന വിചാരം കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കും.**

5. Consuetudo loci observanda est. *The custom of a place is to be observed.*

   **പ്രദേശത്തിന്റെ സമ്പ്രദായമാണ് പാലിക്കപ്പെടേണ്ടത്.**

6. Nemo damnum facit, nisi qui id fecit quod facere jus non habet. *No one is considered as doing damage, unless he who is doing what he has no right to do.*

   **അവകാശമില്ലാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ മാത്രമേ ഒരാൾ നാശം വരുത്തുന്നുവെന്ന് കരുതാവൂ.**

7. Falsa grammatica non vitiat concessionem.

   *False or bad grammar does not vitiate a grant.*

   **തെറ്റായ വ്യാകരണം ദാനത്തെ മലിനപ്പെടുത്തുന്നില്ല.**

8. Lex vigilantibus, non dormientibus, subvenit. *Law assists the wakeful, not the sleeping.*

   **ഉണർന്നിരിക്കുന്നവനെയാണ് നിയമം തുണയ്ക്കുക; ഉറങ്ങുന്നവനെയല്ല.**

9. Extremis probatis, praesumuntur media. *Extremes being proved, intermediate things are presumed.*

   **ഏറ്റവും കർക്കശമായത് തെളിയിക്കപ്പെട്ടാൽ ഇടയിലുള്ളത് തെളിയിക്കപ്പെട്ടതായി അനുമാനിക്കാം.**

10. Cogitationis poenam nemo patitur. *No one is punished for his thoughts.*

    **ചിന്ത ശിക്ഷിക്കപ്പെടുന്നതിന് കാരണമാകുകയില്ല.**




ഡെപ്യൂട്ടി  ജനറൽ മാനേജർ
ഡെപ്യൂട്ടി ഡയറക്ടർ
ഡെപ്യൂട്ടി തഹസിൽദാർ
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
ഡെപ്യൂട്ടി മാനേജർ
ഡെപ്യൂട്ടി രജിസ്ട്രാർ
ഡെപ്യൂട്ടി സെക്രട്ടറി
ഡെപ്യൂട്ടി സ്പീക്കർ
ഡെബിറ്റ് കാർഡ്
ഡെവലപ്മെന്റ് കമ്മിഷണർ
ഡോക്ടർ
ഡ്യൂട്ടി ഓഫീസർ
ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ
ഡ്യൂപ്ലിക്കേറ്റ്
ഡ്രൈവർ
തടസ്സം
തത്വം
തത്വമസി
തത്സമം
തത്സമയം
തദ്ഭവം
തപ:ശക്തി/തപശ്ശക്തി
തപസ്സ്
തയ്യാർ
തയ്യാറാക്കുക

തർജ്ജമ
തൽക്കാലം
തൽപരൻ
തൽഫലം
തൽസ്ഥിതി
തൽസ്വരൂപം
തഹസിൽദാർ
തറവാടിത്തം
താണ്ഡവം
താലൂക്ക്
താൽക്കാലികം
താൽപര്യം
തിയേറ്റർ
തിരഞ്ഞെടുപ്പ്
തിരശ്ശീല
തിരസ്കാരം
തീക്ഷ്ണം
തീയതി
തീർഥാടനം
തുച്ഛം
തൃശ്ശൂർ
തെമ്മാടിത്തം
തൊൽകാപ്പിയം
ത്വക് രോഗം
ദയാപൂർവം

ദാക്ഷിണ്യം
ദാരിദ്ര്യം
ദാർഢ്യം
ദിഗ്ഭ്രമം
ദിങ്മുഖം
ദിനപത്രം
ദീപസ്തംഭം
ദുഗ്ധം
ദുരർഥം
ദുരുപദിഷ്ടം
ദുർബലം
ദുശ്ചിന്ത
ദുശ്ശീലം
ദു:സ്വപ്നം
ദൃഷ്ടാന്തം
ദേശസാൽക്കരിക്കുക
ദേശീയൈക്യം
ദേഷ്യം
ദൗർബല്യം
ദ്രുതകർമ്മസേന
ദ്രുതഗതി (വേഗത്തിലുള്ള പോക്ക്)
ദ്വയാർഥം
ദ്വിത്വം
ദ്വേഷം
ധർണ്ണ
ധർമ്മം
ധാർമ്മികം
ധാർഷ്ട്യം
ധിറുതി (തിടുക്കം)
ധൂമകേതു
ധൃതി
നമ:
നമസ്തേ
നല്കുക
നവോഢ
നവോത്ഥാനം
നഴ്സ്
നാഗസ്വരം
നാൽക്കവല
നാല്പത്
നാഷണൽ
നാസ്തികൻ
നിഘണ്ടു

നിരപരാധ
നിരർഥകം
നിരൂപക
നിരൂപകൻ
നിർണ്ണയം
നിർദിഷ്ടം
നിർദേശം
നിർധനൻ
നിർന്നിമേഷം
നിർബന്ധം
നിർമ്മിതി
നിർവഹിക്കുക
നിവർത്തിക്കുക
നിവൃത്തി
നിശ്ചയം
നിശ്ശബ്ദം
നിശ്ശേഷം
നിഷ്കർഷം
നിഷ്ഠ
നിഷ്ഠുരം
നിഷ്പത്തി
നിസ്സംഗത
നിസ്സംശയം
നിസ്സാരം
നീതിപൂർവകം
നീതിപൂർവകമായ
നെൽക്കൃഷി
നോട്ടീസ്
ന്യൂമോണിയ
പക്ഷം
പക്ഷപാതം
പക്ഷവാതം
പഠിക്കുക
പതാകാദിനം
പതിനാറടിയന്തിരം
പതിന്നാല്
പതിമ്മൂന്ന്
പത്മം
പത്മനാഭൻ
പദാർഥം
പദ്ധതി
പദ്ധതിപ്രദേശം
പബ്ലിക് ലൈബ്രറി



# നിയമലോകം

## കേരള ഹൈക്കോടതിക്ക് 7 പുതിയ അഡീഷണൽ ജഡ്ജിമാർ

2024 മാർച്ച് 22-ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ സർവ്വശ്രീ. എം. എ. അബ്ദുൾ ഹക്കിം, ശ്യാം കുമാർ വി. എം., ഹരിശങ്കർ വി. മേനോൻ, എസ്. മനു, ഈശ്വരൻ എസ്., പി. എം. മനോജ് എന്നിവർ കേരള ഹൈക്കോടതിയിലെ അഡീഷണൽ ജഡ്ജിമാരായി സത്യപ്രതിജ്ഞ ചെയ്തു. 2024 ഏപ്രിൽ 25-ന് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ശ്രീമതി. എം. ബി. സ്നേഹലത അഡീഷണൽ ജഡ്ജിയായി സത്യപ്രതിജ്ഞ ചെയ്തു.

1992-ൽ എൻറോൾ ചെയ്ത, ജസ്റ്റിസ് ശ്രീ. എം. എ. അബ്ദുൾ ഹക്കിം പ്രധാനമായും കേരള ഹൈക്കോടതിയിലും എറണാകുളത്തെ സബോർഡിനേറ്റ് കോടതികളിലും ട്രൈബ്യൂണലുകളിലും 'മീനാട്ടൂർ & അസീസ്' എന്ന നിയമ സ്ഥാപനത്തിന്റെ അസോസിയേറ്റ് അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയായിരുന്നു. 1996-ൽ എൻറോൾ ചെയ്ത ജസ്റ്റിസ് ശ്യാം കുമാർ വി. എം. 2014 മുതൽ അഡ്മിറൽറ്റി & ഷിപ്പിംഗ് നിയമം, വാണിജ്യ നിയമം, ഭരണഘടനാ നിയമം എന്നീ മേഖലകളിൽ ഉൾപ്പെടെ സ്വതന്ത്രനായി പ്രാക്ടീസ് ചെയ്യുകയായിരുന്നു.

1997-ൽ എൻറോൾ ചെയ്ത ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ പ്രധാനമായും നികുതിയുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രാക്ടീസ് ചെയ്യുകയായിരുന്നു. ഭരണഘടനാ നിയമം, ക്രിമിനൽ നിയമം, സർവീസ് നിയമം, അഡ്മിനിസ്ട്രേറ്റിവ് നിയമം എന്നീ മേഖലകളിൽ പ്രാക്ടീസ് ചെയ്തിരുന്ന ജസ്റ്റിസ് എസ്. മനു വിവിധ സർക്കാർ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും സ്റ്റാൻഡിംഗ് കൗൺസലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1999-ൽ എൻറോൾ ചെയ്ത ജസ്റ്റിസ് ഈശ്വരൻ എസ്. 25 വർഷം ബാങ്കിംഗ് നിയമം, ഇൻഷ്വറൻസ് നിയമം, സർവീസ് നിയമം, സിവിൽ നിയമം, കമ്പനി നിയമം എന്നീ മേഖലകളിൽ ഉൾപ്പെടെ പ്രാക്ടീസ് ചെയ്തിരുന്നു. 1999-ൽ എൻറോൾ ചെയ്ത, ജസ്റ്റിസ് പി. എം. മനോജ് 2010 മുതൽ 2011 വരെയും 2016 മുതൽ 2021 വരെയും ഗവൺമെന്റ് പ്ലീഡറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജസ്റ്റിസ് എം. ബി. സ്നേഹലത 1995-ൽ മുൻസിഫ് മജിസ്ട്രേറ്റായി ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ചു. 2014-ൽ ജില്ലാ ജഡ്ജിയായി സ്ഥാനക്കയറ്റം ലഭിച്ചു. കേരള ഹൈക്കോടതിയിലേക്ക് ഉയർത്തപ്പെടുന്നതിന് മുമ്പ് കൊല്ലം പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജിയായി സേവനമനുഷ്ഠിക്കുകയായിരുന്നു.

**കേരള ഹൈക്കോടതി 20 അഭിഭാഷകർക്ക് സീനിയർ പദവി നൽകി**

1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിന്റെ വകുപ്പ് 16(2), 2018-ലെ കേരള ഹൈക്കോടതിയുടെ (ഡെസിഗ്നേഷൻ ഓഫ് സീനിയർ അഡ്വക്കേറ്റ്സ്) ചട്ടങ്ങളുടെ 2-ാം ചട്ടം, എന്നിവ പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ച്, ബഹു.കേരള ഹൈക്കോടതി ഇനിപ്പറയുന്ന 20 അഭിഭാഷകരെ 7-3-2024 മുതൽ 'സീനിയർ അഡ്വക്കേറ്റ്സ്' ആയി നിയമിച്ചു:

1. അഡ്വ. വി. രാജേന്ദ്രൻ
2. അഡ്വ.ശാസ്തമംഗലം എസ് അജിത് കുമാർ
3. അഡ്വ. മായൻ കുട്ടി കെ. ഐ
4. അഡ്വ. ഹരീന്ദ്രനാഥ് ബി. ജി.
5. അഡ്വ. എൻ. രഘുരാജ്
6. അഡ്വ. ബെന്നി പി. തോമസ്
7. അഡ്വ. ആർ. ലക്ഷ്മി നാരായണൻ
8. അഡ്വ. ബെന്നി ഗർവാസിസ്
9. അഡ്വ. എൽവിൻ പീറ്റർ പി. ജെ
10. അഡ്വ. ശ്യാം പദ്മൻ
11. അഡ്വ. അനിൽ സേവ്യർ
12. അഡ്വ. എ. കുമാർ
13. അഡ്വ. അനിൽ ഡി. നായർ
14. അഡ്വ. ശ്രീകുമാർ. പി
15. അഡ്വ. എസ്. സനൽ കുമാർ
16. അഡ്വ. പി. ബി. കൃഷ്ണൻ
17. അഡ്വ. സന്തോഷ് മാത്യു
18. അഡ്വ. പി. ദീപക്
19. അഡ്വ. ഹരിരാജ് എം. ആർ
20. അഡ്വ. ധന്യ പി. അശോകൻ

**ബലാത്സംഗ ഇരകൾക്ക് ജനിച്ചതും ദത്തെടുക്കപ്പെട്ടതുമായ കുട്ടികളുടെ ഡിഎൻഎ പരിശോധനയ്ക്ക് കേരള ഹൈക്കോടതിയുടെ മാർഗനിർദേശങ്ങൾ.**

ബലാത്സംഗ ഇരകൾക്ക് ജനിച്ചതും ദത്തെടുക്കപ്പെട്ടതുമായ കുട്ടികളെ ഡിഎൻഎ പരിശോധനയ്ക്ക് വിധേയരാക്കുന്നത് കുട്ടികളുടെ വൈകാരിക അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുമെന്നും അവരുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തെ ലംഘിക്കുമെന്നും ചൂണ്ടിക്കാട്ടി ഡിഎൻഎ പരിശോധന നടത്തരുതെന്ന് കേരള ഹൈക്കോടതി വ്യക്തമാക്കി.

ദത്തെടുക്കപ്പെട്ട കുട്ടികളുടെ ഡിഎൻഎ പരിശോധന ദത്തെടുക്കലിന്റെ പവിത്രതയെ പരാജയപ്പെടുത്തുമെന്ന് പ്രസ്താവിച്ചുകൊണ്ട്, ബഹു. ജസ്റ്റിസ് കെ. ബാബുവിന്റെ സിംഗിൾ ബെഞ്ച്, (2023-ലെ ക്രിമിനൽ എം.സി. നമ്പർ 5136) സ്വമേധയാ v. കേരള സംസ്ഥാനം എന്ന കേസിൽ, ഇനി പറയുന്ന മാർഗ്ഗനിർദേശങ്ങൾ വച്ചു:

(i) ദത്തെടുക്കുന്ന കുട്ടികളെ ഡിഎൻഎ പരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെടുന്ന അപേക്ഷകൾ കോടതികൾ സ്വീകരിക്കരുത്.

(ii) ദത്തെടുക്കൽ പ്രക്രിയ പൂർത്തിയാകുന്നതിന് മുമ്പ് ദത്തെടുക്കലിൽ നൽകിയിരിക്കുന്ന കുട്ടികളുടെ ഡിഎൻഎ സാമ്പിളുകൾ എടുത്തിട്ടുണ്ടെന്ന് ശിശു ക്ഷേമ സമിതി ഉറപ്പാക്കണം.

(iii) നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് കീഴിൽ അനുവദനീയമായത് ഒഴികെ, ദത്തെടുക്കൽ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഏജൻസികളും അധികാരികളും ദത്തെടുക്കൽ രേഖകളുടെ രഹസ്യസ്വഭാവം നിലനിർത്തുന്നുവെന്ന് ഉറപ്പാക്കണം.

(iv) കുട്ടികളെ ദത്തെടുക്കാത്ത സാഹചര്യത്തിൽ പോലും, 'എമിനെന്റ് ആവശ്യം' എന്ന തത്വവും 'പ്രൊപോർഷണാലിറ്റി സിദ്ധാന്തം' എന്നിവയും പരിഗണിച്ചതിന് ശേഷം മാത്രമെ ഇരയുടെ കുട്ടികളുടെ ഡിഎൻഎ പരിശോധനയ്ക്കുള്ള അപേക്ഷ കോടതി പരിഗണിക്കാവൂ.

ദത്തെടുക്കുന്ന കുട്ടികളുടെ രക്തസാമ്പിൾ ശേഖരിക്കാൻ വിവിധ കോടതികൾ പുറപ്പെടുവിച്ച ഉത്തരവുകൾ കുട്ടികളുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തിന്റെയും ദത്തെടുക്കലിന്റെ രഹസ്യസ്വഭാവത്തിന്റെയും ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെ കീഴിലുള്ള വിക്ടിം റൈറ്റ്സ് സെന്റർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇത്തരം ഉത്തരവുകൾ 2022-ലെ ദത്തെടുക്കൽ ചട്ടങ്ങളുടെ ദത്തെടുക്കൽ രേഖകളുടെ രഹസ്യസ്വഭാവം കൈകാര്യം ചെയ്യുന്ന 48-ാം ചട്ടത്തിന് വിരുദ്ധമാണെന്ന് റിപ്പോർട്ട് പറഞ്ഞു. വിക്ടിം റൈറ്റ്സ് സെന്റർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദത്തെടുത്ത കുട്ടികളുടെ സ്വകാര്യത സംരക്ഷിക്കുന്നതിനായി ഹൈക്കോടതി സ്വമേധയാ കേസെടുത്തു.

ബലാത്സംഗത്തിന്റെ ഫലമായി ജനിച്ച കുട്ടിയുടെ പിതൃത്വ പരിശോധന ബലാത്സംഗവും ലൈംഗികാതിക്രമവും തെളിയിക്കാൻ ആവശ്യമില്ലെന്ന് കോടതി നിരീക്ഷിച്ചു. അപർണ അജിങ്ക്യ ഫിറോദിയ v. അജിങ്ക്യ അരുൺ ഫിറോഡിയ (2023) എന്ന സുപ്രീം കോടതി കേസിലെ വിധിയെ ആശ്രയിച്ച്, അസാധാരണവും അർഹിക്കുന്നതുമായ കേസുകളിൽ മാത്രമേ ഡിഎൻഎ പരിശോധന നടത്താൻ ഉത്തരവിടാവൂ എന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു.



# വിജ്ഞാനലോകം

1. ഹൈദരാബാദിലെ നിയമ സർവ്വകലാശാല NALSAR-ന്റെ ചാൻസലർ

   **തെലങ്കാന ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ്.**

2. ഡി. കെ. ബാസു v. പശ്ചിമബംഗാൾ സംസ്ഥാനം എന്ന കേസിലെ വിഷയം

   **അറസ്റ്റ് ചെയ്ത വ്യക്തികൾക്കുള്ള സുരക്ഷാ സംവിധാനങ്ങൾ.**

3. ഇന്ത്യയിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർബന്ധമാക്കിയത് ഏത് കേസിലാണ്

   **സീമ v. അശ്വിനികുമാർ (AIR 2006 SC 1158).**

4. ആദ്യമായി സുപ്രീം കോടതി ജഡ്ജിയായി നേരിട്ട് നിയമിതനായത്

   **ജസ്റ്റിസ് കുൽദീപ് സിംഗ്.**

5. ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കാനുള്ള സമയപരിധി

   **വ്യവഹാരകാരണം ഉണ്ടായതു മുതൽ രണ്ട് വർഷത്തിനുള്ളിൽ.**

6. വ്യക്തി സ്വാതന്ത്ര്യം ഉറപ്പാക്കുന്ന റിട്ട് ഹർജി

   **ഹേബിയസ് കോർപ്പസ്.**

7. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ഹൈക്കോടതി

   **കൊൽക്കത്ത ഹൈക്കോടതി.**

8. വധശിക്ഷ നൽകുന്ന കാര്യത്തിൽ 'അപൂർവ്വങ്ങളിൽ അപൂർവ്വം' എന്ന തത്വം ഏതു കേസിലാണ് സുപ്രീംകോടതി ആദ്യമായി പറഞ്ഞത്

   **ബച്ചൻ സിംഗ് v. പഞ്ചാബ് സംസ്ഥാനം. [(1982) 3 SCC 24]**

9. ഒരു വകുപ്പ് ഒഴികെ ഭാരതീയ ന്യായസംഹിതയിലെ എല്ലാ വകുപ്പുകളും 01.07.2024 മുതൽ പ്രാബല്യത്തിൽ വരും. ഏതാണ് ആ വകുപ്പ്?

   **വകുപ്പ് 106(2).**


10. ഒരു വ്യക്തി ഒരു പുതിയതരം കത്രിക കണ്ടുപിടിച്ചാൽ ഏതു നിയമപ്രകാരമാണ് ആ കണ്ടുപിടിത്തത്തിനെ സംരക്ഷിക്കുവാൻ സാധിക്കുക

    **പേറ്റന്റ് നിയമം.**

**നിരാകരണം / Disclaimer**

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

പത്രാധിപസമിതി







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 08
ഇഷ്യൂ 01

DATE OF PUBLICATION
11/12/2024



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar